सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ്- മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

## കേരള സർക്കാർ

## 2024 വർഷത്തെ റിപ്പോർട്ട് നമ്പർ 3

Presented to the Legislature on 11 July 2024

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

## കേരള സർക്കാർ

## 2024 വർഷത്തെ റിപ്പോർട്ട് നമ്പർ 3

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക നമ്പർ | പുറം |
|---|---|---|
| **ആമുഖം** | | v |
| **മുഖ്യ സംഗ്രഹം** | | vii |
| **അദ്ധ്യായം I - ആമുഖം** | | |
| സംഘടനാ സജ്ജീകരണം | 1.1 | 3 |
| ഓഡിറ്റ് സമീപനം | 1.2 | 3 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 1.3 | 4 |
| ഓഡിറ്റ് മാനദണ്ഡം | 1.4 | 4 |
| ഓഡിറ്റ് വ്യാപ്തി, രീതി, സാംപ്ലിംഗ് | 1.5 | 4 |
| കൃതജ്ഞത | 1.6 | 6 |
| **വിഭാഗം എ - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ** | | |
| **അദ്ധ്യായം II - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ-മെട്രിക്** | | |
| സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള യോഗ്യത | 2.1 | 7 |
| നടപടിക്രമം / പ്രക്രിയ | 2.2 | 9 |
| ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി) | 2.3 | 10 |
| ആസൂത്രണവും സാമ്പത്തിക പരിപാലനവും | 2.4 | 16 |
| പ്രീ-മെട്രിക് എസ് സി സ്കോളർഷിപ്പ് പദ്ധതികളുടെ നടപ്പിലാക്കൽ | 2.5 | 21 |
| ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി (സംസ്ഥാന പദ്ധതി) | 2.6 | 32 |
| നിരീക്ഷണവും വിലയിരുത്തലും | 2.7 | 34 |
| **അദ്ധ്യായം III - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പോസ്റ്റ്-മെട്രിക്** | | |
| സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള യോഗ്യത | 3.1 | 38 |
| നടപടിക്രമം | 3.2 | 40 |
| ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (കേന്ദ്ര പോസ്റ്റ്-മെട്രിക്) | 3.3 | 41 |
| ആസൂത്രണവും സാമ്പത്തിക പരിപാലനവും | 3.4 | 44 |
| പോസ്റ്റ്-മെട്രിക് എസ് സി സ്കോളർഷിപ്പ് പദ്ധതികളുടെ നിർവ്വഹണം | 3.5 | 48 |
| നിരീക്ഷണവും വിലയിരുത്തലും | 3.6 | 69 |
| **ശിപാർശകൾ (പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ)** | | 70 |
| **വിഭാഗം ബി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ** | | |
| **അദ്ധ്യായം IV - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ-മെട്രിക്** | | |
| സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത | 4.1 | 73 |
| നടപടിക്രമം | 4.2 | 75 |
| ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (പ്രീ-മെട്രിക് - കേന്ദ്രവും സംസ്ഥാനവും) | 4.3 | 76 |
| ആസൂത്രണവും സാമ്പത്തികകാര്യനിർവ്വഹണവും | 4.4 | 79 |
| പ്രീ-മെട്രിക് എസ് റ്റി സ്കോളർഷിപ്പ് പദ്ധതികളുടെ ന | 4.5 | 82 |
| സംസ്ഥാന പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി | 4.6 | 88 |
| നിരീക്ഷണവും വിലയിരുത്തലും | 4.7 | 90 |

| വിവരണം | ഖണ്ഡിക നമ്പർ | പുറം |
|---|---|---|
| **അദ്ധ്യായം V - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പോസ്റ്റ്-മെട്രിക്** | | |
| സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള യോഗ്യത | 5.1 | 93 |
| നടപടിക്രമം | 5.2 | 95 |
| ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (കേന്ദ്ര പോസ്റ്റ്-മെട്രിക്) | 5.3 | 96 |
| ആസൂത്രണവും സാമ്പത്തിക പരിപാലനവും | 5.4 | 96 |
| എസ്‌ റ്റി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ നടപ്പിലാക്കൽ | 5.5 | 100 |
| നിരീക്ഷണവും വിലയിരുത്തലും | 5.6 | 109 |
| **ശിപാർശകൾ (എസ്‌ റ്റി വിദ്യാർത്ഥികൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ)** | | **109** |
| **വിഭാഗം സി - ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ ആന്റ് പോസ്റ്റ്-മെട്രിക്** | | |
| **അദ്ധ്യായം VI - ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ, പോസ്റ്റ്-മെട്രിക്** | | |
| സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതകൾ | 6.1 | 111 |
| നടപടിക്രമം | 6.2 | 113 |
| ആസൂത്രണവും സാമ്പത്തിക കാര്യവും | 6.3 | 114 |
| പദ്ധതികളുടെ നടപ്പാക്കൽ | 6.4 | 120 |
| നിരീക്ഷണവും വിലയിരുത്തലും | 6.5 | 132 |
| **ശിപാർശകൾ (ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ)** | | **132** |

## അനുബന്ധങ്ങൾ


| അനുബന്ധം നമ്പർ | വിവരണം | പുറം |
|---|---|---|
| 1.1 | കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നടത്തുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികൾ | 135 |
| 1.2 | പട്ടികജാതി വികസനം, പട്ടികവർഗ്ഗവികസനം, ന്യൂനപക്ഷക്ഷേമ വകുപ്പ് എന്നിവയിലെ സംഘടനാ സംവിധാനം | 139 |
| 1.3 | തിരഞ്ഞെടുത്ത ജില്ലകളിലെ പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ പട്ടിക | 142 |
| 1.4 | വിവിധ സ്കോളർഷിപ്പുകൾ തീർപ്പാക്കാനായി ഉപയോഗിച്ച പോർട്ടലുകളുടെ വിശദാംശങ്ങൾ | 146 |
| 3.1 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര, സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നതിന്റെ വിശദാംശങ്ങൾ | 147 |
| 3.2 | തിരഞ്ഞെടുത്ത ജില്ലകളിൽ ബുക്ക് ബാങ്ക് പദ്ധതിയുടെ കീഴിൽ വന്ന സേവിംഗ്സ് | 151 |
| 3.3 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര, സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഘടകങ്ങൾ ഒന്നിലധികം തവണ നൽകിയതിന്റെ വിശദാംശങ്ങൾ | 152 |
| 3.4 | കേന്ദ്ര-സംസ്ഥാന പദ്ധതിയുടെ വിവിധ ഘടകങ്ങൾ തീർപ്പാക്കാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ഭാഗികമായി മാത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 153 |
| 4.1 | എസ്റ്റി വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നതിന്റെ വിശദാംശങ്ങൾ | 154 |
| 5.1 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര-സംസ്ഥാന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം വന്നതിന്റെ വിശദാംശങ്ങൾ | 156 |
| 5.2 | എസ്റ്റി വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര, സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഘടകങ്ങൾ ഒന്നിലധികം തവണ നൽകിയതിന്റെ വിശദാംശങ്ങൾ | 160 |
| 5.3 | കേന്ദ്ര-സംസ്ഥാന പദ്ധതിയുടെ വിവിധ ഘടകങ്ങൾ തീർപ്പാക്കാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ഭാഗികമായി മാത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 161 |

# ആമുഖം

2022 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 151(2) പ്രകാരം കേരള സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയതാണ്.

2017-22 കാലയളവിലെ പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളെക്കുറിച്ചുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ഫലങ്ങൾ ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഓഡിറ്റ് നടത്തിയത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.



# മുഖ്യ സംഗ്രഹം

# മുഖ്യ സംഗ്രഹം

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നു. എൻറോൾമെന്റ് വർദ്ധിപ്പിക്കുക, വിദ്യാഭ്യാസ സമയത്ത് കൊഴിഞ്ഞുപോക്ക് നിരക്ക് തടയുക, വിദ്യാർത്ഥികളെ അവരുടെ പഠനം പൂർത്തിയാക്കാൻ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികജാതി (എസ്‌സി), പട്ടികവർഗ്ഗ (എസ്‌റ്റി), ന്യൂനപക്ഷ സമുദായങ്ങൾ എന്നിവയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ഗവൺമെന്റ് ഓഫ് ഇന്ത്യ (കേന്ദ്ര സർക്കാർ) സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നു. ഭരണഘടനയുടെ ഭാഗം IV-ലെ രാഷ്ട്ര നയത്തിന്റെ നിർദ്ദേശക തത്ത്വങ്ങൾ എന്നതിലെ അനുഛേദം 46, ദുർബല വിഭാഗങ്ങളുടെ, പ്രത്യേകിച്ച്, പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങൾ പ്രത്യേക ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനങ്ങളോട് അനുശാസിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയുടെ 55.52 ശതമാനമാണ് എസ്‌സി, എസ്‌റ്റി, ന്യൂനപക്ഷങ്ങൾ. ഈ ദുർബല വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ പദ്ധതികൾക്ക് പുറമേ, സംസ്ഥാന സർക്കാരും സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കേന്ദ്ര റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി, കേന്ദ്ര പദ്ധതികളുമായി ബന്ധപ്പെട്ട് 'പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്‌കോളർഷിപ്പ് പദ്ധതികൾ' സംബന്ധിച്ച ഓൾ ഇന്ത്യ പെർഫോമൻസ് ഓഡിറ്റ് 2022-ൽ നടത്തി. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കേന്ദ്ര-സംസ്ഥാന പദ്ധതികളുമായി ബന്ധപ്പെട്ട് എസ്‌സി, എസ്‌റ്റി, ന്യൂനപക്ഷങ്ങൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്‌കോളർഷിപ്പ് പദ്ധതികളെക്കുറിച്ചുള്ള ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി അതത് സംസ്ഥാനങ്ങളുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് തീരുമാനമുണ്ടായി.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ**

പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ സാധ്യത ഉള്ളവരുടെ എണ്ണം വിലയിരുത്തുന്നതിനും അവർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ആസൂത്രണം അത്യാവശ്യമാണ്. എന്നാൽ, പട്ടികജാതി വികസന വകുപ്പ് പട്ടികജാതി പ്രീ-മെട്രിക് പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്തി പട്ടിക തയ്യാറാക്കാൻ ഒരു സർവ്വേയോ പഠനമോ നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ടു. 2017-21 കാലയളവിൽ 10 മുതൽ 12 ശതമാനം വരെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല. 2019-20 അധ്യയന വർഷത്തിൽ, സമ്പൂർണയിൽ രജിസ്റ്റർ ചെയ്ത 379 സ്കൂളുകൾ ഇ-ഗ്രാന്റ്‌സിൽ രജിസ്റ്റർ ചെയ്തിരുന്നില്ല, അതുവഴി ഈ സ്കൂളുകളിലെ 3499 പട്ടികജാതി വിദ്യാർത്ഥികൾ പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. കൂടാതെ, ഇ-ഗ്രാന്റ്‌സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5,437

എയ്ഡഡ്/ സർക്കാർ/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ ഇ-ഗ്രാന്റ്സിൽ രജിസ്റ്റർ ചെയ്യാത്തതിനാൽ 23,138 പട്ടികജാതി വിദ്യാർത്ഥികൾ പദ്ധതികളിൽ ഉൾപ്പെടാതെ പോയി. രണ്ട് സ്കൂളുകളിൽ, ഇ-ഗ്രാന്റ്സിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം സമ്പൂർണയേക്കാൾ 104 അധികമായിരുന്നു (ഓരോ സ്കൂളിലും 52 വിദ്യാർത്ഥികൾ വീതം). എസ്‌സിഡിഒ/ഡയറക്ടറേറ്റ് തലത്തിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതും, വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസവും, ഒന്നിലധികം തവണ ഒരേ സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്കു ലഭിച്ച സന്ദർഭങ്ങളും ശ്രദ്ധയിൽപ്പെട്ടു. സ്കോളർഷിപ്പ് പദ്ധതികൾക്ക് മതിയായ പ്രചാരണം നൽകുമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും, അത് ഉറപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കേന്ദ്രീയ വിദ്യാലയങ്ങളിലെ 5,828 പട്ടികജാതി വിദ്യാർത്ഥികൾ വിദ്യാലയ വികാസ് നിധിയുടെ വർദ്ധിപ്പിച്ച നിരക്കിലേക്ക് അടച്ച ₹3.60 കോടി അവർക്ക് തിരികെ ലഭ്യമായില്ല. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം നടപ്പിലാക്കിയതിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാന/പ്രാദേശിക തലത്തിൽ പദ്ധതികളുടെ പുരോഗതി ആനുകാലികമായി അവലോകനം ചെയ്യുന്നതിനുള്ള ഒരു ഫലപ്രദമായ സംവിധാനവും നിലവിലില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ**

പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ കണക്കാക്കിയതും യഥാർത്ഥവുമായ എണ്ണത്തിൽ വ്യാപകമായ വ്യത്യാസം ഉണ്ടായിരുന്നു, ഇത് അപര്യാപ്തമായ ആസൂത്രണത്തെ സൂചിപ്പിക്കുന്നു. സാധ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേയോ പഠനമോ നടന്നില്ല. 2017-22 കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്ന് ഭരണച്ചെലവുകൾ ക്ലെയിം ചെയ്യാത്തതിനാൽ സംസ്ഥാനത്തിന് ₹96.65 ലക്ഷം നഷ്ടപ്പെട്ടു. ദിവ്യാംഗ് (ഭിന്നശേഷിയുള്ള) പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ അനുവദനീയമായ 10 ശതമാനം അധിക തുക നൽകിയില്ല. സ്ഥാപനം/ഡയറക്ടറേറ്റ് തലത്തിൽ സ്കോളർഷിപ്പ് അപേക്ഷകൾ പ്രോസസ്സ് ചെയ്യാത്തത് 1246 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാത്തതിന് കാരണമായി. സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ ഇ-ഗ്രാന്റ്സ് പോർട്ടൽ വിഭാവനം ചെയ്തിരുന്നെങ്കിലും സ്കോളർഷിപ്പ് നൽകുന്നതിന് അഞ്ച് വർഷം വരെ കാലതാമസം നേരിട്ടു. അക്കൗണ്ട് നമ്പർ, ഐഎഫ്എസ് കോഡ്, ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യൽ തുടങ്ങിയ പിഴവുകൾ കാരണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചില്ല. വിദേശത്ത് ഉപരിപഠനത്തിനായുള്ള സ്കോളർഷിപ്പ് സ്കീം നടപ്പിലാക്കുന്നതിലും ബുക്ക് ബാങ്ക് സ്കീം നടപ്പിലാക്കുന്നതിലും അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ നടപടി വൈകിയതിനാൽ സ്കോളർഷിപ്പ് ലഭിച്ചില്ല. വിദ്യാർത്ഥികൾക്ക് ഒന്നിലധികം തവണ സ്കോളർഷിപ്പ് നൽകിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിദ്യാർത്ഥികൾക്ക്

സ്വകാര്യ താമസ ചാർജ്ജുകൾ കുറഞ്ഞ അളവിൽ നൽകുകയും ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ വിദ്യാർത്ഥികൾ സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്ത സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും പദ്ധതികളുടെ പുരോഗതി ആനുകാലികമായി അവലോകനം ചെയ്യുന്നതിനുള്ള ഒരു ഫലപ്രദമായ സംവിധാനവും നിലവിലില്ല. പട്ടികജാതി വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല. സംസ്ഥാന ധനസഹായത്തോടെയുള്ള എസ്‌സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടത്തിയില്ല.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ**

പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് പദ്ധതികളിൽ, സാധ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു സർവ്വേയുടെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട ഡാറ്റ വകുപ്പ് സൂക്ഷിച്ചിട്ടില്ല. 2017-21 കാലയളവിൽ നാല് മുതൽ 20 ശതമാനം വരെ എസ്‌റ്റി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല. പദ്ധതികൾക്ക് വേണ്ടത്ര പ്രചാരണം നൽകിയില്ല. ഡയറക്ടറേറ്റിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തതിനാൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ലഭിച്ചില്ല. സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ പരിശോധിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാലതാമസമുണ്ടായി. പട്ടികജാതിക്കാർക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിന് സമാനമായി, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐഎഫ്എസ് കോഡ് മുതലായവയിലെ പിഴവുകൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന് കാരണമായി. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. സ്കോളർഷിപ്പിന്റെ ചില ഘടകങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കാത്തതായി ഓഡിറ്റ് നിരീക്ഷിച്ചു. കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട ഭരണച്ചെലവുകൾ ആവശ്യപ്പെട്ടില്ല. കേന്ദ്രാവിഷ്കൃത എസ്‌റ്റി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടത്തിയില്ല. സോഷ്യൽ ഓഡിറ്റ് നടത്താനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ**

സാധ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു സർവ്വേയോ പഠനമോ നടത്തുന്നതുമായി ബന്ധപ്പെട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശകൾ പോസ്റ്റ്-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് പദ്ധതികളുടെ കാര്യത്തിൽ പാലിക്കപ്പെട്ടില്ല. സ്ഥാപനങ്ങളിലും ഡയറക്ടറേറ്റിലും സ്കോളർഷിപ്പ് അപേക്ഷകൾ പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടു. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിൽ ഒരു വർഷം മുതൽ നാല് വർഷം വരെ കാലതാമസമുണ്ടായി. ബുക്ക്

ബാങ്ക് പദ്ധതി നടപ്പാക്കാത്തത് അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ടാക്കി. ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയറിലെ അപര്യാപ്തമായ ഇൻപുട്ട് നിയന്ത്രണം ഒരേ വിദ്യാർത്ഥിക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ഹോസ്റ്റലിനും പ്രൈവറ്റ് ഹോസ്റ്റലിനുമുള്ള താമസത്തിനുള്ള തുകകൾ നൽകുന്നതിന് കാരണമായി. സ്കോളർഷിപ്പിന്റെ ഘടകങ്ങൾ ഒന്നിലധികം തവണ നൽകിയതും അൺ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന പദ്ധതിക്കു കീഴിൽ സ്കോളർഷിപ്പ് അനുവദിച്ചതുമായ സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കേന്ദ്രാവിഷ്കൃത എസ്റ്റി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ കാര്യത്തിൽ ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടത്തിയില്ല.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ ആന്റ് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ**

2014-15 വർഷത്തിൽ ലഭിച്ച ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയില്ല. ന്യൂനപക്ഷ പ്രീ-മെട്രിക് പദ്ധതിയുടെ കാര്യത്തിൽ, ചെലവഴിക്കാത്ത സ്കോളർഷിപ്പ് ഫണ്ട് കാറുകൾ, ഐപാഡുകൾ എന്നിവ വാങ്ങൽ തുടങ്ങിയ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു. ഓഡിറ്റ് കാലയളവിൽ ഭരണപരമായ ചെലവുകൾക്ക് ഫണ്ട് ആവശ്യപ്പെട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാത്ത സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടു. രജിസ്ട്രേഷൻ ഐഡിയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ മുൻ വർഷങ്ങളിൽ പുതിയ അപേക്ഷകരായി രജിസ്റ്റർ ചെയ്തവരെ തിരിച്ചറിയാനും, തുടർന്നുള്ള വർഷങ്ങളിൽ പുതിയ അപേക്ഷകരായി രജിസ്ട്രേഷൻ നടത്തുന്നത് നിരസിക്കുന്നതിനും പോർട്ടലിൽ സംവിധാനമുണ്ടായിരുന്നില്ല. ന്യൂനപക്ഷ സ്കോളർഷിപ്പ് നേടുന്ന ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ അംഗങ്ങൾ, ഒന്നിൽ കൂടുതൽ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തുന്ന വിദ്യാർത്ഥികൾ എന്നീ സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടു. സി.എച്ച്.മുഹമ്മദ് കോയ പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങൾ ലംഘിച്ച് പെൺകുട്ടികൾക്കു പകരം ആൺകുട്ടികൾക്കു സ്കോളർഷിപ്പ് നൽകിയതായും കണ്ടു.

## ശിപാർശകൾ

**ഇനിപ്പറയുന്ന ശിപാർശകൾ എ, ബി വിഭാഗങ്ങളുമായി ബന്ധപ്പെട്ടതാണ്**

- ***പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി വകുപ്പും സ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തിക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം.***
- ***സാധ്യതയുള്ള ഗുണഭോക്താക്കളുടെ എണ്ണം/ യഥാർത്ഥത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, അതുമല്ലെങ്കിൽ മുൻ വർഷങ്ങളിലെ പ്രവണത അടിസ്ഥാനമാക്കി സ്കോളർഷിപ്പിനുള്ള ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യം നിശ്ചയിക്കണം. പട്ടിക തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സൂക്ഷിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്കുകൾ വകുപ്പ് ഉപയോഗിക്കണം.***

***(ശിപാർശ 1)***

- *വിവിധ തലങ്ങളിൽ അപേക്ഷകൾ തീർപ്പാക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന്റെ ഉത്തരവാദിത്തം സ്ഥാപനമേധാവികളുടെ / എസ്.സി.ഡി.ഒ.മാരുടെ മേൽ സർക്കാർ ചുമത്തേണ്ടതുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിലും ക്ലെയിമുകൾക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകൾ പരിശോധിക്കുന്നതിലും വിദ്യാർത്ഥികളുടെ ഡാറ്റയും സ്കോളർഷിപ്പിന്റെ വിശദാംശങ്ങളും ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്നതിലും, യോഗ്യതാ മാനദണ്ഡങ്ങളുടെ പൂർത്തീകരണത്തിന് വിധേയമായി അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ ക്ലെയിമുകൾ നൽകുന്നതിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ / എസ്.സി.ഡി.ഒ.മാർ കൃത്യമായ ജാഗ്രത പാലിക്കേണ്ടതാണ്.*

  *(ശിപാർശ 2)*

- *സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും മറ്റും ആവശ്യമായ അനുബന്ധ രേഖകൾ ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ എസ്‌സി/എസ്റ്റി പ്രമോട്ടർമാരുടെ സേവനം വകുപ്പ് സജീവമായി ഉപയോഗിക്കണം.*

  *(ശിപാർശ 3)*

- *വിവിധ സ്കോളർഷിപ്പ് പോർട്ടലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാനും ഡ്യൂപ്ലിക്കേറ്റ് അപേക്ഷകൾ ഒഴിവാക്കാനും മതിയായ പരിശീലനം നൽകണം.*

  *(ശിപാർശ 4)*

- *അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഇ-ഗ്രാന്റ്സ് പോർട്ടലിലെ ന്യൂനതകൾ എത്രയും വേഗം പരിഹരിക്കണം.*

  *(ശിപാർശ 5)*

- *സ്കോളർഷിപ്പ് പദ്ധതിയെക്കുറിച്ചുള്ള അവബോധമില്ലായ്മ കാരണം ഒരു വിദ്യാർത്ഥിയും വിട്ടുപോകാതിരിക്കാൻ എല്ലാ തല്പരകക്ഷികൾക്കും എല്ലാ വർഷവും അധ്യയന വർഷത്തിന്റെ തുടക്കത്തിലെങ്കിലും ബോധവൽക്കരണവും ഓറിയന്റേഷൻ പ്രോഗ്രാമുകളും വകുപ്പ് നടത്തണം.*

  *(ശിപാർശ 6)*

- *ഡി.ബി.റ്റി മുഖേന സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നതിലെ സുതാര്യത ഉറപ്പാക്കാൻ ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.*

  *(ശിപാർശ 7)*

- *അർഹമായ ഭരണച്ചെലവുകൾ കേന്ദ്ര സർക്കാരിൽ നിന്ന് ക്ലെയിം ചെയ്യാനും അത് അനുവദനീയമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനും സർക്കാർ നടപടിയെടുക്കണം.*

  *(ശിപാർശ 8)*

- *സ്കോളർഷിപ്പ് അപേക്ഷകളൊന്നും വിവിധ തലങ്ങളിൽ, അതായത് സ്ഥാപനം, ഡയറക്ടറേറ്റ് തലങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സർക്കാർ ഒരു നിരീക്ഷണ സംവിധാനം വികസിപ്പിച്ചെടുക്കണം.*

*(ശിപാർശ 9)*

എ വിഭാഗത്തിനായുള്ള പ്രത്യേക നിർദ്ദേശങ്ങൾ: പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

- *വിദേശപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിട്ടുണ്ടെന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സർവ്വകലാശാലയിൽ പ്രവേശനം വിദ്യാർത്ഥികൾക്ക് മാത്രമേ ധനസഹായം നൽകുന്നുള്ളൂ എന്നും സർക്കാർ ഉറപ്പാക്കണം.*

*(ശിപാർശ 10)*

- *ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അവർക്ക് അർഹമായ 10 ശതമാനം അധിക അലവൻസ് നഷ്ടപ്പെടുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കണം.*

*(ശിപാർശ 11)*

ബി വിഭാഗത്തിനായുള്ള പ്രത്യേക ശിപാർശകൾ: എസ്റ്റി വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

- *പോസ്റ്റ് മെട്രിക് എസ്റ്റി വിദ്യാർത്ഥികൾക്കായി ബുക്ക് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ നിർദ്ദേശം ഡയറക്ടറേറ്റ് സർക്കാരിന് നൽകണം.*

*(ശിപാർശ 12)*

സി വിഭാഗത്തിനായുള്ള ശിപാർശകൾ: ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

- *ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി കർശനമായി പാലിച്ചിട്ടുണ്ടെന്നും അപേക്ഷകൾ തീർപ്പാക്കാത്ത കാരണത്താൽ ഒരു വിദ്യാർത്ഥിക്കും സ്കോളർഷിപ്പ് നഷ്ടപ്പെടുന്നില്ലെന്നും സർക്കാർ ഉറപ്പാക്കണം.*

*(ശിപാർശ 13)*

- *ഗുണഭോക്താക്കൾക്ക് ഒന്നിലധികം സ്കോളർഷിപ്പുകൾ ലഭിക്കുന്നത് തടയുന്നതിന് വിവിധ പോർട്ടലുകളിൽ ലഭ്യമായ ഡാറ്റ പരിശോധിക്കുന്നതിനായി വ്യത്യസ്ത സ്കോളർഷിപ്പ് പേയ്മെന്റ് പോർട്ടലുകളുടെ സംയോജനം സർക്കാർ പരിഗണിക്കണം.*

*(ശിപാർശ 14)*

- *ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ഗുണഭോക്താക്കളുടെ രക്ഷിതാക്കളുടെ*

*തിരിച്ചറിയൽ വിവരങ്ങൾ ശേഖരിക്കുന്നതിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വരുത്തേണ്ട മാറ്റങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം.*

*(ശിപാർശ 15)*

- *ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം സർക്കാർ കാലതാമസം കൂടാതെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റിയ ഫണ്ട് കേന്ദ്ര സർക്കാരിന് തിരികെ നൽകുന്നത് ഉറപ്പാക്കുകയും വേണം.*

*(ശിപാർശ 16)*




# ആമുഖം

# അദ്ധ്യായം I
# ആമുഖം

ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ, വൈദഗ്ദ്ധ്യവും അറിവും കൊണ്ട് ശാക്തീകരിക്കുന്നതിനും ഭാവിയിൽ അവർക്ക് ഉൽപ്പാദനക്ഷമമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഏറ്റവും നിർണ്ണായകമായ നിക്ഷേപമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രധാന പങ്ക് വഹിക്കുന്നു. പട്ടികജാതി (എസ്‌സി), പട്ടികവർഗ്ഗം (എസ്‌ടി), ന്യൂനപക്ഷ സമുദായങ്ങൾ (ന്യൂനപക്ഷം) എന്നിവയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി എൻറോൾമെന്റ് വർദ്ധിപ്പിക്കുക, വിദ്യാഭ്യാസ സമയത്ത് കൊഴിഞ്ഞുപോക്ക് തടയുക, വിദ്യാർത്ഥികളെ അവരുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിൽ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഗവൺമെന്റ് ഓഫ് ഇന്ത്യ (കേന്ദ്ര സർക്കാർ) സ്‌കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നു. എസ്‌സി, എസ്‌ടി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ യഥാക്രമം സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം (എംഒഎസ്‌ജെഇ), ഗോത്രകാര്യ മന്ത്രാലയം (എംഒടിഎ), ന്യൂനപക്ഷകാര്യ മന്ത്രാലയം (എംഒഎംഎ) എന്നിവ നിയന്ത്രിക്കുന്നു. സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും (യുടി) അതാത് സംസ്ഥാനഗവൺമെന്റും കേന്ദ്ര ഭരണപ്രദേശത്തിന്റെ ഭരണാധികാരിയും പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്ര ഗവൺമെന്റ് ധനസഹായ പദ്ധതികൾക്ക് പുറമേ, കേരള സർക്കാരും (ജിഒകെ) പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതികൾ നടത്തുന്നു.

സംസ്ഥാനത്തെ ജനസംഖ്യയുടെ 55.52 ശതമാനമാണ്[1] എസ്‌സി, എസ്‌ടി, ന്യൂനപക്ഷങ്ങൾ. പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി നടപ്പിലാക്കിയ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ, പെർഫോമൻസ് ഓഡിറ്റിൽ മൂല്യനിർണ്ണയത്തിനായി പരിഗണിക്കുന്ന 11 പദ്ധതികളുടെ വിഭാഗം തിരിച്ചുള്ള ലിസ്റ്റ് **പട്ടിക 1.1-ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 1.1 : കേന്ദ്ര-സംസ്ഥാന സ്കോളർഷിപ്പ് പദ്ധതികളുടെ പട്ടിക**

| എസ്‌സി | എസ്‌ടി | ന്യൂനപക്ഷങ്ങൾ[2] |
|---|---|---|
| i. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (സംസ്ഥാനവും കേന്ദ്രവും) | i. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (സംസ്ഥാനവും കേന്ദ്രവും) | i. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്രം) |

[1] എസ്.സി-9.1 ശതമാനം, എസ്‌ടി-1.45 ശതമാനം, മുസ്ലീം-26.56 ശതമാനം, ക്രിസ്ത്യൻ-18.38 ശതമാനം, സിഖ്-0.01 ശതമാനം, ബുദ്ധിസ്റ്റ്-0.01 ശതമാനം, ജെയിൻ-0.01 ശതമാനം

[2] പ്രീമെട്രിക് തലത്തിലെ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് ജിഒകെ സംസ്ഥാന പദ്ധതികളൊന്നും നടപ്പിലാക്കിയിരുന്നില്ല

| എസ് സി | എസ് റ്റി | ന്യൂനപക്ഷങ്ങൾ[2] |
|---|---|---|
| ii. പോസ്റ്റ് -മെട്രിക് സ്കോളർഷിപ്പ് പദ്ധതി (സംസ്ഥാനവും കേന്ദ്രവും) | ii. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (സംസ്ഥാനവും കേന്ദ്രവും) | ii. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (സംസ്ഥാനവും കേന്ദ്രവും) |

ഈ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശങ്ങളായ വരുമാന പരിധി, കേന്ദ്ര സർക്കാരും ജിഒകെയും നൽകുന്ന വിവിധ ഘടകങ്ങൾ മുതലായവ **അനുബന്ധം 1.1**-ൽ കാണിച്ചിരിക്കുന്നു.

ഓഡിറ്റ്, കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസവകുപ്പ് നടത്തിയ ഓൾ ഇന്ത്യ സർവ്വേ ഓഫ് ഹയർ എഡ്യുക്കേഷനിൽ നിന്ന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ[3] പഠിച്ച എസ് സി, എസ് റ്റി, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഡാറ്റയും, പൊതുവിദ്യാഭ്യാസ വകുപ്പിലെ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ[4] നിന്നും ഹയർസെക്കൻഡറി സ്കൂളുകളിലും[5] (XI, XII) (സംസ്ഥാന സിലബസ്) പ്രീ-മെട്രിക് ക്ലാസുകളിലും (I മുതൽ X വരെ) പഠിച്ച എസ് സി, എസ് റ്റി, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്തെ എസ് സി, എസ് റ്റി, ന്യൂനപക്ഷ വിദ്യാർഥികളുടെ എൻറോൾമെന്റ് **പട്ടികകൾ 1.2, 1.3, 1.4** എന്നിവയിൽ കാണിച്ചിരിക്കുന്നു

**പട്ടിക 1.2 : ഉന്നത വിദ്യാഭ്യാസ മേഖലയിലെ എസ് സി, എസ് റ്റി, ന്യൂനപക്ഷസമുദായ വിദ്യാർത്ഥികളുടെ എസ്റ്റിമേറ്റഡ് എൻറോൾമെന്റ്**

| വിഭാഗം | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| എസ് സി | 67764 | 69411 | 72272 | 96596 |
| എസ് റ്റി | 10089 | 10727 | 11237 | 14414 |
| ന്യൂനപക്ഷം | 266345 | 276154 | 284004 | 285815 |
| മറ്റുള്ളവർ | 738719 | 739550 | 770340 | 967711 |
| **മൊത്തം വിദ്യാർത്ഥികൾ** | **1082917** | **1095842** | **1137853** | **1364536** |

**പട്ടിക 1.3 : ഹയർസെക്കൻഡറി സ്കൂളുകളിലെ എസ് സി, എസ് റ്റി, ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് (സംസ്ഥാന സിലബസ്)**

| വിഭാഗം | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| എസ് സി | 40571 | 39675 | 38890 | 37921 |
| എസ് റ്റി | 5551 | 5952 | 5898 | 6181 |
| ന്യൂനപക്ഷം | 185306 | 192483 | 191434 | 183333 |
| മറ്റുള്ളവർ | 148692 | 149069 | 146638 | 140870 |
| **മൊത്തം വിദ്യാർത്ഥികൾ** | **380120** | **387179** | **382860** | **368305** |

3 മാനേജ്മെന്റ് ക്വോട്ടയിലൂടെ പ്രവേശനം കരസ്ഥമാക്കിയ എസ് സി, എസ് റ്റി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അർഹതയില്ല

4 വിദ്യാർത്ഥിയുടെ വാർഷിക കുടുംബവരുമാനത്തെക്കുറിച്ചുള്ള വിവരങ്ങൾ ഡാറ്റയിൽ ഉൾപ്പെടുന്നില്ല

5 മറ്റു വിദ്യാഭ്യാസ ബോർഡുകളായ സിബിഎസ്ഇ, ഐസിഎസ്ഇ എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡാറ്റയിൽ ഉൾപ്പെടുന്നില്ല.

**പട്ടിക 1.4 : പ്രീ-മെട്രിക് ഘട്ടത്തിലെ എസ്‌സി, എസ്ടി, ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് (സിബിഎസ്ഇ/ സ്റ്റേറ്റ്/ ഐസിഎസ്ഇ സിലബസ്)**

| വിഭാഗം | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| എസ്‌സി | 416717 | 414328 | 409542 | 412840 |
| എസ്ടി | 79607 | 78559 | 76044 | 76176 |
| ന്യൂനപക്ഷം | 2474687 | 2497279 | 2519653 | 2601957 |
| മറ്റുള്ളവർ | 1753769 | 1764608 | 1738185 | 1623723 |
| **മൊത്തം വിദ്യാർത്ഥികൾ** | **4724780** | **4754774** | **4743424** | **4714696** |

## 1.1. സംഘടനാ സജ്ജീകരണം

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം (എംഒഎസ്ജെഇ), ഗോത്രകാര്യ മന്ത്രാലയം (എംഒടിഎ), ന്യൂനപക്ഷ കാര്യ മന്ത്രാലയം (എംഒഎംഎ) എന്നിവ യഥാക്രമം എസ്‌സി, എസ്ടി, ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന് സഹായം നൽകുന്നു. സംസ്ഥാന തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ന്യൂനപക്ഷ ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ് നയിക്കുന്നത്. പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, ന്യൂനപക്ഷ ക്ഷേമം എന്നിവയുടെ ഡയറക്ടർമാർ യഥാക്രമം എസ്‌സി, എസ്ടി, ന്യൂനപക്ഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കുന്നു. കേന്ദ്ര പ്രീ-മെട്രിക് മൈനോറിറ്റി സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സംസ്ഥാന തലത്തിലെ അധികാരി പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഡിജിഇ) ആയിരുന്നു, കേന്ദ്ര, സംസ്ഥാന പോസ്റ്റ്-മെട്രിക് മൈനോറിറ്റി സ്കോളർഷിപ്പ് അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള സംസ്ഥാനതല അതോറിറ്റി കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ (ഡിസിഇ) ആയിരുന്നു. ഓരോ വകുപ്പിന്റെയും ഓർഗനോഗ്രാമുകൾ **അനുബന്ധം 1.2**-ൽ കാണിച്ചിരിക്കുന്നു.

## 1.2. ഓഡിറ്റ് സമീപനം

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (സിഎജി)യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിലേക്കായി കേന്ദ്ര പദ്ധതികളുമായി ബന്ധപ്പെട്ട് 'പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ' എന്ന ഓൾ ഇന്ത്യ പ്രവർത്തനക്ഷമതാ ഓഡിറ്റ് 2022 ഏപ്രിൽ മുതൽ ജൂലൈ വരെ നടത്തി, വിഷയത്തിന്റെ പ്രാധാന്യത്തെ അടിസ്ഥാനമാക്കി, എസ്‌സി, എസ്ടി, ന്യൂനപക്ഷങ്ങൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ കേന്ദ്രപദ്ധതികളെയും സംസ്ഥാന പദ്ധതികളെയും കുറിച്ച് ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് അതത് സംസ്ഥാനങ്ങൾ നടത്തണമെന്നും സംസ്ഥാന പദ്ധതികളുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും തീരുമാനമായി.

## 1.3. ഓഡിറ്റ് ലക്ഷ്യങ്ങൾ

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത് താഴെപ്പറയുന്നവ വിലയിരുത്താനായിരുന്നു;

- അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിനും അർഹതയില്ലാത്തവരെ ഒഴിവാക്കുന്നതിനുമായി കാര്യക്ഷമമായും ഫലപ്രദമായും പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തുവോ.
- മൊത്തത്തിലുള്ള സാമ്പത്തിക പരിപാലനം വിവേകത്തോടെയായിരുന്നോ, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയോ.
- പദ്ധതികൾ നിരീക്ഷിക്കുന്നതിന് ഫലപ്രദമായ നിയന്ത്രണ സംവിധാനം നിലവിലുണ്ടോ.

## 1.4. ഓഡിറ്റ് മാനദണ്ഡം

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ, താഴെപ്പറയുന്നവയിൽ നിന്ന് ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്.

- കേന്ദ്ര മന്ത്രാലയങ്ങൾ/ സംസ്ഥാന വകുപ്പുകൾ/ ബന്ധപ്പെട്ട ഡയറക്ടറേറ്റുകൾ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ/ ഉത്തരവുകൾ/ സർക്കുലറുകൾ/ നിർദ്ദേശങ്ങൾ.
- ഓരോ പദ്ധതിയുടെയും ഫണ്ടിംഗിന്റെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ
- പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ
- പിഎഫ്എംഎസ്/ ഡിബിറ്റി ഇവയുമായി ബന്ധപ്പെട്ട ഉത്തരവുകൾ / നിർദ്ദേശങ്ങൾ

## 1.5. ഓഡിറ്റ് വ്യാപ്തി, രീതി, സാംപ്ലിംഗ്

2022 ജൂലൈ മുതൽ ഡിസംബർ വരെ നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവ് ഉൾപ്പെടുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും ന്യൂനപക്ഷ ക്ഷേമ വകുപ്പും നടപ്പിലാക്കുന്ന വിവിധ കേന്ദ്ര-സംസ്ഥാന സ്കോളർഷിപ്പ് പദ്ധതികളുടെ നടത്തിപ്പിന്റെ കാര്യക്ഷമത ഓഡിറ്റ് വിലയിരുത്തി. സംസ്ഥാനത്തെ 14 ജില്ലകൾ ഇംഗ്ലീഷ് അക്ഷരമാലക്രമത്തിൽ ക്രമീകരിച്ചതിനു ശേഷം നാലു ജില്ലകൾ[6] റാൻഡമായി, ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചു തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത ഓരോ ജില്ലയിലും ആറ് സ്ഥാപനങ്ങൾ/സ്കൂളുകൾ/കോളേജുകൾ എന്നിവ യഥാക്രമം എസ്‌സി, എസ്റ്റി, ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾക്കായി പ്രോബബിലിറ്റി പ്രൊപ്പോഷണൽ ടു സൈസ് വിത്തൗട്ട് റീപ്ലേസ്മെൻറ് (പിപിഎസ്ഡബ്ല്യുഒആർ) വഴി തിരഞ്ഞെടുത്തു. അതനുസരിച്ച്, 144 സ്ഥാപനങ്ങൾ/ സ്കൂളുകൾ / കോളേജുകൾ എന്നിവയെ ടെസ്റ്റ്-ചെക്കിനായി തിരഞ്ഞെടുത്തു. വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ ഉദ്ദേശിച്ച ആനുകൂല്യങ്ങൾ നേടിയിട്ടുണ്ടോ എന്നും അവരുടെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഇത് അവരെ സഹായിച്ചിട്ടുണ്ടോ എന്നും

---

[6] കൊല്ലം, എറണാകുളം, കോഴിക്കോട്, വയനാട്

വിലയിരുത്തുന്നതിന് തിരഞ്ഞെടുത്ത 144 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള 1200[7] വിദ്യാർത്ഥികളുടെ ഗുണഭോക്തൃ സർവ്വേയും ഓഡിറ്റ് രീതിയിൽ ഉൾപ്പെടുത്തിയിരുന്നു. സംസ്ഥാന സർക്കാർ സെക്രട്ടേറിയറ്റ്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് (എസ്‌സിഡിഡി), പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് (എസ്‌റ്റിഡിഡി), ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, 144 വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിങ്ങിനിടെ പരിശോധിച്ചു. തിരഞ്ഞെടുത്ത നാല് ജില്ലകളിലെ ടെസ്റ്റ് ചെക്ക് ചെയ്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് **അനുബന്ധം 1.3**-ൽ നൽകിയിരിക്കുന്നു. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിയിൽ നിന്ന്(സി-ഡിറ്റ്) ലഭിച്ച ഇ-ഗ്രാന്റ്സ് ഡാറ്റ[8] (എസ്‌സി/എസ്‌റ്റിക്ക് പ്രീ/പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ പോർട്ടൽ, സ്റ്റേറ്റ് എൻഐസിയിൽ നിന്നുള്ള ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ (ഇബിറ്റി) ഡാറ്റ[9] (എസ്‌സിക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്(കേന്ദ്ര പദ്ധതി) ഒമ്പത് പത്ത് ക്ലാസുകൾക്ക്), സംസ്ഥാന നാഷണൽ ഇൻഫോർമാറ്റിക് സെന്ററിൽ (എൻഐസി) നിന്ന് ലഭിച്ച ഡിസിഇ സ്കോളർഷിപ്പ് ഡാറ്റ (ന്യൂനപക്ഷങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ പോർട്ടൽ), നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (എൻഎസ്‌പി) നിന്നുള്ള ന്യൂനപക്ഷങ്ങൾക്കുള്ള പ്രീ/പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിനുള്ള (കേന്ദ്ര പദ്ധതി) സംബന്ധിച്ച ഡാറ്റ എന്നിവയുടെ വിശകലനം ഓഡിറ്റ് നടത്തി. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനിൽ (കൈറ്റ്)[10] നിന്ന് ''സമ്പൂർണ സോഫ്റ്റ്‌വെയർ'' ഡാറ്റയും ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ഓഫ് കേരളയിൽ (ഐസിടിഎകെ) നിന്ന് എച്ച്‌എസ്‌സിഎപി[11] ഡാറ്റയും ഓഡിറ്റിന് ലഭിച്ചു. ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ സ്കോളർഷിപ്പുകൾ തീർപ്പാക്കുന്നതിനുള്ള പോർട്ടലുകൾ **അനുബന്ധം 1.4**-ൽ നൽകിയിരിക്കുന്നു.

പ്രിൻസിപ്പൽ സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, സ്പെഷ്യൽ സെക്രട്ടറി, എസ്‌സിഎസ്‌റ്റി വികസന വകുപ്പ്, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റുകളിലെ ഡയറക്ടർമാർ, അഡീഷണൽ ഡയറക്ടർ, സ്കോളർഷിപ്പുകൾക്കായുള്ള സ്പെഷ്യൽ ഓഫീസർ, കൊളീജിയറ്റ് എഡ്യുക്കേഷൻ, ഡിജിഇ എന്നിവരുമായി 2022 സെപ്റ്റംബർ 14-ന് പ്രാഥമിക കൂടിക്കാഴ്ച നടന്നു. ഓഡിറ്റ്

---

7 എസ് സി പ്രീമെട്രിക് (241), എസ്‌സി പോസ്റ്റ്മെട്രിക് (200), എസ്‌റ്റി പ്രീമെട്രിക് (154), എസ്‌റ്റി പോസ്റ്റ്മെട്രിക് (169),പ്രീമെട്രിക് ന്യൂനപക്ഷം (219), പോസ്റ്റ്മെട്രിക് ന്യൂനപക്ഷം (2017)

8 2022 ജൂണിൽ സി-ഡിറ്റിൽ നിന്നാണ് ഇ-ഗ്രാന്റ്സ് ഡാറ്റ ലഭിച്ചത്. അതിനുശേഷം വരുത്തിയ (ഉദാഹരണത്തിന് പണം കൊടുത്തത്) മാറ്റങ്ങൾ വിശകലനത്തിൽ എടുത്തിട്ടില്ല. എസ്‌സി, എസ്‌റ്റി, ഒബിസി സമുദായത്തിലെ വിദ്യാഭ്യാസ സഹായപദ്ധതികളുടെ വിതരണം ഇ-ഗ്രാന്റ്സിൽ കേന്ദ്രീകൃത ഓൺലൈൻ സിസ്റ്റത്തിലാണ്.

9 ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ (ഇബിറ്റി) സോഫ്റ്റ്‌വെയർ ലഭിച്ചത് എൻഐസിയിൽ നിന്നാണ്. അതിൽ എസ് സി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്രപദ്ധതി) സംബന്ധിച്ച ഡാറ്റ അടങ്ങിയിരിക്കുന്നു.

10 ക്ലാസ്സ് 1 മുതൽ 10 വരെയുള്ള കേരളത്തിലെ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്‌കൂളുകളിലെ (സംസ്ഥാന സിലബസ്) എല്ലാ കുട്ടികളുടെയും വിവരങ്ങൾ (പേര്, ക്ലാസ്, അക്കാഡമിക് വർഷം, ജാതി എന്നിവ) സമ്പൂർണ സോഫ്റ്റ്‌വെയറിൽ അടങ്ങിയിരിക്കുന്നു സമ്പൂർണ സോഫ്റ്റ്‌വെയറിന്റെ പരിപാലകൻ ഡിജിഇയാണ്.

11 കേരളത്തിലെ 11, 12 ക്ലാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്റ്റേറ്റ് സിലബസ്) പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ (പേര്, ക്ലാസ്, അക്കാഡമിക് വർഷം, ജാതി എന്നിവ) എച്ച്‌എസ്‌സിഎപി (ഹയർസെക്കന്ററി കോമൺ അഡ്മിഷൻ പോർട്ടൽ) സോഫ്റ്റ്‌വെയറിൽ ലഭ്യമാണ് എച്ച്‌എസ്‌സിഎപിയുടെ പരിപാലകൻ ഹയർ സെക്കന്ററി എഡ്യുക്കേഷൻ ഡയറക്ടർ ആണ്.

ലക്ഷ്യങ്ങൾ, വ്യാപ്തി, മാനദണ്ഡം, സാമ്പിളുകളുടെ തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റിന്റെ രീതി ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തു. ഓഡിറ്റിന്റെ സമാപനത്തിൽ, 2023 മേയ് 16-ന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായും 2023 മേയ് 24-ന് എസ് സി, എസ് റ്റി വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുമായും കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുമായും സമാപന കൂടിക്കാഴ്ച നടത്തി. കേരള സർക്കാർ നൽകിയ മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1.6. കൃതജ്ഞത

കേരള സർക്കാരിന്റെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയും പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ നടത്തിപ്പിൽ പരിശോധിച്ച എല്ലാ സ്ഥാപനങ്ങളും നൽകിയ സഹകരണത്തിനും സഹായത്തിനും കൃതജ്ഞത രേഖപ്പെടുത്തുന്നു.



# വിഭാഗം എ - പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

# അദ്ധ്യായം II
# പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ-മെട്രിക്

പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം വിലയിരുത്തുന്നതിനും അവർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ആസൂത്രണം അത്യാവശ്യമാണ്. എന്നാൽ, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താനും പട്ടിക തയ്യാറാക്കാനും പട്ടികജാതി വികസനവകുപ്പ് സർവ്വേയോ പഠനമോ നടത്തിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2017-21 കാലയളവിൽ 10 ശതമാനം മുതൽ 12 ശതമാനം വരെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല.

2019-20 അധ്യയന വർഷത്തിൽ, 'സമ്പൂർണ'യിൽ രജിസ്റ്റർ ചെയ്ത 379 സ്കൂളുകൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിരുന്നില്ല, അതുവഴി ഈ സ്കൂളുകളിലെ 3,499 പട്ടികജാതി വിദ്യാർത്ഥികൾ പദ്ധതിയിൽ ഉൾപ്പെടാതെപ്പോയി. കൂടാതെ, ഇ-ഗ്രാന്റ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5,437 എയ്ഡഡ്/ സർക്കാർ/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ
ഇ-ഗ്രാന്റ്സിൽ രജിസ്റ്റർ ചെയ്യാത്തതിനാൽ 23,138 പട്ടികജാതി വിദ്യാർത്ഥികൾ പദ്ധതികളിൽ ഉൾപ്പെടാതെപ്പോയി.

രണ്ട് സ്കൂളുകളിൽ ഇ-ഗ്രാന്റ്സിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം സമ്പൂർണയേക്കാൾ 104 അധികമായിരുന്നു (ഓരോ സ്കൂളിലും 52 വിദ്യാർത്ഥികൾ വീതം) എസ്.സി.ഡി.ഒ/ഡയറക്ടറേറ്റ് തലത്തിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ ഫലമായി ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ലഭിക്കാതിരിക്കുക, അക്കൗണ്ട് നമ്പർ, ഐഎഫ്എസ് കോഡ് മുതലായവയിലെ പിഴവുകൾ കാരണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാതിരിക്കുക, വിവിധ പ്രീ-മെട്രിക് സ്കോളർഷിപ്പുകളുടെ വിതരണത്തിലെ കാലതാമസം, ഒന്നിലധികം തവണ ഒരേ സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾ, എന്നീ സന്ദർഭങ്ങൾ ശ്രദ്ധിക്കപ്പെട്ടു. സ്കോളർഷിപ്പ് പദ്ധതികൾക്ക് മതിയായ പ്രചാരണം നൽകണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും, അത് ഉറപ്പുവരുത്തിയിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. വർദ്ധിപ്പിച്ച നിരക്കിൽ വിദ്യാലയ വികാസ് നിധിയിലേക്ക് കേന്ദ്രീയ വിദ്യാലയങ്ങളിലെ 5,828 പട്ടികജാതി വിദ്യാർത്ഥികൾ അടച്ച ₹3.60 കോടിയുടെ തിരിച്ചടവ് ലഭിച്ചില്ല. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പാക്കുന്നതിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാന/പ്രാദേശിക തലത്തിൽ പദ്ധതികളുടെ പുരോഗതി ആനുകാലികമായി അവലോകനം ചെയ്യുന്നതിനുള്ള ഫലപ്രദമായ ഒരു സംവിധാനവും നിലവിലില്ലെന്നതും ശ്രദ്ധയിൽപ്പെട്ടു.

## 2.1. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള യോഗ്യത

പട്ടികജാതി വിദ്യാർത്ഥികൾക്കായി കേന്ദ്രവും സംസ്ഥാനവും നടപ്പിലാക്കുന്ന പ്രീ-മെട്രിക് പദ്ധതികൾക്കു കീഴിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 2.1-ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.1: സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ**

<table>
<tr><th></th><th colspan="3">കേന്ദ്രാവിഷ്കൃത പദ്ധതി</th><th colspan="2">സംസ്ഥാന പദ്ധതികൾ</th></tr>
<tr><td>യോഗ്യത</td><td colspan="3">തങ്ങളുടെ മാതാപിതാക്കളുടെ / രക്ഷകർത്താക്കളുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള പ്രതിവർഷവരുമാനം ₹2.50 ലക്ഷം കവിയാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും</td><td colspan="2">പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ</td></tr>
<tr><td>പഠനത്തിനായി</td><td colspan="3">എല്ലാ സർക്കാർ സ്കൂളുകളിലേയും, സർക്കാർ അല്ലെങ്കിൽ സെൻട്രൽ/സ്റ്റേറ്റ് ബോർഡ് ഓഫ് സെക്കൻഡറി എഡ്യുക്കേഷൻ അംഗീകരിച്ച സ്കൂളുകളിലെയും IX, X ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക്.</td><td colspan="2">സർക്കാർ/എയ്ഡഡ് സ്കൂളുകളിലും അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും I മുതൽ X വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും.</td></tr>
<tr><td rowspan="4">സ്കോളർഷിപ്പിന്റെയും മറ്റ് ഗ്രാന്റുകളുടെയും നിരക്ക്</td><td>ഇനം</td><td>വീട്ടിൽ താമസിച്ച് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ</td><td>ഹോസ്റ്റലുകളിൽ താമസിക്കുന്നവർ</td><td>ഇനം</td><td>തുക</td></tr>
<tr><td>സ്കോളർഷിപ്പ് (₹പ്രതിമാസം) (10 മാസത്തേക്ക്)</td><td>₹225</td><td>₹525</td><td>ലംപ്സം ഗ്രാന്റ്</td><td>2019-20 വരെ<br>₹320 (സ്റ്റാൻഡേർഡ് I മുതൽ IV വരെ)<br>₹630 (സ്റ്റാൻഡേർഡ് V മുതൽ VII വരെ)<br>₹940 (സ്റ്റാൻഡേർഡ് VIII മുതൽ X വരെ)<br>2020-21 മുതൽ<br>₹750 (സ്റ്റാൻഡേർഡ് I മുതൽ IV വരെ)<br>₹900 (സ്റ്റാൻഡേർഡ് V മുതൽ VII വരെ)<br>₹1000 (സ്റ്റാൻഡേർഡ് VIII മുതൽ X വരെ)</td></tr>
<tr><td rowspan="2">ബുക്ക്സ് ആൻഡ് അഡ്ഹോക്ക് ഗ്രാന്റ് (₹ വർഷംതോറും)</td><td rowspan="2">₹750</td><td rowspan="2">₹1000</td><td>സ്റ്റൈപ്പൻഡ് (പ്രതിമാസം)</td><td>2019-20 വരെ<br>₹130 (സ്റ്റാൻഡേർഡ് I മുതൽ IV വരെ)<br>₹160 (സ്റ്റാൻഡേർഡ് V മുതൽ VII വരെ)<br>₹190 (സ്റ്റാൻഡേർഡ് VIII മുതൽ X വരെ)<br>2020-21 മുതൽ<br>എല്ലാ ക്ലാസുകൾക്കും ₹200</td></tr>
<tr><td>ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസുകൾക്കുള്ള, പ്രൈമറി ആൻഡ് സെക്കൻഡറി എഡ്യുക്കേഷൻ എയ്ഡ്</td><td>₹2000</td></tr>
</table>

## 2.2. നടപടിക്രമം / പ്രക്രിയ

പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ, വിദ്യാർത്ഥി പഠിച്ചുകൊണ്ടിരിക്കുന്നതോ അവസാനം പഠിച്ചതോ ആയ സ്ഥാപനത്തിന്റെ / സ്കൂളിന്റെ മേധാവിക്ക് സമർപ്പിക്കണം. സ്ഥാപന മേധാവി, അപേക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം അദ്ദേഹത്തിന്റെ ശിപാർശകൾ സഹിതം, അതത് ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലുള്ള അനുമതി നല്കുന്ന അധികാരിയായ പട്ടികജാതി വികസന ഓഫീസർക്ക് (എസ്‌സിഡിഒ) അയയ്ക്കണം. സ്കോളർഷിപ്പിനുള്ള യോഗ്യത പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്തം എസ്‌സിഡിഒയ്ക്കാണ്.

**ചിത്രം 2.1-ലും 2.2-ലും** കാണിച്ചിരിക്കുന്നതുപോലെ കേരളത്തിൽ ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ (കേന്ദ്ര പദ്ധതി) നടത്തിപ്പ് എൻഐസിയുടെ ഇബിറ്റ്സ് പോർട്ടലിലൂടെയും പട്ടികജാതി വിഭാഗത്തിലെ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് സംസ്ഥാന പദ്ധതി ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെയും[12] ആണ് കൈകാര്യം ചെയ്യുന്നത്.

**ചിത്രം 2.1 : ഇബിറ്റ്സ് പോർട്ടലിലെ പ്രക്രിയ (കേന്ദ്ര പ്രീ-മെട്രിക്)**




[12] 2019-20 അധ്യയന വർഷത്തിന് മുൻപ് എസ്‌സി വിദ്യാർത്ഥികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന പദ്ധതി) മാനുവൽ ആയിട്ടാണ് നിർവ്വഹിച്ചിരുന്നത്, 2019-20 മുതൽ ഇ-ഗ്രാന്റ്സിലൂടെയാണ് നിർവ്വഹിക്കുന്നത്.

**ചിത്രം 2.2: ഇ-ഗ്രാന്റ്സിലെ പ്രക്രിയ (സംസ്ഥാന പ്രീ-മെട്രിക് പദ്ധതി )**

(വിദ്യാഭ്യാസം) എല്ലാ അനുബന്ധ രേഖകളോടും കൂടിയ വിദ്യാർത്ഥിയുടെ അപേക്ഷ, സ്ഥാപനം പരിശോധിക്കുന്നു

↓

സ്ഥാപനം അപേക്ഷ പരിശോധിച്ച് അംഗീകാരത്തിനായി എസ്സിഡിഒയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നു

↓

എസ്.സി.ഡി.ഒ അപേക്ഷകൾ പരിശോധിക്കുകയും സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്യുന്നു. സ്കോളർഷിപ്പ് അംഗീകാരത്തിന് ശേഷം, ഗുണഭോക്താക്കളുടെ പേയ്മെന്റ് ലിസ്റ്റ് എസ്സിഡിഒ ജനറേറ്റ് ചെയ്യുകയും പേയ്മെന്റ് നടത്തുകയും ചെയ്യുന്നു

## 2.3. ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി)

### 2.3.1. ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ തിരിച്ചറിയാത്തത്

പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരുടെ എണ്ണം വിലയിരുത്തുന്നതിനും ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ആസൂത്രണം അത്യാവശ്യമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ ആസൂത്രണത്തിൽ, ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരുടെ പൂർണ്ണമായ തിരിച്ചറിയൽ, അർഹരായ എല്ലാ ഗുണഭോക്താക്കളെയും പദ്ധതിക്കു കീഴിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കൽ, അർഹതയില്ലാത്ത അപേക്ഷകരെ ഒഴിവാക്കാനുള്ള സംവിധാനം വികസിപ്പിക്കൽ, പദ്ധതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ, മുതലായവ ഉൾപ്പെടുന്നു. ഒരു പ്രത്യേക വർഷത്തിൽ പദ്ധതിക്കു കീഴിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, സ്ഥിതിവിവരക്കണക്കനുസരിച്ച് താരതമ്യം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ഗുണഭോക്താക്കളാകാൻ സാധ്യതയുള്ള മുഴുവൻ ആൾക്കാരുടെയും വിവരങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. പ്രീ-മെട്രിക് പദ്ധതികളിൽ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്ന അധികാരികൾ, അതു സംബന്ധിച്ച സർവ്വേയോ പഠനമോ നടത്താത്തത് ചുവടെ വിശദമാക്കിയിരിക്കുന്നു.

### 2.3.1.1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി) (2016-19)[13] അതിന്റെ 15-ാം റിപ്പോർട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനം ചെയ്യുന്ന എല്ലാ പദ്ധതികളും വിജയകരമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഫലപ്രദമായ സർവ്വേ നിർബന്ധമാണെന്ന് ശിപാർശ ചെയ്തു. 2010-12 കാലഘട്ടത്തിൽ എസ്സി/എസ്.റ്റി കോളനികളിൽ സർവ്വേ നടത്തിയതായും ഡാറ്റ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും വകുപ്പ് സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, പ്രീ-മെട്രിക് പദ്ധതിയ്ക്ക് കീഴിൽ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിന് ഒരു സർവ്വേയോ പഠനമോ നടത്തിയിട്ടില്ലെന്നും ഗുണഭോക്താക്കളെ പദ്ധതിക്കു കീഴിൽ സമയബന്ധിതമായി ഉൾപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനവും നിലവിലില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പട്ടികജാതിക്കാർക്കായുള്ള വിവിധ വികസന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിൽ സഹായിക്കുകയെന്ന ചുമതലയാണ് എസ്സി പ്രമോട്ടർമാരുടേതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ജില്ലാ തലത്തിലുള്ള എസ്സിഡിഒ, അസിസ്റ്റന്റ് എസ്സിഡിഒ, വിഷയ വിദഗ്ധൻ / കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ എന്നിവരടങ്ങിയ ഒരു സമിതി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രമോട്ടർമാരെ തിരഞ്ഞെടുക്കുന്നത്. താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന എസ്സി പ്രമോട്ടർമാർ ഒരു വർഷത്തെ സേവനകാലയളവിന് അർഹരാണ്. ബന്ധപ്പെട്ട എസ്സിഡിഒയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇത് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ്, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, എന്നിങ്ങനെ വിവിധ വിദ്യാഭ്യാസ തലങ്ങളിൽ പഠിക്കുന്ന/പാസായ/തോറ്റ വിദ്യാർത്ഥികളെ സംബന്ധിച്ച അടിസ്ഥാന വിശദാംശങ്ങൾ ഈ പ്രമോർട്ടർമാർ ക്രോഡീകരിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എസ്സിഡിഒമാർ ആഴ്ചതോറും എസ്സി പ്രമോട്ടർമാരുടെ പ്രകടനം അവലോകനം ചെയ്യുകയും ജില്ലാ എസ്സിഡിഒമാർ മൂന്നു മാസത്തിലൊരിക്കൽ പ്രമോട്ടർമാരുടെ പ്രകടനം അവലോകനം ചെയ്യുകയും, പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണമായിരുന്നു. പട്ടികജാതി പ്രമോട്ടർമാർ[14] മുഖേന ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്താനാകുമായിരുന്നെങ്കിലും വകുപ്പ് അവരുടെ സേവനം ഫലപ്രദമായി വിനിയോഗിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചകൾ,

---

13 കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2007 മാർച്ച് 31-ൽ അവസാനിച്ച (സംസ്ഥാന സർക്കാരിന്റെ) ഓഡിറ്റ് റിപ്പോർട്ട് സിവിലിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ വികസനം എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് (ഖണ്ഡിക. 3.4) ചർച്ചചെയ്തതിനെ തുടർന്ന്

14 എസ് സി പ്രമോട്ടർമാരുടെ ചുമതലകളും, ഉത്തരവാദിത്തങ്ങളും ആവശ്യപ്പെടുന്നത്, അവരുടെ അധികാര പരിധിയിലുള്ള എല്ലാ പട്ടികജാതിക്കാരെയും കുറിച്ച്, അടിസ്ഥാന വിവരങ്ങൾ, പലതലങ്ങളിൽ പഠിക്കുന്നവർ/ പാസ്സായവർ/ തോറ്റവർ പ്രത്യേകിച്ച്, X, XI, ബിരുദം, ബിരുദാനന്തരം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ വിവരങ്ങൾ ഉൾപ്പെടെ സമാഹരിക്കുകയും, ഏകീകരിച്ച ഡാറ്റ എസ്.സി.ഡി.ഒകളിൽ സൂക്ഷിക്കുകയും വേണം.

അതായത് അർഹതയില്ലാത്ത അപേക്ഷകരെ ഒഴിവാക്കാതിരിക്കൽ, വിദ്യാർത്ഥികൾ യഥാസമയം രേഖകൾ സമർപ്പിക്കാതിരിക്കൽ, പദ്ധതിയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധമില്ലായ്മ തുടങ്ങിയവ, ഈ പ്രമോട്ടർമാരുടെ സജീവമായ ഇടപെടൽ ഉറപ്പാക്കുന്നതിലൂടെ കൂടുതൽ ഫലപ്രദമായി പരിഹരിക്കാമായിരുന്നു.

കൂടാതെ, സംസ്ഥാനത്തെ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം നിർണ്ണയിക്കുന്നതിന് ഒരു കർമ്മപദ്ധതി/വീക്ഷണ പദ്ധതിയും തയ്യാറാക്കിയിട്ടില്ല. ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കാത്തതിനാൽ, കേന്ദ്ര സംസ്ഥാന പദ്ധതികൾക്ക് കീഴിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഫലപ്രദമായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. സ്കോളർഷിപ്പ് പദ്ധതികൾക്ക് കീഴിൽ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനുമുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്ന അധികാരികൾ അതു സംബന്ധിച്ച സർവ്വേയോ പഠനമോ നടത്താത്തത് യോഗ്യരായ വിദ്യാർത്ഥികളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കുന്നതിന് ഇടയാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

സംസ്ഥാനത്തെ പ്രീ-മെട്രിക് ഘട്ടത്തിലുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികളും പദ്ധതിയിലൂടെ പ്രയോജനം നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി, ഓഡിറ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ (ഡിജിഇ) നിന്നും 2017-21 അധ്യയന വർഷങ്ങളിൽ പ്രീ-മെട്രിക് ക്ലാസുകളിൽ പഠിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ ഡാറ്റ ശേഖരിക്കുകയും പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്ന് ലഭിച്ച ലംപ്സം ഗ്രാന്റിന്റെ[15] വിതരണവുമായി ബന്ധപ്പെട്ട ഡാറ്റയുമായി താരതമ്യം ചെയ്യുകയും ചെയ്തു. **ചാർട്ട് 2.1-ൽ** കാണിച്ചിരിക്കുന്നതുപോലെ 2017-18-ൽ എൻറോൾ ചെയ്ത 4,16,717-ൽ 10 ശതമാനം പട്ടികജാതി വിദ്യാർത്ഥികൾക്കും 2020-21-ൽ എൻറോൾ ചെയ്ത 4,12,840-ൽ 12 ശതമാനം പട്ടികജാതി വിദ്യാർത്ഥികൾക്കും 2017-21 കാലയളവിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

15 കുടുംബവരുമാനം പരിഗണിക്കാതെ I മുതൽ X വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ എസ്‌സി വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് നൽകുന്നതിനാൽ.

**ചാർട്ട് 2.1: പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം (ലംപ്സം ഗ്രാന്റ്)**




സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ് അംഗീകൃത സ്കൂളുകളിലെ (കേരള സിലബസ്) എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും (പ്രീ-മെട്രിക് ഘട്ടം) പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി, 2019-20[16] അധ്യയന വർഷം പ്രീ-മെട്രിക് ക്ലാസുകളിൽ പഠിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ[17] ഡാറ്റ ഓഡിറ്റ് കൈറ്റിൽ നിന്ന് (സമ്പൂർണ സോഫ്റ്റ്വെയർ) പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡിജിഇ) മുഖേന ലഭ്യമാക്കി, ലംപ്സം ഗ്രാന്റ് വിതരണവുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമായ ഡാറ്റയുമായി താരതമ്യം ചെയ്തു. 2019-20 അധ്യയന വർഷത്തെ സംബന്ധിച്ച ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ,

- സമ്പൂർണയിൽ രജിസ്റ്റർ ചെയ്ത 379 സ്കൂളുകളിൽ പഠിച്ച എസ്‌സി വിഭാഗത്തിൽ നിന്നുള്ള ഒരു വിദ്യാർത്ഥിയും ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ 3,499 വിദ്യാർത്ഥികളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കി. 379 സ്കൂളുകളിൽ 223 എണ്ണം അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളും 90 എണ്ണം എയ്ഡഡ് സ്കൂളുകളും 66 എണ്ണം സർക്കാർ സ്കൂളുകളുമാണ്.

- ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5,437[18] എയ്ഡഡ്/ സർക്കാർ/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ 23,138 വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സിൽ രജിസ്റ്റർ ചെയ്യാത്തതിനാൽ പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. വിദ്യാർത്ഥികൾ അനുബന്ധ രേഖകൾ ഹാജരാക്കാത്തത്,

---

[16] ഡാറ്റ ആധികാരികവും പരിശോധനയ്ക്ക് വിധേയമായതുമാണെന്ന് കൈറ്റ് അറിയിച്ചത് കൊണ്ടാണ് 2019-20 അദ്ധ്യയനവർഷം വിശകലനത്തിനായി തിരഞ്ഞെടുത്തത്.

[17] 2019-20 അദ്ധ്യയന വർഷത്തെ സമ്പൂർണ്ണയിലെ ആകെ എസ്‌സി വിദ്യാർത്ഥികളുടെ എണ്ണം 3,83,357 ആയിരുന്നു.

[18] എയ്ഡഡ് - 2,917, സർക്കാർ - 2,134, അംഗീകൃത അൺ എയ്ഡഡ് - 386

താൽപര്യമില്ലാത്തതിനാൽ വിദ്യാർത്ഥികൾ സ്കോളർഷിപ്പ് നിരസിച്ചത്, പദ്ധതിയെക്കുറിച്ച് രക്ഷിതാക്കളെ അറിയിച്ചെങ്കിലും ഇ-ഗ്രാന്റ്സിൽ വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്യുന്നതിനായി അവർ ബാങ്ക് അക്കൗണ്ടിന്റെ രേഖകളും മറ്റ് വിശദാംശങ്ങളും സമർപ്പിക്കാത്തത്, ഇ-ഗ്രാന്റ്സിൽ സ്കൂളുകളുടെ രജിസ്ട്രേഷൻ വൈകിയത്, ഇ-ഗ്രാന്റ്സ് മുഖേന രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് തുടങ്ങിയവ കാരണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചില്ലെന്ന് സ്കൂൾ അധികൃതർ പ്രസ്താവിച്ചു (2023 മേയ്).

- രണ്ട് സ്കൂളുകളിൽ, ഇ-ഗ്രാന്റ്സിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം സമ്പൂർണയിലുള്ളതിനേക്കാൾ 104 കൂടുതലായിരുന്നു (ഓരോ സ്കൂളിലും 52 വിദ്യാർത്ഥികൾ കൂടുതൽ). 2018-19-ൽ പത്താം ക്ലാസ് പാസ്സായ വിദ്യാർത്ഥികളെ 2019-20 വർഷത്തേക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിൽ വീണ്ടും ഉൾപ്പെടുത്തിയതിനാലാണ് മേൽപ്പറഞ്ഞ വ്യത്യാസം സംഭവിച്ചതെന്ന് ഈ രണ്ട് സ്കൂളുകളുടെ അധികാരികൾ മറുപടി നൽകി (2023 മേയ്). രണ്ട് സ്കൂളുകളിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ, 2019-22 കാലയളവിലെ എല്ലാ സ്കൂളുകളിലുമുള്ള ഇ-ഗ്രാന്റ്സ് ഡാറ്റ ഓഡിറ്റ് വിശകലനം ചെയ്തതിൽ 2018-19-ൽ പ്രീ-മെട്രിക് ഘട്ടം പൂർത്തിയാക്കിയ 766 പട്ടികജാതി വിദ്യാർത്ഥികൾ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഒരേ അധ്യയന വർഷത്തിൽ തന്നെ പത്താം ക്ലാസിലെ പ്രീ-മെട്രിക് സ്കോളർഷിപ്പും പതിനൊന്നാം ക്ലാസിലെ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും വാങ്ങിയിരുന്നതായി കണ്ടെത്തി.

അങ്ങനെ, ഇ-ഗ്രാന്റ്സിലെ ദുർബലമായ നിയന്ത്രണ സംവിധാനം അനർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ കലാശിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് വഴി സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ, അവരിൽ ചിലർക്ക് അധികാരികളിൽ നിന്ന് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനിടയില്ലെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). അതിനാൽ, സമ്പൂർണയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികളുടെയും കണക്ക് ഇ-ഗ്രാന്റ്സിൽ പ്രതിഫലിക്കാൻ ഇടയില്ല. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കാനായി ചുമതലപ്പെടുത്തിയ എസ്‌സി പ്രമോട്ടർമാരുടെ സേവനം വകുപ്പ് ഫലപ്രദമായി വിനിയോഗിക്കാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

### 2.3.2. വാർഷിക ഡിമാൻഡ്/ എസ്റ്റിമേറ്റ് തയ്യാറാക്കൽ

കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്കുള്ള വാർഷിക നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് അയയ്ക്കുന്നതിന് വേണ്ടി എസ്‌സി ഡയറക്ടറേറ്റ് നിർദ്ദിഷ്ട മാതൃകയിൽ കേരള സർക്കാരിന് സമർപ്പിക്കുന്നു. പദ്ധതിയുടെ പ്രഫോർമയിൽ മുൻ വർഷത്തെ ചെലവുകളുടെയും ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണത്തിന്റെയും

വിശദാംശങ്ങളും നിർദ്ദിഷ്ട വർഷത്തേക്കുള്ള ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങളും ഉൾപ്പെടുന്നു.

കേന്ദ്ര പ്രീ-മെട്രിക് സ്കീമിൽ, 2016-17-ലെ (72,055) എൻറോൾമെന്റിനേക്കാൾ അഞ്ച് ശതമാനം കൂടി ചേർത്താണ് 2017-18-ലേയ്ക്കുള്ള വാർഷിക ഡിമാന്റ് നിശ്ചയിച്ചതെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2018-19 മുതൽ 2020-21 വരെയുള്ള വാർഷിക ഡിമാൻഡ് മാറ്റമില്ലാതെ 76,050 ആയും 2021-22-ലെ വാർഷിക ഡിമാൻഡ് 74,527 ആയും മുൻ വർഷങ്ങളിലെ ഗുണഭോക്താക്കളുടെ യഥാർത്ഥ എണ്ണം കണക്കിലെടുക്കാതെ നിജപ്പെടുത്തി നിശ്ചയിച്ചു. 2017-22 കാലയളവിലെ ഭൗതികമായ ലക്ഷ്യവും നേട്ടവും **പട്ടിക 2.2-ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 2.2 : ഗുണഭോക്താക്കളുടെ കവറേജ് - 2017-22-ലെ കേന്ദ്ര പ്രീ-മെട്രിക് പദ്ധതിക്ക് കീഴിലുള്ള ലക്ഷ്യവും നേട്ടവും**

| വർഷം | ഭൗതിക ലക്ഷ്യം (കണക്കാക്കിയ സംഖ്യ) | കണക്കാക്കിയ തുക (₹ ലക്ഷത്തിൽ) | ഡയറക്ടറേറ്റിൽ അംഗീകരിച്ച അപേക്ഷകളുടെ യഥാർത്ഥ എണ്ണം (എൻഐസി പോർട്ടൽ പ്രകാരം) | നേട്ടം (ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം) | ആകെ ചെലവ് (₹ ലക്ഷത്തിൽ) | ഗുണഭോക്തൃ വിദ്യാർത്ഥികളുടെ എണ്ണം കൈവരിക്കുന്നതിലെ കുറവ് (ശതമാനം) | ഡയറക്ടറേറ്റിന്റെ അംഗീകാരത്തിനുശേഷവും സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7)= (2)-(5) | (8)=(4)-(5) |
| 2017-18 | 75728 | 2081.05 | 61302 | 59405 | 1649.46 | 16323 (21.55) | 1897 |
| 2018-19 | 76050 | 2313.38 | 53550 | 42219 | 1281.81 | 33831 (44.49) | 11331 |
| 2019-20 | 76050 | 2313.38 | 54390 | 51818 | 1582.27 | 24232 (31.86) | 2572 |
| 2020-21 | 76050 | 2313.38 | 57791 | 52300 | 1577.13 | 23750 (31.23) | 5491 |
| 2021-22 | 74527 | 2270.16 | 28836* | 60585 | 1827.46 | 13942 (18.71) | - |

*(ഉറവിടം: വാർഷിക നിർദ്ദേശവും എൻഐസി ഡാറ്റയും)*

* പത്താംക്ലാസിലെ ഡാറ്റ മാത്രമേ എൻഐസിയിൽ ലഭ്യമായിരുന്നുള്ളൂ. 2021-22-ൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഇ-ഗ്രാന്റ്സിലൂടെ നടന്നു.

ഓഡിറ്റ് കാലയളവിൽ, അതായത് 2017-22-ൽ, ഭൗതികമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുണ്ടായ കുറവ് 18.71 മുതൽ 44.49 ശതമാനം വരെയായിരുന്നു. ഓരോ വർഷവും ഡയറക്ടറേറ്റിൽ അംഗീകാരം ലഭിച്ച അപേക്ഷകളുടെ എണ്ണവും കണക്കാക്കിയ ഗുണഭോക്താക്കളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് സൂക്ഷിക്കുന്ന സമ്പൂർണ സോഫ്റ്റ്‌വെയറിൽ വിദ്യാർത്ഥികളുടെ ഡാറ്റ ലഭ്യമാണെന്നിരിക്കെ, ഡയറക്ടറേറ്റ് തയ്യാറാക്കിയ ഡിമാൻഡിന്റെ കണക്കുകൾ യാഥാർത്ഥ്യബോധമില്ലാത്തതും വിശ്വസനീയമായ ഡാറ്റയെ അടിസ്ഥാനമാക്കിയല്ലാത്തതുമാണെന്ന് ഇത് തെളിയിക്കുന്നു. കൂടാതെ, എല്ലാ വർഷവും, അർഹരായ ഗുണഭോക്താക്കൾ ഒഴിവാക്കപ്പെടുന്നതായും അവരുടെ എണ്ണം 2018-19 വർഷത്തിൽ ഏറ്റവും ഉയർന്നതായും കാണപ്പെട്ടു. ഇബിറ്റി പോർട്ടൽ/ ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ശരിയായ സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവവും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളുടെ പൊരുത്തക്കേടുമാണ് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന്റെ പ്രധാന കാരണങ്ങളെന്ന് എസ്‌സി ഡയറക്ടർ മറുപടി നൽകി (2023 ജനുവരി). എന്നിരുന്നാലും, ഇ-ഗ്രാന്റ്സ്, ഇബിറ്റി പോർട്ടലുകൾ യഥാക്രമം 2009-ലും[19] 2013-14-ലും

[19] 2019-20 അദ്ധ്യയന വർഷം മുതലാണ് ഇ-ഗ്രാന്റ്സിൽ സംസ്ഥാന പ്രീ-മെട്രിക് പദ്ധതിയിൽ ഉൾപ്പെടുത്തിയത്

പ്രവർത്തനക്ഷമമായിരുന്നെങ്കിലും പോർട്ടലുകൾ ഉപയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് മതിയായ വൈദഗ്ധ്യം നൽകുന്നതിൽ വകുപ്പ് പരാജയപ്പെട്ടതും, വിദ്യാർത്ഥികൾ നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ കൃത്യത സ്ഥാപനങ്ങൾ ഉറപ്പുവരുത്താത്തതും വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്നതിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു. സർവ്വേയിൽ പ്രതികരിച്ച 225 പട്ടികജാതി ഗുണഭോക്താക്കളിൽ 23 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ[20] ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനാവശ്യമായ പ്രസക്തമായ രേഖകൾ ലഭിക്കുന്നതിന് ഗുണഭോക്താക്കളെ സഹായിക്കുന്നതിൽ എസ് സി പ്രമോട്ടർമാരുടെ സേവനം ഫലപ്രദമായി ഉപയോഗിച്ചിട്ടില്ലെന്നും ഇത് സൂചിപ്പിക്കുന്നു.

### 2.3.3. പ്രീ-മെട്രിക് എസ് സി സ്കോളർഷിപ്പ് പദ്ധതികൾക്ക് വേണ്ടത്ര പ്രചാരണം നൽകാത്തത് സംബന്ധിച്ച്

മാർഗ്ഗനിർദ്ദേശങ്ങളിലെ[21] ഖണ്ഡിക നമ്പർ XI അനുസരിച്ച്, എല്ലാ വർഷവും ഉചിതമായ സമയത്ത്, സംസ്ഥാന സർക്കാർ പദ്ധതിയുടെ വിശദാംശങ്ങൾ പ്രഖ്യാപിക്കുകയും സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളിലും അതത് വെബ്സൈറ്റുകൾ വഴിയും മറ്റ് മാധ്യമ സ്ഥാപനങ്ങൾ വഴിയും പരസ്യം നൽകി അപേക്ഷകൾ ക്ഷണിക്കുകയും ചെയ്യും. പരസ്യത്തിനുള്ള ചെലവ് അനുവദിച്ചിട്ടുള്ള ഭരണപരമായ ചെലവുകളിൽ നിന്നായിരിക്കണം. എന്നാൽ, 2019-22[22] കാലയളവിലെ പ്രീ-മെട്രിക് പദ്ധതിയുടെ ഭരണപരമായ ചെലവുകൾ സംബന്ധിച്ച് ഡയറക്ടറേറ്റ് നൽകിയ വിശദാംശങ്ങളിൽ നിന്ന്, പത്രങ്ങളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും പരസ്യം നൽകുന്നതിന് ഫണ്ട് ചെലവഴിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ട് ക്ലെയിം ചെയ്യുന്നതിനും അതിന്റെ വിനിയോഗത്തിനും പ്രത്യേക സംസ്ഥാന നോഡൽ അക്കൗണ്ട് തുടങ്ങുമെന്ന് സമാപന കൂടിക്കാഴ്ചയിൽ എസ്‌സിഎസ്റ്റിഡിഡി സ്പെഷ്യൽ സെക്രട്ടറി ഉറപ്പ് നൽകി (2023 മേയ്).

## 2.4. ആസൂത്രണവും സാമ്പത്തിക പരിപാലനവും

### 2.4.1. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് എസ് സി സ്കോളർഷിപ്പ് പദ്ധതി

പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 2017-18 മുതൽ പട്ടികജാതി

20 ജാതി സർട്ടിഫിക്കറ്റും, വരുമാന സർട്ടിഫിക്കറ്റും

21 ഒൻപതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്കായുള്ള കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (2017 സെപ്റ്റംബർ 19)

22 സംസ്ഥാനത്തിന്റെ ചെലവ് കമ്മിറ്റഡ് ലയബിലിറ്റിയെക്കാൾ താഴെയായതിനാൽ സർക്കാരിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ ഭരണപരമായ ചെലവുകൾ ഒന്നും കിട്ടാനില്ലായിരുന്നു.

വിദ്യാർത്ഥികൾക്ക് കമ്മിറ്റഡ് ലയബിലിറ്റിയ്ക്ക്[23] ഉപരിയായി വരുന്ന അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് ഫണ്ട് നൽകി. കമ്മിറ്റഡ് ലയബിലിറ്റി വഹിക്കുക എന്നത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമായിരുന്നു. 2019 സെപ്റ്റംബറിൽ പദ്ധതിയുടെ ധനസഹായരീതി കമ്മിറ്റഡ് ലയബിലിറ്റി എന്ന് ആശയത്തിൽ നിന്ന് കേന്ദ്രവും സംസ്ഥാനവും തമ്മിൽ മൊത്തം വാർഷിക ഡിമാന്റിന്റെ 60:40 അനുപാതത്തിലുള്ള ഫിക്സഡ് ഷെയറിംഗ് രീതിയോ അല്ലെങ്കിൽ നോഷണൽ അലോക്കേഷനോ, ഏതാണോ കുറവ്, എന്ന രീതിയിലേക്ക് മാറുകയും ഈ രീതി 2019-22 വരെ തുടരുകയും ചെയ്തു. 2017-22 കാലയളവിൽ, കേന്ദ്ര സർക്കാരിൽ നിന്ന് തിരിച്ചടവ് പ്രതീക്ഷിച്ച് സ്കോളർഷിപ്പ് വിതരണത്തിനുള്ള മുഴുവൻ ഫണ്ടും സംസ്ഥാന സർക്കാർ ബജറ്റിലൂടെ അനുവദിച്ചു. സംസ്ഥാനങ്ങൾ തുക ചെലവാക്കിയതിന് ശേഷം തിരിച്ചടവ് അടിസ്ഥാനത്തിലാണ് കേന്ദ്ര ഫണ്ട് അനുവദിച്ചത്. 2017-18-ൽ ഇബിറ്റി പോർട്ടൽ (ebtkerala.nic.in) വഴി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് പേയ്മെന്റ് പ്രോസസ്സ് ചെയ്യുകയും പണം നൽകുകയും ചെയ്തു. 2018-19 മുതൽ 2021-22 വരെ ഇബിറ്റി പോർട്ടലിൽ പ്രോസസ്സ് ചെയ്യുകയും പിഎഫ്എംഎസ് സോഫ്റ്റ്വെയർ വഴി പേയ്മെന്റ് നൽകുകയും ചെയ്തിരുന്നു.

കേരള സർക്കാർ അനുവദിച്ച ഫണ്ടുകൾ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തിരിച്ചടവ്, ചെലവുകൾ മുതലായവയുടെ വർഷാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **പട്ടിക 2.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.3 : കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് എസ്‌സി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത**

***(₹ കോടിയിൽ)***

| സംസ്ഥാനം നൽകിയ ഫണ്ട് | | | | | | കേന്ദ്ര റീഇംബേഴ്സ്മെന്റ് | | |
|---|---|---|---|---|---|---|---|---|
| വർഷം | ഡിമാൻഡ് | സംസ്ഥാന ബജറ്റ് വിഹിതവും നൽകിയ ഫണ്ടും | ആകെ ചെലവ് | തിരിച്ചടച്ച തുക | സംസ്ഥാന നീക്കിയിരുപ്പ് | പ്രാരംഭ ബാക്കി (ലഭ്യമായ ബാലൻസ് തുക) | കേന്ദ്ര റീ-ഇംബേഴ്സ്മെന്റും തുടർന്നുള്ള വിതരണത്തിലെ ക്രമീകരണവും. | കേന്ദ്ര നീക്കിയിരുപ്പ് |
| 2017-18 | 20.81 | 20.00 | 17.58* | 2.42 | ഇല്ല | 5.91 | -- | 5.91 |
| 2018-19 | 23.13 | 22.00 | 12.82 | 9.18 | ഇല്ല | 5.91 | 3.29** | 2.62 |
| 2019-20 | 23.13 | 22.00 | 15.82 | 6.18 | ഇല്ല | 2.62 | 2.81 (2.62 + 0.19) | 0.19 |
| 2020-21 | 23.13 | 18.00 | 15.77 | 2.23 | ഇല്ല | 0.19 | 13.87*** | ഇല്ല |
| 2021-22 | 22.70 | 18.00 | 18.27 | -- | ഇല്ല | ഇല്ല | 10.74 | ഇല്ല |

*(ഉറവിടം: കേന്ദ്ര സർക്കാരിന്റെ വാർഷിക ഡിമാൻഡും ഫണ്ട് റിലീസിംഗ് ഉത്തരവുകളും)*

* തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിനാൽ ₹17.58 കോടിയിൽ ഓഡിറ്റഡ് സർട്ടിഫിക്കറ്റ് അനുവദിച്ചത് ₹ 16.49 കോടി മാത്രം.

** ചെലവഴിക്കാത്ത ബാലൻസിൽ നിന്ന് ക്രമീകരിച്ചത്

*** ചെലവഴിക്കാത്ത ₹0.19 കോടി ഉൾപ്പടെ അധികമായി റീ-ഇംബേഴ്സ് ചെയ്യപ്പെട്ട ₹2.88 കോടി 2021-22-ലെ റിലീസിൽ ക്രമീകരിച്ചു (മുന്നോട്ടുവച്ച ഡിമാൻഡായ ₹23.13 കോടിയുടെ അടിസ്ഥാനത്തിൽ ഈ വർഷത്തെ കേന്ദ്ര സഹായമായി ലഭിക്കാനുള്ള തുക ₹13.87 കോടിയായി ആദ്യം കണക്കാക്കുകയും, തുടർന്ന്, സംസ്ഥാന സർക്കാർ അനുവദിച്ച ₹18.00 കോടിയെ അടിസ്ഥാനമാക്കി ഇത് ₹10.80 കോടിയായി പുനർനിർണ്ണയിക്കുകയും ചെയ്തു)

[23] മുൻ പദ്ധതി കാലയളവിലെ/ ഫിനാൻസ് കമ്മീഷൻ സൈക്കിളിലെ/ ഏതെങ്കിലും വർഷങ്ങളിലെ/ ഏറ്റവും ഉയർന്ന ഡിമാന്റ് ആണ് സംസ്ഥാനത്തിന്റെ/ യുടിയുടെ കമ്മിറ്റഡ് ലയബിലിറ്റി. 2017-18, 2018-19 വർഷങ്ങളിലെ കമ്മിറ്റഡ് ലയബിലിറ്റി ആയി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്നത് മുൻ പദ്ധതി കാലയളവിലെ (2012-13) ഉയർന്ന ഡിമാന്റ് ആയ ₹19.84 കോടിയാണ്.

ഓരോ വർഷത്തെയും ഡിമാൻഡ് യഥാർത്ഥത്തേക്കാൾ വളരെ കൂടുതലായതിനാൽ, 2017-21 കാലയളവിൽ, കേരളസർക്കാർ അനുവദിച്ച ₹82 കോടിയിൽ ₹61.99 കോടി മാത്രമാണ് വിനിയോഗിച്ചത്, ഓരോ വർഷവും ₹2.23 കോടി മുതൽ ₹9.18 കോടി വരെ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. ചെലവ് കമ്മിറ്റഡ് ലയബിലിറ്റിയേക്കാൾ (₹19.84 കോടി) കുറവായതിനാൽ 2017-18, 2018-19 വർഷങ്ങളിൽ കേന്ദ്രവിഹിതം ഉണ്ടായിരുന്നില്ല. 2018-19-ലെ കേന്ദ്രവിഹിതമായി സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള ചെലവഴിക്കാത്ത മിച്ചമായ ₹5.91 കോടിയിൽ ആ വർഷത്തെ എസ്റ്റിമേറ്റഡ് ഡിമാൻഡ് (₹23.13 കോടി) കണക്കിലെടുത്ത് കേന്ദ്രസർക്കാർ ₹3.29 കോടി ക്രമീകരിച്ചു. ഇത് മൂലം ₹3.29 കോടിയുടെ അധിക കേന്ദ്രസഹായം ലഭിക്കുന്നതിന് കാരണമായി. 2019-20-ൽ നോഷണൽ അലോക്കേഷൻ ₹5.62 കോടി ആയിരുന്നു. തുടക്കത്തിൽ ₹2.81 കോടി മാത്രമായിരുന്നു (50 ശതമാനം) കേന്ദ്രസർക്കാർ അനുവദിച്ചത്. 2019-20 വർഷത്തേയ്ക്കുള്ള കേന്ദ്ര സഹായത്തിന്റെ രണ്ടാം ഗഡു വകുപ്പ് ക്ലെയിം ചെയ്തില്ല. 2018-19-ലെയും 2019-20-ലെയും കേന്ദ്ര റിലീസ് കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിനു അർഹമായ തുകയെക്കാൾ ₹48 ലക്ഷം അധികമായി ലഭിച്ചു. കേന്ദ്രം നൽകിയ ഫണ്ട്, എസ്റ്റിമേറ്റഡ് ഡിമാന്റ്/ സംസ്ഥാനം നൽകിയ ഫണ്ടിനെ അടിസ്ഥാനമാക്കിയായതിനാലും, അത് ആ കാലത്തെ യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ ആയതിനാലും 2020-22-ൽ ₹നാലുകോടി അധികമായി കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിക്കുന്നതിന് കാരണമായി. ഈ തുകകൾ കേന്ദ്ര സർക്കാരിന് തിരികെ നൽകേണ്ടതായിരുന്നുവെങ്കിലും, സംസ്ഥാനം തുക തിരികെ നൽകുകയോ, തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ച ഫണ്ടിൽ തുക ക്രമീകരിക്കുകയോ ചെയ്തില്ല. മേൽ പറഞ്ഞ സന്ദർഭങ്ങളിൽ, കേന്ദ്രം നൽകിയ മുഴുവൻ ഫണ്ടിന്റെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ സംസ്ഥാനം കേന്ദ്ര സർക്കാരിനു നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

2023 ജൂണിൽ നൽകിയ മറുപടിയിൽ ഈ വിഷയത്തെക്കുറിച്ച് സർക്കാർ മൗനം പാലിച്ചു.

### 2.4.2. സംസ്ഥാന എസ് സി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കു പുറമേ, പൂർണ്ണമായും സംസ്ഥാന ധനസഹായത്തോടെ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കി. ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് പദ്ധതിയുടെ കീഴിൽ ലംപ്സം ഗ്രാന്റ്, പട്ടിക ജാതി വിഭാഗത്തിനുള്ളിലെ ദുർബലസമുദായങ്ങൾക്കായുള്ള സ്റ്റൈപ്പൻഡ്, അൺ-എയ്ഡഡ് സ്കൂളുകളിലെ റീ-ഇംബേഴ്സ്മെന്റ് പദ്ധതി എന്നിവ ഉൾപ്പെടുന്നു. പ്രീ-മെട്രിക് പദ്ധതിക്കു കീഴിൽ, കേരളസർക്കാരിൽ നിന്ന് വിഹിതം ലഭിക്കുമ്പോൾ, ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള ഫണ്ട് ഡയറക്ടറേറ്റ് 14 ജില്ലാ ഓഫീസുകൾക്ക് വിതരണം ചെയ്യുന്നു. ഓഡിറ്റ് കാലയളവിൽ പദ്ധതിക്കായുള്ള ബജറ്റ് വിഹിതവും ചെലവഴിച്ച തുകയും ചുവടെയുള്ള **പട്ടിക 2.4**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.4 : സംസ്ഥാന പ്രീ-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതിക്കുള്ള ഫണ്ടിന്റെ വിനിയോഗം**

*(₹ കോടിയിൽ)*

| പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2225-01-277-99-12 (എൻപി)) | | | |
|---|---|---|---|
| വർഷം | ബജറ്റ് വിഹിതം (അധിക അംഗീകാരം/ പുനർവിനിയോഗം) | ഡയറക്ടറേറ്റ് റിപ്പോർട്ട് ചെയ്ത ചെലവ് | വിഎൽസി പ്രകാരമുള്ള ചെലവ്[24] |
| 2017-18 | 33.00 (+0.83) | 33.02 | 31.24 |
| 2018-19 | 33.00 | 32.53 | 32.52 |
| 2019-20 | 33.00 (-4.90) | 28.10 | 28.02 |
| 2020-21 | 33.00 (+20) | 34.47 | 34.41 |
| 2021-22 | 33.00 | 32.72 | 32.71 |

*(ഉറവിടം: ഡയറക്ടറേറ്റിൽ നിന്നുള്ള ചെലവ് കണക്കുകളും വിഎൽസി ഡാറ്റയും)*

ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശം കൂടാതെ തന്നെ ഓരോ വർഷവും അഡ്ഹോക് അടിസ്ഥാനത്തിൽ പ്രീ-മെട്രിക് പദ്ധതിയ്ക്കായി ബജറ്റിൽ ₹33 കോടി അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പദ്ധതിക്ക് വേണ്ടിയുള്ള ഫണ്ടിന്റെ ആവശ്യം വിലയിരുത്താത്തതിനാൽ വകുപ്പിന്റെ ആസൂത്രണം അപാകതയുള്ളതായിരുന്നു. സർക്കാർ ആവശ്യാനുസരണം ജില്ലാ ഓഫീസുകൾക്ക് ഫണ്ട് നൽകിയെന്നും ഗുണഭോക്താക്കളുടെ എണ്ണം സഹിതം വിനിയോഗിച്ച തുക സൂചിപ്പിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ഒരു ജില്ലാ ഓഫീസും സമർപ്പിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, പദ്ധതികളുടെ ഓരോ ഘടകത്തിനും കീഴിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം ഡയറക്ടറേറ്റിൽ പരിശോധിച്ചിട്ടുമില്ല. പദ്ധതി ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ നടപ്പാക്കിയതിനാൽ, ഗുണഭോക്താക്കളുടെ എണ്ണവും തുകയും ഡാഷ്ബോർഡ് വഴി ലഭ്യമാണെന്നും ജില്ലാ ഓഫീസുകൾ അത്തരം വിശദാംശങ്ങൾ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതില്ലെന്നും ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) (2023 ഏപ്രിൽ) പ്രസ്താവിച്ചു. 2017-22 കാലയളവിൽ ഫീസ് റീ-ഇംബേഴ്സ്മെന്റ് പദ്ധതിയുടെ ഘടകങ്ങൾ മാനുവലായി നടപ്പിലാക്കിയതിനാലും 2017-19 വരെയുള്ള കാലയളവിൽ ലംപ്സം ഗ്രാന്റും സ്റ്റൈപ്പൻഡും മാനുവലായി നടപ്പിലാക്കിയതിനാലും മറുപടി വസ്തുതാപരമായി തെറ്റായിരുന്നു. ഇ-ഗ്രാന്റ്സിലൂടെ നടപ്പിലാക്കിയ എല്ലാ സ്കോളർഷിപ്പ് പദ്ധതികളുമായും ബന്ധപ്പെട്ട് ലഭിച്ചതും അംഗീകരിച്ചതുമായ അപേക്ഷകളുടെ ആകെ എണ്ണം മാത്രമാണ് ഡാഷ്ബോർഡിൽ പ്രദർശിപ്പിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇ-ഗ്രാന്റ്സ് ഡാഷ്ബോർഡിൽ ഘടകങ്ങൾ തിരിച്ചുള്ള സാമ്പത്തികവും ഭൗതികവുമായ സ്ഥിതി വിവരം ലഭ്യമല്ല. കൂടാതെ, വിതരണത്തിന്റെയും വിനിയോഗത്തിന്റെയും ക്ലാസ് തിരിച്ചുള്ളതും ലിംഗാടിസ്ഥാനത്തിലുള്ളതുമായ വിവരങ്ങൾ, ഫണ്ട് വിതരണം പൂർത്തിയായാലുടൻ ജില്ലാ ഓഫീസുകൾ ഡയറക്ടറേറ്റിനോട് റിപ്പോർട്ട് ചെയ്യണമെന്ന് ഡയറക്ടറുടെ ഫണ്ട് അലോട്ട്മെന്റ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ 2.5.2, 2.5.4, 2.5.7 എന്നീ ഖണ്ഡികകളിൽ ഘടകാടിസ്ഥാനത്തിലുള്ള കവറേജ് ഉറപ്പാക്കുന്നതിന്,

[24] അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എൻറൈറ്റിൽമെന്റ്), കേരള നടത്തുന്ന വൗച്ചർ ലവൽ കംപ്യൂട്ടറൈസേഷൻ

സ്കോളർഷിപ്പ് സമയബന്ധിതമായി പ്രോസസ്സ് ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും ഉണ്ടായ വകുപ്പിന്റെ പരാജയം വിശദമാക്കിയിട്ടുണ്ട്.

### 2.4.3. ചെലവ് കണക്കുകൾ പൊരുത്തപ്പെടുത്താത്തത് (പ്രീ-മെട്രിക് എസ്.സി സംസ്ഥാന പദ്ധതി)

കേരള ബജറ്റ് മാനുവലിലെ ഖണ്ഡിക 74 (1) പ്രകാരം, തെറ്റായ തരംതിരിക്കൽ, ദുരുപയോഗം, പണാപഹരണം തുടങ്ങിയവ കണ്ടെത്തുന്നതിന് ഓരോ ഡ്രോയിംഗ് ഓഫീസറും യഥാക്രമം എജി (എ ആന്റ് ഇ) യുടെ ഓഫീസിലും ട്രഷറിയിലും ബുക്ക് ചെയ്തിട്ടുള്ള കണക്കുകളുമായി പ്രതിമാസ വകുപ്പുതല ചെലവിന്റെ കണക്കുകൾ ഒത്തുനോക്കണം. പ്രീ-മെട്രിക് പദ്ധതിയിൽ 2017-18-ൽ, പട്ടികജാതി ഡയറക്ടറേറ്റ് റിപ്പോർട്ട് ചെയ്ത ചെലവ് കണക്കുകളും എജി (എ ആന്റ് ഇ) ബുക്ക് ചെയ്തതും തമ്മിൽ ₹1.78 കോടിയുടെ വ്യത്യാസമുണ്ടായിരുന്നുവെങ്കിലും, ഡയറക്ടറേറ്റ് ഈ വ്യത്യാസം പരിഹരിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 മാർച്ച്).

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്) എസ്‌സിഎസ്‌റ്റിഡിഡി, സ്‌പെഷ്യൽ സെക്രട്ടറി, തീർപ്പാക്കാത്ത ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക ശ്രമങ്ങൾ ആരംഭിക്കുമെന്ന് ഉറപ്പുനൽകി.

### 2.4.4. ഭരണപരമായ ചെലവുകൾ ക്ലെയിം ചെയ്യാത്തത്

കേന്ദ്രാവിഷ്‌കൃത എസ്.സി പ്രീ-മെട്രിക് സ്‌കോളർഷിപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആകെ കേന്ദ്ര ചെലവിന്റെ 1.5 ശതമാനം ഭരണച്ചെലവ്, നിരീക്ഷണം, മൂല്യനിർണ്ണയം തുടങ്ങിയവയ്ക്ക് വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനങ്ങളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രപ്പോസലുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുകയ്ക്ക് ഉപരിയായ സംഖ്യ അവർക്ക് അനുവദിയ്ക്കേണ്ടതായിരുന്നു. കേന്ദ്രാവിഷ്‌കൃത പ്രീ-മെട്രിക് എസ്‌സി സ്‌കോളർഷിപ്പ് പദ്ധതിക്ക് കീഴിൽ അനുവദനീയമായ 1.50 ശതമാനം ക്ലെയിം ചെയ്യാനുള്ള പ്രപ്പോസലുകളൊന്നും ഓഡിറ്റ് കാലയളവിൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇക്കാരണത്താൽ, 2017-22 കാലയളവിൽ ₹46.08 ലക്ഷം സംസ്ഥാനത്തിന് നഷ്ടപ്പെട്ടു, ഇത് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെയുള്ള നിരീക്ഷണത്തിനും മൂല്യനിർണ്ണയത്തിനും ഉപയോഗിക്കാമായിരുന്നു.

വകുപ്പ് ഈയിടെ (2023 മാർച്ച്) ഭരണപരമായ ചെലവുകൾക്കായി ഒരു സമർപ്പിത എസ്‌എൻഎ തുടങ്ങിയിട്ടുണ്ടെന്നും പുതിയ എസ്‌എൻഎ പ്രവർത്തനക്ഷമമായാൽ, ഭരണപരമായ ചെലവുകൾ ക്ലെയിം ചെയ്യുകയും വിനിയോഗിക്കുകയും ചെയ്യുമെന്നും എസ്‌സിഎസ്‌റ്റിഡിഡി, സ്പെഷ്യൽ സെക്രട്ടറി സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്) പ്രസ്താവിച്ചു.

## 2.5. പ്രീ-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതികളുടെ നടപ്പിലാക്കൽ

### 2.5.1. ഡയറക്ടറേറ്റ്/ എസ്‌സിഡിഒ പ്രീ-മെട്രിക് എസ്‌സി സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി) അപേക്ഷകൾ തീർപ്പാക്കാത്തത് സംബന്ധിച്ച്

സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം (എംഒഎസ്ജെഇ), പുറത്തിറക്കിയ ''ഒൻപത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പിന്'' വേണ്ടിയുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 2017 സെപ്റ്റംബർ 19 മുതൽ പ്രാബല്യത്തിൽ വന്നു. 2010 ജൂലൈയിൽ കേരള സർക്കാർ എസ്‌സി പ്രമോട്ടർമാരുടെ ചുമതലകളും, ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാസമയം പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് പ്രമോട്ടർമാരുടെ കടമയായിരുന്നു. പട്ടികജാതി വികസന വകുപ്പ് (എസ്‌സിഡിഡി) ഡയറക്ടറുടെ 2017 സെപ്റ്റംബർ 22-ലെ ഉത്തരവ് പ്രകാരം, പ്രീ-മെട്രിക് സ്‌കോളർഷിപ്പ്, അയ്യങ്കാളി സ്‌കോളർഷിപ്പ്, കേന്ദ്ര സ്‌കോളർഷിപ്പ് പദ്ധതികൾ തുടങ്ങിയവ നടപ്പാക്കേണ്ടത് പട്ടികജാതിക്കാർക്കുള്ള അസിസ്റ്റന്റ് ജില്ലാ വികസന ഓഫീസർമാരുടെ ചുമതലയായിരുന്നു.

ഇ-ഗ്രാന്റ്സ്... 

ഇബിറ്റി പോർട്ടലിൽ 2017-22 കാലയളവുമായി ബന്ധപ്പെട്ട ഡാറ്റ[25] വിശകലനം ചെയ്യുമ്പോൾ, **പട്ടിക 2.5-ൽ** കാണിച്ചിരിക്കുന്നതുപോലെ തിരഞ്ഞെടുത്ത ജില്ലകളിലെ 186 അപേക്ഷകൾ ഡയറക്ടറേറ്റിലും, 10 അപേക്ഷകൾ എസ്‌സിഡിഒകളിലും തീർപ്പാക്കാതെ കിടക്കുന്നതായി കാണപ്പെട്ടു.

**പട്ടിക 2.5 : കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - ഡയറക്ടറേറ്റ്/ എസ്‌സിഡിഒയിലെ തീർപ്പുകൽപ്പിക്കാത്ത അപേക്ഷകൾ**

| | എസ്‌സിഡിഒയിൽ തീർപ്പാക്കാത്തത് | | ഡയറക്ടറേറ്റിൽ തീർപ്പാക്കാത്തത് | |
|---|---|---|---|---|
| ജില്ല | അപേക്ഷകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹) | അപേക്ഷകളുടെ എണ്ണം | ഉൾപ്പെട്ട തുക (₹) |
| എറണാകുളം | ഇല്ല | ഇല്ല | 37 | 111000 |
| കൊല്ലം | ഇല്ല | ഇല്ല | 61 | 168420 |
| കോഴിക്കോട് | ഇല്ല | ഇല്ല | 88 | 267250 |
| വയനാട് | 10 | 27300 | ഇല്ല | ഇല്ല |
| **ആകെ** | **10** | **27300** | **186** | **546670** |

*(ഉറവിടം: എൻഐസി നൽകിയ ഇബിറ്റി പോർട്ടൽ ഡാറ്റ )*

വിദ്യാർത്ഥികളുടെ അപേക്ഷകൾ കൃത്യസമയത്ത് തീർപ്പാക്കാനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറ്റെടുക്കാത്തതിനാൽ ഒമ്പത്, പത്ത് ക്ലാസുകളിലെ 196 വിദ്യാർത്ഥികൾക്ക് ₹5.74 ലക്ഷത്തിന്റെ സ്കോളർഷിപ്പ് ലഭിച്ചിരുന്നില്ലെന്ന് തീർപ്പുകൽപ്പിക്കാത്ത അപേക്ഷകൾ സൂചിപ്പിക്കുന്നു. ആകെയുള്ള 196 അപേക്ഷകളിൽ, 64 എണ്ണം 2017 മുതലും 111 എണ്ണം 2018 മുതലും, 21 എണ്ണം 2019 മുതലും തീർപ്പാക്കിയിട്ടില്ല. എസ്‌സിഡിഒമാർ തങ്ങൾക്കു ലഭിച്ച മാനുവലായുള്ള അപേക്ഷകൾ പോർട്ടലിൽ ചേർത്ത് പരിശോധിച്ച്, അംഗീകാരത്തിനും പേയ്മെന്റിനുമായി ഡയറക്ടറേറ്റിലേക്ക് അയച്ചതായി സർക്കാർ മറുപടി നൽകി (2023 ജൂൺ). അപേക്ഷകൾ

[25] തിരഞ്ഞെടുത്ത ജില്ലകളിലെ ആകെ കിട്ടിയ അപേക്ഷകളുടെ എണ്ണം 76,933 ആയിരുന്നു.

വർഷാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനോ എസ്‌സിഡിഡിഒമാരിൽ നിന്ന് ലഭിച്ച കാലതാമസം വന്ന അപേക്ഷകൾ തടയുന്നതിനോ പോർട്ടലിൽ വ്യവസ്ഥ ഉണ്ടായിരുന്നില്ല. അതിനാൽ, തെറ്റായ രേഖപ്പെടുത്തലുകളും, അധ്യയന വർഷത്തിന് ശേഷം ലഭിച്ചതിനാൽ അപേക്ഷകളിൽ പണം നൽകാൻ കഴിയാത്തവയും ഡയറക്ടറേറ്റ് തലത്തിൽ തീർപ്പാകാതെ കിടക്കുന്നതായാണ് കാണിച്ചിരുന്നത്. കൂടാതെ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകാത്തതും ഇതിന് കാരണമായി.

സ്കോളർഷിപ്പിന് അപേക്ഷിച്ച 232 വിദ്യാർത്ഥികളിൽ ഒമ്പത് പേർക്ക് എസ്‌സി പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് ഗുണഭോക്തൃ സർവ്വേയിൽ കണ്ടെത്തി. സർക്കാർ മറുപടി ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന ഓഡിറ്റ് കണ്ടെത്തലിനെ സ്ഥിരീകരിക്കുന്നതാണ്.

### 2.5.2. എസ്‌സിഡിഡിഒ സംസ്ഥാന എസ്‌സി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ അപേക്ഷകൾ തീർപ്പാക്കാത്തത് സംബന്ധിച്ച്

ഒന്നു മുതൽ 10 വരെ ക്ലാസുകൾക്കുള്ള ലംപ്‌സം ഗ്രാന്റ്, പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ് (ദുർബല വിഭാഗങ്ങൾ[26] (ഒന്ന് മുതൽ പത്ത് വരെ ക്ലാസുകൾ)), പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം (ഒന്ന് മുതൽ എട്ടാം ക്ലാസ് വരെ) എന്നിവ, ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രീ-മെട്രിക് സ്‌കോളർഷിപ്പുകളുടെ വ്യത്യസ്ത വിഭാഗങ്ങളായിരുന്നു. പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ സമർപ്പിക്കലിന്റെയും അനുമതിയുടെയും വിതരണത്തിന്റെയും പ്രക്രിയ ഈ അധ്യായത്തിന്റെ **ചിത്രം 2.2-ൽ** വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 2.6-ൽ** കാണിച്ചിരിക്കുന്നതുപോലെ തിരഞ്ഞെടുത്ത ജില്ലകളിലെ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിലെ സംസ്ഥാന പദ്ധതിയുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ[27] വിശകലനം ചെയ്തപ്പോൾ, സ്ഥാപനത്തിന്റെ (2022 ജൂൺ) അംഗീകാരത്തിന് ശേഷം 526 അപേക്ഷകൾ എസ്‌സിഡിഡിഒമാരുടെ പക്കൽ പണം നൽകാതെ കെട്ടിക്കിടക്കുന്നതായി ഓഡിറ്റ് ശ്രദ്ധിച്ചു.

**പട്ടിക 2.6 : എസ്‌സിഡിഡിഒമാരുടെ പക്കൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ**

| ജില്ല | പദ്ധതി | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|
| എറണാകുളം | ലംപ്‌സം ഗ്രാന്റ് (I-X) | 23 | 0 | 24 | 47 |
| | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ സഹായം (I-VIII) | 10 | 4 | 65 | 79 |
| | ദുർബല വിഭാഗങ്ങൾക്കുള്ള സ്റ്റൈപ്പൻഡ് (I-X) | 14 | 1 | 2 | 17 |
| കൊല്ലം | ലംപ്‌സം ഗ്രാന്റ് (I-X) | 6 | 16 | 77 | 99 |
| | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ സഹായം (I-VIII) | 2 | 17 | 71 | 90 |
| | ദുർബല വിഭാഗങ്ങൾക്കുള്ള സ്റ്റൈപ്പൻഡ് (I-X) | 33 | 3 | 17 | 53 |
| കോഴിക്കോട് | ലംപ്‌സം ഗ്രാന്റ് (I-X) | 17 | 5 | 10 | 32 |
| | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ സഹായം (I-VIII) | 17 | 13 | 12 | 42 |
| | ദുർബല വിഭാഗങ്ങൾക്കുള്ള സ്റ്റൈപ്പൻഡ് (I-X) | 29 | 3 | 2 | 34 |

[26] വേടൻ, അരുന്ധതിയാർ / ചക്കിലിയൻ, കള്ളാടി, നായാടി എന്നിവയാണ് പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾ.

[27] ആകെ അപേക്ഷകൾ 4,76,760 ആയിരുന്നു.

| ജില്ല | പദ്ധതി | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|---|
| വയനാട് | ലംപ്സം ഗ്രാന്റ് (I-X) | 8 | 1 | 1 | 10 |
| | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ സഹായം (I-VIII) | 6 | 2 | 1 | 9 |
| | ദുർബല വിഭാഗങ്ങൾക്കുള്ള സ്റ്റൈപ്പൻഡ് (I-X) | 8 | 0 | 6 | 14 |
| ആകെ | | 173 | 65 | 288 | 526 |

*(ഉറവിടം: സി-ഡിറ്റ് നൽകിയ ഇ-ഗ്രാന്റ്സ് പോർട്ടൽ ഡാറ്റ)*

ഇ-ഗ്രാന്റ്സിൽ ഗുണഭോക്താക്കളുടെ പേയ്മെന്റ് ലിസ്റ്റ് തയ്യാറാക്കാൻ എസ്സിഡിഒമാർ അംഗീകരിച്ച അപേക്ഷകൾ സ്വയമേവ ആണ് പ്രോസസ്സ് ചെയ്യുന്നതെന്നും ഇ-ഗ്രാന്റ്സിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം ചില അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നതായും സർക്കാർ പ്രസ്താവിച്ചു (2023 ജൂൺ).

എല്ലാ അപേക്ഷകളും തീർപ്പാക്കിയെന്ന് ഉറപ്പാക്കേണ്ടത് എസ്സിഡിഒമാരുടെ ഉത്തരവാദിത്തമായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സി-ഡിറ്റുമായി ഏറ്റെടുത്ത് പരിഹരിക്കേണ്ടതായിരുന്നു.

### 2.5.3. അസാധുവായ ബാങ്ക് അക്കൗണ്ട് കാരണം സ്കോളർഷിപ്പ് ലഭിക്കാത്തത്

കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ 2016 ഏപ്രിൽ 16-ലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എല്ലാ ട്രഷറികളും ആർബിഐയുടെ ഇ-കുബേർ പോർട്ടലുമായി സംയോജിപ്പിച്ച് സംസ്ഥാനത്തെ ട്രഷറികളിൽ നിന്നുള്ള എല്ലാ പേയ്മെന്റുകളും നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. അങ്ങനെ, വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കുമുള്ള എല്ലാ സ്കോളർഷിപ്പ് തുകയും ട്രഷറികൾ വഴിയും ഗുണഭോക്താക്കൾക്ക് നേരിട്ട് ആർബിഐ-യുടെ ഇ-കുബേർ പോർട്ടൽ വഴിയും നൽകുകയും ചെയ്തു. ഒരു സ്കോളർഷിപ്പ് പേയ്മെന്റും ഇടനിലക്കാർ വഴി നൽകിയിരുന്നില്ല. തെറ്റായ അക്കൗണ്ട് നമ്പർ, ഐഎഫ്എസ് കോഡ്, അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങി വിവിധ കാരണങ്ങളാൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കുള്ള പേയ്മെന്റുകൾ നിരസിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നു. ഇ-കുബേർ സംവിധാനത്തിൽ നിന്ന് പേയ്മെന്റ് നിരസിക്കപ്പെടുമ്പോൾ, റിസർവ് ബാങ്ക് ട്രഷറി സംവിധാനത്തെ അറിയിക്കുന്നു. അവിടെ നിന്ന് ഡയറക്ടറേറ്റിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ (ഡിഡിഒ) മൊബൈൽ നമ്പറിലേക്കും ബന്ധപ്പെട്ട ഗുണഭോക്താവിലേക്കും ഒരു ഓട്ടോമാറ്റിക് അലേർട്ട് സന്ദേശം അയയ്ക്കുന്നു. ഗുണഭോക്താവിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും അവരുടെ അക്കൗണ്ടുകളിൽ തിരുത്തലുകൾ വരുത്തുകയും 30 ദിവസത്തിനുള്ളിൽ പണമടയ്ക്കൽ പുനരാരംഭിക്കുകയും ചെയ്യേണ്ടത് ഡയറക്ടറേറ്റിലെ ഡിഡിഒയുടെ ചുമതലയാണ്. ബിൽ നേരത്തെ പാസായതിനാൽ ഇത് സംബന്ധിച്ച് പുതിയ ബില്ലുകൾ സമർപ്പിക്കേണ്ടതില്ല. എല്ലാ മാസാവസാനത്തിലും, 30 ദിവസത്തിൽ കൂടുതലായി വിതരണം ചെയ്യാത്ത തുക ഇ-ട്രഷറി ഓഫീസർ സർക്കാർ അക്കൗണ്ടിലേക്ക് തിരികെ നൽകണം.

തിരഞ്ഞെടുത്ത ജില്ലകളിലെ 2019-22 കാലയളവിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, പ്രീ-മെട്രിക് (സംസ്ഥാന) സ്കോളർഷിപ്പ് പദ്ധതിയെ

സംബന്ധിച്ചിടത്തോളം, 2019-22 കാലയളവിൽ തെറ്റായ ബാങ്ക് അക്കൗണ്ട്, ഐഎഫ്എസ് കോഡ് എന്നീ കാരണങ്ങളാൽ ₹30.24 ലക്ഷം ഉൾപ്പെടുന്ന 2,360 ഇടപാടുകൾ[28] നിരസിക്കപ്പെടുകയും ഡയറക്ടറേറ്റിലെ ഡിഡിഒയുടെ ഉദാസീനത കാരണം ഇതു സർക്കാർ അക്കൗണ്ടിലേക്ക് മടങ്ങുകയും ചെയ്തതായി കണ്ടെത്തി.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ വിഷയം പരിശോധിച്ചപ്പോൾ, തുക യഥാർത്ഥത്തിൽ വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ സോഫ്റ്റ്‌വെയറിൽ വ്യവസ്ഥയില്ലെന്ന് സ്ഥാപനങ്ങൾ ഓഡിറ്റിനെ അറിയിച്ചു. പോർട്ടലിൽ "പേയ്മെന്റ് ഇനിഷ്യേറ്റഡ്" എന്ന് പ്രദർശിപ്പിക്കുന്ന സന്ദർഭങ്ങളിൽ, പോർട്ടൽ ക്രെഡിറ്റ് വിവരങ്ങൾ പ്രദർശിപ്പിക്കാത്തതിനാൽ സ്കോളർഷിപ്പിന്റെ യഥാർത്ഥ ക്രെഡിറ്റ് സ്ഥാപനത്തിന് കണ്ടെത്താൻ കഴിഞ്ഞില്ല.

ഇടപാടുകളുടെ എണ്ണം ലക്ഷങ്ങളിലായതിനാൽ ഓരോ പേയ്മെന്റും നിരീക്ഷിക്കുന്നത് വകുപ്പിന് പ്രായോഗികമായി സാധ്യമല്ലെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). പേയ്മെന്റ് നിരസിക്കുന്നതിനെക്കുറിച്ച് വിദ്യാർത്ഥികളെ അറിയിക്കുകവഴി അവരുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി ഒരു ഓട്ടോ ജനറേറ്റഡ് സന്ദേശം അയയ്ക്കുന്നതിന് ഇ-ഗ്രാന്റ്സിൽ ഒരു പുതിയ സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

എന്നാൽ ഇതിനോടകം തന്നെ ക്ലെയിമുകൾ നിരസിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് മറുപടിയിൽ പരാമർശമുണ്ടായില്ല.

വിദ്യാർത്ഥികളെയും വകുപ്പിനെയും ബന്ധിപ്പിക്കുന്ന ഘടകമാണ് സ്ഥാപനങ്ങൾ എന്നതിനാൽ, സ്ഥാപനങ്ങൾക്ക് അവർ അംഗീകരിച്ച അപേക്ഷകളുടെ അവസ്ഥ അറിയാൻ ഇ-ഗ്രാന്റ്സിൽ ഒരു സംവിധാനം ഉണ്ടായിരിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 2.5.4. പ്രീ-മെട്രിക് സ്കോളർഷിപ്പ് - സംസ്ഥാന പദ്ധതിയിലെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം

സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുക എന്നതായിരുന്നു ഇ-ഗ്രാന്റ്സ് പോർട്ടൽ നടപ്പിലാക്കുന്നതിന്റെ ലക്ഷ്യങ്ങളിലൊന്ന്. എന്നാൽ, 2019-22 കാലയളവിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, **പട്ടിക 2.7-ൽ** കാണിച്ചിരിക്കുന്നതുപോലെ 393 ഇടപാടുകളിൽ[29] സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിൽ പണം നൽകേണ്ട തീയതി മുതൽ ഒരു വർഷത്തിലധികം കാലതാമസം ഉണ്ടായതായി കാണപ്പെട്ടു.

---

[28] തിരഞ്ഞെടുത്ത ജില്ലകളിലെ ആകെ ഇടപാടുകൾ 6,00,509 ആയിരുന്നു.

[29] തിരഞ്ഞെടുത്ത ജില്ലകളിൽ 2019-21 ലെ ആകെ ഇടപാടുകൾ 4,01,447ആയിരുന്നു.

**പട്ടിക 2.7 : സ്കോളർഷിപ്പിന്റെ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം**

| ജില്ല | അധ്യയന വർഷം | പദ്ധതി | ഒരു വർഷത്തിനു മുകളിലും രണ്ടു വർഷത്തിൽ താഴെയുമുള്ള കാലതാമസം | |
|---|---|---|---|---|
| | | | ഇടപാടുകളുടെ എണ്ണം | തുക (₹) |
| എറണാകുളം | 2019-20 | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം | 28 | 56000 |
| | | ലംപ്സം ഗ്രാൻറ് | 19 | 11970 |
| | 2020-21 | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം | 187 | 374000 |
| | | ലംപ്സം ഗ്രാൻറ് | 4 | 3600 |
| കൊല്ലം | 2019-20 | സ്റ്റൈപ്പൻഡ് | 5 | 950 |
| കോഴിക്കോട് | 2019-20 | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം | 87 | 174000 |
| | | പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം | 27 | 15150 |
| | | സ്റ്റൈപ്പൻഡ് | 35 | 4970 |
| വയനാട് | 2019-20 | ലംപ്സം ഗ്രാൻറ് | 1 | 630 |
| **ആകെ** | | | **393** | **641270** |

*(ഉറവിടം: സി-ഡിറ്റ് നൽകിയ ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിന്നുള്ള ഡാറ്റ)*

സ്കോളർഷിപ്പ് ലഭിക്കാനുള്ള കാലതാമസം സംബന്ധിച്ച ചോദ്യത്തോട് പ്രതികരിച്ച 192 ഗുണഭോക്താക്കളിൽ 86 പേരും വർഷത്തിന്റെ തുടക്കത്തിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് പ്രസ്താവിച്ചതിനാൽ ഓഡിറ്റിന്റെ കണ്ടെത്തലുകളെ സർവ്വേയും ശരിവയ്ക്കുന്നു.

സംസ്ഥാന പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തത് എസ്‌സിഡിഒമാരുടെ ഓഫീസുകളിൽ നിന്നാണെന്നും ഡയറക്ടറേറ്റിൽ നിന്നല്ലെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). അപേക്ഷകൾ ലഭിച്ച അതേ വർഷം തന്നെ എസ്‌സിഡിഒമാർ അവ തീർപ്പാക്കിയെന്നും സ്ഥാപനങ്ങൾ എസ്‌സിഡിഒമാർക്ക് അപേക്ഷകൾ സമർപ്പിക്കാൻ വൈകുന്ന ഘട്ടങ്ങളിൽ, സ്ഥാപനമേധാവിയിൽ നിന്ന് ഔദ്യോഗിക അഭ്യർത്ഥന ലഭ്യമാക്കി അത്തരം വിദ്യാർത്ഥികൾക്കുള്ള തുക ലഭ്യമാക്കാൻ എല്ലാ എസ്‌സിഡിഒമാർക്കും അനുമതി നൽകിയിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി.

വൈകിയ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം എസ്‌സിഡിഒമാരുടെ അലംഭാവത്തിലേക്കും ഉയർന്ന തലത്തിലെ നിരീക്ഷണത്തിന്റെ അഭാവത്തിലേക്കും വിരൽ ചൂണ്ടുന്നു. സ്ഥാപനങ്ങൾ/ എസ്‌സിഡിഒമാർ കൃത്യസമയത്ത് അപേക്ഷകൾ തീർപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഡയറക്ടറേറ്റ് സജീവമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 2.5.5. കേന്ദ്രീയ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ₹3.60 കോടി വരുന്ന വിദ്യാലയ വികാസ് നിധിയുടെ തിരിച്ചടവ് നൽകാത്തത് - സംസ്ഥാന പദ്ധതി

കേന്ദ്രീയ വിദ്യാലയങ്ങളിൽ (കെവി) പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാലയ വികാസ് നിധിയുടെ (വിവിഎൻ) തുക വിദ്യാർത്ഥികളിൽ നിന്ന് സ്ഥാപനങ്ങൾ ഈടാക്കിയിട്ടുണ്ടെങ്കിൽ അത് തിരികെ നൽകുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകി (2003 ഒക്ടോബർ). 2013 ഏപ്രിൽ ഒന്ന് മുതൽ കേന്ദ്രീയവിദ്യാലയസംഘടൻ (കെവിഎസ്), വിവിഎൻ നിരക്ക് ₹240 / ₹300-ൽ[30] നിന്നും ₹500 ആയി വർദ്ധിപ്പിച്ചു (2013 മാർച്ച്). ഇത് കേന്ദ്രീയ വിദ്യാലയ പേരന്റ്സ് അസ്സോസിയേഷൻ കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഹൈക്കോടതി പെറ്റീഷൻ തള്ളിയപ്പോൾ (2014 ജൂൺ) അസോസിയേഷൻ ഹൈക്കോടതിയുടെ ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവിനുള്ള അപ്പീൽ ഫയൽ ചെയ്തെങ്കിലും സുപ്രീംകോടതി അത് തള്ളിക്കളഞ്ഞു (2019 നവംബർ 26).

മേൽപ്പറഞ്ഞ വിധിയുടെ അടിസ്ഥാനത്തിൽ, 2019-20-ന്റെ നാലാം പാദം മുതൽ വർദ്ധിപ്പിച്ച നിരക്കിൽ വിവിഎൻ ശേഖരിക്കാൻ കെവി-കളിലെ പ്രിൻസിപ്പൽമാർക്ക് എറണാകുളത്തെ കെവിഎസ് റീജിയണൽ ഓഫീസ് നിർദ്ദേശം നൽകി (2019 ഡിസംബർ). 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ഈ വർദ്ധനവുമൂലം ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് ഈടാക്കാനും നിർദ്ദേശിച്ചു. അതനുസരിച്ച്, കെവി-കൾ വിദ്യാർത്ഥികളിൽ നിന്ന് വർദ്ധിപ്പിച്ച നിരക്കിൽ വിവിഎൻ ഈടാക്കുകയും പ്രിൻസിപ്പൽമാർ റീ-ഇംബേഴ്സ്മെന്റിനായി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർമാർക്ക് (എസ്‌സിഡിഒ) ക്ലെയിമുകൾ സമർപ്പിക്കുകയും ചെയ്തു. പട്ടികജാതിക്കാർക്കുള്ള ജില്ലാ വികസന ഓഫീസർമാരോട് (പട്ടികജാതിക്കാർക്കു വേണ്ടിയുള്ള ഡിഡിഒമാർ) എസ്‌സിഡിഒമാർ വിഷയം ഉന്നയിച്ചു. പട്ടികജാതിക്കാർക്കു വേണ്ടിയുള്ള ഡിഡിഒമാർ, വർദ്ധിപ്പിച്ച നിരക്കിന്റെ റീ-ഇംബേഴ്സ്മെന്റിന്റെ സ്വീകാര്യതയെക്കുറിച്ച് ഡയറക്ടറിൽ നിന്ന് വിശദീകരണം തേടുകയും (2021 ജനുവരിക്കും 2021 നവംബറിനും ഇടയിൽ) വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു (2021 ഫെബ്രുവരി). വർദ്ധിപ്പിച്ച നിരക്കിൽ വിവിഎൻ റീ-ഇംബേഴ്സ് ചെയ്യുന്നതുമൂലം ഉണ്ടാകുന്ന അധിക ബാദ്ധ്യതയുടെ വിശദാംശങ്ങൾ നൽകാൻ സർക്കാർ (2021 ഒക്ടോബർ) നിർദ്ദേശിച്ചെങ്കിലും, 2022 മേയ് മാസത്തിൽ മാത്രമാണ് ഡയറക്ടർ ഡിഡിഒമാരിൽ നിന്ന് വിശദാംശങ്ങൾ ആവശ്യപ്പെട്ടത്. സംസ്ഥാനത്തെ 14 ഡിഡിഒമാരിൽ പത്ത് പേർ[31] മാത്രമാണ് ആവശ്യമായ അധിക തുകയുടെ വിശദാംശങ്ങൾ നൽകിയതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അഞ്ച് ഡിഡിഒമാർ[32] കുടിശ്ശിക നൽകാൻ ആവശ്യമായ തുകയുടെ വിശദാംശങ്ങൾ നൽകി. എന്നാൽ, ബാക്കിയുള്ള ഡിഡിഒമാരിൽ നിന്ന് വിശദാംശങ്ങൾ ശേഖരിക്കാൻ ഡയറക്ടർ നടപടി

---

30 I മുതൽ XII വരെ സയൻസ് ഒഴികെ എല്ലാ ശാഖകളിലും ₹240, XI-ലും, XII- ലും സയൻസ് ശാഖയിൽ ₹300

31 തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർകോട്

32 എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ

സ്വീകരിച്ചില്ല. എസ്‌സിഡിഡിഒമാർ വർദ്ധനവിനു മുൻപുള്ള നിരക്കിൽ വിവിഎൻ റീ-ഇംബേഴ്സ്മെന്റ് തുടർന്നു.

അങ്ങനെ, ഡയറക്ടറേറ്റിൽ നിന്നും ഡിഡിഒമാരിൽ നിന്നും സമയോചിതവും ഫലപ്രദവുമായ നടപടിയില്ലാത്തതിനാൽ, വർദ്ധിപ്പിച്ച വിവിഎൻ തുകയ്ക്കായി 5828 വിദ്യാർത്ഥികൾ അടച്ച ₹3.60 കോടി[33] റീ-ഇംബേഴ്സ് ചെയ്തില്ല (2023 മേയ്).

കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ വിവിഎൻ അനുവദിക്കാനുള്ള ഡയറക്ടറേറ്റിന്റെ ശിപാർശ പരിഗണനയിലാണെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ).

### 2.5.6. സ്കോളർഷിപ്പിന്റെ ഇരട്ട / അർഹതയില്ലാത്ത പേയ്മെന്റ്

#### *2.5.6.1. IX, X ക്ലാസുകളിൽ പഠിക്കുന്ന കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് എസ്‌സി സ്കോളർഷിപ്പ് - ഒന്നിലധികം അവസരങ്ങളിൽ ഒരേ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ*

കേന്ദ്ര സർക്കാരിന്റെ എംഒഎസ്ജെഇ, പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ (2017 സെപ്റ്റംബർ 19 മുതൽ ബാധകം) ഖണ്ഡിക 4 (vi) അനുസരിച്ച്, വിദ്യാർത്ഥികൾക്ക് ഒരു ക്ലാസിൽ പഠിക്കുന്നതിനായി ഒരു വർഷത്തേക്ക് മാത്രമേ സ്കോളർഷിപ്പ് ലഭ്യമാകൂ. വിദ്യാർത്ഥിക്ക് ഒരു ക്ലാസ് ആവർത്തിക്കേണ്ടി വന്നാൽ, ആ ക്ലാസിലേക്ക് രണ്ടാമത്തെ (അല്ലെങ്കിൽ തുടർന്നുള്ള) വർഷത്തേക്ക് സ്കോളർഷിപ്പ് ലഭിക്കില്ല. അതിനാൽ, ഈ പദ്ധതിയുടെ കീഴിൽ വിദ്യാർത്ഥിക്ക് പരമാവധി സ്കോളർഷിപ്പ് നേടാവുന്നത് രണ്ട് തവണയാണ്, അതായത് IX-ലും X-ലും.

എന്നാൽ, എൻഐസിയിൽ നിന്ന് ലഭിച്ച 2017-22 കാലയളവിലെ ഇ-ബിറ്റി ഡാറ്റയിൽ ആധാർ നമ്പർ യൂണീക് ഫീൽഡായി ഉപയോഗിച്ച് പരിശോധിച്ചപ്പോൾ, തിരഞ്ഞെടുത്ത ജില്ലകളിൽ, 182 വിദ്യാർത്ഥികളുടെ[34] അപേക്ഷകൾ ഒരു അധ്യയന വർഷത്തിൽ ഒന്നിലധികം തവണ അംഗീകരിച്ചതായും അവർക്ക് തുക നൽകിയതായും കാണപ്പെട്ടു. തിരഞ്ഞെടുത്ത ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ട അത്തരം പേയ്മെന്റിന്റെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.8-ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.8 : വിദ്യാർത്ഥികൾക്ക് വർഷത്തിൽ ഒന്നിലധികം തവണ അനുമതിയും പേയ്മെന്റും ലഭ്യമാക്കിയത്**

| ജില്ല | അപേക്ഷകരുടെ എണ്ണം | അധിക തുക (₹) |
|---|---|---|
| എറണാകുളം | 74 | 222000 |
| കൊല്ലം | 74 | 222000 |
| കോഴിക്കോട് | 33 | 99000 |
| വയനാട് | 1 | 3000 |
| **ആകെ** | **182** | **546000** |

*(ഉറവിടം: എൻഐസി നൽകിയ ഇ-ബിറ്റി പോർട്ടൽ ഡാറ്റ)*

[33] അഞ്ചു ജില്ലകളുമായി ബന്ധപ്പെട്ട്

[34] നാല് ജില്ലകളിൽ ആകെ ലഭിച്ച അപേക്ഷകൾ 76,933 ആയിരുന്നു.

ഒന്നിലധികം തവണ സ്കോളർഷിപ്പ് തുക കൈമാറിയ മേൽപ്പറഞ്ഞ വിഷയം ഓഡിറ്റ് പരിശോധിക്കുകയും ഒരു ജില്ലയിലെ[35] തിരഞ്ഞെടുത്ത രണ്ട് സ്ഥാപനങ്ങളിൽ ഇത് കണ്ടെത്തുകയും ചെയ്തു. ഇബിറ്റി പോർട്ടലിലെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ലെന്ന് സ്ഥാപനങ്ങൾ അറിയിച്ചു.

അക്ഷയ സെന്റർ (ഡാറ്റ എൻട്രി), എസ്‌സിഡിഒ (അപേക്ഷ മുന്നിലേക്ക് സമർപ്പിക്കുന്നത്), ജോയിന്റ് ഡയറക്ടർ (അംഗീകരിക്കുന്നത്) എന്നീ തലങ്ങളിൽ അപേക്ഷകളുടെ ഇരട്ടിപ്പ് തിരിച്ചറിയാൻ ഇബിറ്റി പോർട്ടലിൽ സംവിധാനം ലഭ്യമാണെന്ന് എൻഐസി ഓഡിറ്റിനെ അറിയിച്ചു (2023 ജനുവരി).

വിദ്യാർത്ഥിയുടെ പേര്, ജാതി, ക്ലാസ്, അപേക്ഷ പുതിയതോ/പുതുക്കിയതോ തുടങ്ങിയവയുടെ പരിശോധന നടത്തി അംഗീകാരം നൽകുക മാത്രമേ ഡയറക്ടറേറ്റിൽ നിന്നു ചെയ്യുന്നുള്ളൂവെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). ഡയറക്ടറേറ്റിൽ അപേക്ഷയുടെ ഹാർഡ്കോപ്പി പരിശോധിച്ച് അംഗീകാരം നൽകുന്നത് പ്രായോഗികമായിരുന്നില്ല. മാത്രമല്ല, അപേക്ഷകളുടെ ഇരട്ടിപ്പ് തിരിച്ചറിയുന്നതിന് എൻഐസി പരിശീലനം നൽകിയിട്ടുമില്ല.

ഇരട്ടിച്ച അപേക്ഷകൾ തിരിച്ചറിയാൻ പോർട്ടലിൽ സംവിധാനമുണ്ടെങ്കിലും, എസ്‌സിഡിഒ/ഡയറക്ടറേറ്റ് അത് പ്രയോജനപ്പെടുത്തിയില്ലെന്നും അതുവഴി ഓഡിറ്റ് കാലയളവിൽ തിരഞ്ഞെടുത്ത ജില്ലകളിൽ ₹5.46 ലക്ഷം സ്കോളർഷിപ്പ് അധികമായി നൽകിയെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, എൻഐസി മുഖേന പോർട്ടലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് ശരിയായ പരിശീലനം നൽകുന്നതിൽ വകുപ്പ് പരാജയപ്പെടുകയും ചെയ്തു.

### 2.5.7. സ്കോളർഷിപ്പ് പദ്ധതികളിൽ നിന്നുള്ള ഒഴിവാക്കലുകൾ

#### *2.5.7.1. ലംപ്സം ഗ്രാന്റ്, പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ സഹായം, ദുർബല വിഭാഗങ്ങൾക്കുള്ള സ്റ്റൈപ്പൻഡ് എന്നിവ നൽകാത്തത്- സംസ്ഥാന പ്രീ-മെട്രിക് പദ്ധതി*

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ I മുതൽ IV വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, സ്കൂൾ ബാഗുകൾ, യൂണിഫോം തുടങ്ങിയവ വാങ്ങുന്നതിനായി സംസ്ഥാന സർക്കാർ പ്രൈമറി വിദ്യാഭ്യാസ ധനസഹായം എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കി (2014 ഓഗസ്റ്റ്). മേൽപ്പറഞ്ഞ ആനുകൂല്യം 2017 ഒക്ടോബറിൽ V മുതൽ VIII വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ബാധകമാക്കി. മുകളിൽ പറഞ്ഞ പദ്ധതിക്കായി നിശ്ചയിച്ച തുക പ്രതിവർഷം ₹2,000 ആയിരുന്നു.

മേൽപ്പറഞ്ഞ പദ്ധതിക്കു പുറമേ, സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി

35 വയനാട് ജില്ല

പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് വ്യത്യസ്ത നിരക്കിൽ ലംപ്സം ഗ്രാന്റിന് അർഹതയുണ്ടായിരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ 2019-20 അധ്യയന വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-22 കാലയളവിൽ, തിരഞ്ഞെടുത്ത ജില്ലകളിലെ പ്രൈമറി സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം ലഭിച്ച 714 വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. അതുപോലെ, ലംപ്സം ഗ്രാന്റ് ലഭിച്ച 7,229 വിദ്യാർത്ഥികൾക്ക് പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം ലഭിച്ചില്ല. ചില പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു ആനുകൂല്യം മാത്രമേ (രണ്ട് ഘടകങ്ങൾക്ക് അർഹതയുണ്ടായിരുന്നിട്ടും) ലഭിച്ചിരുന്നുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്കോളർഷിപ്പിന്റെ എല്ലാ ഘടകങ്ങളും അർഹരായ എല്ലാ വിദ്യാർത്ഥി ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ലംപ്സം ഗ്രാന്റും പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ സഹായവും നൽകാത്തത് ഓഡിറ്റ് പരിശോധിച്ചു. അർഹരായ വിദ്യാർത്ഥികൾക്ക് ഘടകങ്ങൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട്, സ്ഥാപനങ്ങളുടെ പ്രതികരണം താഴെക്കൊടുത്തിരിക്കുന്നു.

- പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായങ്ങൾ[36] ലഭിക്കാത്തത് - 106 വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ സമർപ്പിച്ചില്ല, 31 വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ ക്ലറിക്കൽ സ്റ്റാഫുകളുടെ അവബോധമില്ലായ്മ കാരണം ഫോർവേഡ് ചെയ്യാൻ കഴിഞ്ഞില്ല, ആറ് വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ നിലവിൽ ഡയറക്ടറേറ്റിൽ തീർപ്പാക്കൽ ഘട്ടത്തിലാണ്, മൂന്ന് വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (റ്റിസി) നൽകി. (എ) വിദ്യാർത്ഥിയുടെ പേര് സ്കൂൾ രേഖകളിൽ കണ്ടെത്താനാകാത്തത്, (ബി) മുൻപ് പഠിച്ച സ്കൂളിൽ നിന്ന് സ്കോളർഷിപ്പ് കൈപ്പറ്റിയത്, (സി) കോവിഡ് കാരണം വിദ്യാർത്ഥിക്ക് സ്കൂളിൽ വരാൻ കഴിയാത്തത്, (ഡി) പോർട്ടലിൽ അംഗീകരിച്ചതായി കണ്ടത് എന്നിങ്ങനെയുള്ള കാരണങ്ങളാൽ ഒന്നു വീതം കേസുകളിൽ പ്രൈമറി, സെക്കൻഡറി വിദ്യാഭ്യാസ ധനസഹായം ലഭിച്ചില്ല.
- ലംപ്സം ഗ്രാന്റ് ലഭിക്കാത്തത്[37] - രണ്ട് അപേക്ഷകൾ പട്ടികജാതി വകുപ്പ് അനുവദിച്ചില്ല. കൂടാതെ, (എ) ക്ലറിക്കൽ സ്റ്റാഫിന്റെ അവബോധമില്ലായ്മ (ബി) റ്റിസി നൽകിയത് / സർട്ടിഫിക്കറ്റ് നൽകാത്തത്/ ദീർഘകാല അസാന്നിധ്യം (സി) അപേക്ഷ അടുത്ത തലത്തിലേക്ക് അയച്ചത് (ഡി) പ്രത്യേക കാരണം പറഞ്ഞിട്ടില്ലാത്തത് (ഇ) കോവിഡ് കാരണം വിദ്യാർത്ഥിക്ക് സ്കൂളിൽ വരാൻ

---

[36] തിരഞ്ഞെടുത്ത മൂന്ന് ജില്ലകളിലെ (കോഴിക്കോട്, എറണാകുളം, വയനാട്) തിരഞ്ഞെടുത്ത പതിനേഴ് സ്ഥാപനങ്ങളിൽ 150 കേസുകൾ കണ്ടു.

[37] തിരഞ്ഞെടുത്ത രണ്ടു ജില്ലകളിലെ (കോഴിക്കോട്, വയനാട്) തിരഞ്ഞെടുത്ത ഒൻപത് സ്ഥാപനങ്ങളിൽ ഒൻപത് കേസുകൾ കണ്ടു.

കഴിയാത്തത് (എഫ്) അപേക്ഷ തീർപ്പാക്കാൻ കഴിയാത്തത് (ജി) മറ്റ് വസ്തുതകൾ - എന്നീ കാരണങ്ങളാൽ ഒന്നു വീതം കേസുകളിൽ ലംപ്സം ഗ്രാന്റ് ലഭിച്ചില്ല.

അതുപോലെ, പത്താം ക്ലാസിൽ ലംപ്സം ഗ്രാന്റ് ലഭിച്ച ഒരു വിദ്യാർത്ഥിക്ക് ഒമ്പതാം ക്ലാസിൽ അത് ലഭിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് പരിശോധിച്ചു. തിരഞ്ഞെടുത്ത ജില്ലകളിലെ 2019-22 കാലയളവിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ പത്താം ക്ലാസിൽ ലംപ്സം ഗ്രാന്റ് ലഭിച്ച 510 വിദ്യാർത്ഥികൾക്ക് ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ ലംപ്സം ഗ്രാന്റ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[38] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, 17 വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേനയല്ല, പണമായാണ് പേയ്മെന്റ് നൽകിയതെന്ന് സ്ഥാപനങ്ങൾ പ്രസ്താവിച്ചു. മറ്റ് കാരണങ്ങൾ ഇവയാണ്: ഒമ്പത് വിദ്യാർത്ഥികൾ രേഖകൾ സമർപ്പിക്കാത്തത്, എട്ട് വിദ്യാർത്ഥികളുടെ കാര്യത്തിൽ സ്ഥാപനങ്ങൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തത്, എട്ട് വിദ്യാർത്ഥികൾ തെറ്റായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകിയത്, മൂന്ന് വിദ്യാർത്ഥികളുടെ പേര് സ്കൂൾ രേഖയിൽ ഇല്ലാതിരുന്നത്, മൂന്ന് കേസുകളിൽ വിദ്യാർത്ഥികൾക്ക് 2022 ജൂണിന് ശേഷം പണം നൽകിയത് (ഡംപ് ഡാറ്റ ഓഡിറ്റിന് നൽകിയ ശേഷം), ജാതി മാറിയതിന്റെ പേരിലും വിദ്യാർത്ഥി നിരസിച്ചതിന്റെ പേരിലും ഓരോ കേസ് വീതവും.

പത്താം ക്ലാസിൽ സ്റ്റൈപ്പൻഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഒമ്പതാം ക്ലാസിൽ സ്റ്റൈപ്പൻഡ് ലഭിച്ചിട്ടുണ്ടോയെന്നും ഓഡിറ്റ് പരിശോധിച്ചു. തിരഞ്ഞെടുത്ത ജില്ലകളിൽ 2019-22 കാലയളവിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ പത്താം ക്ലാസിൽ സ്റ്റൈപ്പൻഡ് ലഭിച്ച 249 വിദ്യാർത്ഥികൾക്ക് ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ സ്റ്റൈപ്പൻഡ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഇത്തരം പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടില്ല.

ഓരോ വിദ്യാർത്ഥിക്കും, സ്ഥാപനങ്ങൾ മൂന്ന് പദ്ധതികൾ, ലംപ്സം ഗ്രാന്റും വിദ്യാഭ്യാസസഹായവും, പ്രതിമാസ സ്റ്റൈപ്പൻഡും വെവ്വേറെ തിരഞ്ഞെടുക്കണമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നാൽ, ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സ്ഥാപനങ്ങൾ പരാജയപ്പെട്ടതിനാൽ ചില പദ്ധതികളുടെ പ്രയോജനം വിദ്യാർഥികൾക്ക് ലഭിച്ചില്ല. സ്ഥാപനങ്ങൾ ഓരോ വിദ്യാർത്ഥിയ്ക്കും വേണ്ടി എല്ലാ പദ്ധതികൾക്കും അപേക്ഷിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ വകുപ്പിലെ എസ്സിഡിഒമാർക്ക് കഴിയുന്നില്ലെന്നും വ്യക്തമാക്കി.

അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വിവിധ തലങ്ങളിൽ സൂക്ഷ്മപരിശോധന വിഭാവനം ചെയ്തിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

---

38 തിരഞ്ഞെടുത്ത മൂന്ന് ജില്ലകളിലെ (കോഴിക്കോട്, വയനാട്, കൊല്ലം) തിരഞ്ഞെടുത്ത 19 സ്ഥാപനങ്ങളിൽ 50 കേസുകൾ കണ്ടു.

### 2.5.7.2. പ്രീ-മെട്രിക് തലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ്-സംസ്ഥാന പദ്ധതി

സർക്കാർ ഉത്തരവ് പ്രകാരം (2016 ജൂൺ 25), ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന, പ്രീ-മെട്രിക് തലത്തിലെ പട്ടികജാതിയിൽപ്പെട്ട ദുർബല വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ സ്റ്റൈപ്പൻഡ് അനുവദനീയമായിരുന്നുള്ളൂ. ഒരു അധ്യയന വർഷത്തിൽ 10 മാസത്തേക്ക് നൽകേണ്ട പ്രതിമാസ സ്റ്റൈപ്പൻഡ് ₹200 ആയിരുന്നു. മേൽപ്പറഞ്ഞ പദ്ധതി 2019-20 അധ്യയന വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇ-ഗ്രാന്റ്സ് പോർട്ടൽ പരിശോധിച്ചപ്പോൾ, 2019-22 കാലയളവിൽ, തിരഞ്ഞെടുത്ത ജില്ലകളിലെ ദുർബല വിഭാഗത്തിൽപ്പെട്ട 2,818 വിദ്യാർത്ഥികൾക്ക് **പട്ടിക 2.9-ൽ** വിവരിച്ചിരിക്കുന്ന പ്രകാരം സ്റ്റൈപ്പൻഡ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി.

**പട്ടിക 2.9 : ദുർബലരായ വിഭാഗങ്ങൾക്ക് സ്റ്റൈപ്പൻഡ് നൽകാത്തത്**

| ജില്ല | 2019-20 | 2020-21 | 2021-22 | ആകെ |
|---|---|---|---|---|
| എറണാകുളം | 195 | 144 | 125 | 464 |
| കൊല്ലം | 472 | 329 | 263 | 1064 |
| കോഴിക്കോട് | 674 | 236 | 220 | 1130 |
| വയനാട് | 58 | 64 | 38 | 160 |
| **ആകെ** | **1399** | **773** | **646** | **2818** |

*(ഉറവിടം: ഇ-ഗ്രാന്റ്സിൽ നിന്നുള്ള ഡാറ്റ)*

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[39] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, 86 കേസുകളിൽ, പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ / പട്ടികജാതി വകുപ്പിൽ നിന്നുള്ള അറിയിപ്പ് ലഭിക്കുന്നതിലെ കാലതാമസം കാരണവും, 54 കേസുകളിൽ ക്ലറിക്കൽ ജീവനക്കാരുടെ അവബോധമില്ലായ്മ കൊണ്ടും, വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്ഥാപനം യഥാസമയം സമർപ്പിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. വിദ്യാർത്ഥികൾ രേഖകൾ സമർപ്പിക്കാത്തതിനാൽ എട്ട് അപേക്ഷകൾ അയച്ചില്ല. കൂടാതെ, ഏഴ് കേസുകളിൽ 2022 ജൂണിന് ശേഷം (ഡംപ് ഡാറ്റ ഓഡിറ്റിന് നൽകിയ ശേഷം) വിദ്യാർത്ഥികൾക്ക് തുക നൽകി, ഏഴ് കേസുകളിൽ റ്റിസി നൽകിയിരുന്നു, രണ്ടു കേസുകളിൽ അംഗീകാരം നൽകിയെങ്കിലും തുക നൽകിയില്ല, മൂന്ന് കേസുകൾ ഡയറക്ടറേറ്റിൽ തീർപ്പാക്കി വരുന്ന പ്രക്രിയയിലായിരുന്നു, സാങ്കേതിക പിഴവ് കാരണം രണ്ട് കേസുകളിൽ തുക നൽകാതിരുന്നു.

പ്രീ-മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ അയയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം സ്ഥാപന അധികാരികൾക്കാണെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേനയും ഡിജിഇ മുഖേനയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ അധികൃതർക്ക് പരിശീലന സെഷനുകളും ഒരുക്കിയിരുന്നു എന്നും പ്രസ്താവിച്ചു.

[39] തിരഞ്ഞെടുത്ത നാലു ജില്ലകളിൽ തിരഞ്ഞെടുത്ത 26 സ്ഥാപനങ്ങളിൽ 169 കേസുകൾ പരിശോധിച്ചു.

പരിശീലനം നൽകുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടും, ദുർബല വിഭാഗത്തിൽപ്പെട്ട അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് ലഭിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു, ഇത് പരിശീലനത്തിന്റെ കാര്യക്ഷമതയില്ലായ്മയിലേക്കും നിർദ്ദേശങ്ങൾ പാലിക്കാത്തതിലേക്കും വിരൽ ചൂണ്ടുന്നു.

## 2.6. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്‌മെന്റ് പദ്ധതി (സംസ്ഥാന പദ്ധതി)

ഒരു സംസ്ഥാന പദ്ധതിയായ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്‌മെന്റ് പദ്ധതി, സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസപരമായി മികവ് പുലർത്താൻ കഴിയാത്ത മിടുക്കരായ വിദ്യാർത്ഥികളെ (നാലാം ക്ലാസിലെയും / ഏഴാം ക്ലാസിലെയും) കണ്ടെത്തുന്നതിനും, അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിഭാവനം ചെയ്യുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് (2009 ഏപ്രിൽ 17), IV, VII ക്ലാസുകളിൽ A+, A ഗ്രേഡുകൾ നേടിയ ഒരു ലക്ഷത്തിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെ 50 ശതമാനം പെൺകുട്ടികളുടെ പ്രാതിനിധ്യവും ദുർബല വിഭാഗങ്ങൾക്ക് 10 ശതമാനം സംവരണവും ഉറപ്പാക്കി, ജില്ലാതലത്തിൽ തയ്യാറാക്കിയ പട്ടികയിൽ നിന്ന് തിരഞ്ഞെടുക്കണം. കൂടാതെ വാർഷിക വരുമാനം ₹12,000-ൽ താഴെയുള്ളവരുടെ കുട്ടികൾക്ക് പഠനാവശ്യത്തിനായി ഫർണീച്ചർ വാങ്ങുന്നതിന് ₹2,000-ഉം പോഷകാഹാരം നൽകുന്നതിനായി 10 മാസത്തേക്ക് ₹100 വീതവും നൽകേണ്ടിയിരുന്നു. 2017-18-ൽ സംസ്ഥാനത്തെ 1,600 പട്ടികജാതി വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്തി. 2018-19-ൽ ഇത് 2,200 വിദ്യാർത്ഥികളായി വർദ്ധിപ്പിച്ചു. പ്രതിവർഷം ₹4,500 ആയിരുന്നു സ്കോളർഷിപ്പ് തുക. പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ പറയുന്ന പോരായ്മകൾ ഓഡിറ്റ് ശ്രദ്ധിച്ചു.

### 2.6.1. ഫണ്ട് വിനിയോഗം - ഡയറക്ടറേറ്റിലെ നിരീക്ഷണത്തിന്റെ അഭാവം

2017-22 കാലയളവിൽ, പദ്ധതി നടപ്പാക്കുന്നതിനായി പട്ടികജാതി വിഭാഗത്തിനായുള്ള 14 ഡിഡിഒമാർക്ക് ₹1,493.06 ലക്ഷം ഡയറക്ടർ അനുവദിച്ചു. ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളിൽ പട്ടികജാതി വിഭാഗത്തിനായുള്ള ഡിഡിഒമാർ ഡയറക്ടറേറ്റിന് വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് നൽകണം എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ, 2017-18-ൽ ഡിഡിഒമാരിൽ എട്ട് പേരും 2019-20-ൽ ഒരു ഡിഡിഒയും മാത്രമാണ് ആകെ ₹165.29 ലക്ഷത്തിന്റെ വിനിയോഗ സാക്ഷ്യപത്രം നൽകിയത്. അനുവദിച്ച ഫണ്ടിന്റെ വെറും 11 ശതമാനത്തിന്റെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഡിഡിഒമാർ സമർപ്പിച്ചതെങ്കിലും, 2018-19, 2020-21, 2021-22 വർഷങ്ങളിൽ ആരും തന്നെ വിനിയോഗ സാക്ഷ്യപത്രം നൽകിയിരുന്നില്ലെങ്കിലും, ഡയറക്ടർ വിനിയോഗ സാക്ഷ്യപത്രത്തിനായി നിർബന്ധം ചെലുത്തിയില്ലെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതുവഴി ഫണ്ട് അനുവദിച്ച ആവശ്യത്തിന് വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ ഡയറക്ടർ പരാജയപ്പെട്ടു.

തിരഞ്ഞെടുത്ത ജില്ലകളിലെ ഫണ്ട് വിനിയോഗം പരിശോധിച്ച ഓഡിറ്റ്, പുതിയ സ്കോളർഷിപ്പുകൾക്കുള്ള ഫണ്ട് ഡിഡിഒമാർ പൂർണമായും വിനിയോഗിച്ചപ്പോൾ, നവീകരണത്തിനും ഫർണിച്ചർ, പോഷകാഹാരം മുതലായ മറ്റ് ഘടകങ്ങൾക്കും നീക്കിവച്ച തുക, അതായത് അനുവദിച്ച മൊത്തം ഫണ്ടിന്റെ 15 ശതമാനം, വിനിയോഗിക്കാതെ കിടക്കുന്നതായി ശ്രദ്ധിക്കുകയുണ്ടായി. ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നത് വിനിയോഗം മെച്ചപ്പെടുത്തുന്നതിന് നടപടിയെടുക്കാൻ ഡയറക്ടറേറ്റിനെ പ്രാപ്തമാക്കുമായിരുന്നു.

### 2.6.2. പുതുക്കൽ അപേക്ഷകളുടെ എണ്ണത്തിലെ കുറവും പുതിയ സ്കോളർഷിപ്പിനുള്ള വർദ്ധിച്ച ആവശ്യം നിറവേറ്റുന്നതിനുള്ള വ്യവസ്ഥകളുടെ അഭാവവും

2017-22 കാലയളവിൽ, തിരഞ്ഞെടുത്ത നാല് ജില്ലകളിൽ 5,858 പുതുക്കലുകളാണ്[40] ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, 4,187 വിദ്യാർത്ഥികൾ മാത്രമാണ് സ്കോളർഷിപ്പിന്റെ പുതുക്കലിന് അർഹരായത്. ഇത് ലക്ഷ്യത്തിന്റെ 71 ശതമാനം മാത്രമായിരുന്നു. വിദ്യാർത്ഥികൾ ഗ്രേഡുകൾ നിലനിർത്താത്തതാണ് പുതുക്കലുകളുടെ എണ്ണം കുറയാൻ കാരണമെന്ന് പട്ടികജാതിക്കാർക്കു വേണ്ടിയുള്ള ഡിഡിഒമാർ പറഞ്ഞു. ലക്ഷ്യം വച്ചിരുന്നത് 2,697 പുതിയ സ്കോളർഷിപ്പുകളായിരുന്നെങ്കിലും, തിരഞ്ഞെടുത്ത നാലു ജില്ലകളിൽ അർഹരായ 5,100 അപേക്ഷകരുണ്ടായിരുന്നു. അർഹരായ അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ, അധിക മാനദണ്ഡങ്ങൾ ചുമത്തിയും, നറുക്കെടുപ്പ് നടത്തിയും മറ്റും, പട്ടികജാതിക്കാർക്കു വേണ്ടിയുള്ള ഡിഡിഒമാർക്ക് ഒഴിവാക്കൽ നടത്തേണ്ടി വന്നു. അധിക ഫണ്ടിനു വേണ്ടിയും പുതുക്കലിനു കീഴിലെ ചെലവഴിക്കാത്ത ഫണ്ട് പുതിയ സ്കോളർഷിപ്പ് അനുവദിക്കുന്നതിനു വേണ്ടി വിനിയോഗിക്കുവാനും ഡിഡിഒമാർ നൽകിയ അപേക്ഷകൾ, ഡയറക്ടർ അംഗീകരിച്ചില്ല. പുതുക്കലിനായി ലഭ്യമായ അധിക ഫണ്ടുകൾ ഉപയോഗിക്കാനുള്ള അനുമതിയില്ലാത്തതിനാൽ, അർഹരായ വിദ്യാർത്ഥികളുടെ പുതിയ സ്കോളർഷിപ്പിനുള്ള ആവശ്യം നിറവേറ്റാനായില്ല.

### 2.6.3. ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ശതമാനലക്ഷ്യം നിറവേറ്റാത്തത്

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഒരു ജില്ലയിൽ 10 ശതമാനം ഗുണഭോക്താക്കൾ വേടൻ, നായാടി, ചക്കിലിയൻ /അരുന്ധതിയാർ, കള്ളാടി എന്നീ ദുർബല വിഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കണം. തിരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ മുകളിൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിൽ **പട്ടിക 2.10-ൽ** കാണിച്ചിരിക്കുന്നതു പോലെ കുറവുണ്ടായി.

---

[40] ഒരു വിദ്യാർത്ഥിക്ക്, തുടർന്നുള്ള വർഷവും ഗ്രേഡ് (പദ്ധതിയിലേക്ക് തിരഞ്ഞെടുത്ത സമയത്ത് കരസ്ഥമാക്കിയത്) നിലനിർത്തിയാലേ ആ വർഷത്തിൽ സ്കോളർഷിപ്പ് പുതുക്കാൻ അർഹതയുണ്ടാകൂ.

പട്ടിക 2.10 : ദുർബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ

| ജില്ല | വർഷം | മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം | ലഭ്യമായ പുതിയ സ്കോളർഷിപ്പുകളുടെ എണ്ണം | തിരഞ്ഞെടുക്കേണ്ട ഗുണഭോക്താക്കളുടെ എണ്ണം (മൊത്തം ഗുണഭോക്താക്കളുടെ 10 ശതമാനം) | തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | കുറവ് |
|---|---|---|---|---|---|---|
| വയനാട് | 2017-18 | 1 | 35 | 3 | ഇല്ല | 1 |
| | 2018-19 | 3 | 50 | 5 | 1 | 2 |
| | 2019-20 | 2 | 50 | 5 | 1 | 1 |
| കൊല്ലം | 2021-22 | 57 | 160 | 16 | 11 | 5 |

*(ഉറവിടം: വകുപ്പുതല ഉത്തരവുകളിൽ നിന്ന് സമാഹരിച്ച ഡാറ്റ)*

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), സംസ്ഥാന സർക്കാർ ഓഡിറ്റിന്റെ കണ്ടെത്തലുകൾ അംഗീകരിക്കുകയും ദുർബല വിഭാഗത്തിൽപ്പെടുന്ന കൂടുതൽ വിദ്യാർത്ഥികളുടെ പ്രവേശനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

## 2.7. നിരീക്ഷണവും വിലയിരുത്തലും

നിരീക്ഷണവും വിലയിരുത്തലും ഏതൊരു പദ്ധതിയുടെയും അവിഭാജ്യ ഘടകമാണ്, എന്തെന്നാൽ പദ്ധതി നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ തിരിച്ചറിയാനും, അതുവഴി അത് പരിഹരിക്കുന്നതിന് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാനും അത് ഭരണകാര്യ വകുപ്പിനെ സഹായിക്കുന്നു. പ്രീ-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട്, ഇ-ഗ്രാന്റ്സിലെ പ്രോസസ്സിംഗിനുള്ള ഡാറ്റ യഥാർത്ഥവും പൂർണ്ണവും മുമ്പ് പ്രോസസ്സ് ചെയ്തിട്ടില്ലാത്തതും ശരിയായി അംഗീകരിക്കപ്പെട്ടതുമാണെന്ന് ഉറപ്പാക്കാനും, കൂടാതെ ഇരട്ടിപ്പ് ഇല്ലാതെ കൃത്യമായി രേഖപ്പെടുത്തിയതാണെന്നുറപ്പിക്കാനും, നടപ്പാക്കുന്ന ഏജൻസികൾക്ക്[41] സംസ്ഥാന സർക്കാർ[42] നാളിതുവരെ മാർഗ്ഗനിർദ്ദേശങ്ങൾ / സർക്കുലറുകൾ / നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. അതുപോലെ, കേന്ദ്ര സ്കോളർഷിപ്പ് പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതിനാൽ, പദ്ധതികളുടെ കാര്യക്ഷമമായ നിരീക്ഷണവും വിലയിരുത്തലും ഉറപ്പാക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണെന്നാണ് മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കുന്നത്. നിരീക്ഷണത്തിനും വിലയിരുത്തലിനും, ഫലപ്രദമായ നിയന്ത്രണ സംവിധാനങ്ങളും ശക്തമായ ഐടി സംവിധാനങ്ങളും നിലവിലുണ്ടോ എന്നും ഓഡിറ്റ് പരിശോധിച്ചു. നിരീക്ഷണങ്ങൾ ചുരുക്കത്തിൽ:

സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും പദ്ധതിയുടെ പുരോഗതി ആനുകാലികമായി അവലോകനം ചെയ്യുന്നതിനുള്ള ഒരു ഫലപ്രദമായ സംവിധാനവും നിലവിലില്ല. തൽഫലമായി, പേയ്‌മെന്റുകൾ വൈകുന്നതും പണം

41 എസ്‌സി എസ്‌റ്റി വികസന വകുപ്പ്, സി-ഡിറ്റ്, അതാത് സംസ്ഥാനതല ഡയറക്ടറേറ്റുകൾ, ജില്ലാതല ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ

42 എസ്‌സി എസ്‌റ്റി വികസന വകുപ്പ്, കേരള സർക്കാർ

നൽകാതിരിക്കുന്നതുമായ സാഹചര്യങ്ങൾ വകുപ്പിന് തിരിച്ചറിയാനും തടയാനും കഴിഞ്ഞില്ല. എല്ലാ ഗുണഭോക്താക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു എന്നത് ഉറപ്പിക്കാനും സാധിച്ചില്ല.

പദ്ധതിയുടെ ഭരണപരമായ ചെലവിനുള്ള തുകയിൽ നിന്ന് ചെലവു വഹിച്ചുകൊണ്ട് സംസ്ഥാന സർക്കാരുകളുടെ സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ[43] സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് കേന്ദ്ര മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നു. സോഷ്യൽ ഓഡിറ്റ്[44] നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടില്ല, തൽഫലമായി, ഭൂരിപക്ഷം പാർശ്വവൽക്കരിക്കപ്പെട്ടവർ/ അധ:സ്ഥിതരായവരും നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനയിൽ ഇരട്ടി പേയ്മെന്റ്, പേയ്മെന്റ് നിരസിക്കൽ, വിവിധ തലങ്ങളിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തത് തുടങ്ങിയവ വെളിപ്പെട്ടു. ശക്തമായ ഐടി നിരീക്ഷണ സംവിധാനത്തിന്റെ അഭാവത്തിലേക്കാണ് മുകളിൽ പറഞ്ഞ സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്.

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ അദ്ധ്യയന പുരോഗതി നിരീക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ ശക്തമായ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്ര മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും നാളിതുവരെ (2023 മേയ്) ഇത് നടപ്പാക്കിയിട്ടില്ല.

കൃത്യമായ ഉത്തരവാദിത്തം ഉറപ്പാക്കാൻ, ഒരു അൽഗോരിതം വഴി റാൻഡമായി കുറഞ്ഞത് 10 ശതമാനം സ്ഥാപനങ്ങളെ/വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ബ്ലോക്ക്/ജില്ല/സംസ്ഥാന തലങ്ങളിൽ ഭൗതിക പരിശോധനകൾ സംസ്ഥാന സർക്കാർ നടത്തണമെന്നാണ് കേന്ദ്ര മാർഗ്ഗരേഖകൾ നിർദ്ദേശിക്കുന്നത്. ബിരുദ തലത്തിലോ അതിനു മുകളിലോ ഉള്ള കോഴ്സുകൾ വാഗ്ദാനം ചെയ്യുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളെയും വർഷം തോറും നിർബന്ധമായും പരിശോധിക്കേണ്ടതാണ്. എന്നാൽ, വകുപ്പ് ഇതിനു വേണ്ടി ലക്ഷ്യമൊന്നും നിശ്ചയിച്ചിട്ടില്ലെന്നും പരിശോധനകൾ നടത്തിയിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), സ്പെഷ്യൽ സെക്രട്ടറി, എസ്സിഎസ്റ്റി ഡിഡി, നിരീക്ഷണവും വിലയിരുത്തലും സംബന്ധിച്ച ഓഡിറ്റിന്റെ കണ്ടെത്തലുകൾ അംഗീകരിക്കുകയും, നിരീക്ഷണത്തിന്റെ അഭാവം സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാണിച്ച മിക്ക പ്രശ്നങ്ങളും പുതുക്കിയ സർക്കാർ ഉത്തരവ് (2023 ജനുവരി) നടപ്പിലാക്കുമ്പോൾ പരിഹരിക്കപ്പെടുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

---

43 മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് നിയമ പ്രകാരം

44 ഇത് ഒരു സ്ഥാപനത്തിന്റെ സാമൂഹികവും ധാർമികവുമായ നിർവ്വഹണം അളക്കുന്നതിനും, മനസ്സിലാക്കുന്നതിനും, അറിയിക്കുന്നതിനും ഉള്ള ഒരു ഉപായമാണ്. ഇത് വീക്ഷണം/ലക്ഷ്യവും യാഥാർത്ഥ്യവും തമ്മിലും, കാര്യപ്രാപ്തി, ഉളവായ ഫലം എന്നിവ തമ്മിലും ഉള്ള വിടവ് കുറയ്ക്കാൻ സഹായിക്കുന്നു.

### 2.7.1. ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തത് – എസ്‌സി സ്കോളർഷിപ്പുകൾ- കേന്ദ്ര പ്രീ-മെട്രിക് പദ്ധതി

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് നൽകുന്ന ഉത്തരവുകൾ പ്രകാരം, സംസ്ഥാന സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ കണക്കുകൾ സർക്കാർ ഓഡിറ്റർ[45] ഓഡിറ്റ് ചെയ്യുകയും നിർദ്ദിഷ്ട ഫോർമാറ്റിലുള്ള (ജിഎഫ്ആർ 12 സി) വിനിയോഗ സാക്ഷ്യപത്രം (യുസി) നൽകുകയും വേണം. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതിയുടെ ചെലവുകളുടെ ഓഡിറ്റ് 2017-18 വർഷത്തേക്ക് മാത്രം നടത്തിയതായി നിരീക്ഷിക്കപ്പെട്ടു. 'ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു' എന്ന് കാണിച്ച് ₹1.09 കോടി ഓഡിറ്റിൽ നിരസിക്കപ്പെട്ടു. 2018-19 കാലയളവിൽ കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിച്ചിട്ടില്ലെന്നും അതിനാൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയില്ലെന്നും, 2020-21 കാലയളവിൽ അക്കൗണ്ടന്റ് ജനറലിൽ നിന്ന് ഓഡിറ്റ് സർട്ടിഫിക്കറ്റ് വാങ്ങാമെന്നും ഡയറക്ടർ പ്രസ്താവിച്ചു (2023 ജനുവരി). സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനെക്കുറിച്ചുള്ള ഓഡിറ്റിന്റെ കണ്ടെത്തലുകൾ എസ്‌സിഎസ്റ്റിഡിഡി, സ്പെഷ്യൽ സെക്രട്ടറി അംഗീകരിക്കുകയും പ്രശ്നം പരിഹരിക്കാൻ പ്രത്യേക ശ്രമങ്ങൾ ആരംഭിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

[45] പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരളയുടെ ഓഫീസ്

കണക്കാക്കിയ ഗുണഭോക്താക്കളുടെ എണ്ണവും യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണവും തമ്മിലുണ്ടായിരുന്ന വലിയ അന്തരം അപര്യാപ്തമായ ആസൂത്രണത്തെ സൂചിപ്പിക്കുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുൻശിപാർശയനുസരിച്ച് ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്താനുള്ള സർവ്വേയോ പഠനമോ നടത്തിയിട്ടില്ല. 2017-22 കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്ന് ഭരണച്ചെലവുകൾക്കുള്ള ഫണ്ട് ക്ലെയിം ചെയ്യാത്തതിനാൽ സംസ്ഥാനത്തിന് ₹96.65 ലക്ഷം നഷ്ടപ്പെട്ടു. ദിവ്യാംഗ് (ഭിന്നശേഷിയുള്ളവർ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ അനുവദനീയമായ 10 ശതമാനം അധിക തുക നൽകിയില്ല. സ്ഥാപന/ഡയറക്ടറേറ്റ് തലത്തിൽ സ്കോളർഷിപ്പ് അപേക്ഷ പ്രോസസ്സ് ചെയ്യാത്തത് ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകാത്തതിന് കാരണമായി. സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം കുറയ്ക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ-ഗ്രാന്റ്സ് പോർട്ടൽ വിഭാവനം ചെയ്തതെങ്കിലും സ്കോളർഷിപ്പ് നൽകുന്നതിൽ അഞ്ച് വർഷം വരെ കാലതാമസം നേരിട്ടു. അക്കൗണ്ട് നമ്പർ, ഐഎഫ്എസ് കോഡ്, എന്നിവയിലെ പിഴവുകൾ, ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യൽ മുതലായ കാരണങ്ങൾ മൂലം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചില്ല. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിലും ബുക്ക് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിലുമുള്ള അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് വകുപ്പിന്റെ നടപടിക്രമങ്ങൾ വൈകിയതിനാൽ സ്കോളർഷിപ്പ് ലഭിച്ചില്ല. വിദ്യാർത്ഥികൾക്ക് ഒന്നിലധികം തവണ സ്കോളർഷിപ്പ് നൽകിയ സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകൾ കുറവായി നൽകിയതും ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ വിദ്യാർത്ഥികൾ സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്ത സന്ദർഭങ്ങളും ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാനം ധനസഹായം നൽകുന്ന എസ്‌സി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ വകുപ്പ് നടത്തിയിട്ടില്ല. സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും പദ്ധതികളുടെ പുരോഗതി ആനുകാലികമായി അവലോകനം ചെയ്യുന്നതിനുള്ള ഫലപ്രദമായ ഒരു സംവിധാനവും നിലവിലില്ല.

## 3.1. സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള യോഗ്യത

2017-20 വർഷത്തേക്ക് പട്ടികജാതി വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതിയുടെ കീഴിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 3.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1 : പട്ടികജാതി വിദ്യാർത്ഥികൾക്ക് (2017-20) കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ**

<table>
<tr><td>യോഗ്യത</td><td colspan="4">മാതാപിതാക്കളുടെയും രക്ഷിതാക്കളുടെയും, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള, വാർഷിക വരുമാനം ₹2.5 ലക്ഷം കവിയാത്ത ഇന്റർമീഡിയറ്റ്/ബിരുദം/ബിരുദാനന്തര ബിരുദം, ഡോക്ടറൽ കോഴ്സുകൾ മുതലായവ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ.</td></tr>
<tr><td>പഠനത്തിനായി</td><td colspan="4">ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, കേന്ദ്ര / സംസ്ഥാന സർവ്വകലാശാല, യുജിസി അംഗീകരിച്ച സ്വയംഭരണ കോളേജുകൾ, യുജിസി നിയമത്തിലെ സെക്ഷൻ 2(എഫ്), 12(ബി) പ്രകാരം അംഗീകരിക്കപ്പെട്ട സർവ്വകലാശാലകൾ/ കോളേജുകൾ, കൽപ്പിത സർവ്വകലാശാലകൾ, എ ലെവലോ തത്തുല്യമായ എൻ.എ.എ.സിയുടെ/ എൻബിഎ-യുടെ അക്രഡിറ്റേഷനോ ഉള്ള സംസ്ഥാന/കേന്ദ്ര അംഗീകാരമുള്ള സ്വകാര്യ സർവ്വകലാശാലകൾ, അംഗീകൃത കേന്ദ്ര/സംസ്ഥാന സർവ്വകലാശാല അഫിലിയേറ്റ് ചെയ്തതും ഫീസ് നിർണ്ണയസമിതിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, XI/XII ക്ലാസുകൾക്കുള്ള അംഗീകൃത സ്കൂളുകൾ/കോളേജുകൾ, ഡിപ്ലോമ നൽകുന്ന സ്ഥാപനങ്ങൾ, എൻസിവിറ്റി-യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, എംസിഐ/എഐസിറ്റിഇ മുതലായവയിൽ അഫിലിയേറ്റ് ചെയ്ത/അംഗീകൃതമായ സ്ഥാപനങ്ങൾ.</td></tr>
<tr><td rowspan="9">സ്കോളർഷിപ്പ് ഘടകങ്ങൾ[46]</td><td>ഇനം</td><td></td><td>ഡേ സ്കോളർ</td><td>ഹോസ്റ്റലർ</td></tr>
<tr><td rowspan="4">മെയിന്റനൻസ് അലവൻസ്</td><td>ഗ്രൂപ്പ് I - എഞ്ചിനീയറിംഗ്/ മെഡിക്കൽ/ സിഎ/ ഐസിഡബ്ല്യൂഎ/ എംഫിൽ/ പിഎച്ച്ഡി/എൽഎൽഎം തുടങ്ങിയവ.</td><td>₹550</td><td>₹1200</td></tr>
<tr><td>ഗ്രൂപ്പ് II - ബിരുദത്തിലേക്ക് നയിക്കുന്ന പ്രൊഫഷണൽ കോഴ്സുകൾ (ബിഎഫ്എസ്, മറ്റ് പാരാ മെഡിക്കൽ കോഴ്സുകൾ മുതലായവ)</td><td>₹530</td><td>₹820</td></tr>
<tr><td>ഗ്രൂപ്പ് III - ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ</td><td>₹300</td><td>₹570</td></tr>
<tr><td>ഗ്രൂപ്പ് IV - എല്ലാ പോസ്റ്റ് മെട്രിക്കുലേഷൻ, XI, XII, ഐറ്റിഐ, പോളിടെക്നിക്കുകളിലെ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ</td><td>₹230</td><td>₹380</td></tr>
<tr><td>ട്യൂഷൻ ഫീസ്</td><td colspan="3">സർവകലാശാലയ്ക്ക്/ബോർഡിന് വിദ്യാർത്ഥി അടയ്ക്കേണ്ട എല്ലാ നിർബന്ധിത ഫീസും</td></tr>
<tr><td>പഠനയാത്ര</td><td colspan="3">പ്രതിവർഷം പരമാവധി ₹1,600</td></tr>
<tr><td>തീസിസ് ടൈപ്പിംഗ്/ പ്രിന്റിംഗ് നിരക്കുകൾ</td><td colspan="3">പരമാവധി ₹1,600</td></tr>
<tr><td>ബുക്ക് ബാങ്ക്</td><td colspan="3">₹2,400 മുതൽ ₹7,500 വരെ , രണ്ട് വിദ്യാർത്ഥികൾക്ക് ഒരു സെറ്റ്</td></tr>
</table>

46 ഇതൊരു കമ്മിറ്റഡ് ലയബിലിറ്റി ആയതിനാൽ, കേന്ദ്ര സർക്കാർ നൽകുന്ന ഘടകങ്ങളുടെ സ്ഥാനത്ത് സംസ്ഥാനം എല്ലാ ഫീസും (ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, പ്രത്യേക ഫീസ്), ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പൻഡ് മുതലായവ നൽകുന്നു

2020-21 മുതൽ വർഷത്തേയ്ക്ക് പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പ് ക്ലെയിം ചെയ്യുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 3.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.2 : പട്ടികജാതി വിദ്യാർത്ഥികൾക്ക് (2020-21 മുതൽ) കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള യോഗ്യതാ വ്യവസ്ഥകൾ**

<table>
<tr><td>യോഗ്യത</td><td colspan="4">മാതാപിതാക്കളുടെയും രക്ഷിതാക്കളുടെയും എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം ₹2.50 ലക്ഷം കവിയാത്ത ഇന്റർമീഡിയറ്റ്/ബിരുദം/ ബിരുദാനന്തര ബിരുദ കോഴ്സുകൾ, ഡോക്ടറൽ കോഴ്സുകൾ മുതലായവ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ.</td></tr>
<tr><td>പഠനത്തിനായി</td><td colspan="4">ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, കേന്ദ്ര/ സംസ്ഥാന സർവ്വകലാശാല, യുജിസി അംഗീകരിച്ച സ്വയംഭരണ കോളേജുകൾ, യുജിസി നിയമത്തിലെ സെക്ഷൻ 2(എഫ്) പ്രകാരം അംഗീകരിക്കപ്പെട്ട സർവ്വകലാശാലകൾ/ കോളേജുകൾ, കൽപ്പിത സർവ്വകലാശാലകൾ, സംസ്ഥാന/കേന്ദ്ര അംഗീകാരമുള്ള മുഴുവൻ സ്വകാര്യ സർവ്വകലാശാലകൾ അംഗീകൃത കേന്ദ്ര/സംസ്ഥാന സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നതും ഫീസ് നിർണ്ണയസമിതിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, XI, XII ക്ലാസുകൾക്കുള്ള അംഗീകൃത സ്കൂളുകൾ/കോളേജുകൾ, ഡിപ്ലോമ നൽകുന്ന സ്ഥാപനങ്ങൾ, എൻസിവിറ്റി-യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങൾ, എൻഎംസി/എഐസിറ്റിഇ മുതലായവയിൽ അഫിലിയേറ്റ് ചെയ്ത/അംഗീകൃതമായ സ്ഥാപനങ്ങൾ</td></tr>
<tr><td rowspan="6">സ്കോളർഷിപ്പ് ഘടകങ്ങൾ[47]</td><td>ഇനം</td><td></td><td>ഡേ സ്കോളർ</td><td>ഹോസ്റ്റലർ</td></tr>
<tr><td rowspan="4">അക്കാദമിക് അലവൻസ്</td><td>ഗ്രൂപ്പ് I – ബിരുദ-ബിരുദാനന്തര ബിരുദ പ്രൊഫഷണൽ കോഴ്സുകൾ</td><td>₹7000</td><td>₹13500</td></tr>
<tr><td>ഗ്രൂപ്പ് II – ബിരുദ-ഡിപ്ലോമ സർട്ടിഫിക്കറ്റ് എന്നിവയിലേയ്ക്ക് നയിക്കുന്ന പ്രൊഫഷണൽ കോഴ്സുകൾ</td><td>₹6500</td><td>₹9500</td></tr>
<tr><td>ഗ്രൂപ്പ് III – ഗ്രൂപ്പ് I-ലും II-ലും ഉൾപ്പെടാത്ത ബിരുദ, ബിരുദാനന്തര കോഴ്സുകൾ</td><td>₹3000</td><td>₹6000</td></tr>
<tr><td>ഗ്രൂപ്പ് IV - എല്ലാ പോസ്റ്റ് മെട്രിക്കുലേഷൻ (പത്താം ക്ലാസ്സ് തലത്തിനു ശേഷം) ബിരുദേതര കോഴ്സുകൾ</td><td>₹2500</td><td>₹4000</td></tr>
<tr><td>ട്യൂഷൻ ഫീസ്</td><td colspan="3">മടക്കിക്കൊടുക്കാവുന്നതല്ലാത്ത, ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള എല്ലാ നിർബന്ധിതഫീസും</td></tr>
</table>

പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാന പോസ്റ്റ്-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയുടെ വ്യവസ്ഥകൾ **പട്ടിക 3.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.3 : പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| | |
|---|---|
| **യോഗ്യത** | വരുമാന പരിധി ഇല്ലാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും |

47 2020-21 മുതൽ 60 :40 അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും തമ്മിൽ പങ്കിടുന്നു

<table>
<tr><td>പഠനത്തിനായി</td><td colspan="2">പ്ലസ് 1, പ്ലസ് 2, വിഎച്ച്എസ്ഇ, കെ വി, സൈനിക് സ്കൂൾ, ടെക്നിക്കൽ സ്കൂളുകൾ, ജിവി രാജ സ്കൂൾ, പോളിടെക്നിക് കോളേജുകൾ, ഐഎച്ച്ആർഡി സ്കൂളുകൾ, സർവ്വകലാശാലകൾ അംഗീകരിച്ച ഡിപ്ലോമ/ ഡിഗ്രി/ പിജി/ പ്രൊഫഷണൽ കോഴ്സുകൾ, ഐടിഐ/ ഐടിസി മെട്രിക് ട്രേഡ്, സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ നൽകുന്ന കോഴ്സുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, എൽബിഎസ്, സി-ഡിറ്റ്, സിഡിഎസി, ഇആർ ആന്റ് ഡിസി, യൂണിവേഴ്സിറ്റി/ എയ്ഡഡ് സ്ഥാപനങ്ങളുടെ അൺ എയ്ഡഡ് കോഴ്സുകൾ (സർവ്വകലാശാല/ സർക്കാർ നിശ്ചയിച്ച നിരക്കുകൾ), എം ഫിൽ, എം ടെക്, എം ലിറ്റ്, സംസ്ഥാന സർവ്വകലാശാലകളുടെ / ഇഗ്നോയുടെ ഓഫ് കാമ്പസ് കോഴ്സുകൾ, സായാഹ്ന കോഴ്സുകൾ, വിദൂര വിദ്യാഭ്യാസ കോഴ്സുകൾ മുതലായവ.</td></tr>
<tr><td rowspan="2">സ്കോളർഷിപ്പ് ഘടകങ്ങൾ</td><td>ഇനം</td><td>തുക (₹)</td></tr>
<tr><td>മാതാപിതാക്കളുടെ വാർഷിക വരുമാനം ₹2.50 ലക്ഷത്തിൽ കൂടുതലുള്ള വിദ്യാർത്ഥികൾക്ക് എസ്‌സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിൽ (കേന്ദ്രപദ്ധതി) നൽകിയിരിക്കുന്ന എല്ലാ ഘടകങ്ങളും സംസ്ഥാനം നൽകുന്നു.<br>കൂടാതെ, വരുമാന പരിധിയില്ലാതെ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും, ലംപ്സം ഗ്രാന്റ്, യഥാർത്ഥ ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ്ജുകൾ (എബിഎൽസി), സ്വകാര്യ താമസത്തിനുള്ള ചാർജ്ജുകൾ, പോക്കറ്റ് മണി (ഹോസ്റ്റലിൽ താമസിക്കുന്നവർക്ക്), ഫെലോഷിപ്പ്, സ്റ്റൈപ്പൻഡ് (ഡേ സ്കോളർ വിദ്യാർത്ഥികൾക്ക്) 2020 വരെ അധിക സംസ്ഥാന അലവൻസ് (2021 മുതൽ) നൽകുന്നു.</td><td>ലംപ്സം ഗ്രാന്റ് (കോഴ്സിനെ ആശ്രയിച്ച്)<br>2019-20 വരെ - ₹440 മുതൽ ₹3130 വരെ<br>2020-21 മുതൽ - ₹500 മുതൽ ₹3800 വരെ<br>എബിഎൽസി<br>യഥാർത്ഥത്തിലുള്ളത് അല്ലെങ്കിൽ ₹4500 ഏതാണോ കുറവ് .<br>പ്രൈവറ്റ് അക്കൊമഡേഷൻ : പ്രതിമാസം ₹1500 (10 മാസം)<br>പോക്കറ്റ് മണി: പ്രതിമാസം ₹200<br>സ്റ്റൈപ്പൻഡ്: 2019-20 വരെ - ₹500 മുതൽ ₹750 വരെ<br>2020-21 മുതൽ - ₹600 മുതൽ ₹900 വരെ<br>അധിക സംസ്ഥാന അലവൻസ്: 2020-21 മുതൽ സ്റ്റൈപ്പൻഡിന് പകരം നൽകുന്നു.</td></tr>
</table>

## 3.2. നടപടിക്രമം

അധ്യയന വർഷത്തിന്റെ തുടക്കത്തിൽ വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനു ശേഷം അസ്സൽ പകർപ്പുകൾ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര-സംസ്ഥാന പദ്ധതികൾ) ഇ-ഗ്രാന്റ്സ് മുഖേന കൈകാര്യം ചെയ്തിരുന്നു. എന്നിരുന്നാലും, വിദേശത്ത് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സ്കോളർഷിപ്പ് പദ്ധതി മാനുവലായിട്ടായിരുന്നു കൈകാര്യം ചെയ്തിരുന്നത്. സംസ്ഥാനത്തെ എസ്‌സി/എസ്ടി/ഒബിസി വിഭാഗങ്ങളിലുള്ള എല്ലാ പ്രീ/പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പും/ പദ്ധതികളും വിതരണം ചെയ്യുന്നതിനുള്ള ഒരു കേന്ദ്രീകൃത സംവിധാനമാണ് ഇ-ഗ്രാന്റ്സ്. ഇ-ഗ്രാന്റ്സ് പോർട്ടലിലെ നടപടിക്രമം **ചിത്രം 3.1-ൽ** കാണിച്ചിരിക്കുന്നത് പ്രകാരമാണ്.

**ചിത്രം 3.1 : ഇ-ഗ്രാന്റ്സിലെ നടപടിക്രമം**
**പോസ്റ്റ്-മെട്രിക് (സംസ്ഥാനവും കേന്ദ്രവും)**

വിദ്യാർത്ഥി അപേക്ഷാ ഫോം ഓൺലൈനായി സമർപ്പിക്കുകയും സ്ഥാപനത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നു

↓

സ്ഥാപനം എല്ലാ അനുബന്ധ രേഖകളും സഹിതം അപേക്ഷ പരിശോധിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് (ഡിഡിഒ) അയയ്ക്കുന്നു

↓

എസ് സി ഡിഡിഒ അപേക്ഷ പരിശോധിച്ച് എസ് സി ഡയറക്ടറേറ്റിലേക്ക് പേയ്മെന്റിനു വേണ്ടി അയയ്ക്കുന്നു

↓

ജില്ലാ ഓഫീസ് അംഗീകരിച്ച പ്രതിമാസ/വാർഷിക ക്ലെയിമുകളെ അടിസ്ഥാനമാക്കി ഡയറക്ടറേറ്റ് പേയ്മെന്റിനായി ബില്ലുകൾ തയ്യാറാക്കുന്നു

## 3.3. ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (കേന്ദ്ര പോസ്റ്റ്-മെട്രിക്)

### 3.3.1. വാർഷിക ഡിമാൻഡ്/ എസ്റ്റിമേറ്റ് തയ്യാറാക്കൽ

കേന്ദ്ര പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്കു വേണ്ടി കേന്ദ്രസർക്കാരിന് അയയ്ക്കുന്നതിനായി എസ് സി ഡയറക്ടറേറ്റ് വാർഷിക നിർദ്ദേശം ഒരു നിശ്ചിത പ്രഫോർമയിൽ കേരള സർക്കാരിന് സമർപ്പിക്കുന്നു. അയയ്ക്കുന്ന പ്രഫോർമയിൽ മുൻ വർഷത്തെ യഥാർത്ഥ ചെലവുകളുടെയും യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെയും വിശദാംശങ്ങളും, ഉദ്ദേശിക്കുന്ന വർഷത്തേക്കുള്ള ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങളും ഉൾപ്പെടുത്തുന്നു. **പട്ടിക 3.4**-ൽ കാണിച്ചിരിക്കുന്നതു പോലെ പോസ്റ്റ്-മെട്രിക് പദ്ധതികളിൽ ഒരു പ്രത്യേക വർഷത്തേക്കുള്ള ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നത് മുൻവർഷത്തെ യഥാർത്ഥ തുകയോട് 10 ശതമാനം കൂട്ടിച്ചേർത്താണെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 3.4 : ഉൾപ്പെടുന്ന ഗുണഭോക്താക്കൾ - 2017-22 ലേയ്ക്കുള്ള കേന്ദ്ര പോസ്റ്റ്-മെട്രിക് പദ്ധതിയ്ക്കു കീഴിലെ ലക്ഷ്യവും നേട്ടവും**

| വർഷം | ഭൗതിക ലക്ഷ്യം (കണക്കാക്കിയ എണ്ണം) | കണക്കാക്കിയ തുക (₹ *ലക്ഷത്തിൽ*) | സ്കോളർഷിപ്പ് അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് (₹ *ലക്ഷത്തിൽ*) |
|---|---|---|---|---|
| 2017-18* | - | - | 130113 | 12110.47 |
| 2018-19 | 143123 | 13321.35 | 122092 | 12643.78 |
| 2019-20 | 134297 | 13908.16 | 119749 | 12157.07 |
| 2020-21 | 131712 | 13390.80 | 117329 | 11980.00 |
| 2021-22 | വിവരങ്ങൾ ലഭ്യമല്ല | | | |

*(ഉറവിടം: വാർഷിക നിർദ്ദേശം)*

** 2017-18 വർഷത്തെ വാർഷിക നിർദ്ദേശം ഓഡിറ്റിന് ലഭ്യമായിട്ടില്ല.*

ഓരോ വർഷവും കണക്കാക്കിയ ഗുണഭോക്താക്കളുടെ എണ്ണവും യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണവും തമ്മിലുണ്ടായിരുന്ന ഗണ്യമായ വ്യതിയാനം ഡയറക്ടറേറ്റിന്റെ മുന്നോട്ട് വെച്ച ഡിമാൻഡിലെ കണക്കുകൾ യാഥാർത്ഥ്യ ബോധമില്ലാത്തതും വിശ്വസനീയമായ ഡാറ്റയെ അടിസ്ഥാനമാക്കിയല്ലാത്തതുമാണ് എന്നാണ് സൂചിപ്പിക്കുന്നത്.

ഈ നിരീക്ഷണത്തിന് പ്രത്യേക പരാമർശങ്ങളൊന്നും സർക്കാർ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല (2023 ജൂൺ).

### 3.3.2. ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ തിരിച്ചറിയാത്തത്

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി) (2016-19) അതിന്റെ 15-ാം റിപ്പോർട്ടിൽ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനം ചെയ്യുന്ന എല്ലാ പദ്ധതികളും വിജയകരമായി നടപ്പാക്കിയെന്ന് ഉറപ്പാക്കാൻ ഫലപ്രദമായ സർവ്വേ നിർബന്ധമാണെന്ന് ശിപാർശ ചെയ്തു. വകുപ്പ് സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ, 2010-12 കാലഘട്ടത്തിൽ എസ്‌സി/എസ്.റ്റി കോളനികളിൽ സർവ്വേ നടത്തിയതായും ഡാറ്റ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിന് ഒരു സർവ്വേയോ പഠനമോ നടത്തിയിട്ടില്ല.

#### *3.3.2.1. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് (കേന്ദ്ര, സംസ്ഥാന പദ്ധതികൾ) സ്കോളർഷിപ്പിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തൽ*

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെ (കേരള സിലബസ്) എല്ലാ പട്ടികജാതി വിദ്യാർത്ഥികളും (പോസ്റ്റ്-മെട്രിക് ഘട്ടം) പദ്ധതിയിലൂടെ പ്രയോജനം നേടിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി, 2018-22 അധ്യയന വർഷങ്ങളിൽ ഈ സ്കൂളുകളിൽ പഠിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് മുഖേന ഇൻഫോർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ഓഫ് കേരളയിൽ (എച്ച്എസ്‌സിഎപി സോഫ്റ്റ്‌വെയർ) നിന്നും കരസ്ഥമാക്കി ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമായ ഡാറ്റയുമായി ഓഡിറ്റ് താരതമ്യം[48] ചെയ്തു. 2018-21 അധ്യയന വർഷങ്ങളിൽ 1,352 എയ്ഡഡ്/ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ 19,379 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തിരഞ്ഞെടുത്ത 35 സ്ഥാപനങ്ങളിലെ 729 അപേക്ഷകൾ ഓഡിറ്റ് പരിശോധിച്ചു. ഇതിൽ 216 വിദ്യാർത്ഥികൾ മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ല, 303 പേർ അപേക്ഷിച്ചിട്ടില്ല/ സ്കോളർഷിപ്പ് നേടിയിട്ടില്ല, ഹാജർ കുറവായത് (27), പഠനം നിർത്തിയത് (42), അപേക്ഷിക്കുകയും (2022 ജൂണിനു ശേഷം) സ്കോളർഷിപ്പ് നേടുകയും ചെയ്തത് (25), വെബ്സൈറ്റിലെ പ്രശ്നങ്ങൾ (10) ഫയൽ ക്ലോസ് ചെയ്തത് / കണ്ടെത്താൻ കഴിയാത്തത് (62), ദീർഘനാൾ ഹാജരാകാത്തത്

[48] സ്ഥാപനത്തിന്റെ ഇ-മെയിൽ ഐഡി ഫീൽഡ് രണ്ടു സോഫ്റ്റ്‌വെയറുകൾക്കും പൊതുവായി ഒന്നായിരുന്നു

(7), റ്റിസി വാങ്ങിയത് (21), മറ്റ് കാരണങ്ങൾ (6), ഇതര സംസ്ഥാന വിദ്യാർത്ഥികൾ (4), സ്ഥാപനത്തിലെ വിദ്യാർത്ഥിയല്ലാത്തത് (6) എന്നിങ്ങനെയുള്ള കാരണങ്ങളാണ് സ്ഥാപനങ്ങൾ നിരത്തിയത്.

സിബിഎസ്ഇ, ഐസിഎസ്ഇ തുടങ്ങിയ മറ്റ് വിദ്യാഭ്യാസ ബോർഡുകളിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാലും, ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിലുള്ള ഉന്നതവിദ്യാഭ്യാസവകുപ്പ് നടത്തിയ സർവ്വേയിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അർഹതയില്ലാത്ത മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയവരെയും ഉൾപ്പെടുത്തിയതിനാലും, ഉന്നത വിദ്യാഭ്യാസമേഖലയിലെ മൊത്തം ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്താനായില്ല.

മെട്രിക്കുലേഷൻ പരീക്ഷ പാസ്സായ അർഹരായ പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിരുന്നെങ്കിലും പട്ടികജാതി വകുപ്പ് അവരുടെ വർഷം തിരിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് ആവശ്യമായ എസ്സി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ (തഹസിൽദാർ) നിന്ന് വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ലായിരിക്കാമെന്നും അതിനാലാണ് വ്യത്യാസമുണ്ടായിരുന്നതെന്നും ഡയറക്ടർ മറുപടി നൽകി (2023 ജൂൺ).

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നേടുന്നതിന് ആവശ്യമായ രേഖകൾ ലഭിക്കുന്നതിന് എല്ലാ സഹായവും നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് പട്ടികജാതി വകുപ്പിന്റെ (എസ്സി പ്രമോട്ടർമാർ മുഖേന) കടമയായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, എച്ച്എസ്സിഎപിയിൽ (കേരള സിലബസ്) പട്ടികജാതി വിദ്യാർത്ഥികളുടെ ഡാറ്റ ലഭ്യമാണെങ്കിലും അത് പ്രയോജനപ്പെടുത്തുന്നതിൽ എസ്സി വകുപ്പ് പരാജയപ്പെട്ടു. ഓഡിറ്റ് നടത്തിയ സർവ്വേയിൽ, 200 ഗുണഭോക്താക്കളിൽ 81 പേർ എസ്സി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടതായി ഓഡിറ്റിനെ അറിയിച്ചു.

### 3.3.3. പട്ടികജാതി സ്കോളർഷിപ്പ് പദ്ധതികളുടെ അപര്യാപ്തമായ പ്രചാരണം

പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാർ പരസ്യപ്പെടുത്തണമെന്നും സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളിലൂടെയും, അതത് വെബ്സൈറ്റുകൾ വഴിയും മറ്റ മാധ്യമങ്ങൾ വഴിയും പരസ്യം നൽകി അപേക്ഷകൾ ക്ഷണിക്കണമെന്നും, പരസ്യത്തിനുള്ള ചെലവ് അനുവദിച്ചിട്ടുള്ള ഭരണച്ചെലവിൽ നിന്ന് നടത്തണമെന്നും, പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കു സമാനമായി, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളും[49] വിഭാവനം ചെയ്യുന്നു. 2017-22-ൽ പോസ്റ്റ്-മെട്രിക് പദ്ധതിക്കായി നടത്തിയ ഭരണച്ചെലവ് സംബന്ധിച്ച് ഡയറക്ടറേറ്റ് നൽകിയ വിശദാംശങ്ങളിൽ

[49] 2010 ജൂലൈ 01 മുതൽ പ്രാബല്യത്തിൽ വന്ന എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

നിന്ന്, പത്രങ്ങളിലോ മറ്റ് മാധ്യമങ്ങൾ വഴിയോ പരസ്യം നൽകുന്നതിന് ഡയറക്ടറേറ്റ് ഒരു തുകയും ചെലവഴിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), എസ്‌സിഎസ്‌റ്റിഡിഡി, സ്പെഷ്യൽ സെക്രട്ടറി, ഭരണപരമായ ചെലവുകൾക്കുള്ള തുക ആവശ്യപ്പെടുന്നതിനും അതിന്റെ ഉപയോഗത്തിനുമായി പ്രത്യേക സ്റ്റേറ്റ് നോഡൽ അക്കൗണ്ട് പ്രവർത്തിപ്പിക്കുമെന്ന് ഉറപ്പുനൽകി.

## 3.4. ആസൂത്രണവും സാമ്പത്തിക പരിപാലനവും

### 3.4.1. കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതി

പോസ്റ്റ്-മെട്രിക് എസ്‌സി സ്‌കോളർഷിപ്പ് പദ്ധതിയുടെ (കേന്ദ്രം) കാര്യത്തിൽ, സ്‌കോളർഷിപ്പിനുള്ള അർഹതയ്ക്കായി കേന്ദ്ര സർക്കാർ സ്വീകരിച്ച വാർഷിക വരുമാന പരിധി ₹2.50 ലക്ഷം ആയതിനാൽ, വിദ്യാർത്ഥികൾക്ക് സ്‌കോളർഷിപ്പ് നൽകുമ്പോൾ സംസ്ഥാന സർക്കാർ വാർഷിക വരുമാന പരിധി പരിഗണിക്കാതെ അധിക സഹായം നൽകി. എന്നിരുന്നാലും, കേന്ദ്ര പദ്ധതിക്കും അധിക സംസ്ഥാന സഹായത്തിനും വെവ്വേറെ അക്കൗണ്ടുകൾ കേരള സർക്കാർ സൂക്ഷിക്കുന്നില്ല.

സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റിയ്ക്ക് പുറമെ, പദ്ധതിക്ക് കീഴിലുള്ള മൊത്തം ചെലവുകൾ നിറവേറ്റുന്നതിന് 100 ശതമാനം കേന്ദ്ര സഹായം സംസ്ഥാന സർക്കാരിന് ലഭിച്ചു. 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ ₹144.47 കോടി സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പങ്കിടൽ ക്രമം 60:40 അനുപാതത്തിൽ പരിഷ്കരിച്ചു (2020 ഡിസംബർ). 2020-21 കാലയളവിലെ കേന്ദ്ര വിഹിതം കഴിഞ്ഞ മൂന്ന് വർഷത്തെ (2017-18 മുതൽ 2019-20 വരെ) ശരാശരി ഡിമാൻഡിന്റെ 60 ശതമാനമാണ്. 2021-22 മുതൽ, സംസ്ഥാന സർക്കാർ അവരുടെ വിഹിതം നൽകിയെന്ന് ഉറപ്പാക്കിയ ശേഷം കേന്ദ്രവിഹിതം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വരുമാന പരിധി മാനദണ്ഡങ്ങൾക്കു കീഴിൽ വരുന്ന വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സർക്കാർ ചട്ടങ്ങൾ പ്രകാരമുള്ള ചെലവിന്റെ കണക്കുകൾ സഹിതം ഓരോ വർഷവും നിശ്ചിത പ്രഫോർമയിൽ വാർഷിക നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ വിഹിതം റീ-ഇംബേഴ്സ് ചെയ്തു ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഫണ്ട് അനുവദിച്ച ഉത്തരവുകളിൽ നിന്ന് ലഭിച്ച സംസ്ഥാന ഗ്രാന്റിന്റെയും കേന്ദ്ര സർക്കാർ ഗ്രാന്റിന്റെയും വിനിയോഗത്തിന്റെ കണക്കുകളും സംസ്ഥാന സർക്കാർ അയച്ച വാർഷിക നിർദ്ദേശങ്ങളും **പട്ടിക 3.5**-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.5 : 2017-22 കാലയളവിലെ സംസ്ഥാന ഗ്രാന്റിന്റെയും കേന്ദ്ര ഗ്രാന്റിന്റെയും വിനിയോഗം**

*(₹ കോടിയിൽ)*

| വർഷം | യഥാർത്ഥ ചെലവും (സംസ്ഥാന + കേന്ദ്ര സഹായം) അധിക സംസ്ഥാന സഹായവും | സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റി | കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള മൊത്തം ചെലവ് | കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച റീ-ഇംബേഴ്സ്മെന്റ് |
|---|---|---|---|---|
| 2017-18 | 216.92 | 144.47 | 121.10 | ഇല്ല |
| 2018-19 | 205.73 | 144.47 | 126.44 | ഇല്ല |
| 2019-20 | 208.60 | 144.47 | 121.57 | 9.80 |
| 2020-21 | 334.64 | ഇല്ല | 119.80 | 86.85 |
| 2021-22 | 394.52 | ഇല്ല | 161.29 | * |

*(ഉറവിടം: വാർഷിക ഡിമാൻഡും കേന്ദ്ര സർക്കാരിന്റെ ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളും)*

* 2021-22 കാലയളവിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് പിഎഫ്എംഎസ് വഴി ഗുണഭോക്തൃ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തു.

2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് ചെയ്ത മൊത്തം ചെലവ് സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റിയെക്കാൾ കുറവായതിനാൽ, 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ കേന്ദ്ര വിഹിതം കിട്ടേണ്ടതല്ലായിരുന്നു. എന്നിരുന്നാലും, 2019-20 വർഷത്തെ ധനസഹായമായി കേന്ദ്ര സർക്കാർ ₹9.80 കോടി അനുവദിച്ചു. കഴിഞ്ഞ മൂന്ന് വർഷത്തെ ശരാശരി ഡിമാൻഡിന്റെ 60 ശതമാനം ₹144.76 കോടിയായി കണക്കാക്കി, വാർഷിക നിർദ്ദേശങ്ങളിൽ റിപ്പോർട്ട് ചെയ്ത ₹123.03 കോടിയ്ക്ക് പകരം 2020-21-ൽ കേന്ദ്രസർക്കാർ ₹86.85 കോടി കൂടി അനുവദിച്ചു. അങ്ങനെ, 2020-21 വർഷത്തിൽ സംസ്ഥാനത്തിന് ₹13.03 കോടി (₹144.76 കോടിയുടെ 60 ശതമാനവും ₹123.03 കോടിയുടെ 60 ശതമാനവും തമ്മിലുള്ള വ്യത്യാസം) കൂടുതൽ ലഭിച്ചു. ഈ അധിക തുക കേന്ദ്ര സർക്കാരിന് തിരികെ നൽകിയിട്ടില്ലെന്ന് കണ്ടെത്തി.

### 3.4.2. സംസ്ഥാന പോസ്റ്റ്-മെട്രിക് എസ് സി സ്കോളർഷിപ്പ് പദ്ധതി

കേന്ദ്ര പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്ക് പുറമേ, സംസ്ഥാന സർക്കാർ പൂർണ്ണമായും സംസ്ഥാന ധനസഹായത്തോടെ സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കി. പാരലൽ കോളേജുകളിലെ പോസ്റ്റ്-മെട്രിക് കോഴ്സുകൾ, കേരള സ്റ്റേറ്റ് റുട്രോണിക്സ് കോഴ്സുകൾ, വൊക്കേഷണൽ എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾ എന്നിവ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ ഈ പദ്ധതിയുടെ പരിധിയിൽ വരും. സംസ്ഥാന സർക്കാരിൽ നിന്ന് വിഹിതം ലഭിക്കുമ്പോൾ, ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതിനായി ഡയറക്ടറേറ്റ് 14 ജില്ലാ ഓഫീസുകൾക്ക് ഫണ്ട് വിതരണം ചെയ്യുന്നു. ഓഡിറ്റ് കാലയളവിൽ പദ്ധതിക്കായുള്ള ബജറ്റ് വിഹിതവും ചെലവും ചുവടെയുള്ള **പട്ടിക 3.6**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 3.6 : സംസ്ഥാന പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതിയ്ക്കുള്ള ഫണ്ടിന്റെ വിനിയോഗം**

*(₹ കോടിയിൽ)*

| പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2225-01-277-98-12 (നോൺ പ്ലാൻ)) | | | |
|---|---|---|---|
| വർഷം | ബജറ്റ് വിഹിതം (ബ്രാക്കറ്റിൽ പുനർവിനിയോഗം) | ഡയറക്ടറേറ്റ് റിപ്പോർട്ട് ചെയ്ത ചെലവ് | വിഎൽസി പ്രകാരമുള്ള ചെലവ് |
| 2017-18 | 18.00 (-0.83) | 4.77 | 4.68 |
| 2018-19 | 18.00 (-3.98) | 14.02 | 13.96 |
| 2019-20 | 18.00 (-3.08) | 14.92 | 14.84 |
| 2020-21 | 18.00 | 15.27 | 15.22 |
| 2021-22 | 18.00 | 14.18 | 14.13 |

*(ഉറവിടം: വകുപ്പ് നൽകിയ ചെലവുകളുടെ പത്രികയും എജി (എ ആന്റ് ഇ)യിൽ നിന്നു ലഭിച്ച വിഎൽസി ഡാറ്റയും)*

ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി പോസ്റ്റ് മെട്രിക് പദ്ധതികൾക്കായി ഓരോ വർഷവും ₹18 കോടി അഡ്‌ഹോക്ക് അടിസ്ഥാനത്തിൽ നിർദ്ദേശം കൂടാതെ ബജറ്റിൽ അനുവദിച്ചത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പദ്ധതിക്ക് കീഴിലുള്ള ഫണ്ടിന്റെ ആവശ്യം വിലയിരുത്താത്തതിനാൽ വകുപ്പിന്റെ ആസൂത്രണത്തിൽ അപാകതയുണ്ടായി. 2017-22 കാലയളവിൽ സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു. വിഹിതത്തിന്റെ 26 ശതമാനം മാത്രമാണ് 2017-18-ൽ വിനിയോഗിച്ചത്. ജില്ലാ ഓഫീസുകളിലേക്ക് ആവശ്യാനുസരണം സർക്കാർ ഫണ്ട് കൈമാറിയെന്നും ഗുണഭോക്താക്കളുടെ എണ്ണം സഹിതം വിനിയോഗിച്ച തുക സൂചിപ്പിക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ ഒരു ജില്ലാ ഓഫീസും സമർപ്പിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, പദ്ധതിയുടെ ഓരോ ഘടകത്തിനും കീഴിലുള്ള ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തൽ ഡയറക്ടറേറ്റിൽ പരിശോധിക്കാനായില്ല. ഇത് സൂചിപ്പിക്കുന്നത് പദ്ധതിയുടെ മേലുള്ള വകുപ്പിന്റെ നിരീക്ഷണത്തിന്റെ അഭാവത്തെയാണ്. ജില്ലാ ഓഫീസുകൾ കൃത്യസമയത്ത് പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിച്ചതായി ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) മറുപടി നൽകി (2023 ഏപ്രിൽ). എന്നാൽ, ഡയറക്ടറേറ്റിൽ ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ച് ചെലവ് ക്രോഡീകരിക്കാത്തതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, കേരള സംസ്ഥാന റട്രോണിക്സ് കോഴ്സുകൾക്കും തൊഴിലധിഷ്ഠിത എഞ്ചിനീയറിംഗ് / നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്കുമുള്ള സ്കോളർഷിപ്പ് വിതരണത്തിന്റെ പുരോഗതി ജില്ലാ ഓഫീസുകൾ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിന്റെ കാര്യത്തിൽ, കണക്കുകളുടെ സമാഹരണം 2019-20 വർഷം മുതൽ നടപ്പിലാക്കി.

ഈ ഓഡിറ്റ് നിരീക്ഷണത്തെക്കുറിച്ച് സർക്കാർ പ്രത്യേക പരാമർശങ്ങളൊന്നും നടത്തിയിട്ടില്ല.

### 3.4.3. സംസ്ഥാനം ഭരണച്ചെലവുകൾക്കുള്ള ഫണ്ട് ആവശ്യപ്പെടാത്തത്

കേന്ദ്രാവിഷ്കൃത എസ്‌സി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മൊത്തം കേന്ദ്ര ചെലവിന്റെ ഒരു ശതമാനം

ഭരണച്ചെലവുകൾ, നിരീക്ഷണം, വിലയിരുത്തൽ മുതലായവയ്ക്ക് വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് തുകയ്ക്ക് പുറമെ സംസ്ഥാനങ്ങൾക്ക് തുക അനുവദിക്കേണ്ടതായിരുന്നു. ഓഡിറ്റ് കാലയളവിൽ കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അനുവദനീയമായ ഒരു ശതമാനം ക്ലെയിം ചെയ്യാനുള്ള നിർദ്ദേശങ്ങളൊന്നും കേരള സർക്കാർ സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇക്കാരണത്താൽ, 2017-22 കാലയളവിൽ, പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതികളുടെ നിരീക്ഷണത്തിനും സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെയുള്ള വിലയിരുത്തലിനും ഉപയോഗിക്കാമായിരുന്ന ₹96.65 ലക്ഷം സംസ്ഥാനത്തിന് നഷ്ടപ്പെട്ടു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), എസ്‌സിഎസ്‌ടി വികസന വകുപ്പ്, സ്പെഷ്യൽ സെക്രട്ടറി, അടുത്തിടെ (2023 മാർച്ച്) ഭരണച്ചെലവുകൾക്കു മാത്രമായൊരു എസ്‌എൻഎ തുറന്നിട്ടുണ്ടെന്നും പുതിയ എസ്‌എൻഎ പ്രവർത്തനക്ഷമമായാൽ, ഭരണച്ചെലവുകൾക്കുള്ള ഫണ്ട് ക്ലെയിം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുമെന്നും പ്രസ്താവിച്ചു.

### 3.4.4. ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടത്താത്തത് (സംസ്ഥാന പോസ്റ്റ്-മെട്രിക് എസ്‌സി പദ്ധതി)

കേരള ബജറ്റ് മാനുവലിന്റെ ഖണ്ഡിക 74(1) പ്രകാരം, എല്ലാ ഡ്രോയിംഗ് ഓഫീസർമാരും തെറ്റായ വർഗ്ഗീകരണം, തിരിമറി, പണാപഹരണം തുടങ്ങിയവ കണ്ടെത്തുന്നതിന് ട്രഷറിയിലും അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) യുടെ ഓഫീസിലും ബുക്ക് ചെയ്തിട്ടുള്ള കണക്കുകളുമായി പ്രതിമാസ വകുപ്പുതല ചെലവുകളുടെ കണക്കുകൾ പൊരുത്തപ്പെടുത്തണം. പോസ്റ്റ്-മെട്രിക് പദ്ധതികളെ സംബന്ധിച്ചിടത്തോളം 2017-22 കാലയളവിൽ എസ്‌സി ഡയറക്ടറേറ്റ് കേരളത്തിലെ എജി (എ ആന്റ് ഇ) ഓഫീസ് ബുക്ക് ചെയ്ത ചെലവ് കണക്കുകളുമായി, വകുപ്പുതല ചെലവുകളെ പൊരുത്തപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2017-22 കാലയളവിലെ എല്ലാ വർഷങ്ങളിലും ഡയറക്ടറേറ്റ് റിപ്പോർട്ട് ചെയ്ത ചെലവ് കണക്കുകളും എജി (എ ആന്റ് ഇ) ഓഫീസ് ബുക്ക് ചെയ്തവയും തമ്മിൽ ₹അഞ്ച് ലക്ഷം മുതൽ ₹എട്ട് ലക്ഷം വരെയുള്ള തുകയ്ക്കുള്ള പൊരുത്തക്കേടുകൾ ഉണ്ടായിരുന്നു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), തീർപ്പാക്കാത്ത ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ ആരംഭിക്കുമെന്ന്, എസ്‌സിഎസ്‌ടി വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഉറപ്പ് നൽകി.

## 3.5. പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതികളുടെ നിർവ്വഹണം

### 3.5.1. പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ സ്ഥാപനങ്ങളിൽ തീർപ്പാക്കാത്തത് - കേന്ദ്ര/സംസ്ഥാന പദ്ധതികൾ

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകളുടെ നിർവ്വഹണം ഇ-ഗ്രാന്റ്സ് പോർട്ടൽ വഴിയാണ് ചെയ്യുന്നിരുന്നത്. തിരഞ്ഞെടുത്ത ജില്ലകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ, **പട്ടിക 3.7**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ പോസ്റ്റ്-മെട്രിക് തലത്തിൽ 461 അപേക്ഷകൾ[50] (2018-19 മുതൽ 2020-21 വരെ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു (2022 ജൂൺ).

**പട്ടിക 3.7 : തിരഞ്ഞെടുത്ത ജില്ലകളിലെ സ്ഥാപനങ്ങളിൽ തീർപ്പാക്കാത്ത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ**

| ജില്ല | 2018-19* | 2019-20 | 2020-21** | ആകെ |
|---|---|---|---|---|
| എറണാകുളം | 41 | 60 | 62 | 163 |
| കൊല്ലം | 54 | 41 | 46 | 141 |
| കോഴിക്കോട് | 25 | 43 | 34 | 102 |
| വയനാട് | 17 | 16 | 22 | 55 |
| **ആകെ** | **137** | **160** | **164** | **461** |

*(ഉറവിടം: സി-ഡിറ്റ് നൽകിയ ഇ-ഗ്രാന്റ്സ് പോർട്ടൽ ഡാറ്റ)*

* ഇ-ഗ്രാന്റ്സ് 3.0 2018-19 അധ്യയന വർഷത്തിൽ ആരംഭിച്ചതിനാൽ, 2017-18-ലെ ഡാറ്റ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. ആധികാരികത പരിശോധിക്കാൻ ഇ-ഗ്രാന്റ്സിന്റെ മുൻ പതിപ്പുകൾ ലഭ്യമല്ലായിരുന്നു.

** 2020-25-ൽ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ (2021 മാർച്ച്) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. അതിന് സോഫ്റ്റ്‌വെയർ അപ്ഡേഷനും എൻഎസ്പി/പിഎഫ്എംഎസുമായി സംയോജനവും ആവശ്യമാണ്. അതിനാൽ, 2021-22-ൽ പുതിയ മോഡ്യൂളിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വാഭാവികമായും കാലതാമസമുണ്ടായി. അതുകൊണ്ട് 2021-22 ലെ ഡാറ്റ വിശകലനത്തിനായി പരിഗണിച്ചില്ല.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[51] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, വിദ്യാർത്ഥികൾ പഠനം നിർത്തിയത്, ഹാജരിലെ കുറവ്, റ്റിസി നൽകിയത്, അലവൻസുകൾക്ക് അർഹതയില്ലാതിരുന്നത് തുടങ്ങിയ കാരണങ്ങളാൽ 19 വിദ്യാർത്ഥികളുടെ അപേക്ഷകൾ, വിദ്യാർത്ഥികൾ രേഖകൾ സമർപ്പിക്കാത്തതു മൂലമുള്ള 17 കേസുകൾ, ക്ലറിക്കൽ പിശക് മൂലമുള്ള നാല് കേസുകൾ, വിദ്യാർത്ഥി കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കാത്തത് മൂലമുള്ള മൂന്ന് കേസുകൾ, കോഴ്സ് ആരംഭിക്കാൻ വൈകിയതിനാൽ രണ്ട് കേസുകൾ, വിദ്യാർത്ഥി സ്ഥാപനത്തിൽ ഇല്ലാത്തതിനാലും, പ്രത്യേക കാരണം പറയാതെയും ഓരോ കേസുകൾ വീതം എന്നിവയിൽ അപേക്ഷകൾ അംഗീകരിച്ചില്ലെന്ന് സ്ഥാപനങ്ങൾ പ്രസ്താവിച്ചു.

---

50 തിരഞ്ഞെടുത്ത ജില്ലകളിൽ 2018-21 കാലയളവിൽ അപേക്ഷിച്ചത് 1,32,686 വിദ്യാർത്ഥികൾ ആണ്

51 തിരഞ്ഞെടുത്ത നാല് ജില്ലകളിലെ 22 തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ 47 കേസുകൾ കാണപ്പെട്ടു

സ്കോളർഷിപ്പുകൾ യഥാസമയം അനുവദിക്കുന്നതിന് വകുപ്പിനെ പ്രാപ്തമാക്കുന്നതിന് കൃത്യസമയത്ത് അപേക്ഷ രജിസ്റ്റർ ചെയ്യുകയും അയയ്ക്കുകയും ചെയ്യേണ്ടത് വിദ്യാർത്ഥിയുടെയും സ്ഥാപനത്തിന്റെയും സംയുക്ത ഉത്തരവാദിത്തമാണെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നാൽ, പല വിദ്യാർത്ഥികളും യഥാസമയം ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാതിരിക്കുകയും ചില കേസുകളിൽ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ അയയ്ക്കുന്നതിലെ സ്ഥാപനങ്ങളുടെ അനാസ്ഥ കാരണം താമസമുണ്ടാകുകയും ചെയ്തു. കൂടാതെ, പോർട്ടലിലെ സാങ്കേതിക പ്രശ്നങ്ങൾ സി-ഡിറ്റ് പരിഹരിക്കാത്തത് കാരണം ചില കേസുകളിൽ അപേക്ഷകൾ അയയ്ക്കാൻ കഴിഞ്ഞില്ല. എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ അറിയിച്ചു.

ഒരു വിദ്യാർത്ഥി ഇ-ഗ്രാന്റ്സ് വഴി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ, ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന സ്ഥാപനതലത്തിൽ ക്ലെയിമുകൾ തീർപ്പാകാതെ കിടക്കുന്നത് നിരീക്ഷിക്കാൻ ഡയറക്ടറേറ്റിന് സംവിധാനമുണ്ടായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ ഓരോ തലത്തിലും അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിലെ താമസം സർക്കാർ നിരീക്ഷിക്കുകയും അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ഒരു സംവിധാനം വികസിപ്പിച്ചെടുക്കുകയും വേണം.

### 3.5.2. ഡയറക്ടറേറ്റിൽ പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് അപേക്ഷകൾ പ്രോസസ്സ് ചെയ്യാത്തത് - കേന്ദ്ര, സംസ്ഥാന പദ്ധതികൾ

ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ **പട്ടിക 3.8**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ തിരഞ്ഞെടുത്ത ജില്ലകളിലെ 2018-21 കാലയളവുമായി ബന്ധപ്പെട്ട 785 പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ സ്ഥാപനത്തിന്റെയും ജില്ലാ ഓഫീസിന്റെയും അംഗീകാരത്തിന് ശേഷം പണം നൽകാതെ ഡയറക്ടറേറ്റിൽ (2022 ജൂൺ) തീർപ്പാക്കാതെ കിടക്കുന്നതായി കാണപ്പെട്ടു.

**പട്ടിക 3.8: ഡയറക്ടറേറ്റിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നത്**

| ജില്ല | 2018-19 | 2019-20 | 2020-21 | ആകെ |
|---|---|---|---|---|
| എറണാകുളം | 124 | 92 | 110 | 326 |
| കൊല്ലം | 62 | 83 | 167 | 312 |
| കോഴിക്കോട് | 19 | 46 | 72 | 137 |
| വയനാട് | 1 | 5 | 4 | 10 |
| **ആകെ** | **206** | **226** | **353** | **785** |

*(ഉറവിടം: സി-ഡിറ്റ് നൽകിയ ഇ-ഗ്രാന്റ്സ് പോർട്ടൽ ഡാറ്റ)*

സ്ഥാപനങ്ങൾക്ക് മതിയായ സമയം നൽകി 2020-21 വരെ തീർപ്പാക്കാതെ കിടന്ന അപേക്ഷകളും ഇപ്പോൾ തീർപ്പാക്കിയതായി സർക്കാർ പ്രസ്താവിച്ചു (2023 ജൂൺ). പേയ്മെന്റിനായി ഡയറക്ടറേറ്റിൽ ലഭിച്ച എല്ലാ അപേക്ഷകളും പ്രോസസ്സ് ചെയ്തുവെന്നും എന്നാൽ സാങ്കേതിക പിഴവുകൾ മൂലം ചില ക്ലെയിമുകളുടെ തൽസ്ഥിതി

''നോട്ട് പ്രൊസസ്ഡ്'' എന്നാണ് കാണിക്കുന്നതെന്നും പിശക് തിരുത്താൻ സി-ഡിറ്റിനെ അറിയിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചു. സർക്കാർ മറുപടിക്ക് ശേഷം, ഓഡിറ്റ് ഈ പ്രശ്നം വീണ്ടും പരിശോധിച്ചപ്പോൾ ക്ലെയിമുകൾ ഇപ്പോഴും " നോട്ട് പ്രൊസസ്ഡ് " എന്ന് കാണിക്കുന്നതും ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകാതിരുന്നതും ശ്രദ്ധയിൽപ്പെട്ടു.

### 3.5.3. പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം – കേന്ദ്ര സംസ്ഥാന പദ്ധതികൾ

ഫീസ് അടയ്ക്കൽ, സ്ഥാപനങ്ങൾക്കുള്ള ബോർഡിംഗ് ചാർജ്ജുകൾ, ലംപ്സം ഗ്രാന്റ്, വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ പേയ്മെന്റുകൾ എന്നിവയിലൂടെ വിദ്യാഭ്യാസ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുക എന്നതായിരുന്നു എസ്‌സിഡിഡിയുടെ ഒരു പ്രധാന ദൗത്യം. സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുക എന്നതായിരുന്നു ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതിന്റെ ലക്ഷ്യങ്ങളിലൊന്ന്. എന്നിരുന്നാലും, തിരഞ്ഞെടുത്ത ജില്ലകളിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിൽ ഒന്നു മുതൽ അഞ്ച് വർഷങ്ങൾ വരെ (വിതരണം ചെയ്യാനുള്ള തീയതി മുതൽ) കാലതാമസം ഉണ്ടായതായി നിരീക്ഷിച്ചു. സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ട കേസുകളുടെ എണ്ണം (2022 ജൂൺ) ഇപ്രകാരമാണ് – 79,070 കേസുകളിൽ ഒന്നു മുതൽ രണ്ട് വർഷങ്ങൾ വരെ, 9,006 കേസുകളിൽ രണ്ട് മുതൽ മൂന്ന് വർഷങ്ങൾ വരെ, 729 കേസുകളിൽ മൂന്ന് മുതൽ നാല് വർഷങ്ങൾ വരെ, ഒരു കേസിൽ നാല് മുതൽ അഞ്ച് വർഷങ്ങൾ വരെ. വിശദാംശങ്ങൾ **അനുബന്ധം 3.1**-ൽ നൽകിയിരിക്കുന്നു.

ഗുണഭോക്തൃ സർവ്വേയിൽ, അധ്യയന വർഷത്തിന്റെ തുടക്കത്തിൽ പ്രീ/പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലായിരുന്നുവെന്ന് 316 പട്ടികജാതി വിദ്യാർത്ഥികളിൽ 195 പേർ പ്രസ്താവിച്ചു.

കൂടാതെ, പോക്കറ്റ് മണി, പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകൾ തുടങ്ങിയ ഘടകങ്ങൾ, സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദൈനംദിന ചെലവുകൾക്കും താമസ നിരക്കുകൾക്കുമായി ഉദ്ദേശിച്ചുള്ളതാണ്. സ്കോളർഷിപ്പിന്റെ ഈ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലുണ്ടായ കാലതാമസം, ഹോസ്റ്റൽ ഫീസ് അടയ്ക്കുന്നതിന് ഇതര വരുമാന സ്രോതസ്സുകൾ കണ്ടെത്താൻ വിദ്യാർത്ഥികളെ നിർബന്ധിതരാക്കുന്നു. ഇത് പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

ദുർബല വിഭാഗങ്ങളുടെ, പ്രത്യേകിച്ച്, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങൾ പ്രത്യേക ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കണമെന്ന് ഭരണഘടനയുടെ ഭാഗം IV-ലെ രാഷ്ട്ര നയത്തിന്റെ നിർദ്ദേശക തത്ത്വങ്ങൾ എന്നതിലെ അനുച്ഛേദം 46-ൽ നിർദ്ദേശിക്കുന്നു. കേരളത്തിലെ

മൊത്തം ജനസംഖ്യയുടെ സുപ്രധാന ഭാഗമായ 55.52 ശതമാനവും പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ വിഭാഗങ്ങളായിരുന്നു. എൻറോൾമെന്റ് യാഥാർത്ഥ്യമാക്കുക, വിദ്യാഭ്യാസ കാലത്തെ കൊഴിഞ്ഞുപോക്ക് നിരക്കുകൾ കുറയ്ക്കുക, വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കേന്ദ്ര/സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് പദ്ധതികൾ നടത്തുന്നത്. പദ്ധതിയുടെ വികലമായ നടപ്പാക്കൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഭരണഘടന അനുശാസിക്കുന്നതു പ്രകാരം വിദ്യാഭ്യാസ-സാമ്പത്തിക താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തും.

വിദ്യാർത്ഥികൾ നൽകിയതോ സ്ഥാപനങ്ങൾ അയച്ചതോ ആയ അപേക്ഷകൾ ജില്ലാ ഓഫീസുകൾ അംഗീകരിക്കുകയും അയയ്ക്കുകയും ചെയ്തതിന് ശേഷമാണ് ഡയറക്ടറേറ്റിൽ തുക വിതരണം നടത്തിയതെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). നടപ്പുവർഷത്തെ ക്ലെയിമുകൾക്ക് മുൻഗണന നൽകിക്കൊണ്ട് മുൻവർഷങ്ങളിലെ ക്ലെയിമുകളും നടപ്പുവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് നൽകിയിട്ടുണ്ട്. കൂടാതെ, ബജറ്റ് വിഭാഗം നിശ്ചയിച്ച പരിധി മൂലവും ട്രഷറി നിയന്ത്രണങ്ങളിലൂടെയും ഫണ്ട് അനുവദിക്കുന്നതിനുണ്ടായ താൽക്കാലിക നിരോധനം കാലതാമസത്തിനു കാരണമായിരുന്നിരിക്കാം എന്നും പ്രസ്താവിച്ചു.

അങ്ങനെ, കൃത്യസമയത്ത് സ്കോളർഷിപ്പ് നൽകുകയെന്ന ലക്ഷ്യം പരാജയപ്പെട്ടുവെന്നും ഇ-ഗ്രാന്റ്സ് സോഫ്റ്റ്വെയർ നടപ്പിലാക്കിയതിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് കൈവരിക്കാനായില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 3.5.4. അസാധുവായ ബാങ്ക് അക്കൗണ്ടിന്റെ പേരിൽ സ്കോളർഷിപ്പ് ലഭിക്കാത്തത്

ആർബിഐയുടെ ഇ-കുബേർ പോർട്ടലിൽ പേയ്മെന്റ് നിരസിക്കപ്പെടുമ്പോൾ പിന്തുടരേണ്ട വിശദമായ നടപടിക്രമം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.5.3-ൽ നൽകിയിരിക്കുന്നു. തിരഞ്ഞെടുത്ത ജില്ലകളിലെ എസ്‌സി പോസ്റ്റ്-മെട്രിക് (കേന്ദ്ര സംസ്ഥാന) സ്കോളർഷിപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, തെറ്റായ ബാങ്ക് അക്കൗണ്ട്/ഐഎഫ്എസ് കോഡ് മൂലം ₹43.14 ലക്ഷം ഉൾപ്പെടുന്ന 7,438 ഇടപാടുകൾ[52] നിരസിക്കപ്പെട്ടതായും ഡയറക്ടറേറ്റിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറിന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥ കാരണം 2018-21 കാലയളവിൽ സർക്കാർ അക്കൗണ്ടിലേക്ക് അത്രയും തുക തിരികെ വന്നതായും ഓഡിറ്റ് നിരീക്ഷിച്ചു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ പ്രശ്നം പരിശോധിക്കുമ്പോൾ, തുക യഥാർത്ഥത്തിൽ വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ സോഫ്റ്റ്വെയറിൽ വ്യവസ്ഥയില്ലെന്ന് സ്ഥാപനങ്ങൾ അറിയിച്ചു. പോർട്ടലിൽ "പേയ്മെന്റ് ഇനീഷ്യേറ്റഡ്" എന്ന് പ്രദർശിപ്പിക്കുന്ന സന്ദർഭങ്ങളിൽ, പോർട്ടൽ ക്രെഡിറ്റ് വിവരങ്ങൾ പ്രദർശിപ്പിക്കാത്തതിനാൽ സ്കോളർഷിപ്പ്

52 2018-21 കാലയളവിലെ ആകെ ഇടപാടുകൾ 12,28,595 ആയിരുന്നു

യഥാർത്ഥത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് സ്ഥാപനങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ല.

ഇടപാടുകളുടെ എണ്ണം ലക്ഷക്കണക്കിനായതിനാൽ ഓരോ പേയ്മെന്റും നിരീക്ഷിക്കുന്നത് വകുപ്പിന് പ്രായോഗികമായി സാധ്യമല്ലെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). സ്കോളർഷിപ്പ് തുക ബാങ്ക് നിരസിക്കുന്ന സന്ദർഭത്തിൽ വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈൽ പരിശോധിക്കണമെന്ന് അറിയിക്കുന്നതിനായി ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിന്ന് ഒരു ഓട്ടോ ജനറേറ്റഡ് എസ്എംഎസ് സേവനം ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു.

നേരത്തെ തന്നെ ക്ലെയിമുകൾ നിരസിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന്റെ സാധ്യതയെക്കുറിച്ച് മറുപടി നിശബ്ദമായിരുന്നു.

വിദ്യാർത്ഥികളെയും വകുപ്പിനെയും ബന്ധിപ്പിക്കുന്ന ഘടകമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ, സ്ഥാപനങ്ങൾ അംഗീകരിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയാൻ ഇ-ഗ്രാന്റ്സിൽ ഒരു സംവിധാനം ഉണ്ടായിരിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 3.5.5. വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് - സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നതിൽ ശ്രദ്ധിക്കപ്പെട്ട പൊരുത്തക്കേടുകൾ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനത്തിനായി സാമ്പത്തിക സഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ ഉയർന്ന മുൻഗണന നൽകുന്നു. അതനുസരിച്ച്, പ്രശ്നരഹിതവും സുതാര്യവുമായി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ (2017 ഒക്ടോബർ) രൂപീകരിച്ചു.

വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് ഇന്ത്യക്ക് പുറത്ത് ഉപരിപഠനത്തിനുള്ള മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പായിരുന്നു. കഴിവുള്ളവരും മികവുറ്റവരുമായ വിദ്യാർത്ഥികളെ കൂടുതൽ വിശാലമായൊരു വിജ്ഞാന മേഖലയിലേക്ക് പ്രവേശിപ്പിക്കുന്നതിനും അവരുടെ പ്രവൃത്തികളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും വേണ്ടി വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് സഹായിക്കുവാനായിട്ടാണ് ഇത് വിഭാവനം ചെയ്തത്.

പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള അർഹത നേടുന്നതിന്, വിദ്യാർത്ഥി യോഗ്യതാ ബിരുദ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടുകയും, കേരളത്തിലെ താമസക്കാരനുമായിരിക്കണം. കൂടാതെ, അപേക്ഷിക്കുന്ന തീയതിയിൽ 35 വയസ്സിന് താഴെയുമായിരിക്കണം.

വിദ്യാർത്ഥിയുടെയും മാതാപിതാക്കളുടെയും വാർഷിക കുടുംബ വരുമാനത്തെ അടിസ്ഥാനമാക്കി, **പട്ടിക 3.9**-ൽ കാണിച്ചിരിക്കുന്നതുപോലെ മൂന്ന് സ്ലാബുകൾ നിശ്ചയിച്ചിരുന്നു.

**പട്ടിക 3.9 : വാർഷിക കുടുംബ വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള മൂന്ന് സ്ലാബുകൾ**

| എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക കുടുംബ വരുമാനം | പദ്ധതിയുടെ കീഴിൽ വരുന്ന ചെലവുകൾ |
|---|---|
| ₹12 ലക്ഷം വരെ | താമസവും ജീവിതച്ചെലവും ഇക്കോണമി ക്ലാസിലെ വിമാന യാത്രാ ചെലവുകളും ഉൾപ്പെടെ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ എല്ലാ ചെലവുകളും നിറവേറ്റുന്നതിനുള്ള മുഴുവൻ സ്കോളർഷിപ്പും |
| ₹12 ലക്ഷത്തിനും ₹20 ലക്ഷത്തിനും ഇടയിൽ | ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ ട്യൂഷൻ ഫീസ്, വിസ നിരക്കുകൾ, അനുവദനീയമായ വിമാന നിരക്ക്, മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം എന്നിവയ്ക്കൊപ്പം താമസത്തിന്റെയും ജീവിതച്ചെലവിന്റെയും 50 ശതമാനവും |
| ₹20 ലക്ഷത്തിന് മുകളിൽ | ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ യഥാർത്ഥ ട്യൂഷൻ ഫീസിന് മാത്രമേ അർഹതയുള്ളൂ |

*(ഉറവിടം: 2017 ഒക്ടോബർ 04 ലെ എസ്സിഎസ്റ്റി വികസന വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്)*

**പട്ടിക 3.10**-ൽ പറയുന്ന ഏതെങ്കിലും സ്ട്രീമുകളിൽ നിന്നുള്ള ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് തുല്യമായി കണക്കാക്കുന്ന ബിരുദാനന്തര ഡിപ്ലോമ, എംഫിലും തത്തുല്യവും, പിഎച്ച്ഡി, പോസ്റ്റ്-ഡോക്ടറൽ പ്രോഗ്രാമുകൾ എന്നിവയാണ് പദ്ധതിയുടെ കീഴിൽ വരുന്ന കോഴ്സുകൾ.

**പട്ടിക 3.10 : പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ കോഴ്സുകൾ**

| വിഭാഗം | മേഖലകൾ/ വിഷയങ്ങൾ |
|---|---|
| എ വിഭാഗം | പ്യുവർ സയൻസ്, മാനേജ്മെന്റ് ആൻഡ് ബിസിനസ് അഡ്മിനിസ്ട്രേഷൻ, എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, അപ്ലൈഡ് സയൻസ്, കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, ആതിഥേയ രാജ്യത്തിന്റെ ഭാഷ |
| ബി വിഭാഗം (ഇന്ത്യയിൽ ലഭ്യമല്ലാത്ത കോഴ്സുകൾ) | സോഷ്യൽ സയൻസ് ആൻഡ് ഹ്യുമാനിറ്റീസ്, കൊമേഴ്സ്, ആർട്സ്, ഫൈൻ ആർട്സ്, സംഗീതവും അനുബന്ധ വിഷയങ്ങളും, നിയമം |

*(ഉറവിടം: 2017 ഒക്ടോബർ 04 ലെ എസ്സിഎസ്റ്റി വികസന വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്)*

കേരള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുകയും (2019 മാർച്ച്)[53] വിദ്യാർത്ഥിയ്ക്കുള്ള മൊത്തം ഗ്രാന്റ് തുക ₹25 ലക്ഷമായി പരിമിതപ്പെടുത്തുകയും ചെയ്തു. ഇത് വിദ്യാർത്ഥിയുടെ അഭ്യർത്ഥന പ്രകാരം ഒറ്റത്തവണയായി നൽകാവുന്നതാണ്.

ആവശ്യമായ രേഖകൾ സഹിതമുള്ള വിദ്യാർത്ഥിയുടെ അപേക്ഷ എസ്സിഡിഡി ഡയറക്ടർ പരിശോധിക്കേണ്ടതും ക്രമപ്രകാരമുള്ളതാണെന്ന് കണ്ടെത്തിയാൽ, സ്കോളർഷിപ്പിന്റെ താൽക്കാലിക അനുമതിയെക്കുറിച്ച് വിദ്യാർത്ഥിക്ക് ഒരു അറിയിപ്പ് നൽകേണ്ടതുമാണ്.

53 2019 മാർച്ചിന് മുമ്പ് നിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പരിധിയില്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചത്.

2017-22 കാലയളവിൽ സർക്കാർ ₹24.20 കോടി ചെലവഴിക്കുകയും സംസ്ഥാനത്തെ 157 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയും ചെയ്തു.

2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ പദ്ധതി രേഖകൾ ഓഡിറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്നവ വെളിപ്പെട്ടു:

- പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ടൈംസ് ഹയർ എഡ്യുക്കേഷൻ ലോക സർവ്വകലാശാലാ റാങ്കിംഗ്[54] പ്രകാരമുള്ള ആദ്യ 500 റാങ്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സർവ്വകലാശാലകളിലെയോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയോ കോഴ്സുകൾക്കനുസരിച്ച് സ്കോളർഷിപ്പ് പരിമിതപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കാത്ത സർവ്വകലാശാലകളിൽ[55] പഠിക്കുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് ₹53.40 ലക്ഷത്തിന്റെ സ്കോളർഷിപ്പ് അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

- ബി-വിഭാഗത്തിൽപ്പെടുന്ന കോഴ്സുകൾ ഇന്ത്യയിൽ ലഭ്യമായിരിക്കരുതെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ഇന്ത്യയിൽ ലഭ്യമായ കോഴ്സുകൾ[56] തിരഞ്ഞെടുത്ത അഞ്ച് വിദ്യാർത്ഥികൾക്ക് ₹79.11 ലക്ഷത്തിന്റെ സ്കോളർഷിപ്പ് എസ്സിഡിഡി ഡയറക്ടർ അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

- വിദ്യാർത്ഥിയുടെ പ്രകടനത്തിന്റെ പ്രോഗ്രസ് റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ രണ്ടാം ഗഡു അല്ലെങ്കിൽ തുടർന്നുള്ള ഗഡുക്കൾ അനുവദിക്കാവൂ എന്ന് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. എന്നിരുന്നാലും, രണ്ടാം ഗഡു അനുവദിച്ച തിരഞ്ഞെടുത്ത 50 വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ, മൂന്ന് വിദ്യാർത്ഥികൾ മാത്രമാണ് അക്കാദമിക് പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് കണ്ടെത്തി.

- സർക്കാർ ധനസഹായം നൽകുന്ന വിദ്യാർത്ഥികളുടെ അക്കാദമിക് പ്രോഗ്രസ് നിരീക്ഷിക്കാത്ത സാഹചര്യത്തിൽ, സ്കോളർഷിപ്പ് നൽകിയ വിദ്യാർത്ഥികൾ വിജയകരമായി പഠനം പൂർത്തിയാക്കിയെന്ന് ഉറപ്പാക്കാൻ വകുപ്പിന് കഴിഞ്ഞില്ല.

- ഡിജിറ്റൽ മോഡ് വഴി പദ്ധതി നടപ്പാക്കുന്നതിന് ഇ-ഗ്രാന്റ്സ് 3.0 സോഫ്റ്റ് വെയറിൽ സംവിധാനമുണ്ടായിരുന്നെങ്കിലും വകുപ്പ് ഇക്കാര്യത്തിൽ നടപടിയെടുത്തിട്ടില്ല. ഒരു ഡാറ്റാബേസിന്റെ അഭാവത്തിൽ, പദ്ധതിയുടെ

[54] അപേക്ഷിക്കുന്ന വർഷം ലഭ്യമായ ഏറ്റവും പുതിയ റാങ്ക് ലിസ്റ്റ് ആണ് പരിഗണിക്കേണ്ടത്.

[55] ഗ്രീൻവിച്ച് സർവ്വകലാശാല (2021-ൽ 600 നും 800 നും ഇടയിൽ റാങ്ക്), നോർത്താംപ്ടൺ സർവ്വകലാശാല, യുണൈറ്റഡ് കിങ്ഡം (റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല).

[56] എംഎസ്സി സൈക്കോളജി, എംഎ സോഷ്യൽ പോളിസി, മാസ്റ്റർ ഓഫ് ലബോറട്ടറി മെഡിസിൻ, എംഎ ക്രിയേറ്റീവ് റൈറ്റിംഗ് പോയെട്രി, എം എസ് സി മാർക്കറ്റിംഗ്.

സാമ്പത്തികവും ഭൗതികവുമായ വശങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും പ്രയാസകരമായിരുന്നു.

ഓഡിറ്റ് കണ്ടെത്തലുകൾ സർക്കാർ അംഗീകരിക്കുകയും ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി)[57]യെ കൺസൾട്ടന്റായി ചുമതലപ്പെടുത്താൻ നിർദ്ദേശിക്കുന്ന പദ്ധതിയുടെ സമഗ്രമായ നവീകരണം വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ടെന്ന് പ്രസ്താവിക്കുകയും ചെയ്തു (2023 ജൂൺ). കൂടാതെ, പദ്ധതിയുടെ നവീകരണത്തിലൂടെ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച എല്ലാ പോരായ്മകളും ഇല്ലാതാക്കുവാൻ വകുപ്പിന് കഴിയുമെന്നും പ്രത്യാശ പ്രകടിപ്പിച്ചു.

### 3.5.6. പോസ്റ്റ്-മെട്രിക് എസ്‌സി വിദ്യാർത്ഥികൾക്കുള്ള ബുക്ക് ബാങ്ക് പദ്ധതി നടപ്പിലാക്കിയതിലെ പോരായ്മകൾ - കേന്ദ്ര പദ്ധതി

കേന്ദ്രാവിഷ്കൃതപദ്ധതിയ്ക്ക് കീഴിലുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ട് പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ അംഗീകൃത മെഡിക്കൽ, എഞ്ചിനീയറിംഗ്, കാർഷികം, നിയമം, വെറ്റിനറി ബിരുദ കോളേജുകളിലും ചാർട്ടേഡ് അക്കൗണ്ടൻസി, എംബിഎ, സമാനമായ മാനേജ്മെന്റ് കോഴ്സുകൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങളിലും പോളിടെക്നിക്കുകളിലും ബുക്ക് ബാങ്കുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള 100 ശതമാനം കേന്ദ്രസഹായത്തോടെയുള്ള പദ്ധതിയാണ് ബുക്ക് ബാങ്ക് പദ്ധതി. 2010-ലും 2018-ലും കേന്ദ്ര സർക്കാരിന്റെ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പട്ടികജാതി വിദ്യാർത്ഥികൾക്ക് മുഴുവൻ കോഴ്സുകൾക്കും വേണ്ടുന്ന നിർദ്ദിഷ്ട പാഠപുസ്തകങ്ങൾ നൽകേണ്ടതാണ്. ഈ പുസ്തകങ്ങൾ കോഴ്സ്, സെമസ്റ്റർ ഘടന മുതലായവ അനുസരിച്ച് തവണകളായി വിതരണം ചെയ്യേണ്ടതാണ്. വിവിധ കോഴ്സുകൾക്കുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്ര ധനസഹായം ചുവടെയുള്ള **പട്ടിക 3.11**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.11 : പുസ്തകങ്ങളുടെ വിലയുടെയും പങ്കിടൽ മാനദണ്ഡത്തിന്റെയും കോഴ്സ് തിരിച്ചുള്ള വിശദാംശങ്ങൾ**

| കോഴ്സ് | പുസ്തകങ്ങളുടെ വിലയും പങ്കിടൽ മാനദണ്ഡവും |
|---|---|
| മെഡിക്കൽ, എഞ്ചിനീയറിംഗ് ബിരുദ കോഴ്സുകൾ | രണ്ട് വിദ്യാർത്ഥികൾക്ക് ഒരു സെറ്റിന് ₹7500 |
| വെറ്റിനറി ബിരുദ കോഴ്സുകൾ | രണ്ട് വിദ്യാർത്ഥികൾക്ക് ഒരു സെറ്റിന് ₹5000 |
| അഗ്രികൾച്ചർ ബിരുദ കോഴ്സുകൾ | രണ്ട് വിദ്യാർത്ഥികൾക്ക് ഒരു സെറ്റിന് ₹4500 |
| പോളിടെക്നിക് | രണ്ട് വിദ്യാർത്ഥികൾക്ക് ഒരു സെറ്റിന് ₹2400 |
| മേൽപ്പറഞ്ഞ വിഷയങ്ങളിലെ എല്ലാ പിജി കോഴ്സുകൾക്കും, നിയമം, എംബിഎ, ചാർട്ടേഡ് അക്കൗണ്ടൻസി, ബയോ സയൻസ് | ഒരു വിദ്യാർത്ഥിക്ക് ഒരു സെറ്റിന് ₹5000 |

*(ഉറവിടം: ബുക്ക് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം)*

57 ഒഡിഇപിസി ഒരു കേരള സർക്കാർ സംരംഭമാണ്.

സംസ്ഥാനത്തെ അർഹരായ പട്ടികജാതി ഗുണഭോക്താക്കൾക്കായി പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസ് കേരള സർക്കാരിന്റെ പട്ടികജാതി വികസന ഡയറക്ടറേറ്റ് ആയിരുന്നു. പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

### 3.5.6.1 ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തൽ

ഓഡിറ്റ് കാലയളവിൽ പദ്ധതിക്ക് കീഴിലുള്ള ഗുണഭോക്താക്കളുടെ കവറേജ് **പട്ടിക 3.12**-ൽ കാണിച്ചിരിക്കുന്നത് പ്രകാരമാണ്.

**പട്ടിക 3.12 ലഭ്യമായ ഫണ്ടുകളുടെ വിശദാംശങ്ങളും ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തലും**

| വർഷം | പുസ്തകങ്ങൾ വാങ്ങാൻ അനുവദിച്ച തുക (₹) | ഇ-ഗ്രാന്റ്സ് ഡാറ്റ പ്രകാരം അർഹരായ ഗുണഭോക്താക്കൾ | ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം (ശതമാനം) | ഉൾപ്പെടുത്തലിലെ കുറവ് |
|---|---|---|---|---|
| 2017-18 | 6340800 | - | 1919 | - |
| 2018-19 | 6780200 | 2766 | 2206 (79.75) | 560 |
| 2019-20 | 7210700 | 2784 | 1495 (53.70) | 1289 |
| 2020-21 | 4000000 | 2737 | 1343 (49.07) | 1394 |
| 2021-22 | 4000000 | 2835 | 1824 (64.34) | 1011 |

*(ഉറവിടം: ഇ-ഗ്രാന്റ്സ് ഡാറ്റയും വകുപ്പ് നൽകിയ ഗുണഭോക്തൃ വിശദാംശങ്ങളും)*

സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ട് അനുവദിക്കുമ്പോൾ, ഡയറക്ടറേറ്റ് ജില്ലാ ഓഫീസുകൾക്കും, നിർദ്ദിഷ്ട കോഴ്സിലേക്ക് പുതുതായി പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികളുടെ (ഒന്നാം വർഷം) എണ്ണം കണക്കിലെടുത്ത് ജില്ലാ ഓഫീസുകൾ സ്ഥാപനങ്ങൾക്കും ഫണ്ട് വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല. 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ ബുക്ക് ബാങ്ക് പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണവും ഇ-ഗ്രാന്റ്സിലെ അർഹരായ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണവുമായുള്ള താരതമ്യത്തിൽ നിന്നും, ഗുണഭോക്താക്കളുടെ കവറേജ് 49.07 ശതമാനം മുതൽ 79.75 ശതമാനം വരെയാണെന്ന് വെളിപ്പെട്ടു.

തിരഞ്ഞെടുത്ത നാല് ജില്ലകളിലും, ഫണ്ട് ലഭ്യമായിരുന്നെങ്കിലും പല സ്ഥാപനങ്ങളും[58] പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ലെന്ന് കണ്ടെത്തി (**അനുബന്ധം 3.2**). സ്ഥാപനതലത്തിൽ പുസ്തകങ്ങളും അലമാരകളും വാങ്ങിയതായി എസ്‌സിഡിഡി ഡയറക്ടർ മറുപടി നൽകി (2023 മാർച്ച്). അതിനാൽ, സ്ഥാപനങ്ങൾ നൽകിയ അർഹരായ വിദ്യാർത്ഥികളുടെ പട്ടികയുടെ ജില്ലാതല പരിശോധനയ്ക്ക് ശേഷമാണ് ഫണ്ട് അനുവദിച്ചത്. ഇ-ഗ്രാന്റ്സ് പോർട്ടലിൽ സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമായതിനാലും ബുക്ക്

[58] കോഴിക്കോട് ജില്ലയിൽ 10 സ്ഥാപനങ്ങളുള്ളതിൽ 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ യഥാക്രമം ആറ്, ഒൻപത്, ഏഴ് സ്ഥാപനങ്ങൾ പദ്ധതിയുടെ പരിധിയിൽ വന്നില്ല. വയനാട് ജില്ലയിൽ ആറ് സ്ഥാപനങ്ങളുള്ളതിൽ 2018-19, 2019-20, 2021-22 വർഷങ്ങളിൽ യഥാക്രമം രണ്ട്, രണ്ട്, ഒന്ന് സ്ഥാപനങ്ങൾ പദ്ധതിയുടെ പരിധിയിൽ വന്നില്ല. എറണാകുളം ജില്ലയിൽ 16 സ്ഥാപനങ്ങളുള്ളതിൽ 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിൽ യഥാക്രമം അഞ്ച്, അഞ്ച്, 12, 13 സ്ഥാപനങ്ങൾ പദ്ധതിയുടെ പരിധിയിൽ വന്നില്ല. കൊല്ലം ജില്ലയിൽ എട്ട് സ്ഥാപനങ്ങളുള്ളതിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ യഥാക്രമം രണ്ട്, നാല്, നാല് സ്ഥാപനങ്ങൾ പദ്ധതിയുടെ പരിധിയിൽ വന്നില്ല.

ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാലും വകുപ്പ്, സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരമാവധി വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണമായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### *3.5.6.2. ഫണ്ട് അനുവദിക്കുന്നതിലെയും പുസ്തകങ്ങൾ വാങ്ങുന്നതിലെയും കാലതാമസം*

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ അർഹരായ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ, ഡയറക്ടറേറ്റിൽ നിന്ന് ജില്ലാ ഓഫീസുകളിലേക്കുള്ള ധനസഹായം അനുവദിക്കുന്നത് മുതൽ അർഹരായ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും മൂന്ന് മുതൽ 13 മാസങ്ങൾ വരെ കാലതാമസമുണ്ടായിരുന്നു. അധ്യയന വർഷങ്ങളുടെ അവസാനത്തിൽ ആണ് (ഫെബ്രുവരി മുതൽ മാർച്ച് വരെ) സ്ഥാപനങ്ങൾക്ക് പദ്ധതി പ്രകാരമുള്ള ധനസഹായം വിതരണം ചെയ്തത്. ജില്ലാ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ഇൻവോയ്സുകളുടെ സൂക്ഷ്മപരിശോധനയിൽ, അടുത്ത അധ്യയന വർഷത്തിൽ മാത്രമാണ് പുസ്തകങ്ങൾ വാങ്ങുന്നത് പൂർത്തിയാക്കിയതെന്നും രണ്ട് കേസുകളിൽ പുസ്തകങ്ങൾ വാങ്ങാൻ രണ്ട് മുതൽ മൂന്ന് വർഷങ്ങൾ വരെ സമയം എടുത്തത് പദ്ധതിയുടെ ലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തിയതായും ശ്രദ്ധയിൽപ്പെട്ടു. വിദ്യാർത്ഥികളുടെ പട്ടിക സമർപ്പിക്കേണ്ട സ്ഥാപനങ്ങളുടെ ഭാഗത്താണ് കാലതാമസം ഉണ്ടായതെന്ന് ഡയറക്ടർ മറുപടി നൽകി (2023 മാർച്ച്). ജില്ലാ ഓഫീസുകൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ ഡയറക്ടറേറ്റിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ കാലതാമസത്തിന് സ്ഥാപനങ്ങളാണ് ഉത്തരവാദികളെന്ന മറുപടി സ്വീകാര്യമല്ല.

### *3.5.6.3. വിദഗ്ദ്ധ സംഘം രൂപീകരിക്കാത്തത്*

ഒരു സെറ്റിൽ ഓരോ കോഴ്സിനും ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം തീരുമാനിക്കുന്നതിന് വിവിധ പ്രദേശങ്ങളിലെ തിരഞ്ഞെടുത്ത കോളേജുകളിൽ/വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള അംഗങ്ങൾ ഉൾപ്പെട്ട വിദഗ്ദ്ധ സംഘങ്ങളെ സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതായിരുന്നു. 2017-22 കാലയളവിൽ ഡയറക്ടറേറ്റ് ഇത്തരമൊരു വിദഗ്ദ്ധ സംഘത്തെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പദ്ധതി പ്രകാരം, പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സിന്റെ മുഴുവൻ കാലാവധിയിലേക്കുള്ള നിർദ്ദിഷ്ട പാഠപുസ്തകങ്ങൾ നൽകണമായിരുന്നു. തിരഞ്ഞെടുത്ത ജില്ലകളിൽ, അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടുന്ന പുസ്തകങ്ങൾ സെറ്റുകളായല്ല സ്ഥാപന മേധാവികൾ വാങ്ങിയതെന്ന് ഓഡിറ്റ് കണ്ടെത്തി. വാങ്ങിയ പുസ്തകങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സ് കാലയളവിൽ നൽകാതെ ലൈബ്രറിയിൽ റഫറൻസിന് മാത്രമായി സൂക്ഷിക്കുകയാണുണ്ടായത്. പദ്ധതിയ്ക്ക് കീഴിൽ വാങ്ങിയ പുസ്തകങ്ങൾ സ്ഥാപനത്തിന്റെ പക്കൽ സൂക്ഷിക്കുകയും അവ റഫറൻസിന് മാത്രം

വിതരണം ചെയ്യുകയും ചെയ്തുവെന്ന് എസ്‌സിഡിഡി ഡയറക്ടർ (2022 ഡിസംബർ) മറുപടി നൽകി. ഡയറക്ടർ ധനസഹായം അനുവദിച്ചു കൊണ്ട് ഇറക്കിയ ഉത്തരവുകൾ റഫറൻസ് പുസ്തകങ്ങൾ വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനമാണ്.

മേൽപ്പറഞ്ഞ സംഭവങ്ങൾ ബുക്ക് ബാങ്ക് പദ്ധതി നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അധികാരികളുടെ ഭാഗത്തു നിന്നുള്ള അലംഭാവം വ്യക്തമായി വെളിപ്പെടുത്തുന്നു. ഇത് വിദ്യാർത്ഥികളുടെ ഉപയോഗത്തിനായുള്ള നിർദ്ദിഷ്ട പാഠപുസ്തകങ്ങൾ നിഷേധിക്കുന്നതിന് കാരണമായി.

സ്ഥാപനങ്ങളുടെ ക്ലെയിമുകൾ ജില്ലാ തലത്തിൽ പരിശോധിച്ചതിന് ശേഷമാണ് പുസ്തകങ്ങൾ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചതെന്ന് സർക്കാർ വ്യക്തമാക്കി (2023 ജൂൺ). ഓഡിറ്റ് ചൂണ്ടിക്കാണിച്ച പ്രകാരം നടപ്പാക്കലിലെ കാലതാമസം പരിശോധിച്ച് ഫണ്ട് വിനിയോഗത്തിന് സമയ പരിധി ഏർപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കും. ബുക്ക് ബാങ്ക് പദ്ധതി നടത്തിപ്പിന്റെ പുരോഗതി കർശനമായി നിരീക്ഷിക്കാൻ ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകുമെന്നും സർക്കാർ പ്രസ്താവിച്ചു.

### 3.5.7. സ്കോളർഷിപ്പിന്റെ ഇരട്ട / അർഹതയില്ലാത്ത പേയ്മെന്റ്

#### *3.5.7.1. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഘടകങ്ങളുടെ ഒന്നിലധികം പേയ്മെന്റ് നടത്തിയത് – കേന്ദ്ര സംസ്ഥാന പദ്ധതികൾ*

പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകളുടെ (കേന്ദ്ര, സംസ്ഥാന) വിവിധ ഘടകങ്ങൾ **പട്ടികകൾ 3.1, 3.2, 3.3** എന്നിവയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ആവർത്തിച്ചുവരുന്ന ഒരു പ്രക്രിയ എന്ന നിലയിൽ, ഓരോ മാസവും മതിയായ ഹാജർ (ഓരോ മാസവും 75 ശതമാനം) ആവശ്യമായ സ്റ്റൈപ്പൻഡ്, അക്കാദമിക് അലവൻസുകൾ, പോക്കറ്റ് മണി മുതലായവയുടെ ക്ലെയിമുകൾക്കു വേണ്ടി, വിദ്യാർത്ഥികളുടെ അതാത് മാസത്തെ ഹാജർ സ്റ്റേറ്റ്മെന്റ്, നടപ്പു മാസത്തിലെ യഥാർത്ഥ ബോർഡിംഗ് ലോഡ്ജിംഗ് ചാർജ്ജുകൾ (എബിഎൽസി), തുടർന്നുള്ള മാസങ്ങളിൽ നൽകേണ്ട പരീക്ഷാ ഫീസ്, ട്യൂഷൻ ഫീസ് മുതലായ അധിക ഫീസുകൾ എന്നിവ തുടർന്നുള്ള മാസത്തിലെ അഞ്ചാം പ്രവൃത്തി ദിവസത്തിനുള്ളിൽ വീഴ്ച വരുത്താതെ ഇ-ഗ്രാന്റ്സിൽ ചേർത്തിട്ടുണ്ടെന്ന് അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള ക്ലെയിമുകൾ (പ്രതിമാസ ഫണ്ട് സ്റ്റേറ്റ്മെന്റ്) ഡിഡിഒ പരിശോധിച്ചുറപ്പിക്കുകയും അർഹതയ്ക്ക് വിധേയമായി അത് അനുവദിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥിക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഡയറക്ടറേറ്റ് അംഗീകരിക്കുകയും ഡയറക്ടറേറ്റിലെ സൂപ്രണ്ട്/ അപ്‌ലോഡ് ചെയ്യുന്ന വ്യക്തി എസ്ബിഐ ഇന്റർനെറ്റ് ബാങ്കിംഗ് മൊഡ്യൂൾ/ ഇ-ട്രഷറി ഉപയോഗിച്ച് ബിൽ ജനറേറ്റ് ചെയ്യുകയും ചെയ്യുന്നു.

ഇ-ഗ്രാന്റ്സ് പോർട്ടലിന്റെ ബിൽ സ്റ്റാറ്റസ് മൊഡ്യൂൾ പരിശോധിച്ചപ്പോൾ, പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിൽ, 2018-19 കാലയളവിൽ ഒന്നിലധികം പേയ്മെന്റുകളിലൂടെ ₹3.69 ലക്ഷം ഉൾപ്പെടുന്ന 460 ഇടപാടുകൾ അധികമായി നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു വിദ്യാർത്ഥിക്ക് രണ്ട് മുതൽ 31 തവണ വരെ തുക നൽകിയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 3.3**-ൽ നൽകിയിരിക്കുന്നു.

2018-19 മുതൽ ട്രഷറി സംയോജന സംവിധാനത്തിലൂടെയാണ് പണം നൽകുന്നതെന്നും ആധാർ ഒതന്റിക്കേഷൻ ഉപയോഗിച്ചും കോഴ്സ് കാലയളവ് പരിശോധിച്ചും ഒരേ കാലയളവിലേക്ക് ക്ലെയിമുകൾ ഉണ്ടാകുന്നത് തടയാനും, പേയ്മെന്റുകളുടെ ഇരട്ടിപ്പ് തടയുന്നതിനുമുള്ള സംവിധാനത്തോടെയാണ് സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). അധികമായി നൽകിയ തുക തിരിച്ചുപിടിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമെന്നും അറിയിച്ചു.

പേയ്മെന്റുകളുടെ ഇരട്ടിപ്പ് തടയാൻ സോഫ്റ്റ്‌വെയറിൽ സംവിധാനമുണ്ടെന്ന് സർക്കാർ അവകാശപ്പെട്ടിരുന്നുവെങ്കിലും, ഈ ഖണ്ഡികയിൽ കൊണ്ടുവന്ന ഒന്നിലധികം പേയ്മെന്റുകളുടെ ഉദാഹരണങ്ങൾ ഇ-ഗ്രാന്റ്സിലെ പ്രോസസ് കൺട്രോളിന്റെ കാര്യക്ഷമതയില്ലായ്മയിലേക്ക് വിരൽ ചൂണ്ടുന്നതിനാൽ, അത് പരിഹരിക്കേണ്ടതുണ്ട്.

### *3.5.7.2. ഒരേ വിദ്യാർത്ഥികൾക്ക് ക്രമരഹിതമായി എബിഎൽസിയും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജും നൽകിയത്-പോസ്റ്റ് മെട്രിക് സംസ്ഥാന പദ്ധതി*

സർക്കാർ/എയ്ഡഡ്/സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുകയും സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ താമസസൗകര്യം ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുകയും ചെയ്യുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജിനും, പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥ ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ്ജിനും (എബിഎൽസി) അർഹതയുണ്ടായിരുന്നു. അങ്ങനെ, ഒരു ഹോസ്റ്റലിലെ കുട്ടിക്ക് എബിഎൽസി (പ്രതിമാസം പരമാവധി ₹4,500) അല്ലെങ്കിൽ പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജ് (പ്രതിമാസം ₹1,500), ഇവയിൽ ഒന്നിന് അർഹതയുണ്ട്.

2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ തിരഞ്ഞെടുത്ത ജില്ലകളിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, 2018-19 വർഷത്തിൽ 120 ഇടപാടുകളിൽ, ഒരേ വിദ്യാർത്ഥിക്ക് തന്നെ എബിഎൽസിക്കും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജിനും വേണ്ടിയുള്ള ക്ലെയിമുകൾ ജനറേറ്റ് ചെയ്തതായി കണ്ടു. വിദ്യാർത്ഥി എബിഎൽസിക്ക് അതോ പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകൾക്ക് ആണോ അർഹൻ എന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഡാറ്റയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, വിദ്യാർത്ഥികൾ എബിഎൽസിക്ക് അർഹരാണെന്ന അനുമാനത്തിൽ ഓഡിറ്റ് അധിക തുക കണക്കാക്കി. ഇ-ഗ്രാന്റ്സിലെ ഇൻപുട്ട് നിയന്ത്രണത്തിന്റെ പരാജയം ഒരേ

വിദ്യാർത്ഥിക്ക് തന്നെ എബിഎൽസിയും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകളും ജനറേറ്റ് ചെയ്യുന്നതിനും **പട്ടിക 3.13**-ൽ കാണിച്ചിരിക്കുന്നതുപോലെ ₹1.75 ലക്ഷമെങ്കിലും അധികമായി നൽകുന്നതിനും കാരണമായി എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 3.13 : എബിഎൽസിയും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകളും നൽകിയ ഇടപാടുകളുടെ വിശദാംശങ്ങൾ**

| ജില്ല | ഇടപാടിന്റെ എണ്ണം | അധിക തുക നൽകിയത് (₹) |
|---|---|---|
| എറണാകുളം | 10 | 15000 |
| കൊല്ലം | 5 | 7500 |
| കോഴിക്കോട് | 45 | 67200 |
| വയനാട് | 60 | 85440 |
| **ആകെ** | **120** | **175140** |

*(ഉറവിടം: ഇ-ഗ്രാന്റ്സ് ഡാറ്റ)*

തിരഞ്ഞെടുത്ത സ്ഥാപനത്തിൽ[59] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, 13 ഇടപാടുകളിൽ, ഒരേ വിദ്യാർത്ഥിക്ക് തന്നെ എബിഎൽസിയും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജും (ഒരേ മാസത്തിൽ) അനുവദിച്ചിട്ടുണ്ടെന്നും, ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോഴാണ് വിഷയം അറിഞ്ഞതെന്നും സ്ഥാപനം പ്രസ്താവിച്ചു.

ഈ കാലയളവിൽ വിദ്യാർത്ഥി പ്രൈവറ്റ് അക്കൊമഡേഷനിൽ നിന്ന് സ്ഥാപനത്തിന്റെ ഹോസ്റ്റലിലേക്കോ അല്ലെങ്കിൽ തിരിച്ചോ അക്കൊമഡേഷൻ സ്റ്റാറ്റസ് മാറ്റിയിരിക്കാമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ, പുതുക്കിയ സ്റ്റാറ്റസിൽ പേയ്മെന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ പോർട്ടലിൽ വരുത്തിയിട്ടുണ്ടെങ്കിലും, മുൻ സ്റ്റാറ്റസ് അടിസ്ഥാനമാക്കി നടത്തിയ പേയ്മെന്റുമായി ബന്ധപ്പെട്ട ഡാറ്റ പോർട്ടലിൽ മാറ്റമില്ലാതെ തുടർന്നു. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികൾ അവരുടെ അക്കൊമഡേഷൻ സ്റ്റാറ്റസ്, കോഴ്സ് വിശദാംശങ്ങൾ മുതലായവ തീരുമാനിക്കണമെന്നും, പുതുക്കുമ്പോൾ മാത്രമേ മാറ്റങ്ങൾ അനുവദിക്കൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്താവിച്ചു. കൂടാതെ, പേയ്മെന്റുകൾ പരിശോധിക്കുവാൻ സി-ഡിറ്റിന് നിർദ്ദേശങ്ങൾ നല്കമെന്നും അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അധിക തുക തിരിച്ചടയ്ക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമെന്നും സർക്കാർ പറയുകയുണ്ടായി.

ഇ-ഗ്രാന്റ്സിലെ പ്രോസസ് കൺട്രോളിലെ പോരായ്മകൾ കാരണം ഒരേ വിദ്യാർത്ഥിക്ക് തന്നെ എബിഎൽസിയും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകളും ലഭിക്കാൻ സാധ്യതയുണ്ടെന്നും ഇ-ഗ്രാന്റ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ഇത് പരിഹരിക്കാൻ കഴിയൂ എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

---

59 തിരഞ്ഞെടുത്ത ഒരു ജില്ലയിലെ (വയനാട്) ഒരു സ്ഥാപനത്തിൽ 13 കേസുകൾ കണ്ടു.

### 3.5.7.3. ഒരേ വിദ്യാർത്ഥിക്ക് തന്നെ ക്രമരഹിതമായി എബിഎൽസിയും സ്റ്റൈപ്പൻഡും നൽകിയത് - പോസ്റ്റ്-മെട്രിക് സംസ്ഥാന പദ്ധതി

കേരള പട്ടികജാതി വികസന വകുപ്പിന്റെ ഹാൻഡ്ബുക്ക് (1991 ഡിസംബർ) പ്രകാരം, ഡേ സ്കോളർമാരായിരുന്ന പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പൻഡ് (യാത്രാ ചെലവുകൾക്കായി) നൽകി. സർക്കാർ/സ്ഥാപനങ്ങളിലെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് (ഹോസ്റ്റലർ) പോക്കറ്റ് മണി (സോപ്പ്, മുടി മുറിക്കൽ, വാഷിംഗ് ചാർജ്ജുകൾ എന്നിവയുടെ ചെലവ് വഹിക്കാൻ) നൽകി. സ്റ്റൈപ്പൻഡും പോക്കറ്റ് മണിയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിരുന്നു. കൂടാതെ, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യഥാർത്ഥ ബോർഡിംഗ് ലോഡ്ജിംഗ് ചാർജ്ജുകളും (എബിഎൽസി) നൽകി.

അതിനാൽ, സ്റ്റൈപ്പൻഡ് ലഭിക്കാൻ അർഹതയുണ്ടായിരുന്ന വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയോ എബിഎൽസിയോ, അതുപോലെ തിരിച്ചും, ലഭിക്കാൻ അർഹതയില്ലായിരുന്നുവെന്ന് മേൽപ്പറഞ്ഞവയിൽ നിന്ന് വ്യക്തമാണ്.

എന്നിരുന്നാലും, തിരഞ്ഞെടുത്ത ജില്ലകളിലെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സിലെ ഡാറ്റ പരിശോധിച്ചപ്പോൾ, സ്ഥാപനങ്ങൾ 293 ഇടപാടുകളിൽ എബിഎൽസിക്കും സ്റ്റൈപ്പൻഡിനും വേണ്ടി ക്ലെയിമുകൾ ജനറേറ്റ് ചെയ്തതായി കണ്ടു. ഗുണഭോക്താക്കൾക്ക് എബിഎൽസിയ്ക്കാണോ സ്റ്റൈപ്പൻഡിനാണോ അർഹതയുള്ളത് എന്നറിയാനുള്ള വിശദാംശങ്ങൾ പോർട്ടലിൽ ലഭ്യമല്ലാത്തതുകൊണ്ടും, എബിഎൽസി ഉയർന്ന തുകയായതിനാലും, ഈ 293 ഇടപാടുകളിൽ നൽകിയ സ്റ്റൈപ്പൻഡിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് അധിക തുക കണക്കാക്കിയത്. അങ്ങനെ, **പട്ടിക 3.4**-ൽ കാണിച്ചിരിക്കുന്നതു പോലെ ഇ-ഗ്രാന്റ്സിലെ പ്രോസസ് കൺട്രോളിലെ വീഴ്ച കാരണം 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ തിരഞ്ഞെടുത്ത ജില്ലകളിൽ ₹2.08 ലക്ഷമെങ്കിലും അധികമായി നൽകി.

**പട്ടിക 3.14 : വിദ്യാർത്ഥികൾക്ക് എബിഎൽസിയും സ്റ്റൈപ്പൻഡും നൽകിയതിന്റെ വിശദാംശങ്ങൾ**

| ജില്ല | 2018-19 | | 2019-20 | | 2020-21 | | ആകെ | |
|---|---|---|---|---|---|---|---|---|
| | ഇടപാടുകളുടെ എണ്ണം | തുക (₹) | ഇടപാടുകളുടെ എണ്ണം | തുക (₹) | ഇടപാടുകളുടെ എണ്ണം | തുക(₹) | ഇടപാടുകളുടെ എണ്ണം | തുക (₹) |
| എറണാകുളം | 104 | 73445 | 11 | 8250 | 3 | 1890 | 118 | 83585 |
| കൊല്ലം | 22 | 15300 | 17 | 10879 | 0 | 0 | 39 | 26179 |
| കോഴിക്കോട് | 98 | 70719 | 22 | 16500 | 2 | 1800 | 122 | 89019 |
| വയനാട് | 14 | 9540 | 0 | 0 | 0 | 0 | 14 | 9540 |
| **ആകെ** | **238** | **169004** | **50** | **35629** | **5** | **3690** | **293** | **208323** |

*(ഉറവിടം: ഇ-ഗ്രാന്റ്സ് ഡാറ്റ)*

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[60] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, 74 വിദ്യാർത്ഥികൾക്ക് എബിഎൽസിയും സ്റ്റൈപ്പൻഡും അനുവദിച്ചതായും ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് ഈ വിഷയം അറിഞ്ഞതെന്നും സ്ഥാപനങ്ങൾ പറയുകയുണ്ടായി.

വിദ്യാർത്ഥിയുടെ സ്റ്റാറ്റസ് ഡേ സ്കോളറിൽ നിന്ന് ഹോസ്റ്റലർ ആയോ, മറിച്ചോ ഈ കാലയളവിൽ മാറിയിരിക്കാം എന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ) സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികൾക്ക് അവരുടെ അക്കൊമഡേഷൻ സ്റ്റാറ്റസ്, കോഴ്സ് വിശദാംശങ്ങൾ മുതലായവ തീരുമാനിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പുതുക്കുന്ന സമയത്ത് മാത്രമേ മാറ്റങ്ങൾ അനുവദിക്കുകയുള്ളൂ എന്നും പ്രസ്താവിച്ചു. കൂടാതെ, പേയ്മെന്റുകൾ പരിശോധിക്കുവാൻ സി-ഡിറ്റിന് നിർദ്ദേശങ്ങൾ നല്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അധിക തുക തിരിച്ചടയ്ക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും എന്നും പ്രസ്താവിച്ചു.

ഇ-ഗ്രാന്റ്സിലെ പ്രോസസ് കൺട്രോളിലെ പോരായ്മകൾ കാരണമാണ് ഒരേ വിദ്യാർത്ഥിക്ക് തന്നെ എബിഎൽസിയും സ്റ്റൈപ്പൻഡും നൽകാനിടയായതെന്നും ഇ-ഗ്രാന്റ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ഇത് തിരുത്താൻ കഴിയൂ എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 3.5.8. സ്കോളർഷിപ്പ് പദ്ധതികളിൽ നിന്നുള്ള ഒഴിവാക്കലുകൾ

#### *3.5.8.1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള അധിക അലവൻസ് നൽകാത്തത് – കേന്ദ്ര പോസ്റ്റ്-മെട്രിക് പദ്ധതി*

എസ് സി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്ര പദ്ധതി) മാർഗ്ഗനിർദ്ദേശങ്ങൾ[61] അനുസരിച്ച് (2020-21 മുതൽ ബാധകം) പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ₹4,000 (ഹോസ്റ്റൽ താമസക്കാർ), ₹2,500-ൻറെ (ഡേ സ്കോളേഴ്സ്) അക്കാദമിക് അലവൻസിന് അർഹതയുണ്ട്. ദിവ്യാംഗ് (ഭിന്നശേഷിക്കാരായ) വിദ്യാർത്ഥികൾക്ക് പത്ത് ശതമാനം അധിക അലവൻസുകൾ നൽകണം.

എച്ച്എസ്സിഎപി സോഫ്റ്റ്വെയറിൽ നിന്ന് ഹയർസെക്കൻഡറി ക്ലാസുകളിൽ (കേരള സിലബസ്) പഠിക്കുന്ന സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ എണ്ണം ഓഡിറ്റ് ശേഖരിച്ചു. എച്ച്എസ്സിഎപിയിൽ നിന്ന് ലഭിച്ച വിശദാംശങ്ങളുമായി ഇ-ഗ്രാന്റ്സ് ഡാറ്റ താരതമ്യം ചെയ്തപ്പോൾ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള 10 ശതമാനം അധിക അലവൻസ് നൽകിയിട്ടില്ലെന്ന് കാണപ്പെട്ടു. കൂടുതൽ പരിശോധനയിൽ, ഹയർസെക്കൻഡറി ക്ലാസുകളിൽ പഠിക്കുന്ന 1,222

---

[60] തിരഞ്ഞെടുത്ത മൂന്ന് ജില്ലകളിൽ (എറണാകുളം, കോഴിക്കോട്, വയനാട്) 11 സ്ഥാപനങ്ങളിൽ 74 കേസുകൾ കണ്ടു.

[61] പോസ്റ്റ്മെട്രിക് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 2020-21 മുതൽ 2025-26 വരെ

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് 2020-21, 2021-22 കാലയളവിൽ ഈ അലവൻസ് നൽകാത്തതിന്റെ ഫലമായി, ഈ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട തുകയിൽ ₹3.06[62] ലക്ഷത്തിന്റെ കുറവ് വന്നതായി കണ്ടെത്തി.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 2021-22 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയെന്നും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിച്ചുവരികയാണെന്നും സർക്കാർ പ്രസ്താവിച്ചു (2023 ജൂൺ).

എന്നിരുന്നാലും, പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം നിലവിലെ വിദ്യാർത്ഥികൾക്ക് 10 ശതമാനം അധിക അലവൻസ് ലഭിക്കാത്തതിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.

### *3.5.8.2. ക്ലാസ് XI-ൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകാത്തത് - പോസ്റ്റ്-മെട്രിക് കേന്ദ്ര സംസ്ഥാന പദ്ധതികൾ*

എസ് സിക്കുള്ള പോസ്റ്റ്-മെട്രിക് സ് കോളർഷിപ്പുമായി ബന്ധപ്പെട്ട്, എസ് സി വിഭാഗത്തിൽപ്പെട്ട 312 വിദ്യാർത്ഥികൾക്ക് പന്ത്രണ്ടാം ക്ലാസിലേക്കുള്ള സ് കോളർഷിപ്പ് ലഭിച്ചിട്ടും പതിനൊന്നാം ക്ലാസിലേക്കുള്ള സ് കോളർഷിപ്പിനുള്ള നടപടികൾ ആരംഭിച്ചില്ല. വിശദാംശങ്ങൾ **പട്ടിക 3.15-ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.15 : പന്ത്രണ്ടാം ക്ലാസിലേക്കുള്ള സ്കോളർഷിപ്പ് ലഭിച്ചിട്ടും പതിനൊന്നാം ക്ലാസിലേക്കുള്ള സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ**

| ജില്ല | 2018-19 | 2019-20 | 2020-21 | മൊത്തം കേസുകൾ |
|---|---|---|---|---|
| എറണാകുളം | 69 | 10 | 17 | 96 |
| കൊല്ലം | 43 | 11 | 28 | 82 |
| കോഴിക്കോട് | 29 | 18 | 50 | 97 |
| വയനാട് | 7 | 10 | 20 | 37 |
| **ആകെ** | **148** | **49** | **115** | **312** |

*(ഉറവിടം: ഇ-ഗ്രാന്റ്സ് ഡാറ്റ)*

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[63] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, ഒമ്പത് വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ഒരു കേസിൽ വിദ്യാർത്ഥി കോഴ്സ് നിർത്തുകയും[64] ചെയ്തു എന്നും സ്ഥാപനങ്ങൾ പ്രസ്താവിച്ചു. എല്ലാ പട്ടികജാതി വിദ്യാർത്ഥികളും എല്ലാ വർഷവും മുടങ്ങാതെ സ്കോളർഷിപ്പിന് അപേക്ഷിക്കുകയും അത് സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം വകുപ്പ്/ സ്ഥാപന അധികാരികൾ നിറവേറ്റിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

62 എല്ലാ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെയും ഡേ സ്കോളേഴ്സ് എന്ന നിലയിൽ പരിഗണിക്കുമ്പോൾ അക്കാദമിക് അലവൻസ് ₹2,500 ആകുന്നു. അതിനാൽ അതിന്റെ 10 ശതമാനം ₹250.

63 തിരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ (കോഴിക്കോട്, കൊല്ലം) എട്ട് സ്ഥാപനങ്ങളിൽ 10 കേസുകൾ കണ്ടു

64 വിദ്യാർത്ഥിക്ക് പന്ത്രണ്ടാം ക്ലാസിലേക്കുള്ള സ്കോളർഷിപ്പ് ലഭിച്ചതിനാൽ പതിനൊന്നാം ക്ലാസ്സിൽ വിദ്യാർത്ഥി കോഴ്സ് നിർത്തിയെന്ന സ്ഥാപനം നൽകിയ മറുപടി സ്വീകാര്യമല്ല.

സ്കോളർഷിപ്പ് സമയബന്ധിതമായി അനുവദിക്കുന്നതിന് വകുപ്പിനെ പ്രാപ്തമാക്കുന്നതിന് അപേക്ഷകൾ രജിസ്റ്റർ ചെയ്യുകയും അയയ്ക്കുകയും ചെയ്യേണ്ടത് വിദ്യാർത്ഥികളുടെയും സ്ഥാപനങ്ങളുടെയും സംയുക്ത ഉത്തരവാദിത്തമാണെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നിരുന്നാലും, ചില വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ സമർപ്പിക്കാതിരിക്കുകയും, വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ കൈമാറുന്നതിൽ സ്ഥാപനങ്ങൾ അനാസ്ഥ കാണിക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരികയാണെന്നും സർക്കാർ അറിയിച്ചു.

### *3.5.8.3. സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ പ്രോസസ്സ് ചെയ്യാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്പോൺസർ ചെയ്ത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഭാഗികമായ പേയ്മെന്റ്*

പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിദ്യാർത്ഥിക്ക് നൽകുന്നതിനുള്ള നടപടിക്രമം ചുവടെ കാണിച്ചിരിക്കുന്നു:

- സ്ഥാപനം (അധികാരപ്പെട്ട ഉദ്യോഗസ്ഥരും പ്രിൻസിപ്പലും) സ്റ്റൈപ്പൻഡ്, എൽഎസ്ജി, എബിഎൽസി, പോക്കറ്റ് മണി, ഫീസ് പോലുള്ള വ്യത്യസ്ത ക്ലെയിമുകൾ (ഘടകങ്ങൾ) ആരംഭിക്കുകയും ഡിഡിഒയ്ക്ക് കൈമാറുകയും ചെയ്യുന്നു.
- ഡിഡിഒ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള ക്ലെയിമുകൾ (പ്രതിമാസ ഫണ്ട് പത്രിക) പരിശോധിച്ചുറപ്പിക്കുകയും യോഗ്യതയ്ക്ക് വിധേയമായി അത് അനുവദിക്കുകയും ചെയ്യുന്നു.
- അംഗീകാരത്തിനായി ഡയറക്ടറേറ്റിൽ പ്രോസസ്സ് ചെയ്യുന്നു, തുടർന്ന് ക്ലെയിം പേയ്മെന്റിന് തയ്യാറാകുന്നു.
- ഡയറക്ടറേറ്റിലെ സൂപ്രണ്ട്/അപ്‌ലോഡർ വിദ്യാർത്ഥിക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ബിൽ ജനറേഷൻ പ്രകാരം എസ്ബിഐ ഇന്റർനെറ്റ് ബാങ്കിംഗ് മൊഡ്യൂളിലേക്ക്/ട്രഷറിയിലേക്ക് അപ്‌ലോഡ് ചെയ്യണം.

ഇ-ഗ്രാന്റ്സിൽ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ വിതരണം പരിശോധിച്ചപ്പോൾ ഹാജർ രേഖപ്പെടുത്താത്തത്, സ്ഥാപനത്തിലോ/ ഡിഡിഒയിലോ/ ഡയറക്ടറേറ്റിലോ ക്ലെയിം പ്രോസസ് ചെയ്യാത്തത് എന്നിവ കാരണം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങളുടെ ക്ലെയിമുകൾ പ്രോസസ് ചെയ്തിട്ടില്ലെന്നും വിദ്യാർത്ഥികൾക്ക് തുക കൈമാറിയിട്ടില്ലെന്നും കണ്ടു. ഇതിന്റെ ഫലമായി 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ തിരഞ്ഞെടുത്ത ജില്ലകളിലെ അർഹരായ ഗുണഭോക്താക്കൾക്ക് വിവിധ ഘടകങ്ങളുടെ രൂപത്തിൽ ₹3.29 കോടി ലഭിക്കാത്തത് **അനുബന്ധം** 3.4-ൽ വിശദമാക്കിയിരിക്കുന്നു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[65] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, സാങ്കേതികപ്പിഴവ് കാരണം 1,383 ഇടപാടുകൾ തീരുമാനമായിട്ടില്ലെന്നും (സിസ്റ്റത്തിൽ ഹാജർ രേഖപ്പെടുത്തിയെങ്കിലും, സിസ്റ്റം അപ്ഡേറ്റ് ചെയ്യുന്നില്ല), 953 ഇടപാടുകൾ ക്ലറിക്കൽ പിഴവ് പോലുള്ള (ഹാജർ രേഖപ്പെടുത്താത്തത്) കാരണങ്ങളാൽ തീരുമാനമായിട്ടില്ലെന്നും, പഠിത്തം തുടരാത്തത്, ഹാജരിലെ കുറവ്, റ്റിസി നൽകിയത്, വിദ്യാർത്ഥിക്ക് അലവൻസുകൾക്ക് അർഹതയില്ലാത്തത് തുടങ്ങിയ മറ്റ് കാരണങ്ങളാൽ 916 ഇടപാടുകൾ തീരുമാനമായിട്ടില്ലെന്നും, ഡയറക്ടറേറ്റിൽ 880 ഇടപാടുകൾ തീരുമാനമായിട്ടില്ല / പ്രോസസ് ചെയ്തിട്ടില്ലെന്നും, 824 ഇടപാടുകളിൽ 2022 ജൂണിന് ശേഷം, അതായത്, ഓഡിറ്റിന് ഡംപ് ഡാറ്റ നൽകിയതിന് ശേഷമാണ് പേയ്മെന്റ് നൽകിയതെന്നും സ്ഥാപനങ്ങൾ അറിയിച്ചു.

തീർപ്പാക്കാത്ത എല്ലാ ഘടകങ്ങളും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ).

### 3.5.8.4. ഐഐഎം/ഐഐടി പോലുള്ള പ്രമുഖ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ ലഭിക്കാത്തത് - കേന്ദ്ര പദ്ധതി

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ (2020) അനുസരിച്ച്, എസ്‌സി വിഭാഗത്തിൽ നിന്നുള്ള ഇന്ത്യൻ പൗരന്മാർക്ക് അവരുടെ വാർഷിക കുടുംബ വരുമാനം ₹2.50 ലക്ഷത്തിൽ താഴെയാണെങ്കിൽ എസ് സി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭ്യമാണ്. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ/ അംഗീകൃത കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും സുപ്രീം കോടതി നിർബന്ധമാക്കിയിട്ടുള്ള ഫീസ് ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ/ നാഷണൽ മെഡിക്കൽ കമ്മീഷൻ/എഐസിറ്റിഇ അല്ലെങ്കിൽ സംസ്ഥാനം/കേന്ദ്രഭരണപ്രദേശം/കേന്ദ്രം സ്ഥാപിച്ച ഏതെങ്കിലും റെഗുലേറ്ററി ബോഡിയുമായി അഫിലിയേറ്റ് ചെയ്ത/അംഗീകൃതമായ സ്ഥാപനങ്ങൾ എന്നിവയിൽ ഉൾപ്പെടുന്ന അംഗീകൃത സ്ഥാപനങ്ങൾ/ യൂണിവേഴ്സിറ്റികൾ/ കോളേജുകൾ എന്നിവയിലെ അംഗീകൃത പോസ്റ്റ് മെട്രിക്കുലേഷൻ കോഴ്സുകളുടെ പഠനത്തിന് സ്കോളർഷിപ്പ് നൽകണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കി.

സിഎറ്റി, എംഎറ്റി, ജെഇഇ, ജെഎംഇറ്റി, എക്സ്എറ്റി, എറ്റിഎംഎ തുടങ്ങിയവയിലൂടെ പ്രവേശനത്തിന് യോഗ്യത നേടുകയും സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവേശനം നേടുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാർ / യൂണിവേഴ്സിറ്റി നിശ്ചയിച്ച നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് ക്ലെയിം ചെയ്യാൻ അർഹതയുണ്ടെന്ന് സംസ്ഥാന സർക്കാർ (2009) പുറപ്പെടുവിച്ച എസ്‌സി/എസ്റ്റി സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുന്നു.

---

[65] തിരഞ്ഞെടുത്ത നാല് ജില്ലകളിൽ തിരഞ്ഞെടുത്ത 71 സ്ഥാപനങ്ങളിൽ 4956 കേസുകൾ കണ്ടു.

കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കണക്കനുസരിച്ച്, കേരളത്തിൽ നിന്നുള്ള ആറ് സ്ഥാപനങ്ങൾ[66] ഉൾപ്പെടെ ദേശീയ പ്രാധാന്യമുള്ള 161 സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടിക്രമം അനുസരിച്ച്, സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട ജില്ലയിലെ പട്ടികജാതിക്കാർക്കുള്ള അഡീഷണൽ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് ഓഫീസർക്ക് (എഡിഡിഒ) ബന്ധപ്പെട്ട രേഖകൾ സഹിതം സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കണം. രജിസ്ട്രേഷനുശേഷം, സ്ഥാപനത്തിൽ നിന്നോ ജില്ലാ ഓഫീസിൽ നിന്നോ അഭ്യർത്ഥന ലഭിച്ചാൽ ഡയറക്ടറേറ്റ് തലത്തിലുള്ള പോർട്ടലിലേക്ക് പഠന കോഴ്സ് ചേർക്കേണ്ടതാണ്. പോർട്ടലിൽ ചേർത്ത കോഴ്സ് ഡാറ്റാബേസിൽ ലഭ്യമാകുകയും സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് അത്തരം കോഴ്സുകളിലേക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുകയും ചെയ്യാവുന്നതാണ്. പാലക്കാട് ഐഐടിയിൽ നിന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും[67] എഡിഡിഒ സ്ഥാപനം പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ (2022 ഡിസംബർ) ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കോഴിക്കോട് ഐഐഎമ്മിന്റെ കാര്യത്തിൽ, സ്ഥാപനം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, സ്ഥാപനത്തിന്റെ കോഴ്സ് ഫീസ് ഘടന എസ്സിഡിഡി ജില്ലാ ഓഫീസ് അംഗീകരിക്കാത്തതിനാൽ (ഡിസംബർ 2022) വിദ്യാർത്ഥികൾക്ക് പോർട്ടൽ മുഖേന സ്കോളർഷിപ്പിന് അപേക്ഷിക്കാൻ കഴിഞ്ഞില്ല. മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ, ദേശീയ പ്രാധാന്യമുള്ള ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ ആനുകൂല്യം ലഭിച്ചില്ല.

സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തരബിരുദപഠനം നടത്തുന്നതിന്, ഓരോ എസ്‌സി /എസ്റ്റി വിദ്യാർത്ഥിക്കും ₹ആറ് ലക്ഷത്തിലധികം ട്യൂഷൻ ഫീസായി സ്ഥാപനങ്ങൾക്ക് കേരള സർക്കാർ നൽകുന്നുണ്ടെങ്കിലും ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിച്ചില്ല എന്നത് ശ്രദ്ധേയമാണ്.

ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച ഉത്തരവുകളുടെ പരിധിയിൽ വരുമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നാൽ, ഇത്തരം സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചിട്ടുള്ള വലിയ തുകയുള്ള ഫീസ് വിതരണം ചെയ്യുന്നതിൽ ചില ജില്ലാ ഓഫീസർമാർ സംശയം പ്രകടിപ്പിക്കുകയും സർക്കാരിൽ നിന്ന് വിശദീകരണം തേടുകയും ചെയ്തു. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളെ സ്കോളർഷിപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ

---

66 ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, കോട്ടയം, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് , കോഴിക്കോട്, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്.

67 2021 നവംബർ 22 നും തുടർന്ന് പലപ്രാവശ്യമുള്ള ഇ-മെയിലുകളും ഫോൺ വിളികളും

സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ കഴിയുന്ന തരത്തിൽ പുതുക്കിയ സർക്കാർ ഉത്തരവ് (2023 ജനുവരി) പുറപ്പെടുവിച്ചതായി അറിയിച്ചു.

എന്നിരുന്നാലും, പോർട്ടലിൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് മാർഗ്ഗനിർദ്ദേശം ആവശ്യപ്പെട്ടെങ്കിലും ഇ-ഗ്രാന്റ്സിൽ നിന്ന് ഇതുവരെ (2023 മേയ്) ഒരു പ്രതികരണവും ലഭിച്ചിട്ടില്ലെന്ന് പാലക്കാട് ഐഐടി രജിസ്ട്രാർ ഓഡിറ്റിനെ അറിയിച്ചു (2023 മേയ്).

വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിട്ടും വകുപ്പിന്റെ തീരുമാനം വൈകിയത്, അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതിന് കാരണമായി.

### *3.5.8.5. വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കൊമഡേഷൻ നിരക്കുകളുടെ കുറഞ്ഞ പേയ്മെന്റ് - പോസ്റ്റ്-മെട്രിക് എസ്‌സി സ്കോളർഷിപ്പ് പദ്ധതി*

എസ്‌സി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഭാഗമായി കേന്ദ്ര സർക്കാർ അക്കാദമിക് അലവൻസ് നൽകുന്നു. ഹോസ്റ്റലിൽ താമസിക്കുന്നവർക്കും ഡേ സ്കോളർമാർക്കും വിവിധ കോഴ്സുകൾക്ക് അക്കാദമിക് അലവൻസ് നൽകിയ നിരക്ക് **പട്ടിക 3.16**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.16 : 2020-21 മുതലുള്ള അക്കാദമിക് അലവൻസിന്റെ നിരക്ക്**

| കോഴ്സുകളുടെ വിഭാഗം | അക്കാദമിക് അലവൻസിന്റെ വാർഷിക നിരക്ക് (₹) | |
|---|---|---|
| | ഹോസ്റ്റലർ | ഡേ സ്കോളർ |
| ഗ്രൂപ്പ് 1: ബിരുദ-ബിരുദാനന്തര ബിരുദ പ്രൊഫഷണൽ കോഴ്സുകൾ | 13500 | 7000 |
| ഗ്രൂപ്പ് 2: ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള മറ്റ് പ്രൊഫഷണൽ കോഴ്സുകൾ | 9500 | 6500 |
| ഗ്രൂപ്പ് 3: ഗ്രൂപ്പ് I, ഗ്രൂപ്പ് II എന്നിവയിൽ ഉൾപ്പെടാത്ത ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ | 6000 | 3000 |
| ഗ്രൂപ്പ് 4: എല്ലാ പോസ്റ്റ്-മെട്രിക്കുലേഷൻ (പത്താം ക്ലാസ്സിന് ശേഷമുള്ളത്) ബിരുദ കോഴ്സുകൾ അല്ലാത്തവ | 4000 | 2500 |

*(ഉറവിടം: കേന്ദ്ര പോസ്റ്റ്-മെട്രിക് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ)*

ഇതിനുപുറമെ, സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് കേരളസർക്കാർ പ്രതിവർഷം ₹15,000[68] (2009 നവംബർ) നൽകുന്നു. അങ്ങനെ, താമസത്തിനായി പ്രൈവറ്റ് അക്കൊമഡേഷൻ തിരഞ്ഞെടുത്ത് ബിരുദാനന്തര ബിരുദം നേടുന്ന ഒരു വിദ്യാർത്ഥിക്ക് ₹28,500 (₹13,500+₹15,000) ലഭിക്കുവാനുള്ള അർഹതയുണ്ടായി. എന്നിരുന്നാലും, എസ്‌സി വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അക്കാദമിക് അലവൻസും (കോഴ്സിനെ ആശ്രയിച്ച് പ്രതിവർഷം ₹4,000 മുതൽ ₹13,500 വരെ വ്യത്യാസപ്പെടും) സ്വകാര്യ താമസ അലവൻസും (പ്രതിവർഷം ₹15,000) നൽകുന്നതിനുപകരം അവർ തിരഞ്ഞെടുത്ത കോഴ്സ് പരിഗണിക്കാതെ ഡയറക്ടറേറ്റ് രണ്ട് അലവൻസുകളും ലയിപ്പിച്ച് ₹15,000 നൽകിയതായി ഓഡിറ്റ് ശ്രദ്ധിച്ചു.

68 പ്രതിമാസം ₹1,500 വച്ച് 10 മാസം

തൽഫലമായി വിദ്യാർത്ഥികൾക്ക് അവർ പിന്തുടരുന്ന കോഴ്സ് അനുസരിച്ച് ₹4,000 മുതൽ ₹13,500 വരെയുള്ള തുക ലഭിക്കുന്നില്ല. തിരഞ്ഞെടുത്ത ജില്ലകളിലെ 352 ഇടപാടുകളിൽ 2021-22 കാലയളവിൽ പ്രൈവറ്റ് അക്കൊമഡേഷനായി ₹28.94 ലക്ഷം കുറച്ച് നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

2022-23 അധ്യയന വർഷം മുതൽ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി 2023 ജനുവരിയിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചതായി സർക്കാർ പ്രസ്താവിച്ചു (2023 ജൂൺ).

എന്നിരുന്നാലും, 2021-22 അധ്യയന വർഷത്തേക്കുള്ള പ്രൈവറ്റ് അക്കൊമഡേഷനുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകുന്ന കാര്യത്തിൽ സർക്കാർ നിശബ്ദത പാലിച്ചു.

### *3.5.8.6. വിദ്യാർത്ഥികൾ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ സ്ഥാപനങ്ങളിൽ അടയ്ക്കാത്തത്- പോസ്റ്റ്-മെട്രിക് കേന്ദ്ര പദ്ധതി*

2021-22 മുതൽ 2025-26 വരെയുള്ള അധ്യയന വർഷത്തേക്ക് ബാധകമായ ഇന്ത്യയിലെ പഠനത്തിനായി എസ്‌സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിനെക്കുറിച്ചുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 2021 മാർച്ചിൽ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം പുറത്തിറക്കി. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഒരു ഫ്രീഷിപ്പ് കാർഡ് സ്കോളർഷിപ്പിന് അർഹതയുള്ള ഒരു വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും മുൻകൂറായി അടയ്ക്കാതെ ഒരു സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിന് അർഹത നൽകുന്നു. സംസ്ഥാന സർക്കാർ അർഹരായ വിദ്യാർത്ഥികൾക്ക്, വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് തുക റിലീസ് ചെയ്യുമ്പോൾ, ട്യൂഷൻ ഫീസ് ഉൾപ്പെടെ (60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാനവും) വിദ്യാർത്ഥിയിൽ നിന്ന് അത് ഈടാക്കാൻ സ്ഥാപനത്തെ അറിയിക്കും എന്ന വ്യവസ്ഥയിൽ നൽകണം. പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്ഥാപനങ്ങൾക്ക് നൽകേണ്ട എല്ലാ ഫീസും വിദ്യാർത്ഥികൾക്ക് നൽകുകയും വിദ്യാർത്ഥികൾ അത് സ്ഥാപനത്തിലേക്ക് അടയ്ക്കുകയും ചെയ്യണം. അദ്ധ്യയന വർഷം 2022-23 മുതൽ മാത്രമാണ് ഫ്രീഷിപ്പ് കാർഡ് സംസ്ഥാന സർക്കാർ നടപ്പിലാക്കിയത് (2023 ജനുവരി). 2021-22 അധ്യയന വർഷത്തിൽ ഫ്രീഷിപ്പ് കാർഡ് നടപ്പിലാക്കാത്തതിനാൽ നാല് സ്ഥാപനങ്ങളിലെ[69] 445 വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ലഭിച്ച ₹27.98 ലക്ഷം പരീക്ഷാ ഫീസും സ്പെഷ്യൽ ഫീസും സ്ഥാപനങ്ങളിലേക്ക് അടച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സ്ഥാപനങ്ങളിലേക്ക് അടയ്ക്കേണ്ട ഘടകങ്ങൾ ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ പണമടയ്ക്കുമെന്ന ഉറപ്പ് വിദ്യാർത്ഥികളിൽ നിന്ന് 2022-23 മുതൽ നേടുമെന്നും ഇക്കാര്യത്തിൽ ആവശ്യമായ വിവരങ്ങൾ ജില്ലാ ഓഫീസുകൾ വഴിയും മാധ്യമങ്ങൾ

---

69 എൻഐറ്റി, കോഴിക്കോടിൽ 251 വിദ്യാർത്ഥികളിൽ നിന്ന് ₹19.84 ലക്ഷം, കൊല്ലം റ്റികെഎം ആർട്സ് ആന്റ് സയൻസ് കോളേജിൽ 156 വിദ്യാർത്ഥികളിൽ നിന്ന് ₹5.91 ലക്ഷം, കൊല്ലം ശാസ്താംകോട്ടയിലെ എൽ ബി എസിലെ 27 വിദ്യാർത്ഥികളിൽ നിന്ന് ₹1.74 ലക്ഷം, കൊല്ലം ജിഎച്ച്എസ്എസ് പെരിനാടിലെ 11 വിദ്യാർത്ഥികളിൽ നിന്ന് ₹0.49 ലക്ഷം

വഴിയും സ്ഥാപനങ്ങളിലേക്ക് നൽകിയെന്നും സർക്കാർ പ്രസ്താവിച്ചു (2023 ജൂൺ). വിദ്യാർത്ഥിയുടെ അക്കൗണ്ടിലേക്ക് ഫീസ് വിതരണം ചെയ്യുന്നതിന്റെ സ്ഥിതി അറിയാൻ ഇ-ഗ്രാന്റ്സിൽ വ്യവസ്ഥ നൽകിയിട്ടുണ്ടെന്നും പ്രസ്താവിച്ചു.

അങ്ങനെ, 2021-22 അധ്യയന വർഷത്തിൽ ഫ്രീഷിപ്പ് കാർഡ് നടപ്പിലാക്കാത്തതിനാൽ, വിദ്യാർത്ഥികൾ നൽകേണ്ട ഫീസ് ഈടാക്കാൻ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല.

## 3.6. നിരീക്ഷണവും വിലയിരുത്തലും

ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.7-ൽ വിശദമാക്കിയിരിക്കുന്ന പ്രീ-മെട്രിക് എസ്‌സി സ്‌കോളർഷിപ്പ് പദ്ധതികളുടെ നിരീക്ഷണത്തിലെ പോരായ്മകൾക്ക് സമാനമാണ് പോസ്റ്റ് മെട്രിക് എസ്‌സി സ്‌കോളർഷിപ്പ് പദ്ധതികളുടെ നിരീക്ഷണത്തിലെ പോരായ്മകൾ.

### 3.6.1. എസ്‌സി കേന്ദ്ര പോസ്റ്റ്-മെട്രിക് പദ്ധതികൾക്കായുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് നേടാത്തത്

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്‌കോളർഷിപ്പ് പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഫണ്ട് അനുവദിച്ച ഉത്തരവുകൾ പ്രകാരം, സംസ്ഥാന സർക്കാർ, ഗ്രാന്റ്-ഇൻ-എയ്ഡിന്റെ കണക്കുകൾ സർക്കാർ ഓഡിറ്റർ[70] മുഖേന ഓഡിറ്റ് ചെയ്യിക്കുകയും വിനിയോഗ സാക്ഷ്യപത്രം (യുസി) നിർദ്ദിഷ്ട ഫോർമാറ്റിൽ (ജിഎഫ്ആർ 12സി) നൽകുകയും വേണം. കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് എസ്‌സി സ്‌കോളർഷിപ്പ് പദ്ധതിക്കായി, 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ ചെലവ് കണക്ക് ഓഡിറ്റിന് വിധേയമാക്കുകയോ, ഓഡിറ്റ് സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തില്ല. കൂടാതെ, 2017-18 വർഷത്തേക്കുള്ള വൗച്ചറുകൾ നൽകാത്തതിനാൽ ₹2.24 കോടി അനുവദിക്കപ്പെട്ടില്ല. അർഹരായ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും അവരുടെ കുടുംബ വരുമാനം പരിഗണിക്കാതെ സ്‌കോളർഷിപ്പ് നൽകിയതായി ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) പ്രസ്താവിച്ചു (2023 ഏപ്രിൽ). വകുപ്പ് നൽകിയ ആകെ ചെലവിന്റെ കണക്കുകളിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ധനസഹായം ഉൾപ്പെടുന്നു.

സമാപന കൂടിക്കാഴ്ചയിൽ, സ്പെഷ്യൽ സെക്രട്ടറി, എസ്‌സിഎസ്‌റ്റിഡിഡി, ഓഡിറ്റ് സർട്ടിഫിക്കറ്റ് നേടാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ അംഗീകരിക്കുകയും പ്രശ്നം പരിഹരിക്കാൻ പ്രത്യേക ശ്രമങ്ങൾ ആരംഭിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

---

70 കേരളത്തിലെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I) ന്റെ ഓഫീസ്

**ശിപാർശകൾ (പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ)**

*ശിപാർശ 1 : പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി വകുപ്പും സ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തിക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം. സാദ്ധ്യതയുള്ള ഗുണഭോക്താക്കളുടെ എണ്ണം/ യഥാർത്ഥത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം, അതുമല്ലെങ്കിൽ മുൻ വർഷങ്ങളിലെ പ്രവണത അടിസ്ഥാനമാക്കി, സ്കോളർഷിപ്പിനുള്ള ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യം നിശ്ചയിക്കണം. പട്ടിക തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സൂക്ഷിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്കുകൾ വകുപ്പ് ഉപയോഗിക്കണം.*

*ശിപാർശ 2 : വിവിധ തലങ്ങളിൽ അപേക്ഷകൾ തീർപ്പാക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന്റെ ഉത്തരവാദിത്തം സ്ഥാപന മേധാവികളുടെ / എസ്‌സിഡിഒ-മാരുടെ മേൽ സർക്കാർ ചുമത്തേണ്ടതുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിലും, ക്ലെയിമുകൾക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകൾ പരിശോധിക്കുന്നതിലും, വിദ്യാർത്ഥികളുടെ ഡാറ്റയും സ്കോളർഷിപ്പിന്റെ വിശദാംശങ്ങളും ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യുന്നതിലും, യോഗ്യതാ മാനദണ്ഡങ്ങളുടെ പൂർത്തീകരണത്തിന് വിധേയമായി അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ ക്ലെയിമുകൾ നൽകുന്നതിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ എസ്‌സിഡിഒ-മാർ കൃത്യമായ ജാഗ്രത പാലിക്കേണ്ടതാണ്.*

*ശിപാർശ 3 : സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും മറ്റും ആവശ്യമായ അനുബന്ധരേഖകൾ ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ എസ്‌സി/എസ്‌റ്റി പ്രമോട്ടർമാരുടെ സേവനം വകുപ്പ് സജീവമായി ഉപയോഗിക്കണം.*

*ശിപാർശ 4 : വിവിധ സ്കോളർഷിപ്പ് പോർട്ടലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാനും ഡ്യൂപ്ലിക്കേറ്റ് അപേക്ഷകൾ ഒഴിവാക്കാനും മതിയായ പരിശീലനം നൽകണം.*

*ശിപാർശ 5 : അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഇ-ഗ്രാന്റ്സ് പോർട്ടലിലെ ന്യൂനതകൾ എത്രയും വേഗം പരിഹരിക്കണം.*

*ശിപാർശ 6 : സ്കോളർഷിപ്പ് പദ്ധതിയെക്കുറിച്ചുള്ള അവബോധമില്ലായ്മ കാരണം ഒരു വിദ്യാർത്ഥിയും വിട്ടുപോകാതിരിക്കാൻ എല്ലാ തല്പരകക്ഷികൾക്കും എല്ലാ വർഷവും അധ്യയന വർഷത്തിന്റെ തുടക്കത്തിലെങ്കിലും വകുപ്പ് ബോധവൽക്കരണവും ഓറിയന്റേഷൻ പ്രോഗ്രാമുകളും നടത്തണം.*

*ശിപാർശ 7 : ഡി.ബി.റ്റി മുഖേന സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്നതിലെ സുതാര്യത ഉറപ്പാക്കാൻ ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.*

*ശിപാർശ 8 : അർഹമായ ഭരണച്ചെലവുകൾ കേന്ദ്ര സർക്കാരിൽ നിന്ന് ക്ലെയിം ചെയ്യാനും അത് അനുവദനീയമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനും സർക്കാർ നടപടിയെടുക്കണം.*

*ശിപാർശ 9 : സ്കോളർഷിപ്പ് അപേക്ഷകളൊന്നും വിവിധ തലങ്ങളിൽ, അതായത് സ്ഥാപനം, ഡയറക്ടറേറ്റ് തലങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സർക്കാർ ഒരു നിരീക്ഷണ സംവിധാനം വികസിപ്പിച്ചെടുക്കണം.*

*ശിപാർശ 10 : വിദേശപഠനം നടത്തുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിട്ടുണ്ടെന്നും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന സർവ്വകലാശാലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കു മാത്രമേ ധനസഹായം നൽകുന്നുള്ളൂ എന്നും സർക്കാർ ഉറപ്പാക്കണം.*

*ശിപാർശ 11 : ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അവർക്ക് അർഹമായ 10 ശതമാനം അധിക അലവൻസ് നഷ്ടപ്പെടുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കണം.*



# വിഭാഗം ബി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ

# അദ്ധ്യായം IV
# പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ-മെട്രിക്

സാധ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു സർവ്വേയുടെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട ഡാറ്റ വകുപ്പ് സൂക്ഷിച്ചിട്ടില്ല. 2017-21 കാലയളവിലെ നാല് മുതൽ 20 ശതമാനം വരെ എസ്‌റ്റി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല. പദ്ധതികൾക്ക് വേണ്ടത്ര പ്രചാരണം നൽകിയില്ല. ഡയറക്‌ടറേറ്റിൽ സ്‌കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തതിനാൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് സ്‌കോളർഷിപ്പ് ലഭിച്ചില്ല. സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ പരിശോധിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാലതാമസമുണ്ടായി. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കിയതിലെ വീഴ്ചകൾക്ക് സമാനമായി, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐഎഫ്‌എസ് കോഡ് മുതലായവയിലെ പിഴവുകൾ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന് കാരണമായി. കേന്ദ്രാവിഷ്‌കൃത സ്‌കോളർഷിപ്പ് പദ്ധതികൾക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. സ്കോളർഷിപ്പിന്റെ ചില ഘടകങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കാത്തതായി ഓഡിറ്റ് നിരീക്ഷിച്ചു. കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട ഭരണച്ചെലവുകൾക്കുള്ള ഫണ്ട് ആവശ്യപ്പെട്ടിട്ടില്ല. കേന്ദ്രാവിഷ്‌കൃത എസ്‌റ്റി പ്രീ-മെട്രിക് സ്‌കോളർഷിപ്പുകളുടെ കാര്യത്തിൽ ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടത്തിയില്ല. സോഷ്യൽ ഓഡിറ്റ് നടത്താനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

## 4.1. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്‌കൃത പ്രീ-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 4.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.1 : പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്‌കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| | |
|---|---|
| **യോഗ്യത** | മാതാപിതാക്കളുടെ / രക്ഷിതാക്കളുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം 2019-20 വരെ പ്രതിവർഷം ₹രണ്ട് ലക്ഷത്തിലും 2020-21 മുതൽ പ്രതിവർഷം ₹2.50 ലക്ഷത്തിലും കവിയാത്ത, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും. |
| **പഠനത്തിനായി** | എല്ലാ സർക്കാർ സ്‌കൂളുകളിലും അല്ലെങ്കിൽ ഗവൺമെന്റ് അല്ലെങ്കിൽ സെൻട്രൽ/സ്‌റ്റേറ്റ് ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ അംഗീകരിച്ച സ്‌കൂളുകളിലും ഉള്ള IX, X ക്ലാസുകൾ |

| | | | |
|---|---|---|---|
| **സ്കോളർഷിപ്പ് ഘടകങ്ങൾ** | **ഇനം** | **ഡേ സ്കോളർമാർ** | **ഹോസ്റ്റലിൽ താമസിക്കുന്നവർ** |
| | 10 മാസത്തേക്ക് സ്കോളർഷിപ്പ് (പ്രതിമാസം ₹) | 11/2019 വരെ ₹150, അതിനുശേഷം ₹225 | 11/2019 വരെ ₹350, അതിനുശേഷം ₹525 |
| | പുസ്തകവും അഡ്ഹോക്ക് ഗ്രാന്റും | ₹750 | ₹1000 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന പ്രീ-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 4.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.2 : പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| | | |
|---|---|---|
| **യോഗ്യത** | വരുമാന പരിധിയോ സ്കോളർഷിപ്പുകളുടെ എണ്ണമോ നോക്കാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ | |
| **പഠനത്തിനായി** | സർക്കാർ/എയ്ഡഡ് സ്കൂൾ, ജിവി രാജ സ്പോർട്സ് സ്കൂൾ, കേന്ദ്രീയ വിദ്യാലയം, സൈനിക് സ്കൂൾ, അംഗീകൃത അൺ എയ്ഡഡ് സ്കൂൾ (അംഗീകരിച്ച ലംപ്സം ഗ്രാന്റ്, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്ന സാങ്കേതിക വിദ്യാലയങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഫോർ ഇലക്ട്രോണിക്സ് (ഐഎച്ച്ആർഡിഇ), കേരള സർക്കാരിനു കീഴിൽ വരുന്ന സാങ്കേതിക വിദ്യാലയങ്ങൾ, എസ്സി/എസ്റ്റി വകുപ്പ് അംഗീകരിച്ച ഐടിഐകൾക്ക് കീഴിൽ വരുന്ന നോൺ-മെട്രിക് ട്രേഡുകൾ, എഞ്ചിനീയറിംഗിൽ കേരള സർക്കാർ സർട്ടിഫിക്കറ്റ് നൽകുന്ന നോൺ-മെട്രിക് ട്രേഡുകൾ, മാതാപിതാക്കളുടെ കേരളത്തിന് പുറത്തുള്ള താൽക്കാലിക താമസം കാരണം കേരളത്തിന് പുറത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | |
| **സ്കോളർഷിപ്പ് ഘടകങ്ങൾ** | **ഇനം** | **തുക** |
| | ലംപ്സം ഗ്രാന്റ് | 2019-20 വരെ<br>₹320 (സ്റ്റാൻഡേർഡ് I മുതൽ IV വരെ), ₹630 (സ്റ്റാൻഡേർഡ് V മുതൽ VII വരെ), ₹940 (സ്റ്റാൻഡേർഡ് VIII മുതൽ X വരെ)<br>2020-21 മുതൽ<br>₹750 (സ്റ്റാൻഡേർഡ് I മുതൽ IV വരെ), ₹900 (സ്റ്റാൻഡേർഡ് V മുതൽ VII വരെ), ₹1000 (സ്റ്റാൻഡേർഡ് VIII മുതൽ X വരെ) |
| | സ്റ്റൈപ്പൻഡ് (പ്രതിമാസം) | 2019-20 വരെ<br>₹130 (സ്റ്റാൻഡേർഡ് I മുതൽ IV വരെ), ₹160 (സ്റ്റാൻഡേർഡ് V മുതൽ VII വരെ), ₹190 (സ്റ്റാൻഡേർഡ് VIII മുതൽ X വരെ<br>2020-21മുതൽ എല്ലാ വിഭാഗത്തിനും ₹200 |

## 4.2. നടപടിക്രമം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2008 ഒക്ടോബർ 20-ലെ സർക്കാർ ഉത്തരവ് പ്രകാരം, പ്രവേശന സമയത്ത് തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പിനുള്ള അപേക്ഷാ ഫോറം നൽകണം. ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ വിദ്യാർത്ഥികൾ അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുന്നുവെന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്, അതായത് അപേക്ഷ നൽകി പരമാവധി രണ്ട് ദിവസത്തിനുള്ളിൽ ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതും അത് സ്ഥാപനത്തിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഡാറ്റാ എൻട്രി പൂർത്തിയായിക്കഴിഞ്ഞാൽ, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഫണ്ട് ആവശ്യകതാ പത്രിക സൃഷ്ടിക്കുകയും പോർട്ടലിലെ പ്രിൻസിപ്പലിന്റെ ഇ-ഗ്രാന്റ്സ് ഇൻബോക്സിലേക്ക് അയയ്ക്കുകയും വേണം. പ്രിൻസിപ്പൽ ഫണ്ടിന്റെ ആവശ്യകത പരിശോധിച്ച് അന്തിമ പത്രിക ഓൺലൈനായി പട്ടിക വർഗ്ഗ വികസന ഓഫീസർക്ക് (റ്റിഡിഒ) കൈമാറണം. വിദ്യാഭ്യാസ സ്ഥാപനത്തിലെ ക്ലാസുകൾ ആരംഭിച്ച് 20 ദിവസത്തിനകം ഈ നടപടികളെല്ലാം പൂർത്തിയാക്കിയെന്ന് പ്രിൻസിപ്പൽ ഉറപ്പാക്കണം. വൈകി നേടുന്ന പ്രവേശനങ്ങളിലും ഈ നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു/ആവർത്തിക്കേണ്ടതായിരുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമാണെങ്കിൽ പുതുക്കൽ അപേക്ഷ ആവശ്യമില്ല. അത്തരം സന്ദർഭങ്ങളിൽ ഇത്തരം വിദ്യാർത്ഥികളുടെ പുതുക്കൽ പ്രസ്താവന തയ്യാറാക്കി വിദ്യാഭ്യാസ സ്ഥാപനം അനുമതിക്കായി റ്റിഡിഒയ്ക്ക് അയയ്ക്കണം. വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും, യോഗ്യതയുള്ള കേസുകളിൽ ഓൺലൈനായി അംഗീകാരം നൽകേണ്ടതും തുടർനടപടികൾക്കായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിന് കൈമാറേണ്ടതും റ്റിഡിഒയുടെ ചുമതലയാണ്. പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ് അപേക്ഷാ ഫോമുകൾ പരിശോധിച്ച് അപേക്ഷ നമ്പർ സഹിതമുള്ള അനുമതി റ്റിഡിഒ വഴി വിദ്യാഭ്യാസ സ്ഥാപനത്തിന് കൈമാറുന്നു. ഇ-ഗ്രാന്റ്സ് പോർട്ടലിലെ നടപടിക്രമം **ചിത്രം 4.1-ൽ** കാണിച്ചിരിക്കുന്നത് പോലെയാണ്.

**ചിത്രം 4.1 : ഇ-ഗ്രാന്റ്സ് നടപടിക്രമം**

**പ്രീ-മെട്രിക് എസ്‌ടി (കേന്ദ്രം)**

വിദ്യാർത്ഥികൾ സമർപ്പിക്കുന്ന എല്ലാ അനുബന്ധ രേഖകൾ സഹിതമുള്ള അപേക്ഷകൾ സ്ഥാപനം പരിശോധിക്കുന്നു

↓

വിദ്യാഭ്യാസ സ്ഥാപനം വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓൺലൈനായി പട്ടികവർഗ്ഗ വികസന ഓഫീസർക്ക് (റ്റിഡിഒ) സമർപ്പിക്കുന്നു

↓

റ്റിഡിഒ അപേക്ഷകൾ പരിശോധിച്ച് അംഗീകരിക്കുന്നു. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഫീസിനായുള്ള അപേക്ഷകൾ പരിശോധിച്ച് പ്രതിമാസ അപേക്ഷ ജനറേറ്റ് ചെയ്യുകയും ഡയറക്ടറേറ്റിലേക്ക് കൈമാറുകയും ചെയ്യുന്നു

↓

ഡയറക്ടറേറ്റ് സ്കോളർഷിപ്പ് അനുവദിക്കുകയും, സ്ഥാപനങ്ങൾ ജനറേറ്റ് ചെയ്യുന്ന പ്രതിമാസ/വാർഷിക ക്ലെയിമുകളെ അടിസ്ഥാനമാക്കി ബില്ലുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

## 4.3. ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (പ്രീ-മെട്രിക് - കേന്ദ്രവും സംസ്ഥാനവും)

### 4.3.1. അർഹരായ ഗുണഭോക്താക്കളെ കണ്ടുപിടിക്കാതിരുന്നത്

#### *4.3.1.1. എസ്‌ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര-സംസ്ഥാന പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ*

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പിഎസി) (2016-19)[71] അതിന്റെ 15-ാം റിപ്പോർട്ടിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രയോജനകരമാകുന്ന എല്ലാ പദ്ധതികളും വിജയകരമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഫലപ്രദമായ സർവ്വേ നിർബന്ധമാണെന്ന് ശിപാർശ ചെയ്തു. 2010-12 കാലഘട്ടത്തിൽ നടത്തിയ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സർവ്വേയുടെ ഡാറ്റ കാലികമായി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് പിഎസി ശിപാർശയ്ക്ക് മറുപടിയായി, വകുപ്പ് വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടാൻ സാധ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വേണ്ടി നടത്തിയ ഒരു സർവ്വേയെയോ പഠനത്തെയോ അടിസ്ഥാനമാക്കി ഒരു ഡാറ്റ സൂക്ഷിച്ചിട്ടില്ലെന്ന്

[71] 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ, ജിഒകെ ഉൾപ്പെടുത്തിയിരുന്ന പട്ടികജാതി/പട്ടിക വർഗ്ഗത്തിന്റെ വിദ്യാഭ്യാസ വികസനം (ഖണ്ഡിക 3.4) എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ചർച്ചയ്ക്ക് ശേഷം.

ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, സംസ്ഥാനത്തെ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം വിലയിരുത്തുന്നതിന് എസ്‌റ്റി ഡയറക്ടറേറ്റ് ഒരു കർമ്മ പദ്ധതി/വീക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. സാധ്യതയുള്ള ഗുണഭോക്താക്കളുടെ പട്ടിക ഇല്ലാത്തതിനാൽ, പദ്ധതികൾക്ക് കീഴിലുള്ള എല്ലാ അർഹരായ ഗുണഭോക്താക്കളും ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഉൾപ്പെടുത്തി 2018-ൽ വിശദമായ സർവ്വേ നടത്തിയിരുന്നുവെങ്കിലും വകുപ്പ് വിവരങ്ങൾ ഉപയോഗിച്ചിട്ടില്ലെന്നും വിവരങ്ങൾ പഴയതായതിനാൽ അവ പുതുക്കുന്ന പ്രക്രിയയിലാണെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ).

സംസ്ഥാനത്തെ പ്രീ-മെട്രിക് വിഭാഗത്തിലുള്ള എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളും പദ്ധതിയിലൂടെ പ്രയോജനം നേടിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി, 2017-21 അധ്യയന വർഷങ്ങളിൽ പ്രീ-മെട്രിക് ക്ലാസുകളിൽ പഠിച്ചിരുന്ന എസ്‌റ്റി വിദ്യാർത്ഥികളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് (ഡിജിഇയിൽ നിന്ന്) ഓഡിറ്റ് ശേഖരിച്ച് പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിലെ ലംപ്സം ഗ്രാന്റിന്റെ[72] വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങളുമായി താരതമ്യം ചെയ്തു. **ചാർട്ട് 4.1**-ൽ കാണിച്ചിരിക്കുന്നതു പോലെ ഇക്കാലയളവിൽ നാല് ശതമാനം മുതൽ 20 ശതമാനം വരെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**ചാർട്ട് 4.1: പ്രീ-മെട്രിക് സ്കോളർഷിപ്പ് (ലംപ്സം ഗ്രാന്റ്) ലഭിക്കാത്ത എസ്‌റ്റി വിദ്യാർത്ഥികളുടെ ശതമാനം**




72 കുടുംബ വരുമാനം പരിഗണിക്കാതെ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് നൽകി.

### 4.3.2. വാർഷിക ഡിമാൻഡ്/ എസ്റ്റിമേറ്റ് തയ്യാറാക്കൽ

എസ് റ്റി പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ ഭൗതിക ലക്ഷ്യവും നേട്ടവും **പട്ടിക 4.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.3 : 2017-22 കാലയളവിലെ ഭൗതിക ലക്ഷ്യവും നേട്ടവും**

| വർഷം | ഭൗതിക ലക്ഷ്യം (കണക്കാക്കിയ സംഖ്യ) | കണക്കാക്കിയ തുക (₹ലക്ഷത്തിൽ) | നേട്ടം (ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം) | നേട്ടത്തിന്റെ ശതമാനം | യഥാർത്ഥ ചെലവ് (₹ലക്ഷത്തിൽ) |
|---|---|---|---|---|---|
| 2017-18 | 14869 | 391.85 | 14265 | 95.94 | 348.10 |
| 2018-19 | 14577 | 382.93 | 12121 | 83.15 | 308.67 |
| 2019-20 | 12676 | 340.29 | 7858 | 61.99 | 231.80 |
| 2020-21 | 11220 | 374.98 | 9880 | 88.06 | 305.81 |
| 2021-22 | 10538 | 374.93 | 7071 | 67.10 | 229.31 |
| **മൊത്തം** | **63880** | **1864.98** | **51195** | **80.14** | **1423.69** |

*(ഉറവിടം: വകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച വാർഷിക നിർദ്ദേശം)*

2017-22 കാലയളവിൽ 63,880 വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ വകുപ്പ് പദ്ധതിയിട്ടിരുന്നു. എന്നിരുന്നാലും, ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 51,195 ആയിരുന്നു (80.14 ശതമാനം). 2019-20-ൽ ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 61.99 ശതമാനം മാത്രമാണ്.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), എസ് സിഎസ് റ്റിഡിഡി സ് പെഷ്യൽ സെക്രട്ടറി, തുടക്കത്തിൽ കണക്കാക്കിയ തുക യഥാർത്ഥമല്ലെന്ന് സമ്മതിക്കുകയും കൂടുതൽ ഫണ്ട് ആവശ്യപ്പെടാനും ഫണ്ടിന്റെ കുറവ് ഒഴിവാക്കാനുമാണ് ഉയർന്ന തുക നിശ്ചയിച്ചിരുന്നതെന്ന് പ്രസ്താവിക്കുകയും ചെയ്തു.

2018-ൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഉൾപ്പെടുത്തി വിശദമായ സർവ്വേ നടത്തിയിരുന്നുവെങ്കിലും വകുപ്പ് വിവരങ്ങൾ ഉപയോഗിച്ചിട്ടില്ലെന്നും വകുപ്പ് അവ കാലികമാക്കുന്ന പ്രക്രിയയിലാണെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). കൂടാതെ, നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ, ഗുണഭോക്താക്കളെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ വകുപ്പിന് ലഭ്യമാകുകയും ഓഡിറ്റ് ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിക്കപ്പെടുകയും ചെയ്യും എന്നും പറയുകയുണ്ടായി.

### 4.3.3. എസ് റ്റി സ്കോളർഷിപ്പ് പദ്ധതികളുടെ പ്രചാരണത്തിലെ അപര്യാപ്തത

സംസ്ഥാന സർക്കാർ പ്രമുഖ ഭാഷാ പത്രങ്ങളിലും പ്രാദേശിക ദിനപത്രങ്ങളിലും പരസ്യം നൽകിക്കൊണ്ടും, അനുയോജ്യമായ മറ്റ് പരസ്യ മാധ്യമങ്ങൾ ഉപയോഗിച്ചും പദ്ധതി പ്രഖ്യാപിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രീ-മെട്രിക് പദ്ധതിക്കായി 2017-22 കാലയളവിൽ ഭരണച്ചെലവ് സംബന്ധിച്ച് ഡയറക്ടറേറ്റ് നൽകിയ വിശദാംശങ്ങളിൽ നിന്ന്, പത്രങ്ങളിലോ മറ്റ് മാധ്യമങ്ങൾ വഴിയോ പരസ്യം നൽകുന്നതിന് എസ് റ്റി ഡയറക്ടറേറ്റ് യാതൊരു തുകയും ചെലവാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), ഭരണച്ചെലവുകൾ അവകാശപ്പെടുന്നതിനും അതിന്റെ ഉപയോഗത്തിനുമായി പ്രത്യേക എസ്എൻഎ അക്കൗണ്ട് പ്രവർത്തിപ്പിക്കുമെന്ന് എസ്‌സിഎസ്‌റ്റിഡിഡി സ്പെഷ്യൽ സെക്രട്ടറി ഉറപ്പുനൽകി.

## 4.4. ആസൂത്രണവും സാമ്പത്തികകാര്യനിർവ്വഹണവും

### 4.4.1. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് പദ്ധതികൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പദ്ധതിക്ക് കീഴിലുള്ള ചെലവുകൾക്ക് സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റിക്ക് മുകളിൽ കേന്ദ്ര സർക്കാർ 100 ശതമാനം ധനസഹായം നൽകണം. 2014-15 വർഷം മുതൽ പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് പദ്ധതികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ പദ്ധതിക്കുള്ള ഫണ്ട് പങ്കിടുന്നു. ഓരോ വർഷവും ചെലവ് ആദ്യം സംസ്ഥാനം വഹിക്കുകയും പിന്നീട് ചെലവിന്റെ കേന്ദ്ര വിഹിതം (75 ശതമാനം) റീ-ഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കുകയും ചെയ്യുന്നു. **പട്ടിക 4.4**-ൽ കാണിച്ചിരിക്കുന്നതു പോലെ കേന്ദ്ര സർക്കാർ അതിന്റെ വിഹിതം കുടിശ്ശിക ഗ്രാന്റായി അനുവദിക്കുകയും അത് സംസ്ഥാനസർക്കാരിന്റെ ധനകാര്യ വകുപ്പിലേക്ക് നിക്ഷേപിക്കുകയും ചെയ്തു.

പ്രീ-മെട്രിക് പദ്ധതികളിൽ 2017-18-ലും 2018-19-ലും സംസ്ഥാന തലത്തിൽ നിന്ന് ഗുണഭോക്തൃ തലത്തിലേക്കുള്ള ഫണ്ടുകളുടെ കൈമാറ്റം രണ്ട് തട്ടുകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാമത്തെ തലത്തിൽ ഡയറക്‌ടറേറ്റിൽ നിന്ന് ജില്ലാ ഓഫീസുകളിലേക്കും രണ്ടാമത്തെ തലത്തിൽ ജില്ലാ ഓഫീസുകളിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ അതത് ബാങ്ക് അക്കൗണ്ടിലേക്കും ഫണ്ട് അനുവദിച്ചു. എന്നാൽ, 2019-20 മുതൽ സ്കോളർഷിപ്പ് തുക ഇ-ഗ്രാന്റ്സ് പോർട്ടൽ ഉപയോഗിച്ച് ഡയറക്‌ടറേറ്റിൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ബിഐഎംഎസ്[73], ബിഎഎംഎസ്[74] എന്നിവ വഴിയാണ് ഫണ്ട് അനുവദിക്കുകയും തീർപ്പാക്കുകയും ചെയ്യുന്നത്.

---

[73] ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം എന്നത് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് അപേക്ഷകൾ തീർപ്പാക്കാനായി സംസ്ഥാനം വികസിപ്പിച്ചെടുത്ത ഒരു ഇ-ബിൽ പോർട്ടൽ ആണ്.

[74] ബജറ്റ് വിതരണം ചെയ്യുന്നതിനും വകുപ്പുകൾക്ക് ചെലവ് അനുവദിക്കുന്നതിനുമായി സംസ്ഥാനം വികസിപ്പിച്ചെടുത്ത ഓൺലൈൻ കംപ്യൂട്ടറൈസ്ഡ് സംവിധാനമാണ് ബജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം (ബിഎഎംഎസ്).

**പട്ടിക 4.4 : 2017-22 കാലയളവിൽ കേന്ദ്ര പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പിന്റെ ഫണ്ട് ലഭ്യതയും വിതരണവും**

*(₹ ലക്ഷത്തിൽ)*

| സംസ്ഥാന വിഹിതം | | | | | | | കേന്ദ്ര റീഇംബേഴ്സ്മെന്റ് | | |
|---|---|---|---|---|---|---|---|---|---|
| വർഷം | ഡിമാൻഡ് | സംസ്ഥാന ബജറ്റ് വിഹിതം | സംസ്ഥാനം നൽകിയ തുക | ആകെ ചെലവ് | സറണ്ടർ ചെയ്ത തുക | സംസ്ഥാന നീക്കിയിരുപ്പ് | മുന്നിരുപ്പ് (ചെലവഴിക്കാത്ത നീക്കിയിരുപ്പ്) | കേന്ദ്ര റീഇംബേഴ്സ്മെന്റും ചെലവഴിക്കാത്ത നീക്കിയിരുപ്പിന്റെ ക്രമപ്പെടുത്തലും | അവശേഷിക്കുന്ന കേന്ദ്ര വിഹിതം[75] മാർച്ച് 31 വരെ |
| 2017-18 | 391.85 | 500.00 | 500.00 | 348.10 | 151.90 | 0 | 24.14 | 236.93* | 0 |
| 2018-19 | 382.93 | 500.00 | 500.00 | 308.67 | 191.33 | 0 | 0 | 71.80 | 159.70 |
| 2019-20 | 340.29 | 375.00 | 375.00 | 231.81 | 143.20 | 0 | 0 | 287.31 (159.70 +127.61) | 46.25 |
| 2020-21 | 374.98 | 375.00 | 375.00 | 305.81 | 69.19 | 0 | 0 | 116.56 (46.25 +70.31) | 159.05 |
| 2021-22 | 374.93 | 375.00 | 375.00 | 229.31 | 145.69 | 0 | 0 | 347.07 (159.05+188.02) | -16.04 |

*(ഉറവിടം: കേന്ദ്ര ഫണ്ട് റിലീസിംഗ് വിജ്ഞാപനങ്ങളും ബജറ്റ് രേഖകളും)*

** ₹24.14 ലക്ഷം ചിലവഴിക്കാത്ത നീക്കിയിരുപ്പ് ഉൾപ്പെടെ*

ഓഡിറ്റ് കാലയളവിൽ വകുപ്പ് ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചില്ല. പ്രീ-മെട്രിക് സ്കീമിൽ 2017-22 കാലയളവിൽ ₹69.19 ലക്ഷം മുതൽ ₹191.33 ലക്ഷം വരെ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. ഇത് ഈ കാലയളവിലെ മൊത്തം ബജറ്റ് വിഹിതത്തിന്റെ 33 ശതമാനമാണ്.

ഈ നിരീക്ഷണത്തിന് സർക്കാർ മറുപടി ലഭ്യമാക്കിയില്ല (2023 ജൂൺ).

### 4.4.2. സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് പദ്ധതികൾ

കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്ക് പുറമേ, പൂർണ്ണമായും സംസ്ഥാന ഫണ്ട് വിനിയോഗിച്ച് സംസ്ഥാന സർക്കാർ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കി. ഒന്നു മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന എസ്‌റ്റി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് പദ്ധതിയിൽ ലംപ്സം ഗ്രാൻറും, സ്റ്റൈപ്പൻഡും നൽകുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, ഈ സംസ്ഥാന പദ്ധതികൾ ഡയറക്ടറേറ്റിന് കീഴിലുള്ള 17 സംയോജിത പട്ടികവർഗ്ഗ വികസന പദ്ധതി/പട്ടികവർഗ്ഗ വികസന ഓഫീസർമാർ (ഐറ്റിഡിപിഒ/റ്റിഡിഒ) മുഖേന നടപ്പിലാക്കി. സംസ്ഥാന സർക്കാരിൽ നിന്ന് വിഹിതം ലഭിച്ചതിനെ തുടർന്ന് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനു വേണ്ടി 17 ഐറ്റിഡിപിഒ/റ്റിഡിഒ-മാർക്ക് ഫണ്ട് വിതരണം ചെയ്തു. ഓഡിറ്റ് കാലയളവിലെ ബജറ്റ് വിഹിതവും ചെലവും **പട്ടിക 4.5**-ൽ കാണിച്ചിരിക്കുന്നു.

---

75 കേന്ദ്ര ഫണ്ട് ഗഡുകളായി അനുവദിച്ചതിനാൽ, ഈ തുകകൾ ആ സമയത്ത് നൽകിയിരുന്നില്ല. തുടർന്ന്, സംസ്ഥാനം റിപ്പോർട്ട് ചെയ്ത ചെലവു പത്രികയുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു.

**പട്ടിക 4.5 : പ്രീ-മെട്രിക് എസ്റ്റി സംസ്ഥാന പദ്ധതിയിലെ 2017-22 കാലയളവിലെ ബജറ്റ് വിഹിതവും ചെലവും**

*(₹ ലക്ഷത്തിൽ)*

| വർഷം | ബജറ്റ് വിഹിതം (റീ-അപ്രോപ്രിയേഷൻ) | സറണ്ടർ ചെയ്ത തുക | ലഭ്യമായ മൊത്തം തുക | ചെലവ് |
|---|---|---|---|---|
| 2017-18 | 1650.00 | 2.59 | 1647.41 | 1622.73 |
| 2018-19 | 1650.00 | 52.39 | 1597.61 | 1571.98 |
| 2019-20 | 1650.00 | 148.20 | 1501.80 | 1487.96 |
| 2020-21 | 1650.00 | 8.42 | 1641.58 | 1635.87 |
| 2021-22 | 1650.00 (+350.57) | ഇല്ല | 2000.57 | 1995.40 |

*(ഉറവിടം: എജി (എ ആൻഡ് ഇ) യുടെ വിഎൽസി ഡാറ്റ)*

ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെയും ഒരു പ്രപ്പോസലില്ലാതെയും ബജറ്റിൽ ഓരോ വർഷവും അഡ്ഹോക്ക് അടിസ്ഥാനത്തിൽ പ്രീ-മെട്രിക് പദ്ധതിക്കായി ₹1650 ലക്ഷം അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നു. തൽഫലമായി, പ്രീ-മെട്രിക് പദ്ധതികളിൽ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ₹2.59 ലക്ഷം മുതൽ ₹148.20 ലക്ഷം വരെ ഫണ്ട് സറണ്ടറിനും 2021-22-ൽ ₹350.57 ലക്ഷം റീ-അപ്രോപ്രിയേഷനും ഇടവന്നു. പദ്ധതിയുടെ ഓരോ ഘടകത്തിനും ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ റ്റിഡിഒമാർ സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഈ നിരീക്ഷണത്തിന് പ്രത്യേക പരാമർശങ്ങളൊന്നും സർക്കാർ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല (2023 ജൂൺ).

### 4.4.3. ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ (എസ്റ്റി കേന്ദ്ര/സംസ്ഥാന പദ്ധതികൾ)

എസ്റ്റിക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ (കേന്ദ്ര പദ്ധതി) കാര്യത്തിൽ, 2018-19 വർഷത്തേക്ക് എജി (എ ആൻഡ് ഇ) ഓഫീസിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും വകുപ്പിന്റെ കണക്കുകളും തമ്മിൽ ₹25.39 ലക്ഷത്തിന്റെ വ്യത്യാസമാണുള്ളത്. ഈ വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല. പ്രീ-മെട്രിക് എസ്റ്റിയുടെ (സംസ്ഥാന പദ്ധതി) കാര്യത്തിൽ, ഈ കാലയളവിൽ ₹5.70 ലക്ഷം മുതൽ ₹28.55 ലക്ഷം വരെ വ്യത്യാസമുണ്ടായിരുന്നതും പൊരുത്തപ്പെടുത്തിയിട്ടില്ല.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), തീർപ്പാക്കാത്ത എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഒരു പ്രത്യേക സംരംഭത്തിന് തുടക്കമിടുമെന്ന് എസ്സിഎസ്റ്റിഡിഡി, സ്പെഷ്യൽ സെക്രട്ടറി, ഉറപ്പ് നൽകി.

### 4.4.4. സംസ്ഥാനം ഭരണച്ചെലവുകൾ അവകാശപ്പെടാത്തത്

കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് എസ്റ്റി സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മൊത്തം കേന്ദ്ര വിഹിത ചെലവിന്റെ 1.50 ശതമാനം വരെ ഭരണച്ചെലവുകൾ, നിരീക്ഷണം, മൂല്യനിർണ്ണയം തുടങ്ങിയവയ്ക്കായി വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന സ്കോളർഷിപ്പ് തുകയ്ക്ക് ഉപരിയായി ഈ തുക അവർക്ക്

അനുവദിക്കേണ്ടതായിരുന്നു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, ₹15.89 ലക്ഷം അവകാശപ്പെട്ടുകൊണ്ടുള്ള ഒരു നിർദ്ദേശവും സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), ഭരണച്ചെലവുകൾ ആവശ്യപ്പെടുന്നതിനും അതിന്റെ ഉപയോഗത്തിനുമായി പ്രത്യേക സംസ്ഥാന നോഡൽ അക്കൗണ്ട് പ്രവർത്തിപ്പിക്കുമെന്ന് എസ്‌സിഎസ്‌റ്റിഡിഡി, സ്‌പെഷ്യൽ സെക്രട്ടറി ഉറപ്പുനൽകി.

വകുപ്പിന്റെ അലംഭാവം മൂലം സർക്കാരിന് ₹15.89 ലക്ഷത്തിന്റെ നഷ്ടമുണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു.

## 4.5. പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് പദ്ധതികളുടെ നിർവ്വഹണം

### 4.5.1. പ്രീ-മെട്രിക് എസ്‌റ്റി സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി) അപേക്ഷകൾ ഡയറക്ടറേറ്റിൽ പരിഗണിക്കാത്തത്

തിരഞ്ഞെടുത്ത ജില്ലകളിലെ 2019-22 കാലയളവിലെ പ്രീ-മെട്രിക് പദ്ധതിയുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്‌സ് ഡാറ്റ പരിശോധിച്ചപ്പോൾ, IX, X ക്ലാസുകളിൽ[76] പഠിക്കുന്ന 1,247 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് (കേന്ദ്ര) സ്കോളർഷിപ്പിന്റെ അപേക്ഷകൾ[77] സ്ഥാപനങ്ങളുടെയും ജില്ലാ ഓഫീസുകളുടെയും അംഗീകാരം ലഭിച്ചതിന് ശേഷവും സ്കോളർഷിപ്പ് വിതരണം ചെയ്യാതെ ഡയറക്ടറേറ്റിൽ അവശേഷിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 ജൂൺ).

കൂടാതെ, ഗുണഭോക്തൃ സർവ്വേ നടത്തിയപ്പോൾ സ്കോളർഷിപ്പിന് അപേക്ഷിച്ച 145 വിദ്യാർത്ഥികളിൽ ഒമ്പത് പേർക്ക് എസ്‌റ്റി പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി.

അപേക്ഷകൾ ജില്ലാ ഓഫീസുകളിലേക്ക് കൈമാറുന്നതിൽ സ്ഥാപനങ്ങൾ വരുത്തിയ കാലതാമസം ജില്ലാ ഓഫീസുകളിൽ നിന്ന് അപേക്ഷകൾ ഡയറക്‌ടറേറ്റിൽ വൈകി ലഭിക്കുന്നതിന് കാരണമായെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ).

ഒരു വിദ്യാർത്ഥി ഇ-ഗ്രാന്റ്‌സ് പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ, ഇ-ഗ്രാന്റ്‌സ് മുഖേന സ്ഥാപനതലത്തിലെ കാലതാമസം നിരീക്ഷിക്കാൻ ഡയറക്ടറേറ്റിന് വ്യവസ്ഥയുണ്ടായിരുന്നു എന്ന കാരണത്താൽ മറുപടി സ്വീകാര്യമല്ല. ഓരോ തലത്തിലും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം സർക്കാർ നിരീക്ഷിക്കുകയും യോഗ്യരായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള സംവിധാനം വികസിപ്പിച്ചെടുക്കുകയും വേണം.

---

76 2019-20 മുതലുള്ള അധ്യയന വർഷങ്ങളിൽ IX, X ക്ലാസ്സുകളിൽ പഠിക്കുന്ന എസ്‌റ്റി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് ഇ-ഗ്രാന്റ്‌സ് വഴിയാണ് തീർപ്പാക്കിയിരുന്നത്.

77 തിരഞ്ഞെടുത്ത ജില്ലകളിൽ 2018-22 കാലയളവിൽ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം 10,638 ആയിരുന്നു.

### 4.5.2. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു പ്രധാന ദൗത്യം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം സമയബന്ധിതമായി വിതരണം ചെയ്യുകയെന്നതാണ്. ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ലക്ഷ്യങ്ങളിലൊന്ന് സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുക എന്നതാണ്. എന്നിരുന്നാലും, തിരഞ്ഞെടുത്ത ജില്ലകളിൽ 2019-22 കാലയളവിലെ കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് പദ്ധതിയുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, 8806 കേസുകളിൽ[78] ഒന്നു മുതൽ രണ്ടു വർഷം വരെ സ്കോളർഷിപ്പ് വിതരണം വൈകിയതായി ശ്രദ്ധയിൽപ്പെട്ടു. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങളുടെ വിതരണത്തിലെ കാലതാമസം **അനുബന്ധം 4.1**-ൽ കാണിച്ചിരിക്കുന്നു.

ഗുണഭോക്തൃ സർവ്വേയിൽ പങ്കെടുത്ത 230 എസ്റ്റി വിദ്യാർത്ഥികളിൽ 146 വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പായി പ്രീ, പോസ്റ്റ്- മെട്രിക് സ്കോളർഷിപ്പുകൾ ലഭിച്ചിരുന്നില്ല എന്ന് പറയുകയുണ്ടായി. ഇത്, പദ്ധതിയുടെ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കാതെ വരുന്നതിനിടയാക്കി.

അപൂർണ്ണമായ അപേക്ഷകൾ സമർപ്പിക്കൽ, തെറ്റായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകിയത്, പണത്തിന്റെ അഭാവം തുടങ്ങിയ ഘടകങ്ങൾ കാരണമാണ് കാലതാമസം സംഭവിച്ചതെന്നും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള കാലതാമസം ഭാവിയിൽ ഒഴിവാക്കുമെന്നും സർക്കാർ (2023 ജൂൺ) പ്രസ്താവിച്ചു.

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ പദ്ധതിയുടെ കീഴിൽ സമ്പാദ്യം ഉണ്ടായിരുന്നതിനാൽ ഫണ്ടിന്റെ അഭാവം ഒരു കാരണമായി ചൂണ്ടിക്കാട്ടിയ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല. അങ്ങനെ, സ്കോളർഷിപ്പ് നൽകുന്നതിന്റെ ഉദ്ദേശ്യം പരാജയപ്പെട്ടുവെന്നും ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ലക്ഷ്യങ്ങളിലൊന്ന് കൈവരിക്കാനായില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 4.5.3. അസാധുവായ ബാങ്ക് അക്കൗണ്ടുകൾ മൂലം സ്കോളർഷിപ്പ് ലഭിക്കാത്തത്

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇ-കുബേർ പോർട്ടൽ പണം നൽകൽ നിരസിച്ചപ്പോൾ പിന്തുടരേണ്ടിയിരുന്ന വിശദമായ നടപടിക്രമം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.5.3-ൽ നൽകിയിരിക്കുന്നു.

തിരഞ്ഞെടുത്ത ജില്ലകളുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ[79] പരിശോധിച്ചപ്പോൾ പ്രീ-മെട്രിക് (കേന്ദ്ര) സ്കോളർഷിപ്പ് പദ്ധതിയെ സംബന്ധിച്ചിടത്തോളം, 2019-22 കാലയളവിൽ ₹44,450 ഉൾപ്പെട്ട 201 ഇടപാടുകൾ തെറ്റായ ബാങ്ക് അക്കൗണ്ട്, ഐഎഫ്എസ് കോഡ് മുതലായവ കാരണം നിരസിക്കപ്പെടുകയും ഡയറക്ടറേറ്റിലെ

---

78 തിരഞ്ഞെടുത്ത ജില്ലകളിൽ 2018-22 കാലയളവിൽ ആകെ നടന്ന ഇടപാടുകളുടെ എണ്ണം 1,00,274 ആയിരുന്നു.

79 2019-22-ലെ പ്രീ- മെട്രിക് എസ്റ്റി സ്കോളർഷിപ്പ്

ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ നിഷ്ക്രിയത്വം മൂലം സർക്കാർ അക്കൗണ്ടിലേക്ക് പണം തിരിച്ചടയ്ക്കപ്പെടുകയും ചെയ്തു.

പോർട്ടലിൽ കൃത്യമായ വിവരങ്ങൾ നൽകുന്നതിന് വിദ്യാർത്ഥികളെ സഹായിക്കാൻ സ്ഥാപനങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചിട്ടും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് കൊണ്ടാണ് നിരസിക്കപ്പെട്ടതെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). മാതാപിതാക്കളുടെ അറിവില്ലായ്മ കാരണം രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് വന്ന സ്കോളർഷിപ്പ് പണം നിരസിച്ചതുമായി ബന്ധപ്പെട്ട മുന്നറിയിപ്പ് സന്ദേശങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും, കൃത്യമായ വിവരങ്ങൾ ലഭിച്ചാലുടൻ നിരസിച്ച/മടങ്ങുന്ന പണമിടപാടുകൾ പൂർത്തീകരിക്കുമെന്നും പ്രസ്താവിച്ചു.

വിദ്യാർത്ഥികളെയും വകുപ്പിനെയും ബന്ധിപ്പിക്കുന്ന ഘടകമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നതിനാൽ, സ്ഥാപനങ്ങൾക്ക് അവർ അംഗീകരിച്ച അപേക്ഷകളുടെ അവസ്ഥ അറിയാൻ ഇ-ഗ്രാന്റ്സിൽ ഒരു സംവിധാനം ഉണ്ടായിരിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 4.5.4. സ്കോളർഷിപ്പിൽ നിന്ന് ഒഴിവാക്കിയത്

#### *4.5.4.1. IX, X എന്നീ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ്*

2018-19 വർഷം മുതൽ ഇ-ഗ്രാന്റ്സ് വഴി സ്കോളർഷിപ്പ് വിതരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ, 'ഇ-ഗ്രാന്റ്സ് 3.0' പോർട്ടലിൽ മാറ്റങ്ങൾ വരുത്തി, ലോഗിൻ ചെയ്യുന്നതിനും വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനും ഉള്ള അധികാരം എല്ലാ അംഗീകൃത സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. എന്നിരുന്നാലും, എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇ-ഗ്രാന്റ്സിൽ അപ്ഡേറ്റ് ചെയ്യാൻ കഴിയാത്തതിനാൽ, ഇത് 2019-20 മുതൽ മാത്രമേ സംസ്ഥാനത്ത് നടപ്പിലാക്കിയുള്ളൂ. സ്ഥാപനങ്ങളുടെ അറിവിനായി എസ്‌സിഡിഡി ഡയറക്ടർ പുറപ്പെടുവിച്ച 'ഇ-ഗ്രാന്റ്സ് 3.0' യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്. പരിശോധിച്ച ജില്ലകളിലെ തിരഞ്ഞെടുത്ത 23 സ്ഥാപനങ്ങളിൽ യോഗ്യരായ 3,077 വിദ്യാർത്ഥികളിൽ 2,107 വിദ്യാർത്ഥികളുടെ വിവരങ്ങൾ മാത്രമാണ് സ്ഥാപനങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, ഇ-ഗ്രാന്റ്സ് അനുസരിച്ച്, **പട്ടിക 4.6**-ൽ കാണിച്ചിരിക്കുന്നത് പോലെ 1,683 വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്**.**

**പട്ടിക 4.6 : സ്ഥാപനങ്ങൾ വിശദാംശങ്ങൾ ഉൾപ്പെടുത്താത്തതിനാൽ / ഇ-ഗ്രാന്റ്സ് പോർട്ടലിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ**

| പിഒ/റ്റിഡിഒ (സ്കൂളുകളുടെ എണ്ണം) | അർഹരായ വിദ്യാർത്ഥികളുടെ എണ്ണം. | | | ഇ-ഗ്രാന്റ്സിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം (സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്ത പ്രകാരം) | | | സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം (2022 ജൂണിലെ ഇ-ഗ്രാന്റ്സ് ഡാറ്റ) | | | സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 | 2019-20 | 2020-21 | 2021-22 |
| മൂവാറ്റുപുഴ (4) | 5 | 10 | 4 | 4 | 6 | 4 | 5 | 3 | 0 | 0 | 7 | 4 |
| കോഴിക്കോട് (5) | 66 | 61 | 70 | 62 | 39 | 63 | 61 | 25 | 8 | 5 | 36 | 62 |
| സുൽത്താൻ ബത്തേരി (6) | 496 | 542 | 564 | 411 | 404 | 277 | 411 | 368 | 0 | 85 | 174 | 564 |
| മാനന്തവാടി (4) | 331 | 402 | 379 | 170 | 281 | 244 | 170 | 266 | 245 | 161 | 136 | 134 |
| കൽപ്പറ്റ (3) | 50 | 48 | 41 | 47 | 48 | 39 | 43 | 47 | 23 | 7 | 1 | 18 |
| പുനലൂർ (1) | 3 | 3 | 2 | 3 | 3 | 2 | 3 | 3 | 2 | 0 | 0 | 0 |
| **ആകെ** | **951** | **1066** | **1060** | **697** | **781** | **629** | **693** | **712** | **278** | **258** | **354** | **782** |
| **ആകെ മൊത്തം** | **3077** | | | **2107** | | | **1683** | | | **1394** | | |

*(ഉറവിടം: ഐറ്റിഡിപിഒ/റ്റിഡിഒ വഴി സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഡാറ്റയുടെ സമാഹരണം)*

വിദ്യാർത്ഥികൾ ആധാറും ബാങ്ക് വിവരങ്ങളും സമർപ്പിക്കാത്തതും സാങ്കേതിക പ്രശ്നങ്ങളുമാണ് വിശദാംശങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്താത്തതിന് കാരണമായി സ്ഥാപനങ്ങൾ പറഞ്ഞത്.

വയനാട് ജില്ലയിലെ ജി.എച്ച്എസ്എസ് തരിയോട് എന്ന സ്കൂളിലെ 114 വിദ്യാർത്ഥികൾക്കും 2020-21-ൽ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. എഴുപത്തിയാറ് വിദ്യാർത്ഥികളുടെ വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ 'ഫോർവേഡഡ്' ആയി കാണിച്ചിട്ടില്ലെന്നും, വിദ്യാർത്ഥികൾ ആധാർ, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ മുതലായവ പല തവണ നിർദ്ദേശിച്ചിട്ടും സമർപ്പിക്കാത്തതിനാൽ 38 വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞില്ലെന്നും പ്രധാനാധ്യാപകൻ മറുപടി നൽകി (2022 ഡിസംബർ). ഇ-ഗ്രാന്റ്സിൽ സ്ഥാപനം സമർപ്പിച്ച 76 വിദ്യാർത്ഥികളുടെ വിവരങ്ങൾ 'ഫോർവേഡഡ്' ആയി കാണിച്ചിട്ടില്ലെന്ന് അറിയിച്ചുകൊണ്ട് (2022 ജൂൺ) പ്രധാനാധ്യാപകൻ അവർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപടിയെടുക്കണമെന്ന് പ്രൊജക്ട് ഓഫീസറോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, പ്രൊജക്ട് ഓഫീസർ സ്വീകരിച്ച നടപടിയെക്കുറിച്ച് പ്രധാനാധ്യാപകന് അറിയിപ്പൊന്നും നൽകിയില്ല.

പോർട്ടലിൽ രജിസ്ട്രേഷന് ആവശ്യമായ രേഖകൾ വിദ്യാർത്ഥികൾ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും സ്ഥാപനം അഭിമുഖീകരിക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യേണ്ട ചുമതല വകുപ്പ് തല അധികാരികൾക്കായിരുന്നു. യോഗ്യരായ എല്ലാ വിദ്യാർത്ഥികളുടെയും അപേക്ഷകൾ ഉൾപ്പെടുത്തുകയും, വിജയകരമായി പ്രോസസ് ചെയ്യുകയും ചെയ്തുവെന്ന്

ഉറപ്പാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവവും തിരഞ്ഞെടുത്ത നാല് ജില്ലകളിലെ 1394 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന് കാരണമായി.

സർക്കാർ മറുപടിയിൽ (2023 ജൂൺ) ഈ ഓഡിറ്റ് നിരീക്ഷണത്തെക്കുറിച്ച് പരാമർശങ്ങളൊന്നും നൽകിയിട്ടില്ല.

### *4.5.4.2. IX – ക്ലാസിലെ എസ്റ്റി വിദ്യാർത്ഥികൾക്ക് കേന്ദ്ര പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കാത്തത്*

എസ്റ്റി പ്രമോട്ടർമാരുടെ[80] ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 2010 ജനുവരിയിൽ കേരള സർക്കാർ പുറപ്പെടുവിച്ചു. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, എസ്റ്റി വിദ്യാർത്ഥികൾക്ക് യഥാസമയം പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് പ്രമോട്ടർമാരുടെ ചുമതലയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് 2019-20 അധ്യയന വർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യാൻ തുടങ്ങി.

ഇ-ഗ്രാന്റ്സ് പോർട്ടലിലെ "സ്റ്റുഡന്റ് രജിസ്ട്രേഷൻ" മെനു വഴിയാണ് സ്ഥാപനങ്ങൾ എസ്റ്റി വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തുന്നത്. ഒരു അടിസ്ഥാന ഘട്ടമെന്ന നിലയിൽ, വിദ്യാർത്ഥികളുടെ രജിസ്ട്രേഷനായി പേരും ആധാർ നമ്പറും തുടർന്നുള്ള അംഗീകാരത്തിനും സ്കോളർഷിപ്പ് ലഭിക്കുന്നതിനും നൽകേണ്ടതാണ്. എസ്റ്റിഡിഡിയുടെ ജില്ലാ ഓഫീസ്, അനുമതി ഓർഡർ നൽകുന്നതിന് മുമ്പ് ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭ്യമായ താരതമ്യ/പരിശോധനാ സൗകര്യം ഉപയോഗിച്ച് ഡിസ്ബേഴ്സ്മെന്റ് ലിസ്റ്റിലെ ഫീസ് ഘടന/തുക സർക്കാർ അംഗീകൃത ഫീസ് ഘടനയുമായി പരിശോധിക്കണം.

ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, തിരഞ്ഞെടുത്ത ജില്ലകളിലെ 2019-20, 2020-21 അധ്യയന വർഷങ്ങളിൽ ഒൻപതാം ക്ലാസിലെ 413 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒൻപതാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെങ്കിലും പത്താം ക്ലാസിൽ സ്കോളർഷിപ്പ് ലഭിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[81] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, വിദ്യാർത്ഥികൾ മതിയായ വിവരങ്ങൾ സമർപ്പിക്കാത്തതിനാൽ 171 അപേക്ഷകളും, വിദ്യാർത്ഥികൾ സമയബന്ധിതമായി രേഖകൾ ഹാജരാക്കാത്തതിനാൽ 162 അപേക്ഷകളും, സാങ്കേതിക പിശക് മൂലം മൂന്ന് കേസുകളും, പദ്ധതിയെക്കുറിച്ചുള്ള

---

80 പട്ടികവർഗ്ഗ വികസന പദ്ധതികളുടെ പ്രയോജനങ്ങൾ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ആദിവാസി മേഖലകളിൽ ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കാൻ ട്രൈബൽ പ്രമോട്ടർമാരെ തിരഞ്ഞെടുത്ത് നിയമിക്കുന്നു. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും, തദ്ദേശ സ്ഥാപനങ്ങൾ/ലൈൻ വകുപ്പുകൾക്കും ഇടയിലുള്ള കണ്ണിയായും അവർ പ്രവർത്തിക്കണം.

81 തിരഞ്ഞെടുത്ത ഒരു ജില്ലയിൽ (വയനാട്) തിരഞ്ഞെടുത്ത 9 സ്ഥാപനങ്ങളിലായി 342 കേസുകൾ കാണപ്പെട്ടു.

അവബോധമില്ലായ്മ അഥവാ എസ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അറിയിപ്പ് ലഭിക്കുന്നതിലെ കാലതാമസം മൂലം നാല് കേസുകളും, പോർട്ടലിൽ അംഗീകരിച്ച നിലയിൽ കണ്ടതിനാൽ രണ്ടു കേസുകളും പരിഗണിക്കാൻ കഴിഞ്ഞില്ലെന്ന് സ്ഥാപനങ്ങൾ പ്രസ്താവിച്ചു.

അതിനാൽ, എല്ലാ എസ്റ്റി വിദ്യാർത്ഥികൾക്കും എല്ലാ വർഷവും സ്കോളർഷിപ്പ് മുടങ്ങാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം എസ്റ്റി പ്രമോട്ടർമാരും സ്ഥാപനങ്ങളിലെ അധികാരികളും നിറവേറ്റുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സൂചിപ്പിച്ച പ്രശ്നത്തിന്റെ 'വാലിഡേഷൻ ചെക്ക്' നിലവിൽ ലഭ്യമല്ലെന്നും ഉടൻ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഓൺലൈൻ മോഡിലേക്ക് മാറുമ്പോൾ, ഈ പ്രശ്നങ്ങൾ നിരീക്ഷിക്കാനും ഭാവിയിൽ തടയാനും കഴിയുമെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നിരുന്നാലും, മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികൾക്കുണ്ടായ നഷ്ടം എങ്ങനെ നികത്തുമെന്ന വിശദീകരണം മറുപടിയിലില്ല.

### *4.5.4.3. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് പദ്ധതിക്ക് കീഴിൽ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് ലഭിക്കാത്തത്*

ഒമ്പത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന എസ്റ്റി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പിൽ, ഡേ സ്കോളർമാരുടെ സ്റ്റൈപ്പൻഡ് തുക 10 മാസത്തേക്ക് പ്രതിമാസം ₹150ഉം പ്രതിവർഷം ബുക്ക്സ് ആൻഡ് അഡ്ഹോക്ക് ഗ്രാന്റ് ₹750ഉം, ഹോസ്റ്റൽ കുട്ടികളുടെ സ്റ്റൈപ്പൻഡ് തുക 10 മാസത്തേക്ക് പ്രതിമാസം ₹350ഉം ബുക്ക്സ് ആൻഡ് അഡ്ഹോക്ക് ഗ്രാന്റ് പ്രതിവർഷം ₹1000ഉം ആണ്. 2019 ഡിസംബർ ഒന്നു മുതൽ സ്കോളർഷിപ്പ് നിരക്ക് (സ്റ്റൈപ്പൻഡ്) ഹോസ്റ്റൽ കുട്ടികൾക്ക് പ്രതിമാസം ₹225 ആയും ഡേ സ്കോളർമാർക്ക് പ്രതിമാസം ₹525 ആയും വർദ്ധിപ്പിച്ചു.

തിരഞ്ഞെടുത്ത ജില്ലകളുടെ[82] ഇ-ഗ്രാന്റ്സ് ഡാറ്റ വിശകലനം ചെയ്തപ്പോൾ, ഇതിലെ രണ്ട് ജില്ലകളിലെ 30 വിദ്യാർത്ഥികൾക്ക് ബുക്ക്സ് ആൻഡ് അഡ്ഹോക്ക് ഗ്രാൻറ് നൽകിയെങ്കിലും സ്റ്റൈപ്പൻഡ് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[83] മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ, 15 ഗുണഭോക്താക്കൾക്ക് ബുക്ക്സ് ആൻഡ് അഡ്ഹോക്ക് ഗ്രാൻറ് നൽകിയിട്ടും സ്റ്റൈപ്പൻഡ് നൽകിയില്ലെന്ന് കണ്ടു.

അതിനാൽ, എല്ലാ എസ്റ്റി വിദ്യാർത്ഥികൾക്കും വർഷം തോറും സ്കോളർഷിപ്പിന്റെ എല്ലാ ഘടകങ്ങളും മുടങ്ങാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം എസ്റ്റി പ്രമോട്ടർമാരും സ്ഥാപന അധികാരികളും നിറവേറ്റുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിൽ നിന്ന് റിപ്പോർട്ട് ശേഖരിക്കുമെന്നും അന്തിമ മറുപടി എത്രയും വേഗം ഓഡിറ്റിന് നൽകുമെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ).

[82] വയനാട് (2020-21): 26, (2021-22): 2, എറണാകുളം (2021-22): 2

[83] തിരഞ്ഞെടുത്ത ഒരു ജില്ലയിൽ (വയനാട്) തിരഞ്ഞെടുത്ത 3 സ്ഥാപനങ്ങളിലായി 15 കേസുകൾ കാണപ്പെട്ടു.

### 4.5.4.4. IX, X ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് - ഫണ്ട് ലഭ്യമായിട്ടും സ്കോളർഷിപ്പ് നൽകാതിരുന്നത് – റ്റിഡിഒ കോഴിക്കോട്

2018-19 വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഡയറക്ടർ കോഴിക്കോട് റ്റിഡിഒയ്ക്ക് ₹11.65 ലക്ഷം അനുവദിച്ചു (2019 ഫെബ്രുവരി). ബാങ്ക് അക്കൗണ്ടുള്ള ഗുണഭോക്താക്കളുടെ ബില്ലുകൾ മാത്രം ട്രഷറി സ്വീകരിക്കുന്നതിനാൽ, റ്റിഡിഒ ₹7.33 ലക്ഷം സറണ്ടർ ചെയ്യുകയും ബാങ്ക് അക്കൗണ്ടുള്ള 167 വിദ്യാർത്ഥികൾക്ക് (30 സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച 199 അപേക്ഷകളിൽ) ₹4.32 ലക്ഷം[84] ചെലവഴിച്ച് സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ 167 പേരിൽ നാല് വിദ്യാർത്ഥികളെ രണ്ട് അനുമതി ഓർഡറുകളിൽ ഉൾപ്പെടുത്തിയതിനാൽ യോഗ്യരായ 199 അപേക്ഷകരിൽ 163 വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് അനുവദിച്ചത്. സ്കോളർഷിപ്പ് അനുവദിക്കാത്ത 36 വിദ്യാർത്ഥികളിൽ 28 വിദ്യാർത്ഥികൾ[85] ബാങ്ക് വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ബാങ്ക് വിവരങ്ങൾ ലഭ്യമല്ലാത്തത് എട്ട് വിദ്യാർത്ഥികൾക്ക് മാത്രമാണെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ, യോഗ്യരായ 36 വിദ്യാർത്ഥികൾക്ക് 2018-19-ൽ ഫണ്ട് ലഭ്യമായിട്ടും സ്കോളർഷിപ്പ് ലഭിച്ചില്ല.

കോഴിക്കോട് പട്ടികവർഗ്ഗ വികസന ഓഫീസറിൽ നിന്ന് റിപ്പോർട്ട് ശേഖരിക്കുമെന്നും അന്തിമ മറുപടി എത്രയും വേഗം ഓഡിറ്റിന് നൽകുമെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ).

## 4.6. സംസ്ഥാന പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഒന്ന് മുതൽ പത്താം ക്ലാസ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന പ്രീ-മെട്രിക് സ്കോളർഷിപ്പിൽ ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പൻഡും ഉൾപ്പെടുന്നു. അൺ എയ്ഡഡ് അംഗീകൃത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകരിച്ച ട്യൂഷൻ ഫീസ്/സ്പെഷ്യൽ ഫീസിന്റെ റീ-ഇംബേഴ്സ്മെന്റിനും ലംപ്സം ഗ്രാന്റിനും അർഹതയുണ്ട്. പിഒ/റ്റിഡിഒ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി ഡയറക്ടർ പിഒ/റ്റിഡിഒമാർക്ക് ഫണ്ട് വകയിരുത്തുകയും അവർ രണ്ട് ഗഡുക്കളായി സ്ഥാപന മേധാവികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. ജൂൺ മുതൽ ഒക്ടോബർ വരെയുള്ള ലംപ്സം ഗ്രാന്റും സ്റ്റൈപ്പൻഡും ഒന്നാം ഗഡുവായും, നവംബർ മുതൽ മാർച്ച് വരെയുള്ള സ്റ്റൈപ്പൻഡ് രണ്ടാം ഗഡുവായും നൽകുന്നു. ആദ്യ ഗഡു ലഭിച്ചുവെന്ന് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ രണ്ടാം ഗഡു വിതരണം ചെയ്യുകയുള്ളൂ. പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന പോരായ്മകൾ ഓഡിറ്റ് ശ്രദ്ധിച്ചു:

---

84 2018-19 ലെ വിഹിതത്തിൽ നിന്നും ₹4.32 ലക്ഷം

85 ജിഎച്ച്എസ്എസ് അഴിയൂർ - 2, ജിഎച്ച്എസ്എസ് പുതുപ്പാടി - 19, ജിഎച്ച്എസ് പേരാമ്പ്ര - 5, സെന്റ് ജോൺസ് എച്ച്എസ് നെല്ലിപ്പൊയിൽ - 2

### 4.6.1. ഗുണഭോക്താക്കളെ കുറഞ്ഞ അളവിൽ ഉൾപ്പെടുത്തിയത്

സ്ഥാപന മേധാവികൾ നൽകിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് അടിസ്ഥാനമാക്കിയാണ് തിരഞ്ഞെടുത്ത ജില്ലകളിലെ പിഒ/റ്റിഡിഒമാർ സ്കോളർഷിപ്പുകൾ വിതരണം ചെയ്തത്. നൂറ് ശതമാനം ഗുണഭോക്താക്കളും ഉൾപ്പെടുന്നു എന്നുറപ്പാക്കാൻ, പദ്ധതി നടപ്പാക്കുന്ന ഉദ്യോഗസ്ഥന്റെ കൈവശം, തന്റെ അധികാരപരിധിയിലുള്ള സ്ഥാപനങ്ങളിലെ യോഗ്യരായ എല്ലാ വിദ്യാർത്ഥികളുടെയും ഡാറ്റ ഉണ്ടായിരിക്കണം. യോഗ്യരായ എല്ലാ വിദ്യാർത്ഥികളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി, തിരഞ്ഞെടുത്ത നാല് ജില്ലകളിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരിൽ (ഡിഡിഇ) നിന്ന് സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് അംഗീകൃത സ്കൂളുകളിലെ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ഓഡിറ്റ് ശേഖരിച്ചു. ഈ എണ്ണവുമായി പിഒ/റ്റിഡിഒമാർ സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണത്തെ താരതമ്യപ്പെടുത്തിയപ്പോൾ, ഡിഡിഇയുടെ കണക്ക് പ്രകാരമുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. എറണാകുളം, വയനാട്, കൊല്ലം ജില്ലകളിൽ ആദ്യ ഗഡു സ്കോളർഷിപ്പ് അനുവദിച്ചത് യഥാക്രമം 91, 98, 85 ശതമാനം വിദ്യാർത്ഥികൾക്കാണ്. എന്നാൽ, രണ്ടാം ഗഡുവിൽ യഥാക്രമം 61, 89, 71 ശതമാനം വിദ്യാർത്ഥികൾ മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്. കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം, 2017-18, 2019-20 വർഷങ്ങളിലെ വിവരങ്ങൾ ലഭ്യമല്ല. **പട്ടിക 4.7**-ൽ കാണിച്ചിരിക്കുന്നതുപോലെ, ശേഷിക്കുന്ന വർഷങ്ങളിൽ ഒന്നും രണ്ടും ഗഡുക്കൾ ലഭിച്ച വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 98, 59 (2018-19), 80, 44 (2020-21), 79, 72 (2021-22) ആണ്.

**പട്ടിക 4.7: എസ്റ്റി വിദ്യാർത്ഥികളെക്കുറിച്ചുള്ള ഡിഡിഇ ഡാറ്റയും യഥാർത്ഥ ഗുണഭോക്താക്കളും തമ്മിലുള്ള താരതമ്യം**

| വർഷം | എറണാകുളം | | | കോഴിക്കോട് * | | | വയനാട് ** | | | കൊല്ലം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഡിഡിഇ (സംഖ്യ) | സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം, ശതമാനം ഡിഡിഇയുടെ കണക്കുമായി നോക്കുമ്പോൾ | | ഡിഡിഇ (സംഖ്യ) | സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം, ശതമാനം ഡിഡിഇയുടെ കണക്കുമായി നോക്കുമ്പോൾ | | ഡിഡിഇ (സംഖ്യ) | സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം, ശതമാനം ഡിഡിഇയുടെ കണക്കുമായി നോക്കുമ്പോൾ | | ഡിഡിഇ (സംഖ്യ) | സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം, ശതമാനം ഡിഡിഇയുടെ കണക്കുമായി നോക്കുമ്പോൾ | |
| | | I | II | | I | II | | I | II | | I | II |
| 2017-18 | 1930 | 1837 | 1474 | 1918 | ലഭ്യമല്ല | ലഭ്യമല്ല | 26852 | 25463 | 24688 | 1058 | 862 | 660 |
| 2018-19 | 1813 | 1881 | 1522 | 1777 | 1749 | 1054 | 27012 | 26828 | 23307 | 1019 | 870 | 660 |
| 2019-20 | 1733 | 1705 | 946 | 1716 | ലഭ്യമല്ല | ലഭ്യമല്ല | 26364 | 28570 | 22632 | 957 | 834 | 649 |
| 2020-21 | 2230 | 1456 | 513 | 1641 | 1307 | 718 | 26019 | 24431 | 23431 | 961 | 773 | 755 |
| 2021-22 | 1546 | 1501 | 1216 | 1580 | 1255 | 1178 | 26039 | 24601 | 23884 | 879 | 775 | 740 |
| **ആകെ** | **9252** | **8380 (91)** | **5671 (61)** | **8632** | **4311** | **2950** | **132286** | **129893 (98)** | **117942 (89)** | **4874** | **4114 (85)** | **3464 (71)** |

* 2017-18, 2019-20 വർഷങ്ങളിലെ കണക്കുകൾ കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ ലഭ്യമല്ല

** വയനാട് ജില്ലയിൽ രണ്ട് റ്റിഡിഒമാരും ഒരു ഐറ്റിഡിപിയും ഉണ്ടായിരുന്നു

*(ഉറവിടം: വകുപ്പുതല ഉത്തരവുകളിൽ നിന്ന് സമാഹരിച്ച ഡാറ്റ)*

എറണാകുളം, വയനാട്, കൊല്ലം ജില്ലകളിലായി ആദ്യ ഗഡു സ്കോളർഷിപ്പ് അനുവദിച്ച വിദ്യാർത്ഥികളിൽ 89 ശതമാനം വിദ്യാർഥികൾക്ക് മാത്രമാണ് രണ്ടാം ഗഡു അനുവദിച്ചതെന്നും ശ്രദ്ധയിൽപ്പെട്ടു. ഇത് കോഴിക്കോട് ജില്ലയിൽ 82 ശതമാനം മാത്രമായിരുന്നു. ആദ്യഗഡു ലഭിച്ചതിന്റെ രസീത് നൽകിയാൽ മാത്രമേ രണ്ടാം ഗഡു വിതരണം ചെയ്യൂ എന്നതിനാൽ, മൂന്ന് ജില്ലകളിലെ അവശേഷിക്കുന്ന 11 ശതമാനം വിദ്യാർത്ഥികൾക്കും കോഴിക്കോട് ജില്ലയിലെ 18 ശതമാനം വിദ്യാർത്ഥികൾക്കും ആദ്യ ഗഡു തന്നെ വിതരണം ചെയ്തുവെന്ന് ഉറപ്പിക്കാനാവില്ല.

സർക്കാരിന്റെ മറുപടിയിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും നൽകിയിട്ടില്ല (2023 ജൂൺ).

## 4.7. നിരീക്ഷണവും വിലയിരുത്തലും

നിരീക്ഷണവും വിലയിരുത്തലും ഏതൊരു പദ്ധതിയുടെയും അവിഭാജ്യ ഘടകമാണ്, എന്തെന്നാൽ, പദ്ധതി നടപ്പാക്കുന്നതിലെ പ്രശ്നങ്ങൾ തിരിച്ചറിയാനും അതുവഴി അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഭരണകാര്യ വകുപ്പിന് ഇതുവഴി സാധിക്കുന്നു. പ്രീ-മെട്രിക് എസ്‌റ്റി പദ്ധതികളുമായി ബന്ധപ്പെട്ട്, ഇ-ഗ്രാന്റ്സിലെ പ്രോസസ്സിംഗിനുള്ള ഡാറ്റ യഥാർത്ഥവും പൂർണ്ണവും മുമ്പ് പ്രോസസ്സ് ചെയ്തിട്ടില്ലാത്തതും, ശരിയായി അംഗീകരിക്കപ്പെട്ടതും, കൂടാതെ ഇരട്ടിപ്പ് ഇല്ലാതെ കൃത്യമായി രേഖപ്പെടുത്തിയതുമാണെന്ന് ഉറപ്പാക്കാൻ നടപ്പാക്കുന്ന ഏജൻസികൾക്ക്[86] സംസ്ഥാന സർക്കാർ[87] നാളിതുവരെ മാർഗ്ഗനിർദ്ദേശങ്ങൾ / സർക്കുലറുകൾ / നിർദ്ദേശങ്ങൾ ഇറക്കിയിട്ടില്ല. അതുപോലെ, കേന്ദ്ര സ്കോളർഷിപ്പ് പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കുന്നതിനാൽ, പദ്ധതികളുടെ കാര്യക്ഷമമായ നിരീക്ഷണവും മൂല്യനിർണ്ണയവും ഉറപ്പാക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണെന്നാണ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കുന്നത്. നിരീക്ഷണത്തിനും വിലയിരുത്തലിനും ഫലപ്രദമായ നിയന്ത്രണ സംവിധാനങ്ങളും ശക്തമായ ഐടി സംവിധാനങ്ങളും നിലവിലുണ്ടോ എന്ന് ഓഡിറ്റ് പരിശോധിച്ചു. നിരീക്ഷണങ്ങൾ ചുരുക്കത്തിൽ താഴെ പറഞ്ഞിരിക്കുന്നു:

സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും പദ്ധതിയുടെ പുരോഗതി ആനുകാലികമായി അവലോകനം ചെയ്യുന്നതിനുള്ള ഒരു ഫലപ്രദമായ സംവിധാനവും നിലവിലില്ല. അതിനാൽ ഓരോ തലത്തിലും[88] പേയ്മെന്റുകൾ വൈകുകയും നടത്താതിരിക്കുകയും ചെയ്യുന്നത് വകുപ്പിന് തിരിച്ചറിയാനും തടയാനും കഴിയുന്നില്ല. എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നു എന്നുറപ്പാക്കാനും സാധിക്കുന്നില്ല.

---

86 എസ്‌സിഎസ്‌റ്റി വകുപ്പ്, സി-ഡിറ്റ്, ബന്ധപ്പെട്ട സംസ്ഥാനതല ഡയറക്ടറേറ്റുകൾ, ജില്ലാതല ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ

87 എസ്‌സിഎസ്‌റ്റി വകുപ്പ്, സംസ്ഥാന സർക്കാർ

88 ഈ റിപ്പോർട്ടിലെ 4.5.1, 4.5.2, 4.5.4.2 എന്നീ ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു

പദ്ധതിയുടെ ഭരണച്ചെലവിൽ നിന്ന് സംസ്ഥാന സർക്കാരുകളുടെ സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ[89] സോഷ്യൽ ഓഡിറ്റ്[90] നടത്തണമെന്ന് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടില്ല, തൽഫലമായി, ഭൂരിപക്ഷം പാർശ്വവൽക്കരിക്കപ്പെട്ടതോ/ അധഃസ്ഥിതരായോ ആയ ഒരു വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയാൻ വകുപ്പിന് കഴിയുന്നില്ല.

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനയിൽ പേയ്മെന്റുകളുടെ ഇരട്ടിപ്പ്, പേയ്മെന്റ് നിരസിക്കൽ, സ്ഥാപനതലത്തിൽ സ്കോളർഷിപ്പ് അപേക്ഷകൾ പ്രോസസ്സ് ചെയ്യാത്തത്, തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടു, ഇത്തരം വീഴ്ചകൾ ശക്തമായ ഒരു ഐടി നിരീക്ഷണ സംവിധാനത്തിന്റെ അപര്യാപ്തതയെ ചൂണ്ടിക്കാണിക്കുന്നു.

പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ അദ്ധ്യയന പുരോഗതി നിരീക്ഷിക്കുന്നതിന് ശക്തമായ ഒരു നിരീക്ഷണ സംവിധാനം സംസ്ഥാന സർക്കാർ ഏർപ്പെടുത്തണമെന്ന് കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നെങ്കിലും നാളിതുവരെയായി ഇത് നടപ്പാക്കിയിട്ടില്ല.

കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ ശരിയായ ഉത്തരവാദിത്തമുറപ്പിക്കാനായി, ഒരു അൽഗോരിതം മുഖേന ബ്ലോക്ക്/ജില്ല/സംസ്ഥാനം എന്നീ വിവിധ തലങ്ങളിൽ കുറഞ്ഞത് 10 ശതമാനമെങ്കിലും സ്ഥാപനങ്ങളെയോ /വിദ്യാർഥികളെയോ ക്രമരഹിതമായി തിരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തണമെന്ന് നിഷ്കർഷിക്കുന്നു. ബിരുദമോ അതിനു മുകളിലോ ഉള്ള കോഴ്സുകൾ വാഗ്ദാനം ചെയ്യുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളെയും നിർബന്ധമായി വർഷം തോറും പരിശോധിക്കേണ്ടതാണ്. എന്നാൽ, വകുപ്പുകൾ ലക്ഷ്യം നിശ്ചയിച്ചിട്ടില്ലെന്നും പരിശോധനകൾ നടത്തിയിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പദ്ധതിയുടെ നിരീക്ഷണവും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകൾ സർക്കാർ അംഗീകരിക്കുകയും (2023 ജൂൺ) എസ്‌സി/എസ്‌റ്റി സ്കോളർഷിപ്പ് സംബന്ധിച്ച പുതിയ സർക്കാർ ഉത്തരവ് (2023 ജനുവരി) നടപ്പിലാക്കുമ്പോൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ച വീഴ്ചകൾ പരിഹരിക്കപ്പെടുമെന്നും പ്രസ്താവിച്ചു. ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നുള്ള സൂചനയുടെ അടിസ്ഥാനത്തിൽ, സോഫ്റ്റ്‌വെയറിൽ ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ സി-ഡിറ്റിനോട് നിർദ്ദേശിക്കുമെന്നും വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഒരു ചാറ്റ് ബോക്സ് ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിക്കുന്നുണ്ടെന്നും സർക്കാർ വ്യക്തമാക്കി.

---

[89] എംജിഎൻആർഇജിഎ-യുടെ കീഴിൽ

[90] ഇത് ഒരു സ്ഥാപനത്തിന്റെ സാമൂഹികവും ധാർമികവുമായ പ്രകടനം അളക്കുന്നതിനും മനസ്സിലാക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു മാർഗ്ഗമാണ്. ഇത് ദർശനവും/ലക്ഷ്യവും, യഥാർത്ഥ്യവും തമ്മിലും, കാര്യക്ഷമതയും ഫലപ്രാപ്തിയും തമ്മിലുമുള്ള അന്തരം കുറയ്ക്കാൻ സഹായിക്കുന്നു.

### 4.7.1. ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തത് - എസ് റ്റി സ്കോളർഷിപ്പ് - കേന്ദ്ര പ്രീ-മെട്രിക് പദ്ധതി

സംസ്ഥാന സർക്കാരിന്റെ ധനാഭ്യർത്ഥനയോടൊപ്പം മുൻവർഷത്തെ കേന്ദ്ര ധന സഹായത്തിന്റെ ഓഡിറ്റ് ചെയ്ത പത്രികകളും വിനിയോഗസാക്ഷ്യപത്രവും സമർപ്പിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നു. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുകയോ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ (ഓഡിറ്റ് I) ഓഫീസിൽ നിന്ന് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

എല്ലാ വർഷവും കേന്ദ്ര സർക്കാരിന് വിനിയോഗസാക്ഷ്യപത്രം അയയ്ക്കുന്നുണ്ടെന്നും ഈ വർഷം മുതൽ ഗവൺമെന്റ് ഓഡിറ്ററിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുമെന്നും എസ് റ്റിഡിഡി ഡയറക്ടർ മറുപടി നൽകി (2023 മേയ്).

# അദ്ധ്യായം V
# പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പോസ്റ്റ്-മെട്രിക്

അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഒരു സർവ്വേയോ പഠനമോ നടത്തുന്നതുമായി ബന്ധപ്പെട്ട പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശകൾ പാലിച്ചിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡയറക്ടറേറ്റിലും സ്കോളർഷിപ്പ് അപേക്ഷകൾ പരിഗണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടു. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ വിതരണം ചെയ്യുന്നതിൽ ഒന്നു മുതൽ നാല് വർഷം വരെ കാലതാമസം നേരിട്ടു. ബുക്ക് ബാങ്ക് പദ്ധതി നടപ്പാക്കാത്തത് അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ടാക്കി. ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയറിലെ അപര്യാപ്തമായ ഇൻപുട്ട് നിയന്ത്രണം ഒരേ വിദ്യാർത്ഥിക്ക് സ്ഥാപനത്തിലെ ഹോസ്റ്റലിലും പ്രൈവറ്റ് ഹോസ്റ്റലിലും ഉള്ള താമസത്തിനുള്ള തുകകൾ നൽകുന്നതിന് കാരണമായി. സ്കോളർഷിപ്പിന്റെ ഘടകങ്ങൾ ഒന്നിലധികം തവണ നൽകിയതും അൺ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന പദ്ധതിക്കു കീഴിൽ സ്കോളർഷിപ്പ് അനുവദിച്ചതുമായ സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കേന്ദ്രാവിഷ്കൃത എസ്റ്റി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകളുടെ കാര്യത്തിൽ ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടന്നിട്ടില്ല

## 5.1. സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള യോഗ്യത

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 5.1-ൽ** നൽകിയിരിക്കുന്നു.

**പട്ടിക 5.1: പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| | |
|---|---|
| **യോഗ്യത** | മാതാപിതാക്കളുടെയും രക്ഷിതാക്കളുടെയും എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം ₹2.50 ലക്ഷം കവിയാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും. |
| **പഠനത്തിനായി** | ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സംസ്ഥാന/കേന്ദ്ര സർവ്വകലാശാലകൾ, യുജിസി അംഗീകരിച്ച സ്വയംഭരണ കോളേജുകൾ, യുജിസി നിയമത്തിലെ സെക്ഷൻ 2(എഫ്), 12(ബി) പ്രകാരം അംഗീകൃത സർവ്വകലാശാലകൾ/ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, എ ലെവലോ തത്തുല്യമോ ഉള്ള സംസ്ഥാനം/കേന്ദ്രം അംഗീകരിച്ച സ്വകാര്യ സർവ്വകലാശാലകൾ എൻഎഎസി/ എൻബിഎ-യുടെ അക്രഡിറ്റേഷൻ, അംഗീകൃത കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തതും ഫീസ് ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, XI, XII ക്ലാസുകളിലെ അംഗീകൃത സ്കൂളുകൾ/കോളേജുകൾ, ഡിപ്ലോമ നൽകുന്ന സ്ഥാപനങ്ങൾ, എൻസിവിറ്റി-യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം, എംസിഐ/ എഐസിറ്റിഇ ഇവയുമായി അഫിലിയേറ്റ് ചെയ്ത/അംഗീകൃതമായ സ്ഥാപനങ്ങൾ തുടങ്ങിയവ. |

| | | | | |
|---|---|---|---|---|
| സ്കോളർഷിപ്പിന്റെ ഘടകങ്ങൾ[91] | ഇനം | | ഡേ സ്കോളർ | ഹോസ്റ്റലർ |
| | മെയിന്റനൻസ് അലവൻസ് | ഗ്രൂപ്പ് I – ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ/എഞ്ചിനീയറിംഗ്/ മെഡിക്കൽ/ സിഎ/ ഐസിഡബ്ല്യുഎ/ എംഫിൽ/ പിഎച്ച്ഡി/ എൽഎൽഎം തുടങ്ങിയവ. | ₹550 | ₹1200 |
| | | ഗ്രൂപ്പ് II - ബിരുദത്തിലേക്ക് നയിക്കുന്ന പ്രൊഫഷണൽ കോഴ്സുകൾ (ബിഎഫ്എസ്, മറ്റ് പാരാ മെഡിക്കൽ കോഴ്സുകൾ മുതലായവ) | ₹530 | ₹820 |
| | | ഗ്രൂപ്പ് III - ബിരുദത്തിലേക്ക് നയിക്കുന്ന മറ്റെല്ലാ കോഴ്സുകളും (ബിഎ, ബിഎസ്സി എന്നിവ) | ₹300 | ₹570 |
| | | ഗ്രൂപ്പ് IV - എല്ലാ പോസ്റ്റ് മെട്രിക്കുലേഷൻ തലത്തിലുമുള്ള ബിരുദമല്ലാത്ത കോഴ്സുകൾ, 11, 12, ഐടിഐ, പോളിടെക്നിക്കിലെ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ | ₹230 | ₹380 |
| | ട്യൂഷൻ ഫീസ് | സർവ്വകലാശാല/ബോർഡിന് വിദ്യാർത്ഥി അടയ്ക്കേണ്ട എല്ലാ നിർബന്ധിത ഫീസും | | |
| | പഠന യാത്ര | പ്രതിവർഷം ₹1600 | | |
| | തീസിസ് ടൈപ്പിംഗ്/ പ്രിന്റിംഗ് നിരക്കുകൾ | പരമാവധി ₹1600 | | |
| | ബുക്ക് ബാങ്ക് | ₹2400 മുതൽ ₹7500 വരെ. രണ്ട് വിദ്യാർത്ഥികൾക്ക് ഒരു സെറ്റ് | | |

എസ്റ്റി വിദ്യാർത്ഥികൾക്കായി സംസ്ഥാനം നടപ്പിലാക്കുന്ന പോസ്റ്റ്-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പ് അവകാശപ്പെടുന്നതിനുള്ള യോഗ്യതയുടെ വ്യവസ്ഥകൾ **പട്ടിക 5.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.2: എസ്റ്റി വിദ്യാർത്ഥികൾക്ക് സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കുവാനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| യോഗ്യത | വരുമാന പരിധിയില്ലാതെ പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും |
|---|---|
| പഠനത്തിനായി | പ്ലസ് 1, പ്ലസ് 2, വിഎച്ച്എസ്ഇ, കെവി, സൈനിക് സ്കൂൾ, ടെക്നിക്കൽ സ്കൂളുകൾ, ജിവി രാജ സ്കൂൾ, പോളിടെക്നിക് കോളേജുകൾ, ഐഎച്ച്ആർഡി സ്കൂളുകൾ, സർവ്വകലാശാലകൾ അംഗീകരിച്ച ഡിപ്ലോമ/ ഡിഗ്രി/ പിജി/ പ്രൊഫഷണൽ കോഴ്സുകൾ, ഐടിഐ/ ഐടിസി മെട്രിക് ട്രേഡ്, സർക്കാർ നിയന്ത്രിത കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കോഴ്സുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, എൽബിഎസ്, സി-ഡിറ്റ്, സീഡാക്, ഇആർ ആന്റ് ഡിസി, യൂണിവേഴ്സിറ്റി/ എയ്ഡഡ് സ്ഥാപനങ്ങളുടെ അൺ എയ്ഡഡ് കോഴ്സുകൾ (സർവ്വകലാശാല/ സർക്കാർ നിശ്ചയിച്ച നിരക്കുകൾ), എം ഫിൽ, എം ടെക്, എം ലിറ്റ്, സംസ്ഥാന സർവ്വകലാശാലകൾ/ ഇഗ്നൗ എന്നിവയുടെ ഓഫ് ക്യാമ്പസ് കോഴ്സുകൾ, ഈവനിംഗ് കോഴ്സുകൾ, വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങിയവ |

91 ഈ നിരക്കുകൾ 2010 ജൂലൈ 01 മുതൽ പ്രാബല്യത്തിലുണ്ട്. ശേഷം, നിരക്കുകൾ പുതുക്കിയിട്ടില്ല.

| | ഇനം | തുക |
|---|---|---|
| **സ്കോളർഷിപ്പ് ഘടകങ്ങൾ** [92] | മാതാപിതാക്കളുടെ വാർഷിക വരുമാനം ₹2.50 ലക്ഷത്തിന് മുകളിലുള്ള എല്ലാ എസ്റ്റി വിദ്യാർത്ഥികൾക്കും വേണ്ടി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ കേന്ദ്ര പദ്ധതി നൽകുന്ന എല്ലാ ഘടകങ്ങളും സംസ്ഥാനം നൽകുന്നു. കൂടാതെ, സംസ്ഥാന സർക്കാർ ലംപ്സം ഗ്രാന്റ്, ആക്ച്വൽ ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജ്ജുകൾ, പ്രൈവറ്റ് അക്കൊമെഡേഷൻ ചാർജ്ജുകൾ, പോക്കറ്റ് മണി (ഹോസ്റ്റലർ), ഫെലോഷിപ്പ്, സ്റ്റൈപ്പൻഡ് (ഡേ സ്കോളർ) എന്നിവ 2020 വരെ നൽകിയിരുന്നു. | ലംപ്സം ഗ്രാന്റ് (കോഴ്സിനെ ആശ്രയിച്ച്)<br>2019-20 വരെ - ₹440 മുതൽ ₹3130 വരെ<br>2020-21 മുതൽ - ₹500 മുതൽ ₹3800 വരെ<br>എബിഎൽസി: യഥാർത്ഥം/ ₹4500<br>പ്രൈവറ്റ് അക്കൊമെഡേഷൻ: പ്രതിമാസം ₹1500 (10 മാസം)<br>പോക്കറ്റ് മണി: പ്രതിമാസം ₹200<br>സ്റ്റൈപ്പൻഡ്: 2019-20 വരെ - ₹500 മുതൽ ₹750 വരെ<br>2020-21 മുതൽ - ₹600 മുതൽ ₹900 വരെ |

## 5.2. നടപടിക്രമം

പോസ്റ്റ്-മെട്രിക് പദ്ധതിക്കു കീഴിൽ വിദ്യാർത്ഥി സ്കോളർഷിപ്പ് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കണം. ഇ-ഗ്രാന്റ്സ് പോർട്ടലിലെ നടപടിക്രമം **ചിത്രം 5.1**-ൽ കാണിച്ചിരിക്കുന്നത് പോലെയാണ്.

**ചിത്രം 5.1: ഇ-ഗ്രാന്റ്സിലെ നടപടിക്രമം**

**എസ്റ്റി പോസ്റ്റ് മെട്രിക് (കേന്ദ്ര, സംസ്ഥാന) പദ്ധതികൾ**

വിദ്യാർത്ഥി അപേക്ഷാ ഫോറം ഓൺലൈനായി സമർപ്പിക്കുകയും സ്ഥാപനത്തിന് കൈമാറുകയും ചെയ്യുന്നു

↓

സ്ഥാപനം എല്ലാ അനുബന്ധ രേഖകളും സഹിതം അപേക്ഷ പരിശോധിച്ച് പട്ടികവർഗ്ഗ വികസന ഓഫീസർക്ക് (റ്റിഡിഒ) കൈമാറുന്നു

↓

റ്റിഡിഒ, അപേക്ഷ പരിശോധിച്ച് എസ്റ്റി ഡയറക്ടറേറ്റിലേക്ക് അയയ്ക്കുന്നു

↓

സ്ഥാപനങ്ങൾ ജനറേറ്റ് ചെയ്യുന്ന പ്രതിമാസ/വാർഷിക ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റ് സ്കോളർഷിപ്പ് അനുവദിക്കുകയും പേയ്മെന്റിനായി ബില്ലുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

---

92 പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്ര പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് നിരക്ക് അവസാനമായി പരിഷ്കരിച്ചത് 2010 ജൂലൈയിലാണ്. എന്നാൽ, പട്ടികജാതിക്കാർക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് നിരക്ക് 2017-ലും 2020-ലും പരിഷ്കരിക്കുകയുണ്ടായി. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നിരക്കുകളിലെ വ്യത്യാസം നികത്താൻ, സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അലവൻസ് നൽകി.

## 5.3. ഗുണഭോക്താക്കളെ ഉൾപ്പെടുത്തൽ (കേന്ദ്ര പോസ്റ്റ്-മെട്രിക്)

### 5.3.1. അർഹരായ ഗുണഭോക്താക്കളെ തിരിച്ചറിയാത്തത്

#### *5.3.1.1. എസ്‌ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര, സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ*

2017-22 കാലയളവിൽ, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഒരു സർവ്വേയോ പഠനമോ നടത്തി അവരുമായി ബന്ധപ്പെട്ട ഡാറ്റ ഡയറക്ടറേറ്റ് തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ, ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4.3.1.1-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, പിഎസിയുടെ (2016-19) 15-ാം റിപ്പോർട്ടിലെ ശിപാർശകൾ പാലിക്കപ്പെട്ടിട്ടില്ല.

എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഉൾപ്പെടുത്തി 2018-ൽ വിശദമായ സർവ്വേ നടത്തിയിരുന്നുവെങ്കിലും വകുപ്പ് ഈ ഡാറ്റ ഉപയോഗിച്ചിട്ടില്ലെന്നും ഡാറ്റ പഴയതായതിനാൽ അവർ അത് പുതുക്കുന്ന പ്രക്രിയയിലാണെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ).

### 5.3.2. എസ്‌ടി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ പ്രചാരണത്തിന്റെ അപര്യാപ്തത

സ്കോളർഷിപ്പ് പദ്ധതിയ്ക്ക് മതിയായ പ്രചാരണം നൽകണമെന്ന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്ക് സമാനമായി, 2017-22-ലെ പോസ്റ്റ് മെട്രിക് പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭരണച്ചെലവ് സംബന്ധിച്ച് ഡയറക്ടറേറ്റ് നൽകിയ വിശദാംശങ്ങളിൽ നിന്ന്, പത്രങ്ങളിലൂടെയോ മറ്റ് മാധ്യമങ്ങളിലൂടെയോ പരസ്യം നൽകുന്നതിന് എസ്‌ടി ഡയറക്ടറേറ്റിൽ നിന്ന് യാതൊരു ചെലവും ചെയ്തിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

സമാപന കൂടിക്കാഴ്ചയിൽ (2023 മേയ്), എസ്‌സിഎസ്‌ടിഡിഡി, സ്പെഷ്യൽ സെക്രട്ടറി, ഭരണച്ചെലവുകൾക്കുള്ള തുക ആവശ്യപ്പെടുന്നതിനും അതിന്റെ ഉപയോഗത്തിനുമായി പ്രത്യേക സംസ്ഥാന നോഡൽ അക്കൗണ്ട് പ്രവർത്തിപ്പിക്കുമെന്ന് ഉറപ്പുനൽകി.

## 5.4. ആസൂത്രണവും സാമ്പത്തിക പരിപാലനവും

### 5.4.1. കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് എസ്‌ടി സ്കോളർഷിപ്പ് പദ്ധതികൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പദ്ധതിച്ചെലവുകൾക്ക് സംസ്ഥാനത്തിന്റെ 'കമ്മിറ്റഡ് ലയബിലിറ്റി'യെക്കാൾ അധികമായ ചെലവിനുള്ള 100 ശതമാനം ധനസഹായവും കേന്ദ്ര സർക്കാർ നൽകണം. 2014-15 വർഷം മുതൽ, പോസ്റ്റ്-മെട്രിക് എസ്‌ടി സ്കോളർഷിപ്പ് പദ്ധതികൾക്കുള്ള ഫണ്ട് 75:25 എന്ന

അനുപാതത്തിൽ കേന്ദ്രവും സംസ്ഥാന സർക്കാരും വഹിക്കുന്നു. ഓരോ വർഷവും പദ്ധതിച്ചെലവ് ആദ്യം സംസ്ഥാനം വഹിക്കുകയും പിന്നീട് ചെലവിന്റെ കേന്ദ്രവിഹിതം (75 ശതമാനം) സംസ്ഥാനത്തിന് തിരികെ ലഭ്യമാക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ അതിന്റെ വിഹിതം കുടിശ്ശിക ഗ്രാന്റായി, കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിലേക്ക് നൽകുന്നു.

2017-22 കാലയളവിലെ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ഫണ്ടിന്റെ ലഭ്യതയും വിതരണവും **പട്ടിക 5.3-ൽ** നൽകിയിരിക്കുന്നു.

**പട്ടിക 5.3: 2017-22 കാലയളവിലെ കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് എസ്റ്റി സ്കോളർഷിപ്പിന്റെ ഫണ്ട് ലഭ്യതയും വിതരണവും സംബന്ധിച്ച വിശദാംശങ്ങൾ**

***(₹ ലക്ഷത്തിൽ)***

| സംസ്ഥാനം അനുവദിച്ച ഫണ്ട് | | | | | കേന്ദ്രത്തിൽ നിന്നും തിരികെ ലഭ്യമായത് | | |
|---|---|---|---|---|---|---|---|
| വർഷം | ഡിമാൻഡ് | ബജറ്റ് വിഹിതം | ആകെ ചെലവ് | സറണ്ടർ ചെയ്ത തുകയും നീക്കിയിരിപ്പും | പ്രാരംഭ ബാക്കി (ലഭ്യമായ ബാലൻസ് തുക) | റീഇംബേഴ്സ്മെന്റും തുടർന്നുള്ള ഫണ്ട് റിലീസിൽ ക്രമപ്പെടുത്തിയതും | ലഭ്യമാകാനുള്ള കേന്ദ്ര വിഹിതം |
| 2017-18 | 2910.46 | 3000 | 3506.31 | -506.31 | 165.27 | 2629.73 | ഇല്ല |
| 2018-19 | 3603.43 | 5333 | 3309.90 | 2023.10 | ഇല്ല | 2482.43* | ഇല്ല |
| 2019-20 | 3519.89 | 4500 | 3505.33 | 994.67 | ഇല്ല | 2629 | ഇല്ല |
| 2020-21 | 3499.98 | 3500 | 2489.11 | 1010.89 | ഇല്ല | 1866.83 | ഇല്ല |
| 2021-22 | 3482.41 | 3500 | 3481.42 | 18.58 | ഇല്ല | 1305.91** | - |

*(ഉറവിടം: വാർഷിക നിർദ്ദേശങ്ങളും കേന്ദ്ര ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളും)*

* 2018-19 വർഷത്തെ ആകെ അനുവദിച്ച ഫണ്ടിൽ കേന്ദ്ര ഫണ്ടിന്റെ ബാലൻസ് തുകയായ ₹165.27 ലക്ഷം ക്രമീകരിച്ചു.

** അനുവദനീയമായ കേന്ദ്ര ഫണ്ടിന്റെ 50 ശതമാനം

2018-22 കാലയളവിലെ ആകെ ബജറ്റ് വിഹിതത്തിന്റെ 24.04 ശതമാനമായ ₹4047.24 ലക്ഷം സേവിംഗ്സ് ഇനത്തിൽ അവശേഷിച്ചത് ശരിയായ ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കലിന്റെയും വകയിരുത്തലിന്റെയും അഭാവത്തെ സൂചിപ്പിക്കുന്നു. 2017-18-ൽ വകയിരുത്തിയ തുകയെക്കാൾ ₹506.31 ലക്ഷം അധികമായി ചെലവഴിച്ചിരിക്കുന്നു എന്നാണ് വകുപ്പ് അറിയിച്ചിരിക്കുന്നത്. എന്നാൽ, വൗച്ചർ ലെവൽ കമ്പ്യൂട്ടറൈസേഷൻ (വിഎൽസി) ഡാറ്റ പ്രകാരമുള്ള ചെലവായ ₹2903.87 ലക്ഷം ബജറ്റ് വിഹിതത്തിനുള്ളിലാണ്. **പട്ടിക 5.4-ൽ** കാണിച്ചിരിക്കുന്നതു പോലെ, ഓരോ വർഷവും എജി (എ ആൻഡ് ഇ), കേരളയും വകുപ്പും തയ്യാറാക്കിയ ചെലവു കണക്കുകൾ തമ്മിൽ വ്യത്യാസമുള്ളതായി കാണപ്പെട്ടു.

**പട്ടിക 5.4: 2017-22 കാലയളവിലെ ബജറ്റ് വിഹിതവും ചെലവും (കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് എസ്റ്റി)**

*(₹ ലക്ഷത്തിൽ)*

| വർഷം (1) | ബജറ്റ് വിഹിതം (2) | ചെലവിന്റെ വകുപ്പുതല കണക്ക് (3) | വിഎൽസി പ്രകാരമുള്ള ചെലവ് (4) | വ്യത്യാസം (5)=(3)-(4) |
|---|---|---|---|---|
| 2017-18 | 3000 | 3506.31 | 2903.87 | 602.44 |
| 2018-19 | 5333 | 3309.90 | 3309.75 | 0.15 |
| 2019-20 | 4500 | 3505.33 | 3556.17 | -50.84 |
| 2020-21 | 3500 | 2489.11 | 2488.55 | 0.56 |
| 2021-22 | 3500 | 3481.42 | 3481.41 | 0.01 |
| **ആകെ** | | **16292.07** | **15739.75** | **552.32** |

*(ഉറവിടം: വിഎൽസി ഡാറ്റയും വകുപ്പ് തയ്യാറാക്കിയ വാർഷിക നിർദ്ദേശങ്ങളും)*

വകുപ്പിന്റെ പക്കലുള്ള ചെലവ് കണക്കും എജി (എ ആൻഡ് ഇ), കേരളയുടെ പക്കലുള്ള ചെലവ് കണക്കും തമ്മിൽ ₹552.32 ലക്ഷത്തിന്റെ വ്യത്യാസമുണ്ടെങ്കിലും കണക്കുകളുടെ ഒത്തുനോക്കൽ വകുപ്പ് നടത്തിയിട്ടില്ല. ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കേന്ദ്ര സഹായം അവകാശപ്പെടുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രഫോർമയിൽ റിപ്പോർട്ട് ചെയ്തത് ₹3506.31 ലക്ഷം ആണെങ്കിലും 2017-18 കാലയളവിലെ ചെലവ് ₹2905.10 ലക്ഷം ആയിരുന്നുവെന്ന് കേരള സർക്കാർ മറുപടി നൽകി (2023 ജൂൺ). ഇവ തമ്മിൽ ₹601.21 ലക്ഷത്തിന്റെ വ്യത്യാസമുള്ളതിനാൽ 2017-18 വർഷത്തെ പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര സഹായമായി ₹450.91 ലക്ഷം അധികമായി ലഭിച്ചെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഓരോ വർഷവും സംസ്ഥാനം അറിയിക്കുന്ന ചെലവിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രം ഫണ്ട് അനുവദിക്കുന്നത് എന്നതിനാൽ, സംസ്ഥാനം റിപ്പോർട്ട് ചെയ്യുന്ന ചെലവുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുണ്ട്.

തീർപ്പാകാതെ നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് 2023 മേയിലെ സമാപന കൂടിക്കാഴ്ചയിൽ എസ്‌സിഎസ്‌റ്റിഡിഡി, സ്‌പെഷ്യൽ സെക്രട്ടറി ഉറപ്പ് നൽകി.

### 5.4.2. സംസ്ഥാന ധനസഹായത്തോടുകൂടിയ പോസ്റ്റ്-മെട്രിക് എസ്റ്റി സ്കോളർഷിപ്പ് പദ്ധതികൾ

കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്ക് പുറമേ, കേന്ദ്ര സ്കോളർഷിപ്പ് ലഭിച്ചോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ്, സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ധനസഹായത്തോടുകൂടിയ പോസ്റ്റ്-മെട്രിക് പദ്ധതികൾ നടപ്പിലാക്കിയത്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, ഡയറക്ടറേറ്റിന് കീഴിലുള്ള 17 ഐറ്റിഡിപിഒ/റ്റിഡിഒമാർ മുഖേന ഈ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി. സംസ്ഥാന സർക്കാരിൽ നിന്ന് വിഹിതം ലഭിക്കുമ്പോൾ, ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിനായി ഡയറക്ടറേറ്റ് 17 ഐറ്റിഡിപിഒ/റ്റിഡിഒമാർക്ക് ഫണ്ട് വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ്

കാലയളവിലെ ബജറ്റ് വിഹിതവും ചെലവും **പട്ടിക 5.5**-ൽ കാണിച്ചിരിക്കുന്നത് പോലെയായിരുന്നു.

**പട്ടിക 5.5: പോസ്റ്റ് മെട്രിക് എസ്റ്റി സംസ്ഥാന പദ്ധതിയിലെ 2017-22 കാലയളവിലെ ബജറ്റ് വിഹിതവും ചെലവും**

*(₹ ലക്ഷത്തിൽ)*

| പോസ്റ്റ്-മെട്രിക് സ്കീം (2225-02-277-98-12 (നോൺ-പ്ലാൻ)) | | | | |
|---|---|---|---|---|
| വർഷം | ബജറ്റ് വിഹിതം (റീ-അപ്രോപ്രിയേഷൻ) | സറണ്ടർ ചെയ്ത തുക | മൊത്തം ലഭ്യമായ തുക | ചെലവ് |
| 2017-18 | 630.00 | 28.77 | 601.23 | 597.62 |
| 2018-19 | 630.00 (-385.34) | ഇല്ല | 244.66 | 243.43 |
| 2019-20 | 630.00 (-392.14) | ഇല്ല | 237.86 | 236.89 |
| 2020-21 | 630.00 | 347.96 | 282.04 | 281.78 |
| 2021-22 | 630.00 | 259.79 | 370.21 | 370.21 |

*(ഉറവിടം: വിഎൽസി ഡാറ്റ)*

ഓരോ വർഷവും, കണക്കാക്കിയ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രപ്പോസലുകളൊന്നും കൂടാതെ പോസ്റ്റ് മെട്രിക് പദ്ധതികൾക്കായി ₹630 ലക്ഷം അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടു. 2017-18 മുതൽ 2021-22 വരെ ₹28.77 ലക്ഷം മുതൽ ₹392.14 ലക്ഷം വരെ (റീ-അപ്രോപ്രിയേഷൻ ചെയ്ത തുക സേവിംഗ്സായി കാണിച്ചിരിക്കുന്നു) മിച്ചമുണ്ടായതായി കാണപ്പെട്ടു. ഫണ്ട് ഗഡുക്കളായി റ്റിഡിഒമാർക്ക് കൈമാറി. എന്നാൽ, ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയതും പദ്ധതിയുടെ ഓരോ ഘടകത്തിനും വിനിയോഗിച്ച തുക സൂചിപ്പിക്കുന്നതുമായ വിനിയോഗ സാക്ഷ്യപത്രം റ്റിഡിഒമാർ സമർപ്പിച്ചിട്ടില്ല. സംസ്ഥാനം ധനസഹായം നൽകുന്ന സ്കോളർഷിപ്പ് പദ്ധതികളുടെ നിർവ്വഹണവും ഗുണഭോക്താക്കളുടെ ഉൾപ്പെടുത്തലും ഫലപ്രദമായി നിരീക്ഷിക്കുന്നതിൽ പദ്ധതി നടപ്പാക്കുന്ന ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് ഇത് സൂചിപ്പിക്കുന്നത്. ഗുണഭോക്താക്കളുടെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം സബ് ഓഫീസുകളിൽ നിന്ന് കരസ്ഥമാക്കാമെന്ന് എസ്റ്റിഡിഡി ഡയറക്ടർ മറുപടി നൽകി (2023 മേയ്).

### 5.4.3. ചെലവ് കണക്കുകളുടെ ഒത്തുനോക്കൽ നടത്താത്തത് - (സംസ്ഥാന എസ്റ്റി പദ്ധതികൾ)

പട്ടികവർഗ്ഗക്കാർക്കുള്ള സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ കാര്യത്തിൽ, അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) 2017-22 കാലയളവിൽ തയ്യാറാക്കിയ ചെലവു കണക്കും വകുപ്പിന്റെ ചെലവു കണക്കും തമ്മിൽ ₹0.01 ലക്ഷം മുതൽ ₹3.60 ലക്ഷം വരെ വ്യത്യാസമുണ്ട്. ഇവ തമ്മിലുള്ള ഒത്തുനോക്കൽ വകുപ്പ് നടത്തിയിട്ടില്ല.

2023 ജൂണിൽ ലഭിച്ച സർക്കാർ മറുപടിയിൽ ഒത്തുനോക്കൽ നടത്താത്തതിന്റെ കാരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 5.5. എസ്റ്റി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ നടപ്പിലാക്കൽ

### 5.5.1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോസ്റ്റ്-മെട്രിക് എസ്റ്റി സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തത് - കേന്ദ്ര, സംസ്ഥാന പദ്ധതികൾ

തിരഞ്ഞെടുത്ത ജില്ലകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ അപേക്ഷകൾ പരിശോധിച്ചപ്പോൾ, പോസ്റ്റ്-മെട്രിക് തലത്തിൽ (2022 ജൂൺ) 336 അപേക്ഷകൾ[93] യാതൊരു നടപടിയും കൂടാതെയും, തീർപ്പുകൽപ്പിക്കാതെയും സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് **പട്ടിക 5.6-ൽ** കാണിച്ചിരിക്കുന്നു..

**പട്ടിക 5.6: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തത്**

| ജില്ല | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| എറണാകുളം | 5 | 6 | 19 | 82 |
| കൊല്ലം | 1 | 4 | 0 | 7 |
| കോഴിക്കോട് | 9 | 12 | 5 | 52 |
| വയനാട് | 18 | 12 | 18 | 86 |
| **ആകെ** | **33** | **34** | **42** | **227** |

*(ഉറവിടം: ഇ-ഗ്രാന്റ്സ് ഡാറ്റ)*

അപേക്ഷകൾ തീർപ്പാക്കാതെ സ്ഥാപന തലത്തിൽ നിലനിർത്തിയതിനാൽ തിരഞ്ഞെടുത്ത ജില്ലകളിലെ 336 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിച്ചില്ല.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[94] മേൽപ്പറഞ്ഞ വിഷയം പരിശോധിച്ചപ്പോൾ, വിദ്യാർത്ഥികൾ പഠനം നിർത്തിയതിനാലും, ഹാജർ കുറവായതിനാലും, റ്റിസി നൽകിയതിനാലും, അലവൻസിന് അർഹതയില്ലാത്തതിനാലും, 18 വിദ്യാർത്ഥികളുടെ അപേക്ഷകൾ അംഗീകരിക്കപ്പെട്ടിട്ടില്ലെന്ന് സ്ഥാപന അധികാരികൾ പറഞ്ഞു. നാല് വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാലും, ജീവനക്കാരുടെ കുറവ് മൂലവും, വിദ്യാർത്ഥി കൃത്യസമയത്ത് അപേക്ഷ നൽകാത്തതിനാലും നാല് കേസുകൾ വീതവും, വിദ്യാർത്ഥി സ്ഥാപനത്തിലെ അംഗം അല്ലാത്തതിനാൽ മൂന്ന് കേസുകളും, കോഴ്സ് ആരംഭിക്കാൻ വൈകിയതിനാൽ ഒരു കേസും, വിദ്യാർത്ഥികളിൽ നിന്ന് പരാതിയില്ലാത്തതിനാൽ രണ്ടു കേസുകളും പരിഗണിച്ചില്ലെന്നും, മൂന്നു കേസുകളിൽ പണം ലഭിച്ചു കഴിഞ്ഞുവെന്നും, ഒരു കേസ് ജില്ലാ ഓഫീസിൽ പരിഗണനയിലുണ്ടെന്നും സ്ഥാപന അധികാരികൾ പ്രസ്താവിച്ചു.

സ്ഥാപനതലത്തിൽ പരിശോധിച്ച ശേഷം മാത്രമേ ഡയറക്ടറുടെ ലോഗ് ഇൻ-ഇൽ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭിക്കുകയുള്ളൂവെന്നും, ഇ-ഗ്രാന്റ്സ് പോർട്ടലിൽ

---

93 2018-22 കാലയളവിൽ പട്ടികവർഗ്ഗ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിനായി ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം 23,755 ആയിരുന്നു.

94 തിരഞ്ഞെടുത്ത രണ്ടു ജില്ലകളിലെ (കോഴിക്കോട്, വയനാട്) തിരഞ്ഞെടുത്ത 12 സ്ഥാപനങ്ങളിലായി 36 കേസുകൾ കാണപ്പെട്ടു.

ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിൽ ജാഗ്രത പുലർത്താൻ എല്ലാ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുമെന്നും, ഭാവിയിൽ കാര്യക്ഷമമായ നിരീക്ഷണത്തിനായി തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന കേസുകളുടെ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യാൻ സി-ഡിറ്റിന് നിർദ്ദേശം നൽകുമെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ).

ഒരു വിദ്യാർത്ഥി ഇ-ഗ്രാന്റ്സ് വഴി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ, സ്ഥാപനതലത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഇ-ഗ്രാന്റ്സ് മുഖേന നിരീക്ഷിക്കാൻ ഡയറക്ടറേറ്റിന് വ്യവസ്ഥയുണ്ടായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. ഓരോ തലത്തിലും തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ സർക്കാർ നിരീക്ഷിക്കുകയും യോഗ്യരായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു സംവിധാനം വികസിപ്പിച്ചെടുക്കുകയും വേണം.

### 5.5.2. ഡയറക്ടറേറ്റിൽ പോസ്റ്റ്-മെട്രിക് എസ്റ്റി സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തത് – കേന്ദ്ര സംസ്ഥാന പദ്ധതികൾ

2018-22 കാലയളവിലെ തിരഞ്ഞെടുത്ത ജില്ലകളെ സംബന്ധിക്കുന്ന ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, സ്ഥാപനത്തിന്റെയും ജില്ലാ ഓഫീസിന്റെയും അംഗീകാരത്തിന് ശേഷം പണം നൽകാതെ 198 പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ (2022 ജൂൺ) ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

അപേക്ഷകൾ ജില്ലാ ഓഫീസുകളിലേക്ക് കൈമാറുന്നതിൽ സ്ഥാപനങ്ങൾ വരുത്തിയ കാലതാമസം ജില്ലാ ഓഫീസുകളിൽ നിന്ന് അപേക്ഷകൾ ഡയറക്ടറേറ്റിൽ വൈകി ലഭിക്കുന്നതിന് കാരണമായെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ).

ഓരോ തലത്തിലും തീർപ്പാകാതെ നിൽക്കുന്ന അപേക്ഷകൾ സർക്കാർ നിരീക്ഷിക്കുകയും യോഗ്യരായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു സംവിധാനം വികസിപ്പിച്ചെടുക്കുകയും വേണമായിരുന്നു എന്നതിനാൽ സർക്കാർ മറുപടി സ്വീകാര്യമല്ല.

### 5.5.3. കേന്ദ്ര-സംസ്ഥാന പോസ്റ്റ് മെട്രിക് പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ വിതരണത്തിലെ കാലതാമസം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഒരു പ്രധാന ദൗത്യം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം സമയബന്ധിതമായി വിതരണം ചെയ്യുക എന്നതായിരുന്നു. ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ലക്ഷ്യങ്ങളിലൊന്ന് സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുക എന്നതായിരുന്നു. എന്നിരുന്നാലും, തിരഞ്ഞെടുത്ത ജില്ലകളിൽ 2018-22 കാലയളവിലെ കേന്ദ്ര-സംസ്ഥാന പോസ്റ്റ്-മെട്രിക് പദ്ധതികളുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, രണ്ട് പദ്ധതികളിലും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങളുടെ വിതരണത്തിൽ ഒരു വർഷം മുതൽ നാല് വർഷം വരെ കാലതാമസം ഉണ്ടായതായി

ശ്രദ്ധയിൽപ്പെട്ടു. കേന്ദ്ര, സംസ്ഥാന പോസ്റ്റ്-മെട്രിക് എസ്റ്റി സ്‌കോളർഷിപ്പ് പദ്ധതികളിൽ, സ്‌കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ[95] വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ട കേസുകളുടെ എണ്ണം ഇപ്രകാരമാണ് - 8189 കേസുകളിൽ ഒന്ന് മുതൽ രണ്ട് വർഷം വരെ, 1000 കേസുകളിൽ രണ്ട് മുതൽ മൂന്ന് വർഷം വരെ, മൂന്ന് മുതൽ 47 കേസുകളിൽ മൂന്നു മുതൽ നാല് വർഷം വരെ.

കേന്ദ്ര-സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ വിതരണത്തിലെ കാലതാമസം **അനുബന്ധം 5.1**-ൽ കാണിച്ചിരിക്കുന്നു.

ഗുണഭോക്തൃ സർവ്വേയിൽ 230 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 146 പേർ, അവർക്ക് അധ്യയന വർഷത്തിന്റെ തുടക്കത്തിൽ പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ ലഭിച്ചിട്ടില്ലെന്ന് അറിയിച്ചു.

കൂടാതെ, പോക്കറ്റ് മണി, പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജുകൾ (പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്) തുടങ്ങിയ ഘടകങ്ങൾ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദൈനംദിന ചെലവുകൾക്കും താമസ നിരക്കുകൾക്കുമായി ഉദ്ദേശിച്ചുള്ളതാണ്. സ്കോളർഷിപ്പിന്റെ ഈ ഘടകങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം മൂലം ഹോസ്റ്റൽ ഫീസ് അടയ്ക്കാൻ ഇതര സ്രോതസ്സുകൾ തേടാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുന്നത് പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

അപൂർണ്ണമായ അപേക്ഷകൾ സമർപ്പിക്കൽ, തെറ്റായ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ നൽകൽ, ഫണ്ടിന്റെ അഭാവം തുടങ്ങിയ ഘടകങ്ങൾ കാരണമാണ് കാലതാമസം സംഭവിച്ചതെന്നും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള കാലതാമസം ഭാവിയിൽ ഒഴിവാക്കുമെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ).

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ രണ്ട് പദ്ധതികളിലും തുക മിച്ചം ഉണ്ടായിരുന്നതിനാൽ ഫണ്ടിന്റെ അഭാവം ഒരു കാരണമായി ചൂണ്ടിക്കാട്ടിയ സർക്കാർ മറുപടി സ്വീകാര്യമല്ല. അങ്ങനെ, സ്കോളർഷിപ്പ് നൽകുന്നതിന്റെ ഉദ്ദേശ്യം പരാജയപ്പെട്ടുവെന്നും ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതിന്റെ ലക്ഷ്യങ്ങളിലൊന്ന് കൈവരിക്കാനായില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 5.5.4. പോസ്റ്റ്-മെട്രിക് തലത്തിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര പദ്ധതിയായ ബുക്ക് ബാങ്ക് പദ്ധതി നടപ്പാക്കാത്തത്

കേന്ദ്ര സർക്കാരിന്റെ ട്രൈബൽ അഫയേഴ്സ് മന്ത്രാലയം പുറപ്പെടുവിച്ച 'കേന്ദ്രാവിഷ്‌കൃത പോസ്റ്റ്-മെട്രിക് സ്‌കോളർഷിപ്പ് പദ്ധതിക്കും സ്‌കോളർഷിപ്പ് നൽകുന്നതു സംബന്ധിച്ച റഗുലേഷനുകൾക്കും'[96] വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അദ്ധ്യായം XIII അനുസരിച്ച്, എല്ലാ മെഡിക്കൽ, എഞ്ചിനീയറിംഗ്, കാർഷിക, നിയമ, വെറ്റിനറി കോളേജുകൾ, ചാർട്ടേർഡ് അക്കൗണ്ടൻസി, എംബിഎ, സമാനമായ മാനേജ്മെന്റ് കോഴ്സുകൾ നൽകുന്ന സ്ഥാപനങ്ങൾ, കേന്ദ്രാവിഷ്‌കൃത പദ്ധതി

---

[95] 2018-22 കാലയളവിലെ ആകെ ഇടപാടുകളുടെ എണ്ണം 1,97,263 ആയിരുന്നു.

[96] 2010 ജൂലൈ 01 മുതൽ പ്രാബല്യത്തിൽ വന്നത്

പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭിച്ച പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽ ബുക്ക് ബാങ്കുകൾ സ്ഥാപിക്കേണ്ടതായിരുന്നു. പദ്ധതിയുടെ ആകെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ പങ്കിടേണ്ടിയിരുന്നു. പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ സംസ്ഥാനത്തെ അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസായിരുന്നു. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കുന്നതിന് പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ നിന്നും സംസ്ഥാന സർക്കാരിന് പ്രപ്പോസൽ അയയ്ക്കാത്തതിനാൽ, ഇ-ഗ്രാന്റ്സ് പോർട്ടൽ പ്രകാരം 2018-19 മുതൽ 2021-22 വരെ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ലഭിച്ച പുതിയ അപേക്ഷകരും അർഹതയുള്ളവരുമായ 1251 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

മേൽപ്പറഞ്ഞ കോഴ്സുകളുള്ള മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും മികച്ച ലൈബ്രറി സൗകര്യമുണ്ടെന്നും അതിനാൽ ഇതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്ന് ആവശ്യങ്ങളോ പരാതികളോ ലഭിച്ചിട്ടില്ലെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). 2023-24 അധ്യയന വർഷം മുതൽ സ്ഥാപനങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിലെ നിർധനരായ വിദ്യാർത്ഥികൾക്ക് മുഴുവൻ കോഴ്സിനും നിശ്ചിത പാഠപുസ്തകങ്ങൾ നൽകുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം എന്നതിനാൽ ഈ മറുപടി സ്വീകാര്യമല്ല. മേൽപ്പറഞ്ഞ പദ്ധതി ആരംഭിക്കാത്തതിനാൽ, അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചില്ല.

### 5.5.5. തെറ്റായ ബാങ്ക് അക്കൗണ്ടുകൾ മൂലം സ്കോളർഷിപ്പ് ലഭിക്കാത്തത്

ആർബിഐയുടെ ഇ-കുബേർ പോർട്ടൽ പേയ്മെന്റ് നിരസിക്കുമ്പോൾ പിന്തുടരേണ്ട വിശദമായ നടപടിക്രമം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.5.3-ൽ നൽകിയിരിക്കുന്നു. തിരഞ്ഞെടുത്ത ജില്ലകളുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ[97] പരിശോധിച്ചപ്പോൾ, പോസ്റ്റ്-മെട്രിക് (കേന്ദ്ര, സംസ്ഥാന) സ്കോളർഷിപ്പ് പദ്ധതികളെ സംബന്ധിച്ചിടത്തോളം, 2018-21 കാലയളവിൽ ₹3.68 ലക്ഷം ഉൾപ്പെടുന്ന 681 ഇടപാടുകൾ തെറ്റായ ബാങ്ക് അക്കൗണ്ട് / ഐഎഫ്എസ് കോഡ് എന്നീ കാരണങ്ങളാൽ നിരസിക്കപ്പെട്ടതായും ഡയറക്ടറേറ്റിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെ നിഷ്ക്രിയത്വം കാരണം സർക്കാർ അക്കൗണ്ടിലേക്ക് തുക മടക്കിയതായും കാണപ്പെട്ടു.

പോർട്ടലിൽ കൃത്യമായ വിവരങ്ങൾ നൽകുന്നതിന് കുട്ടികളെ സഹായിക്കാൻ സ്ഥാപനങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചിട്ടും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതു കൊണ്ടാണ് നിരസിക്കപ്പെട്ടതെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). മാതാപിതാക്കളുടെ അറിവില്ലായ്മ കാരണം രജിസ്റ്റർ ചെയ്ത മൊബൈൽ

97 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിലെ പോസ്റ്റ്-മെട്രിക് ഡാറ്റ

നമ്പറിലേക്ക് ലഭിച്ച സ്കോളർഷിപ്പ് പേയ്മെന്റ് നിരസിച്ചതുമായി ബന്ധപ്പെട്ട മുന്നറിയിപ്പ് സന്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും, കൃത്യമായ വിവരങ്ങൾ ലഭിച്ചാലുടൻ നിരസിച്ച/മടങ്ങിയ പേയ്മെന്റുകൾ പൂർത്തീകരിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി.

വിദ്യാർത്ഥികളെയും വകുപ്പിനെയും ബന്ധിപ്പിക്കുന്ന ഘടകമാണ് സ്ഥാപനങ്ങൾ എന്നതിനാൽ, സ്ഥാപനങ്ങൾക്ക് അവർ അംഗീകരിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയാൻ ഇ-ഗ്രാന്റ്സിൽ ഒരു സംവിധാനം ഉണ്ടായിരിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 5.5.6. സ്കോളർഷിപ്പുകളുടെ ഇരട്ട / അർഹതയില്ലാത്ത പേയ്മെന്റ്

#### *5.5.6.1. എസ്റ്റി പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഘടകങ്ങളുടെ ഒന്നിലധികം പേയ്മെന്റ് - കേന്ദ്ര, സംസ്ഥാന പദ്ധതികൾ*

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന കേന്ദ്രവും സംസ്ഥാനവും നടപ്പിലാക്കുന്ന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകളുടെ വിവിധ ഘടകങ്ങൾ **പട്ടികകൾ 5.1, 5.2** എന്നിവയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ആവർത്തിച്ചുവരുന്ന ഒരു പ്രക്രിയ എന്ന നിലയിൽ, ഓരോ മാസവും മതിയായ ഹാജർ (ഓരോ മാസവും 75 ശതമാനം) ആവശ്യമായ സ്റ്റൈപ്പൻഡ്, അക്കാദമിക് അലവൻസുകൾ, പോക്കറ്റ് മണി മുതലായവയുടെ ക്ലെയിമുകൾക്കു വേണ്ടി, വിദ്യാർത്ഥികളുടെ അതാത് മാസത്തെ ഹാജർ സ്റ്റേറ്റ്മെന്റ്, നടപ്പു മാസത്തിലെ യഥാർത്ഥ ബോർഡിംഗ് ലോഡ്ജിംഗ് ചാർജ്ജുകൾ (എബിഎൽസി), തുടർന്നുള്ള മാസങ്ങളിൽ നൽകേണ്ട പരീക്ഷാ ഫീസ്, ട്യൂഷൻ ഫീസ് മുതലായ അധിക ഫീസുകൾ എന്നിവ തുടർന്നുള്ള മാസത്തിലെ അഞ്ചാം പ്രവൃത്തി ദിവസത്തിനുള്ളിൽ വീഴ്ച വരുത്താതെ ഇ-ഗ്രാന്റ്സിൽ ചേർത്തിട്ടുണ്ടെന്ന് അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്. ഐറ്റിഡിപിഒ/ റ്റിഡിഒ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള ക്ലെയിമുകൾ (പ്രതിമാസ ഫണ്ട് സ്റ്റേറ്റ്മെന്റ്) പരിശോധിച്ചുറപ്പിക്കുകയും യോഗ്യതയ്ക്ക് വിധേയമായി അത് അനുവദിക്കുകയും വേണം. ഡയറക്ടറേറ്റ് ക്ലെയിം അംഗീകരിക്കുകയും ഡയറക്ടറേറ്റിലെ സൂപ്രണ്ട്/ അപ്‌ലോഡർ വിദ്യാർത്ഥിക്ക് ഫണ്ട് ലഭിക്കുന്നതിനായി എസ്ബിഐ ഇന്റർനെറ്റ് ബാങ്കിംഗ് മോഡ്യൂൾ/ ഇ-ട്രഷറി ഉപയോഗിച്ച് ബിൽ ജനറേറ്റ് ചെയ്യുകയും ചെയ്യുന്നു.

ഓഡിറ്റ് ഇ-ഗ്രാന്റ്സ് പോർട്ടലിന്റെ ബിൽ സ്റ്റാറ്റസ് മോഡ്യൂൾ പരിശോധിച്ചപ്പോൾ, സ്കോളർഷിപ്പിന്റെ ഒരേ ഘടകത്തിന്റെ ഒന്നിലധികം പേയ്മെന്റുകൾ ഡയറക്ടറേറ്റിലെ ഡിഡിഒ നടത്തിയതായി കണ്ടു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കു കീഴിൽ, 2018-19 മുതൽ 2019-20 വരെയുള്ള കാലയളവിൽ ഒന്നിലധികം പേയ്മെന്റുകൾ വഴി ₹1.52 ലക്ഷം ഉൾപ്പെടുന്ന 430 ഇടപാടുകൾ അധികമായി നടത്തിയതായി കണ്ടു. വിശദാംശങ്ങൾ **അനുബന്ധം 5.2**-ൽ നൽകിയിരിക്കുന്നു.

ഒരു അധ്യയന വർഷത്തിൽ ഏകദേശം 15,000 അപേക്ഷകൾ ഡയറക്ടറേറ്റിൽ കൈകാര്യം ചെയ്യുന്നതിനാൽ, പിശകുകൾ കണ്ടെത്താനായി ഓരോ ഇടപാടുകളും പരിശോധിക്കുന്നത് തികച്ചും അസാദ്ധ്യമാണെന്ന് സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2023 ജൂൺ). അത്തരം പിശകുകൾ തിരിച്ചറിയാനും ഒന്നിലധികം പേയ്മെന്റുകൾ തടയാനും പോർട്ടലിൽ പ്രത്യേക മൂല്യനിർണ്ണയ പരിശോധനകൾ സജീവമാക്കാൻ സി-ഡിറ്റിന് നിർദ്ദേശങ്ങൾ നൽകുമെന്ന് അറിയിച്ചു.

അങ്ങനെ, ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവും സോഫ്റ്റ്‌വെയറിലെ പോരായ്മകളും, ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ പണം നൽകുന്നതിന് കാരണമായി.

### *5.5.6.2. അൺ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചത്*

സർക്കാർ ഉത്തരവ് പ്രകാരം (2009 ജൂലൈ 02), അൺ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ[98] പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് അർഹതയില്ല. ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, സംസ്ഥാനത്തെ നാല് അൺ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 44 ഇടപാടുകൾ ഉൾപ്പെടുന്ന ₹30,900 മതിക്കുന്ന സ്കോളർഷിപ്പുകൾ വിതരണം ചെയ്തതായി കാണപ്പെട്ടത്, **പട്ടിക 5.7-ൽ** വിശദമാക്കുന്നു.

**പട്ടിക 5.7: അൺ എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ**

| സ്ഥാപനത്തിന്റെ പേര് | ജില്ല | അധ്യയന വർഷം | കോഴ്സിന്റെ പേര് | ഇടപാടുകളുടെ എണ്ണം | തുക (₹) |
|---|---|---|---|---|---|
| ആർട്സ് ആന്റ് സയൻസ് കോളേജ്, തളിപ്പറമ്പ | കണ്ണൂർ | 2019-20 | ബി.എ. ഇംഗ്ലീഷ് | 4 | 1650 |
| | | 2020-21 | | 2 | 1200 |
| ഡി.ബി. കോളേജ്, കീഴൂർ | കോട്ടയം | 2018-19 | ബി.എ. മലയാളം | 11 | 8250 |
| | | 2019-20 | | 7 | 5250 |
| ജെപിഎം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, ലബ്ബക്കട, കട്ടപ്പന | ഇടുക്കി | 2018-19 | ബി.എ. ഇംഗ്ലീഷ് | 5 | 3750 |
| ജയ് ഭാരത് ആർട്സ് ആന്റ് സയൻസ് കോളേജ് | എറണാകുളം | 2018-19 | ബി.കോം | 4 | 2700 |
| | | 2019-20 | | 11 | 8100 |
| **ആകെ** | | | | **44** | **30900** |

*(ഉറവിടം: ഇ-ഗ്രാന്റ്സിൽ നിന്നുള്ള ഡാറ്റ)*

അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ അൺ എയ്ഡഡ് പ്രൊഫഷണൽ ഇതര കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ് അനുവദനീയമല്ലാത്തതിനാൽ, അത്തരം കോഴ്സുകൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്തുകയോ, ഇവ പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും പ്രോസസ്സ്

98 തൊഴിലധിഷ്ഠിത കോഴ്സുകളും പ്രൊഫഷണൽ കോഴ്സുകളും ഒഴികെ

ചെയ്യുന്നതിനുമുള്ള വ്യവസ്ഥ ഉണ്ടായിരിക്കുകയോ അരുത്. മേൽപ്പറഞ്ഞ അൺ എയ്ഡഡ് പ്രൊഫഷണൽ ഇതര കോഴ്സുകൾക്ക് പേയ്മെന്റ് നൽകിയതിലൂടെ വെളിപ്പെടുന്നത്, ഇ-ഗ്രാന്റ്സ് പോർട്ടലിൽ അൺ എയ്ഡഡ് പ്രൊഫഷണൽ ഇതര കോഴ്സുകളെ ഉൾപ്പെടുത്തിയ ഡയറക്ടറേറ്റിന്റെ വീഴ്ചയും സ്ഥാപന/ജില്ലാ തലത്തിലുള്ള പരിശോധിക്കുന്ന/അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥരുടെ അലംഭാവവുമാണ്.

ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാരിൽ നിന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതായി സർക്കാർ മറുപടി നൽകി (2023 ജൂൺ).

### *5.5.6.3. സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് കീഴിൽ ഒരേ വിദ്യാർത്ഥിക്ക് യഥാർത്ഥ ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ചാർജ്ജും പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജും ക്രമരഹിതമായി നൽകിയത്*

സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം, സർക്കാർ/എയ്ഡഡ്/ സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുകയും സ്ഥാപന ഹോസ്റ്റലുകളിൽ താമസസൗകര്യം ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുകയും ചെയ്യുന്ന എസ്റ്റി വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കൊമഡേഷൻ ചാർജ്ജിനും സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥ ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ചാർജ്ജിനും (എബിഎൽസി) അർഹതയുണ്ട്. അങ്ങനെ, ഒരു ഹോസ്റ്റലിൽ താമസിക്കുന്ന ഒരു വിദ്യാർത്ഥി ഒന്നുകിൽ എബിഎൽസി (യഥാർത്ഥ ചെലവിന് വിധേയമായി/ പരമാവധി നിരക്കുകൾ ₹4500/മാസം) അല്ലെങ്കിൽ സ്വകാര്യതാമസ നിരക്കുകൾ (₹1500/മാസം) എന്നിവയ്ക്ക് യോഗ്യനായിരുന്നു.

2018-22 കാലയളവിൽ തിരഞ്ഞെടുത്ത ജില്ലകളിലെ ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ, 14 ഇടപാടുകളിൽ, ഒരേ വിദ്യാർത്ഥിക്ക് തന്നെ എബിഎൽസിക്കും സ്വകാര്യതാമസത്തിനും വേണ്ടിയുള്ള ക്ലെയിം സ്ഥാപനം അനുവദിച്ചതായി കണ്ടു. വിദ്യാർത്ഥിയുടെ അർഹത ഇവയിൽ ഏതിനാണ് എന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ഡാറ്റയിൽ അടങ്ങിയിട്ടില്ലാത്തതിനാൽ, വിദ്യാർത്ഥികൾ എബിഎൽസിക്ക് യോഗ്യരാണെന്ന് അനുമാനിച്ച് ഓഡിറ്റ് അധിക തുക കണക്കാക്കി. ഇ-ഗ്രാന്റ്സിലെ അപര്യാപ്തമായ ഇൻപുട്ട് നിയന്ത്രണങ്ങളുടെ ഫലമായി, ഒരേ വിദ്യാർത്ഥിക്ക് എബിഎൽസിയും സ്വകാര്യതാമസ നിരക്കുകളും അനുവദിക്കുകയും, അതുവഴി കുറഞ്ഞത് ₹42,000 അധികമായി നൽകിയതായും ഓഡിറ്റ് ശ്രദ്ധിച്ചു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ വിഷയം പരിശോധിച്ചപ്പോൾ, ഏഴ് വിദ്യാർത്ഥികൾക്ക് എബിഎൽസിയും, സ്വകാര്യതാമസ നിരക്കുകളും അനുവദിച്ചിട്ടുണ്ടെന്നും, ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോഴാണ് ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതെന്നും സ്ഥാപനങ്ങൾ അറിയിക്കുകയുണ്ടായി.

### 5.5.6.4. ഒരേ വിദ്യാർത്ഥിക്ക് എബിഎൽസിയും സ്റ്റൈപ്പൻഡും ക്രമരഹിതമായി നൽകിയത് – സംസ്ഥാന പോസ്റ്റ്-മെട്രിക് പദ്ധതി

കേരള സർക്കാരിന്റെ വിജ്ഞാപനം (1982 മേയ്) പ്രകാരം, ഡേ സ്കോളർമാരായ പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പൻഡും (യാത്രാ ചെലവുകൾക്കായി), സർക്കാർ/ സ്ഥാപനങ്ങളുടെ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയും (സോപ്പ്, മുടി മുറിക്കൽ, അലക്ക് എന്നിവയുടെ ചെലവുകൾക്കായി) യഥാർത്ഥ ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ചാർജ്ജും (എബിഎൽസി) നൽകിയിരുന്നു. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ച നിരക്കിലാണ് സ്റ്റൈപ്പൻഡും പോക്കറ്റ് മണിയും നൽകിയത്.

അതിനാൽ, സ്റ്റൈപ്പൻഡിന് അർഹരായ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയോ എബിഎൽസിയോ ലഭിക്കാൻ അർഹതയില്ലെന്നും അതുപോലെ, പോക്കറ്റ് മണിക്കും എബിഎൽസിക്കും അർഹരായവർക്ക് സ്റ്റൈപ്പൻഡിന് അർഹതയില്ലെന്നും മുകളിൽ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാം.

എന്നിരുന്നാലും, 2018-22 കാലയളവിൽ തിരഞ്ഞെടുത്ത ജില്ലകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഇ-ഗ്രാന്റ്സ് ഡാറ്റ പരിശോധിച്ചപ്പോൾ ഒരേ വിദ്യാർത്ഥിക്ക് എബിഎൽസിക്കും സ്റ്റൈപ്പൻഡിനും സ്ഥാപനങ്ങൾ ക്ലെയിമുകൾ സൃഷ്ടിച്ച 36 ഇടപാടുകൾ ഓഡിറ്റ് നിരീക്ഷിച്ചു. ഗുണഭോക്താക്കൾക്ക് ഇവയിൽ ഏതിനാണ് അർഹത എന്നറിയാനുള്ള വിശദാംശങ്ങൾ പോർട്ടലിൽ ലഭ്യമല്ലാത്തതിനാലും, എബിഎൽസി ഉയർന്ന തുകയായതിനാലും, ഈ 36 ഇടപാടുകളിൽ നൽകിയ സ്റ്റൈപ്പൻഡിനെ അടിസ്ഥാനമാക്കി ഓഡിറ്റ് അധിക തുക കണക്കാക്കി. അങ്ങനെ, ഇ-ഗ്രാന്റ്സിലെ അപര്യാപ്തമായ ഇൻപുട്ട് നിയന്ത്രണങ്ങൾ കാരണം ₹26,460-യുടെ അധിക പേയ്മെന്റിന് കാരണമായി.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[99] മേൽപ്പറഞ്ഞ വിഷയം പരിശോധിച്ചപ്പോൾ, ഒമ്പത് വിദ്യാർത്ഥികൾക്ക് എബിഎൽസിയും സ്റ്റൈപ്പൻഡും അനുവദിച്ചിട്ടുണ്ടെന്നും ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോഴാണ് ഈ വിഷയം അറിഞ്ഞതെന്നും സ്ഥാപനങ്ങൾ അറിയിച്ചു.

ഓഡിറ്റ് ചൂണ്ടിക്കാണിച്ച ഈ വിഷയം തിരിച്ചറിയാനുള്ള വാലിഡേഷൻ ചെക്ക് സൗകര്യം നിലവിൽ ഇ-ഗ്രാന്റ്സിന് ഇല്ലെന്ന് സർക്കാർ മേൽപ്പറഞ്ഞ രണ്ട് ഖണ്ഡികകൾക്കും മറുപടിയായി പറഞ്ഞു (2023 ജൂൺ). ഭാവിയിൽ ഇത്തരം ഇടപാടുകൾ ഒഴിവാക്കാൻ ഇ-ഗ്രാന്റ്സ് പോർട്ടൽ വാലിഡേഷൻ ചെക്ക് സൗകര്യത്തോടെ അപ്ഡേറ്റ് ചെയ്യാൻ സി-ഡിറ്റിന് നിർദ്ദേശം നൽകുമെന്നും അറിയിച്ചു.

---

[99] തിരഞ്ഞെടുക്കപ്പെട്ട രണ്ട് ജില്ലകളിലെ (എറണാകുളം, വയനാട്) തിരഞ്ഞെടുക്കപ്പെട്ട രണ്ട് സ്ഥാപനങ്ങളിലായി ഒൻപത് കേസുകൾ കാണപ്പെട്ടു.

### 5.5.7. സ്കോളർഷിപ്പ് പദ്ധതികളിൽ നിന്നുള്ള ഒഴിവാക്കൽ

#### *5.5.7.1. സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങൾ തീർപ്പാക്കാത്തതിനാൽ എസ്‌റ്റി വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത - സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് ഭാഗികമായി നൽകിയത്*

എസ്‌റ്റി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ വിവിധ ഘടകങ്ങളുടെ പേയ്‌മെന്റ് പ്രക്രിയ ചുവടെ കാണിച്ചിരിക്കുന്നു:

- സ്ഥാപനം (അധികാരപ്പെട്ട ഉദ്യോഗസ്ഥരും പ്രിൻസിപ്പലും) സ്റ്റൈപ്പൻഡ്, ലംപ് സം ഗ്രാന്റ്, എബിഎൽസി, പോക്കറ്റ് മണി, ഫീസ് മുതലായ വിവിധ ക്ലെയിമുകൾക്കു (ഘടകങ്ങൾ) വേണ്ടി പ്രൊസസ്സിംഗിനു തുടക്കം കുറിക്കുകയും ഹാജർ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി റ്റിഡിഒയ്ക്ക് കൈമാറുകയും ചെയ്യുന്നു.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള ക്ലെയിമുകൾ (പ്രതിമാസ ഫണ്ട് സ്റ്റേറ്റ്മെന്റ്) റ്റിഡിഒ പരിശോധിച്ചുറപ്പിക്കുകയും യോഗ്യതയ്ക്ക് വിധേയമായി അത് അനുവദിക്കുകയും ചെയ്യുന്നു.

- ഡയറക്‌ടറേറ്റിൽ പേയ്‌മെന്റിനുള്ള അംഗീകാരത്തിനും അനുമതിക്കുമായി പ്രോസസ്സ് ചെയ്യുന്നു.

- ഡയറക്ടറേറ്റിലെ സൂപ്രണ്ട്/ അപ്‌ലോഡർ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ഫണ്ട് ക്രെഡിറ്റ് ചെയ്യുന്നതിനായി ബില്ലുകൾ തയ്യാറാക്കി എസ്ബിഐ ഇന്റർനെറ്റ് ബാങ്കിംഗ് മോഡ്യൂളിലേക്ക്/ട്രഷറിയിലേക്ക് അപ്‌ലോഡ് ചെയ്യുന്നു.

തിരഞ്ഞെടുത്ത ജില്ലകളിൽ, 2018-19 മുതൽ 2021-22 വരെ, 16,262 സന്ദർഭങ്ങളിൽ, ഹാജർ രേഖപ്പെടുത്താത്തതിനാലും സ്ഥാപനങ്ങൾ/റ്റിഡിഒ/ഡയറക്ടറേറ്റ് എന്നീ തലങ്ങളിൽ അപേക്ഷകൾ പ്രൊസസ്സ് ചെയ്യാത്തതിനാലും പദ്ധതിയുടെ വിവിധ ഘടകങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടിയിരുന്ന ₹115.63 ലക്ഷം വിതരണം ചെയ്യാതിരുന്നതിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.3**-ൽ വിശദീകരിക്കുന്നു.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[100] മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിശോധിച്ചപ്പോൾ, സാങ്കേതിക പിഴവ് മൂലം 872 ഇടപാടുകളും, ക്ലറിക്കൽ പിശകു മൂലം 732 ഇടപാടുകളും, കോഴ്സ് പൂർത്തിയാക്കാത്തത്, ഹാജർ കുറവ്, റ്റിസി നൽകിയത്, അലവൻസുകൾക്ക് അർഹതയില്ലാത്തത് തുടങ്ങിയ വിവിധ കാരണങ്ങളാൽ 544 ഇടപാടുകളും, ഡയറക്ടറേറ്റിൽ തീർപ്പാക്കാതെയും/ പ്രൊസ്സസ് ചെയ്യാതെയും 323 ഇടപാടുകളും, 2022 ജൂണിനു ശേഷം, അതായത് ഡംപ് ഡാറ്റ ഓഡിറ്റിനു കൈമാറിയതിനു ശേഷം, തുക നൽകിയ 647 ഇടപാടുകളും തീർപ്പാക്കാതെ ശേഷിച്ചു എന്ന് സ്ഥാപന അധികാരികൾ പ്രസ്താവിച്ചു.

[100] തിരഞ്ഞെടുത്ത നാലു ജില്ലകളിലെ തിരഞ്ഞെടുത്ത 57 സ്ഥാപനങ്ങളിലെ 3118 കേസുകൾ.

അപേക്ഷകളിൽ നടപടിയെടുക്കാത്തതിന് പ്രധാന കാരണങ്ങളായി ഡയറക്ടർ (2023 മാർച്ച്) ചൂണ്ടിക്കാണിച്ചത്, സ്ഥാപനങ്ങൾ ഹാജർ രേഖപ്പെടുത്താത്തതും, ഡയറക്ടറേറ്റ് ഉൾപ്പെടെ സ്ഥാപനങ്ങളിലും വകുപ്പുകളിലും അപേക്ഷകൾ തീർപ്പാക്കാത്തതുമാണെന്നാണ്. നിലവിൽ ലഭ്യമല്ലാത്ത ഐടി അധിഷ്ഠിത തത്സമയ മോണിറ്ററിംഗ് സംവിധാനം ഉപയോഗിച്ച് മാത്രമേ സാങ്കേതിക പ്രശ്നങ്ങൾ നിരീക്ഷിക്കാനും പരിഹാര നടപടികൾ സ്വീകരിക്കാനും കഴിയൂ. സി-ഡിറ്റിന്റെ സഹായത്തോടെ ഐടി കൺട്രോൾ സംവിധാനം വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇ-ഗ്രാന്റ്സ് പോർട്ടലിൽ പ്രശ്നങ്ങളുടെ വാലിഡേഷൻ ചെക്ക് നിലവിൽ ലഭ്യമല്ലെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നിരുന്നാലും, ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഓൺലൈൻ മോഡിലേക്ക് മാറുമ്പോൾ, പ്രശ്നങ്ങൾ നിരീക്ഷിക്കുകയും തടയുകയും ചെയ്യുന്നതാണ് എന്നും പറയുകയുണ്ടായി.

## 5.6. നിരീക്ഷണവും വിലയിരുത്തലും

ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4.7-ൽ വിവരിച്ചിരിക്കുന്നതുപോലെ, പോസ്റ്റ്-മെട്രിക് എസ്റ്റി സ്കോളർഷിപ്പ് പദ്ധതികളിലെ നിരീക്ഷണത്തിലും വിലയിരുത്തലിലുമുള്ള പോരായ്മകൾ പ്രീ-മെട്രിക് എസ്റ്റി സ്കോളർഷിപ്പ് പദ്ധതികളിലേതിന് സമാനമാണ്.

## ശിപാർശകൾ (എസ്റ്റി വിദ്യാർത്ഥികൾക്കുള്ള പ്രീ-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ)

ഇനിപ്പറയുന്ന ശിപാർശയ്ക്കു പുറമേ, വിഭാഗം എ-യിൽ സൂചിപ്പിച്ചിരിക്കുന്ന 1 മുതൽ 9 വരെയുള്ള ശിപാർശകൾ വിഭാഗം ബി-യ്ക്കും ബാധകമാണ്.

***ശിപാർശ 12: പോസ്റ്റ് മെട്രിക് എസ്റ്റി വിദ്യാർത്ഥികൾക്കായി ബുക്ക് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ നിർദ്ദേശം ഡയറക്ടറേറ്റ് സർക്കാരിന് നൽകണം.***




വിഭാഗം സി - ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ, പോസ്റ്റ്-മെട്രിക്

## അദ്ധ്യായം VI
## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികൾ - പ്രീ, പോസ്റ്റ്-മെട്രിക്

ന്യൂനപക്ഷ പ്രീമെട്രിക് പദ്ധതിയുടെ കാര്യത്തിൽ ചെലവഴിക്കാത്ത സ്കോളർഷിപ്പ് ഫണ്ട് കാർ, ഐ-പാഡുകൾ എന്നിവ വാങ്ങൽ തുടങ്ങി മറ്റാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു. ഓഡിറ്റ് കാലയളവിൽ ഭരണച്ചെലവുകൾക്കുള്ള ഫണ്ട് ആവശ്യപ്പെട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അപേക്ഷകളിൽ നടപടി സ്വീകരിക്കാത്ത സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടു. രജിസ്ട്രേഷൻ ഐഡിയുടെ അടിസ്ഥാനത്തിൽ വിദ്യാർഥികളെ (മുൻവർഷങ്ങളിൽ പുതിയ അപേക്ഷകരായി രജിസ്റ്റർ ചെയ്തവർ) തിരിച്ചറിയുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ മേൽപ്പറഞ്ഞവർ പുതിയ അപേക്ഷകരായി രജിസ്ട്രേഷൻ ചെയ്യുന്നത് നിരസിക്കുന്നതിനും പോർട്ടലിൽ സംവിധാനമുണ്ടായിരുന്നില്ല. ന്യൂനപക്ഷ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തുന്ന ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ അംഗങ്ങൾ, ഒന്നിൽ കൂടുതൽ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തുന്ന വിദ്യാർഥികൾ എന്നീ സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടു. സി എച്ച് മുഹമ്മദ് കോയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പെൺകുട്ടികൾക്ക് പകരം ആൺകുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയതും ശ്രദ്ധയിൽപ്പെട്ടു.

### 6.1. സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതകൾ

ന്യൂനപക്ഷ വിദ്യാർഥികൾക്കായി കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 6.1**-ൽ നൽകിയിട്ടുണ്ട്.

**പട്ടിക 6.1: ന്യൂനപക്ഷ വിദ്യാർഥികൾക്ക് കേന്ദ്രാവിഷ്കൃത പ്രീമെട്രിക് സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| | |
|---|---|
| **യോഗ്യത** | മുസ്ലിം, സിക്ക്, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സൊരാഷ്ട്രിയൻ (പാർസി) വിഭാഗങ്ങളിൽ നിന്നുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മുൻ വർഷത്തെ അവസാന പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് ലഭിച്ചിരിക്കണം. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തിനും ന്യൂനപക്ഷകാര്യ മന്ത്രാലയം പുതിയ അപേക്ഷകർക്കുള്ള സ്കോളർഷിപ്പുകളുടെ എണ്ണം നിശ്ചയിച്ചു.<br>മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ വരുമാനം എല്ലാ സ്രോതസ്സുകളിൽ നിന്നും ₹ഒരു ലക്ഷം കവിയരുത്.<br>സ്കോളർഷിപ്പിന്റെ മുപ്പത് ശതമാനം ഓരോ ന്യൂനപക്ഷവിഭാഗത്തിലെയും പെൺകുട്ടികൾക്കായി നീക്കിവച്ചിരുന്നു. |
| **പഠനത്തിനായി** | സർക്കാർ അല്ലെങ്കിൽ സ്വകാര്യ സ്കൂളുകളിലെ, (സംസ്ഥാന സർക്കാർ സുതാര്യമായ രീതിയിൽ തിരഞ്ഞെടുത്ത് വിജ്ഞാപനം ചെയ്യുന്ന റസിഡൻഷ്യൽ സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ), ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസുകൾ |

| സ്കോളർഷിപ്പ് ഘടകങ്ങൾ | ഇനം | നിരക്ക് |
|---|---|---|
| | അഡ്മിഷൻ + ട്യൂഷൻ ഫീസ് | ആറ് മുതൽ പത്താം ക്ലാസ് വരെ (ഹോസ്റ്റലറും ഡേ സ്കോളറും)<br>പ്രവേശന ഫീസ്: യഥാർത്ഥചെലവിന് വിധേയമായി പ്രതിവർഷം ₹500<br>ട്യൂഷൻ ഫീസ്: യഥാർത്ഥചെലവിന് വിധേയമായി പ്രതിമാസം ₹350 |
| | മെയിന്റനൻസ് അലവൻസ് (ഒരു അധ്യയന വർഷത്തിലെ 10 മാസത്തേക്ക്) | ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ് വരെ: ഡേ സ്കോളറിന് പ്രതിമാസം ₹100<br>ആറ് മുതൽ പത്താം ക്ലാസ് വരെ:<br>ഹോസ്റ്റലർക്ക് പ്രതിമാസം ₹600<br>ഡേ സ്കോളറിന് പ്രതിമാസം ₹100 |

ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതികൾക്ക് കീഴിൽ സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതാ വ്യവസ്ഥകൾ **പട്ടിക 6.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2: ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതാ വ്യവസ്ഥകൾ**

| | | |
|---|---|---|
| **യോഗ്യത** | മുസ്ലീം, സിക്ക്, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സൊരാഷ്ട്രിയൻ (പാർസി) വിഭാഗങ്ങളിൽപ്പെട്ട ന്യൂനപക്ഷ വിദ്യാർത്ഥികൾ മുൻ വർഷത്തെ അവസാന പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം. പുതിയ അപേക്ഷകർക്കുള്ള സ്കോളർഷിപ്പുകളുടെ എണ്ണം സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ ജനസംഖ്യയെ അടിസ്ഥാനമാക്കി ഓരോ സംസ്ഥാനത്തിനും ന്യൂനപക്ഷകാര്യ മന്ത്രാലയം നിശ്ചയിക്കുന്നു.<br>എല്ലാ സ്രോതസ്സുകളിൽ നിന്നുമായി മാതാപിതാക്കളുടെയും രക്ഷിതാക്കളുടെയും വരുമാനം ₹രണ്ട് ലക്ഷം കവിയാത്ത വിദ്യാർത്ഥികൾ.<br>സ്കോളർഷിപ്പിന്റെ മുപ്പത് ശതമാനം ഓരോ ന്യൂനപക്ഷവിഭാഗത്തിലും പെൺകുട്ടികൾക്കായി നീക്കിവച്ചിരിക്കുന്നു. | |
| **പഠനത്തിനായി** | ഒരു വർഷത്തിൽ താഴെ കാലാവധിയുള്ള അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഒഴികെയുള്ള സർക്കാർ അല്ലെങ്കിൽ സ്വകാര്യ ഹയർ സെക്കൻഡറി സ്കൂളുകൾ/കോളേജുകൾ/യൂണിവേഴ്സിറ്റികളിലെ പഠനത്തിന് | |
| **സ്കോളർഷിപ്പ് ഘടകങ്ങൾ** | **ഇനം** | **നിരക്ക്** |
| | അഡ്മിഷൻ + ട്യൂഷൻ ഫീസ് | XI, XII ക്ലാസുകൾക്ക് (ഹോസ്റ്റലറും ഡേ സ്കോളറും)<br>അഡ്മിഷനും ട്യൂഷൻ ഫീസും: പ്രതിവർഷം ₹7000 യഥാർത്ഥ ചെലവിന് വിധേയമായി |
| | | XI, XII ക്ലാസുകളിലെ സാങ്കേതിക, തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള (ഒരു വർഷമോ അതിലധികമോ കാലാവധിയുള്ള) അഡ്മിഷനും കോഴ്സ്/ ട്യൂഷൻ ഫീസും - യഥാർത്ഥ ചെലവുകൾക്ക് വിധേയമായി പ്രതിവർഷം ₹10,000 (ഹോസ്റ്റലറിനും ഡേ സ്കോളറിനും) |
| | | യുജി, പിജി ക്ലാസുകളിലെ അഡ്മിഷനും ട്യൂഷൻ ഫീസും പ്രതിവർഷം ₹3000 യഥാർത്ഥ ചെലവുകൾക്ക് വിധേയമായി (ഹോസ്റ്റലറിനും ഡേ സ്കോളറിനും) |
| | മെയിന്റനൻസ് അലവൻസ് (ഒരു അധ്യയന വർഷത്തിൽ 10 മാസത്തേക്ക്) | സാങ്കേതിക, തൊഴിലധിഷ്ഠിത കോഴ്സ് ഉൾപ്പെടെ പതിനൊന്ന് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ: ഹോസ്റ്റലർക്ക് പ്രതിമാസം ₹380, ഡേ സ്കോളറിന് പ്രതിമാസം ₹230. |
| | | യുജി, പിജി ക്ലാസുകളിലെ സാങ്കേതിക, പ്രൊഫഷണൽ ഒഴിച്ചുള്ള കോഴ്സുകൾക്ക് ഹോസ്റ്റലർക്ക് പ്രതിമാസം ₹570, ഡേ സ്കോളറിന് പ്രതിമാസം ₹300 |
| | | എംഫിൽ, പിഎച്ച്ഡി എന്നിവയ്ക്ക്: ഹോസ്റ്റലർക്ക് പ്രതിമാസം ₹1200, ഡേ സ്കോളറിന് പ്രതിമാസം ₹550 |

ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സംസ്ഥാന സ്കോളർഷിപ്പ് പദ്ധതിക്കു കീഴിൽ സ്കോളർഷിപ്പ് അവകാശപ്പെടാനുള്ള യോഗ്യതയുടെ വ്യവസ്ഥകൾ **പട്ടിക 6.3**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.3: ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് അവകാശപ്പെടുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ**

യോഗ്യത: മുസ്ലീം, സിഖ്, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സൊരാഷ്ട്രിയൻ (പാഴ്സി) ഉൾപ്പെടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾ; പരമാവധി വാർഷിക കുടുംബ വരുമാനം ₹എട്ട് ലക്ഷം കവിയരുത്.

| സ്കോളർഷിപ്പിന്റെ പേര് | ഗുണഭോക്തൃ വിഭാഗം | സ്കോളർഷിപ്പ് തുക |
|---|---|---|
| മിടുക്കരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വേണ്ടി പ്രഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | എസ്എസ്എൽസി/ പ്ലസ് ടു/ വിഎച്ച്എസ്ഇ/ ടിഎച്ച്എസ്എൽസി മുഴുവൻ എ പ്ലസ് ഗ്രേഡ് | ₹10000 |
| | ബിരുദം - 80 ശതമാനം മാർക്ക് | ₹15000 |
| | ബിരുദാനന്തര ബിരുദം - 75 ശതമാനം മാർക്ക് | |
| വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | യുജി/പിജി/പിഎച്ച്ഡി കോഴ്സുകൾക്കായി തിരഞ്ഞെടുക്കപ്പെട്ട വിദേശ സർവ്വകലാശാലകളിലെ പഠനത്തിന്; പ്രായപരിധി 45 വയസ്സ്; 60 ശതമാനം മാർക്കിൽ കുറയാത്തത്, ബിപിഎൽ വിഭാഗം വിദ്യാർത്ഥികൾക്ക് മുൻഗണന | പരമാവധി തുക ₹10 ലക്ഷം |
| സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് | ബിരുദം - 3000 എണ്ണം | ₹5000 പ്രതിവർഷം |
| | ബിരുദാനന്തര ബിരുദം - 1000 എണ്ണം | ₹6000 പ്രതിവർഷം |
| | പ്രൊഫഷണൽ കോഴ്സുകൾ - 1000 എണ്ണം | ₹7000 പ്രതിവർഷം |
| | ഹോസ്റ്റലർ - 2000 എണ്ണം | ₹13000 |
| ഡോ.എപിജെ അബ്ദുൾ കലാം സ്കോളർഷിപ്പ് | സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിലെ ത്രിവത്സര ഡിപ്ലോമ കോഴ്സുകളും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളും | പരമാവധി ₹6000 |
| മദർ തെരേസ സ്കോളർഷിപ്പ് | സർക്കാർ/എയ്ഡഡ് കോളേജുകളിലെ നഴ്സിംഗ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകളും സ്വാശ്രയ കോളേജുകളിലെ മെറിറ്റ് ക്വാട്ടയും | പരമാവധി ₹15000 |

## 6.2. നടപടിക്രമം

ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പ്രീ,പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കുകയും, വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും, അർഹത പരിശോധിക്കുകയും, സൂക്ഷ്മപരിശോധന നടത്തുകയും, അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്യുന്നത് സംസ്ഥാന സർക്കാരിന്റെ ചുമതല ആയിരുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സ്കോളർഷിപ്പ് വിതരണം ഉറപ്പാക്കുന്നതിന് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാണ് ഓഡിറ്റ് സൂക്ഷ്മപരിശോധന ലക്ഷ്യമിട്ടിരുന്നത്. ന്യൂനപക്ഷങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പ്രീ-

മെട്രിക് പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം പൊതുവിദ്യാഭ്യാസ ഡയറക്ടറിലും (ഡിജിഇ) പോസ്റ്റ് മെട്രിക് സ്കീമിന്റെ ചുമതല കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിലും (ഡിസിഇ) നിക്ഷിപ്തമായിരുന്നു. പ്രീ-മെട്രിക് സ്കീമിൽ, ഡിജിഇ, സംസ്ഥാന നോഡൽ ഓഫീസർ, സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർ എന്നിവർക്കായിരുന്നു പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ പറയുന്നവയാണ്:

## 6.3. ആസൂത്രണവും സാമ്പത്തിക കാര്യവും

ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് കേന്ദ്ര സ്കോളർഷിപ്പ് പദ്ധതികൾക്ക് പൂർണ്ണമായും ധനസഹായം നൽകിയത് കേന്ദ്രസർക്കാരാണ്. അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നേരിട്ട് വിതരണം ചെയ്തു. അതിനാൽ, ഭരണനിർവ്വഹണ ഫണ്ട്[101] ഒഴികെ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിലേക്ക് ഒരു തുകയും അനുവദിച്ചില്ല. അതിനു പുറമെ, കേരള സർക്കാരും ന്യൂനപക്ഷങ്ങൾക്കായി സംസ്ഥാനം സ്പോൺസർ ചെയ്ത പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് നടപ്പിലാക്കിയിരുന്നു. ഇതിന്റെ വിശദാംശങ്ങൾ ഈ അധ്യായത്തിലെ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ചചെയ്യുന്നു.

### 6.3.1. ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതികളിലെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി

പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കു കീഴിൽ, 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, സംസ്ഥാനത്തെ പുതിയ സ്കോളർഷിപ്പുകളുടെയും സ്കോളർഷിപ്പുകളുടെ പുതുക്കലിന്റെയും വർഷാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **പട്ടിക 6.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 6.4: കേന്ദ്ര പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾക്ക് കീഴിലുള്ള വർഷാടിസ്ഥാനത്തിലുള്ള പുതിയ അപേക്ഷകളുടെയും, അപേക്ഷ പുതുക്കലുകളുടെയും വിശദാംശങ്ങൾ**

| പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ |
|---|

[101] പോസ്റ്റ് മെട്രിക് കേന്ദ്ര പദ്ധതിയുടെ കാര്യത്തിൽ, വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സ്കോളർഷിപ്പ് നേരിട്ട് വിതരണം ചെയ്യുന്നതിനാൽ, ഭരണപരമായ ചെലവിനുള്ള ഫണ്ട് മാത്രമേ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളൂ.

| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം (പുതിയത്) | യഥാർത്ഥത്തിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം (പുതിയത്)[102] | പുതുക്കൽ | ആകെ മൊത്തം ചെലവ് (പുതിയത്+ പുതുക്കൽ) (₹ കോടിയിൽ) |
|---|---|---|---|---|
| 2017-18 | 460646 | 273918 | 283360 | 66.87 |
| 2018-19 | 466608 | 243935 | 329841 | 70.99 |
| 2019-20 | 403915 | 256511 | 337020 | 74.80 |
| 2020-21 | 503765 | 298050 | 301645 | 74.40 |
| 2021-22 | 349701 | 266031 | 371819 | 78.84 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ | | | | |
| വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം (പുതിയത്) | യഥാർത്ഥത്തിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം (പുതിയത്) | പുതുക്കൽ | ആകെ മൊത്തം ചെലവ് (പുതിയത്+ പുതുക്കൽ) (₹ കോടിയിൽ) |
| 2017-18 | 92853 | 40070 | 23014 | 30.38 |
| 2018-19 | 107981 | 41137 | 24738 | 30.36 |
| 2019-20 | 93455 | 42575 | 23060 | 32.68 |
| 2020-21 | 125362 | 44159 | 23425 | 31.80 |
| 2021-22 | 110125 | 45648 | 28649 | 37.57 |

*(ഉറവിടം: ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റും ഡിജിഇ, ഡിസിഇ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങളും)*

ഫണ്ടുകളുടെ കാര്യനിർവ്വഹണവും പദ്ധതികളുടെ നടത്തിപ്പും സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്തിട്ടുണ്ട്.

### 6.3.2. കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ടിന്റെ ക്രമരഹിതമായ കാര്യനിർവ്വഹണം

2014-15 വർഷത്തിൽ, 8,45,465 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ആ കാലയളവിലെ ഭരണച്ചെലവ് ഉൾപ്പെടെ ₹85.39 കോടി പ്രീ-മെട്രിക് ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതിക്ക് മന്ത്രാലയം അനുവദിച്ചു. 2014-15-ൽ 3.52 ലക്ഷം കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ആയ ₹35.24 കോടി, ഡിബിടി മോഡിലേക്ക് മാറ്റിയപ്പോൾ അപേക്ഷകർ സമർപ്പിച്ച അക്കൗണ്ടിന്റെ വിശദാംശങ്ങളിലെ പൊരുത്തക്കേടുകൾ കാരണം വിതരണം ചെയ്യാൻ കഴിഞ്ഞില്ലെന്ന് ഡിജിഇ പ്രസ്താവിച്ചു. 2016 ജൂണോടെ 2.65 ലക്ഷം വിദ്യാർത്ഥികൾക്കും പിന്നീട് 2022 മാർച്ചിൽ 55,590 വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് വിതരണം ചെയ്തു. 2023 മാർച്ചിലെ കണക്കനുസരിച്ച് 31,908 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകാനുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി 2019 മാർച്ച് 31 വരെ നൽകിയ ഫണ്ടിൽ ചെലവഴിക്കാത്ത ബാക്കി തുക തിരിച്ചടയ്ക്കാൻ കേന്ദ്ര സർക്കാർ (2020 ഡിസംബർ, 2022 ജനുവരി) ഡിജിഇയോട് നിർദ്ദേശിച്ചു. എന്നാൽ, പദ്ധതിക്കായി 2014-15-ൽ അനുവദിക്കപ്പെട്ട

[102] ഒരു സംസ്ഥാനത്തെ ഒരു പ്രത്യേക ന്യൂനപക്ഷ സമുദായത്തിനുള്ള സ്കോളർഷിപ്പിൻറെ ഭൗതിക ലക്ഷ്യം നിറവേറ്റിയില്ലെങ്കിൽ, അധിക ഫണ്ട് സംസ്ഥാനങ്ങളിലെ അതേ ന്യൂനപക്ഷസമുദായങ്ങൾക്കിടയിൽ വിതരണം ചെയ്യുമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനാൽ പ്രീ/പോസ്റ്റ് മെട്രിക് പദ്ധതികൾക്ക കീഴിൽ കൂടുതൽ സ്കോളർഷിപ്പുകൾ നൽകാം

ഫണ്ടിൽ ചെലവഴിക്കാത്ത തുകയും അതിന്റെ പലിശയും ഡിജിഇ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി. പ്രീ-മെട്രിക് പദ്ധതിയുടെ ബാക്കി തുകയുടെ ക്രമരഹിതമായ കൈകാര്യം ചെയ്യൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത്, തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നു. 2023 മേയ് 16-ന് 8,954 വിദ്യാർത്ഥികൾക്ക് കൂടി സ്കോളർഷിപ്പ് അനുവദിച്ചതായും ബാക്കി തുക കേന്ദ്ര സർക്കാരിന് തിരികെ നൽകാനുള്ള നടപടി ആരംഭിച്ചതായും സർക്കാർ പ്രസ്താവിച്ചു (2023 ജൂൺ).

### *6.3.2.1. ബാങ്ക് അക്കൗണ്ട് വകുപ്പിന്റെ അക്കൗണ്ടുമായി പൊരുത്തപ്പെടാത്തത്*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ്ബി അക്കൗണ്ടിൽ 2022 മാർച്ച് 31-ൽ ₹8.78 കോടിയുടെ ക്ലോസിംഗ് ബാലൻസ് ഉണ്ടായിരുന്നു. ബാങ്ക് അക്കൗണ്ടിൽ നിന്ന് പിൻവലിക്കലുകൾ രേഖപ്പെടുത്തുന്നതിന് ഡിജിഇ ഒരു ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചു. ലഭിച്ച നിക്ഷേപങ്ങളുടെ രസീത്, ക്രെഡിറ്റ് ചെയ്ത പലിശ, തിരിച്ചടവ്, മടങ്ങിയ സ്കോളർഷിപ്പ് തുക എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ക്ലോസിംഗ് ബാലൻസ് കണക്കാക്കിയിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ബാങ്ക് ഇടപാടുകൾക്കുള്ള വകുപ്പുതല അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ ബാങ്ക് അക്കൗണ്ടുമായി റികൺസീലിയേഷൻ സാധ്യമായില്ല. വകുപ്പുതല അക്കൗണ്ടിന്റെയും ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിന്റെയും അഭാവത്തിൽ, ബാക്കി തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല, കൂടാതെ രേഖപ്പെടുത്താത്ത ക്രെഡിറ്റുകൾ / വ്യാജമായ പിൻവലിക്കലുകൾ എന്നിവ കണ്ടെത്താതിരിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

അക്കൗണ്ട് റീകൺസൈൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ).

### *6.3.2.2. സ്കോളർഷിപ്പ് ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റിയത്*

സ്കോളർഷിപ്പ് ഫണ്ടിൽ നിന്ന് ₹40.28 ലക്ഷത്തിന് ഡിജിഇയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ഉപയോഗത്തിനായി രണ്ട് പുതിയ ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങുന്നതിന് കേരള സർക്കാർ ഭരണാനുമതി (2019 ഓഗസ്റ്റ്) നൽകുകയും, 2019 സെപ്റ്റംബറിൽ വാഹനങ്ങൾ വാങ്ങിക്കുകയും ചെയ്തു. 2019 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ ഈ വാഹനങ്ങളുടെ ഇന്ധനം, അറ്റകുറ്റപ്പണി, ഇൻഷ്വറൻസ്, അനുബന്ധ വസ്തുക്കൾ എന്നിവയ്ക്കായി ₹10.58 ലക്ഷം ചെലവഴിച്ചു. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ഡിജിഇയുടെ ഓഫീസിന്റെയും കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉപയോഗത്തിനായി മൂന്ന് വാഹനങ്ങളുടെ വാടകയ്ക്ക് ഈടാക്കിയ ₹40.14 ലക്ഷത്തിന് പുറമെയാണിത്. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതിനും എസി, ഐപാഡുകൾ, ടെലിവിഷൻ, മൊബൈൽ ഫോണുകൾ എന്നിവ വാങ്ങുന്നതിനുമായി ₹10.98 ലക്ഷത്തിന്റെ ഫണ്ടും വകമാറ്റി ചെലവഴിച്ചു. ഭരണപരമായ ആവശ്യങ്ങൾക്ക് ഒരു ശതമാനം ഭരണപരവും അനുബന്ധവുമായ ചെലവ് ആകാമെന്നുള്ള വ്യവസ്ഥ അനുസരിച്ചായിരുന്നു കാറുകൾ

വാങ്ങാനുള്ള ചെലവും മറ്റ് ചെലവുകളും സ്കോളർഷിപ്പ് ഫണ്ടിൽ നിന്ന് നടത്തിയതെന്ന് സംസ്ഥാന നോഡൽ ഓഫീസർ മറുപടി നൽകി (2023 ജനുവരി).

സ്കോളർഷിപ്പ് വിതരണം പൂർത്തിയാക്കാൻ ആവശ്യമായ തുക ഭരണച്ചെലവിന് ഉപയോഗിച്ചിട്ടില്ലെന്നും തുക സ്കോളർഷിപ്പ് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). സംസ്ഥാനത്ത് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളുടെ നിരീക്ഷണത്തിനായാണ് സർക്കാർ അനുമതിയോടെ കാറുകൾ വാങ്ങിയത് എന്നും പറയുകയുണ്ടായി.

സംസ്ഥാന നോഡൽ ഓഫീസർ നൽകിയ മറുപടിക്ക് വിരുദ്ധമാണ് സർക്കാരിന്റെ മറുപടി. പ്രീ-മെട്രിക് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ട്, പ്രത്യേകമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, ഫർണീച്ചറുകളും ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, അപേക്ഷ ഫോമുകളുടെ പ്രിന്റിംഗ്, പരസ്യം, യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കൽ മുതലായവയുടെ ചെലവുകൾക്കായി വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, 2014-15-ൽ ഭരണച്ചെലവുകൾക്കായി കേന്ദ്രസർക്കാർ അനുവദിച്ച ₹84.54 ലക്ഷം ഇതിനകം വിനിയോഗിച്ചിട്ടുണ്ടെന്നും[103], ഫണ്ടും അനുബന്ധ പലിശയും തുടർന്നും മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്ന് അനുമതി/ അനുവാദം ലഭിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ഓഡിറ്റ് ചെയ്യപ്പെട്ട ചെലവ് പത്രിക സഹിതമുള്ള വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുമില്ല.

### *6.3.2.3. അഡ്വാൻസ് തുകകൾ തീർപ്പാക്കാത്തത് സംബന്ധിച്ച്*

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ, മറ്റ് ചെലവുകൾക്കായി[104] സ്കോളർഷിപ്പ് അക്കൗണ്ടിൽ നിന്ന് ₹347.04 ലക്ഷം അഡ്വാൻസ് എടുക്കുന്നതിന് ഡിജിഇ അനുമതി നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും അഡ്വാൻസുകളുടെ സമയോചിതമായ തിരിച്ചടവ് നിരീക്ഷിക്കുന്നതിനും ഡിജിഇ മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചില്ല. വകുപ്പ് നൽകിയ (2023 മേയ്) വിശദാംശങ്ങൾ അനുസരിച്ച്, ഫണ്ടിൽ നിന്നുള്ള അഡ്വാൻസുകൾ ഒന്നു മുതൽ 28 മാസങ്ങൾക്കുശേഷം തിരിച്ചടയ്ക്കപ്പെട്ടു, ആയത് ഫണ്ടിന്റെ താൽക്കാലിക വകമാറ്റലിനും പലിശ നഷ്ടത്തിനും കാരണമായി. 2021 ജനുവരിയിൽ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതിന് അഡ്വാൻസായി നൽകിയ ₹42.50 ലക്ഷം ഇനിയും തിരിച്ചുകിട്ടാനുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടു (2023 മേയ്).

ഓഫീസ് ചെലവുകൾക്കായി സ്കോളർഷിപ്പ് ഫണ്ടിൽ നിന്ന് അഡ്വാൻസ് നൽകിയതിനാൽ, വിരമിച്ച രണ്ട് ഉദ്യോഗസ്ഥരിൽ നിന്ന് ₹6.62 ലക്ഷം തിരിച്ചുപിടിക്കാനുള്ളതാണ്. സ്കോളർഷിപ്പ് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള

[103] ഡാറ്റാ എൻട്രിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ ജീവനക്കാർക്കുള്ള പണം നൽകൽ, കമ്പ്യൂട്ടർ വാങ്ങൽ, സ്കോളർഷിപ്പ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിന് ഇന്റർനെറ്റ് സൗകര്യം നൽകൽ, പരസ്യങ്ങൾ എന്നിവയ്ക്കായി.

[104] സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റ്, അക്വാട്ടിക്, മറ്റ് സോണൽ ചാമ്പ്യൻഷിപ്പുകൾ, സംസ്ഥാന സ്കൂൾ ഗെയിംസ്, ഉച്ചഭക്ഷണ പദ്ധതി, വർക്ക്ഷോപ്പുകളുടെയും പരിശീലനങ്ങളുടെയും നടത്തിപ്പ് തുടങ്ങിയവ.

തുക ആ ഓഫീസിൽ സമർപ്പിച്ച ബില്ലുകളും വൗച്ചറുകളും ക്രമീകരിച്ചതിന് ശേഷം ₹4.06 ലക്ഷമായി പുനർ നിർണ്ണയിച്ചതായും ഉദ്യോഗസ്ഥരുടെ ഡെത്ത് ആൻഡ് റിട്ടയർമെൻറ് ഗ്രാറ്റുവിറ്റിയിൽ നിന്ന് തുക ഈടാക്കി ക്രമീകരിക്കാനുള്ള നടപടി ആരംഭിക്കുമെന്നും സ്റ്റേറ്റ് നോഡൽ ഓഫീസർ മറുപടി നൽകി (2023 മേയ്).

വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടെയോ പദ്ധതികളുടെയോ നടത്തിപ്പിനുള്ള വായ്പയായി സ്കോളർഷിപ്പ് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ട് ലഭ്യമായപ്പോൾ സ്കോളർഷിപ്പ് ഫണ്ടിലേക്ക് തിരികെ അടച്ചുവെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തെ തുടർന്ന് വകുപ്പ് മേൽപ്പറഞ്ഞ രജിസ്റ്റർ സൂക്ഷിക്കാൻ തുടങ്ങിയതായും പ്രസ്താവിച്ചു. പരീക്ഷാ നടത്തിപ്പിനായി വിനിയോഗിച്ച തുക ഇപ്പോൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് ലഭിച്ചുവെന്നും, അത് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുമെന്നും അറിയിച്ചു. അഡ്വാൻസ് തുകയായ ₹4.06 ലക്ഷം ഇനിയും തിരിച്ചുപിടിക്കാനുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു.

#### *6.3.2.4. സർക്കാർ അനുമതിയില്ലാതെ പ്രത്യേക പ്രതിഫലം നൽകുന്നത് സംബന്ധിച്ച്*

ന്യൂനപക്ഷങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പ് അഡീഷണൽ ഡയറക്ടറുടെ (അക്കാദമിക്) മേൽനോട്ടത്തിൽ ഡിജിഇയുടെ ഓഫീസിലെ സ്കോളർഷിപ്പ് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. ക്ലാർക്കുമാർ മുതൽ ഡിജിഇ വരെയുള്ള സ്ഥിര ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും പുറമെ പ്രത്യേക പ്രതിഫലമായി ₹5.06 ലക്ഷം സ്കോളർഷിപ്പ് അക്കൗണ്ടിൽ നിന്ന് നൽകുന്നതിനായി മൂന്ന് തവണ[105] ഡിജിഇ അനുമതിയും അംഗീകാരവും നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

2019-20-ന് ശേഷം അത്തരം അലവൻസുകൾ നൽകിയിട്ടില്ലെന്നും ഭാവിയിൽ അനുവദിക്കില്ലെന്നും സർക്കാർ മറുപടിയിൽ പ്രസ്താവിക്കപ്പെട്ടു (2023 ജൂൺ). എന്നാൽ, കേന്ദ്ര സർക്കാരിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ അംഗീകാരമോ അനുമതിയോ ലഭിക്കാതെയാണ് ഡിജിഇയുടെ ഓഫീസിലെ സ്ഥിരം ജീവനക്കാർക്ക് പ്രത്യേക പ്രതിഫലം നൽകിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 6.3.3. സംസ്ഥാനം ഭരണച്ചെലവുകൾ അവകാശപ്പെടാത്തത്

കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതിയിൽ, പദ്ധതിയിലേക്കുള്ള മൊത്തം കേന്ദ്ര ചെലവിന്റെ ഒരു ശതമാനത്തിൽ കൂടാത്ത തുക, ഭരണപരമായ ചെലവുകൾക്കും, ഓഫീസ് ഉപകരണങ്ങൾ, പരസ്യം, ജീവനക്കാരെ നിയമിക്കൽ തുടങ്ങിയ അനുബന്ധ ചെലവുകൾക്കും വിനിയോഗിക്കാവുന്നതാണ്. അതുപോലെ, പോസ്റ്റ്-മെട്രിക് ന്യൂനപക്ഷ പദ്ധതിയുടെ കാര്യത്തിൽ, മൊത്തം കേന്ദ്ര ചെലവിന്റെ രണ്ട് ശതമാനത്തിൽ കൂടാത്ത തുക സംസ്ഥാന/കേന്ദ്ര

[105] 2017 ജൂണിൽ, 2018 ജൂണിൽ, 2019 ഏപ്രിലിൽ.

ഭരണപ്രദേശത്തിന്റെയും മന്ത്രാലയത്തിന്റെയും ഭരണപരവും അനുബന്ധവുമായ ചെലവുകൾ നിറവേറ്റുന്നതിന് വിനിയോഗിക്കാവുന്നതാണ്, ഉദാഹരണത്തിന് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, ഫർണീച്ചറുകൾ വാങ്ങൽ, അപേക്ഷാ ഫോമുകളുടെ പ്രിന്റിംഗ്, പരസ്യങ്ങൾ, ഉദ്യോഗസ്ഥരെ ഏർപ്പെടുത്തൽ, തുടങ്ങിയ ചെലവുകൾ. ഓഡിറ്റ് ശ്രദ്ധിച്ച കാര്യങ്ങൾ താഴെപ്പറയുന്നു.

- പ്രീ-മെട്രിക് ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതിയുടെ കീഴിൽ, 2017-22 കാലയളവിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള ഭരണച്ചെലവ് ₹365.90 ലക്ഷം ആയിരുന്നു. 2014-15 വർഷത്തേക്ക് സ്കോളർഷിപ്പ് വിതരണത്തിനായി അനുവദിച്ച ഫണ്ട്, ഡിബിടി മോഡിലേക്കുള്ള മാറ്റം മൂലം പൂർണമായി വിനിയോഗിച്ചില്ല. സ്കോളർഷിപ്പ് വിതരണത്തിനായി 2014-15-ൽ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാത്തതിനാൽ ഡിജിഇക്ക്, കേന്ദ്ര സർക്കാരിൽ നിന്ന് 2017-22-ലേക്കുള്ള ഭരണച്ചെലവുകൾക്കുള്ള തുക ആവശ്യപ്പെടാൻ കഴിഞ്ഞില്ല.

  പോസ്റ്റ്-മെട്രിക് ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതിയുടെ കാര്യത്തിൽ, 2016-17 വർഷവുമായി ബന്ധപ്പെട്ട് സംസ്ഥാനം ₹17.31 ലക്ഷം ചെലവഴിക്കാത്തതിനാൽ സംസ്ഥാന നോഡൽ അതോറിറ്റിക്ക് (എസ്എൻഎ) 2017-18, 2018-19 വർഷങ്ങളിലെ ഭരണച്ചെലവുകൾക്കുള്ള ഫണ്ട് ലഭിച്ചില്ല. ചെലവഴിക്കാതിരുന്ന ₹17.31 ലക്ഷം 2017-18, 2018-19 വർഷങ്ങളിൽ ലഭിക്കേണ്ടിയിരുന്ന ഗ്രാന്റുകളിൽ നിന്ന് ക്രമീകരിച്ചു. 2019-20 വർഷത്തേക്ക് ₹4.62 ലക്ഷത്തിന്റെ ഭരണച്ചെലവ് ന്യൂനപക്ഷകാര്യ മന്ത്രാലയം 2019 ജൂണിൽ അനുവദിച്ചു, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 2019-20 സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ കേന്ദ്ര സർക്കാരിന് നൽകേണ്ടിയിരുന്നു. ഫണ്ട് ലഭിച്ച തീയതി മുതൽ 21 മാസത്തെ കാലതാമസത്തിന് ശേഷം 2021 മാർച്ചിൽ[106] മാത്രമാണ് ഈ തുക കേരള സർക്കാർ എസ്എൻഎ-യ്ക്ക് അനുവദിച്ചത്. കേരള സർക്കാർ എസ്എൻഎ-യുടെ അക്കൗണ്ടിലേക്ക് തുക കൈമാറ്റം ചെയ്തതിലെ കാലതാമസം കാരണം, എസ്എൻഎ-യ്ക്ക് 2019-20 വർഷത്തേക്ക് അനുവദിച്ച ഭരണച്ചെലവുകൾ ഉപയോഗിക്കാൻ സാധിക്കാതെ വരികയും, കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം തുക 2021 ഓഗസ്റ്റിൽ ന്യൂനപക്ഷകാര്യ മന്ത്രാലയത്തിലേക്ക് സറണ്ടർ ചെയ്യേണ്ടി വരികയും ചെയ്തു. ട്രഷറിയോട് അഭ്യർത്ഥിച്ചിട്ടും ട്രഷറിക്ക് ആവർത്തിച്ച് ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടും, കോവിഡും മറ്റ് സാമ്പത്തിക നിയന്ത്രണങ്ങളും കാരണം ഫണ്ട് സമയത്ത് ലഭിച്ചില്ല എന്നാണ്

[106] 2019 ജൂണിൽ അനുവദിച്ച ₹4.62 ലക്ഷത്തിന്റെ തൽസ്ഥിതി അറിയിക്കാനും, വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാനും കേന്ദ്ര സർക്കാർ എസ്എൻഎ-യ്ക്ക് 2020 നവംബറിൽ നിർദ്ദേശം നൽകി. കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചപ്പോൾ, എസ്എൻഎ-യുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുവാൻ എസ്എൻഎ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

ഭരണച്ചെലവിലേക്കുള്ള ഫണ്ട് കൈമാറുന്നതിലെ കാലതാമസത്തെക്കുറിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അന്തിമ കൂടിക്കാഴ്ചയിൽ മറുപടി നൽകിയത് (2023 മേയ്).

എന്നാൽ, എസ്എൻഎ-യുടെ അക്കൗണ്ടിലേക്ക് സംസ്ഥാന സർക്കാർ ഭരണച്ചെലവുകൾ മാറ്റുന്നതിൽ കാലതാമസം വരുത്തിയതാണ് കേന്ദ്രസഹായം തിരിച്ചടയ്ക്കാൻ ഇടയാക്കിയത് എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു.

## 6.4. പദ്ധതികളുടെ നടപ്പാക്കൽ

### 6.4.1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തതു സംബന്ധിച്ച് - ന്യൂനപക്ഷങ്ങൾക്കുള്ള കേന്ദ്ര പ്രീ/ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ

എൻഐസിയുടെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ എസ് പി) വഴിയാണ് ന്യൂനപക്ഷങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പ്രീ/ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ കൈകാര്യം ചെയ്തിരുന്നത്. ആദ്യപടിയെന്ന നിലയിൽ പോർട്ടലിൽ വിദ്യാർഥി രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും പിന്നീട് സ്ഥാപനതലത്തിൽ അപേക്ഷ പരിശോധിക്കുകയും ചെയ്തതിന് ശേഷം അപേക്ഷയുടെ തുടർ നടപടികൾ സംസ്ഥാന തലത്തിൽ നടത്തുകയും വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനും കൈമാറുന്നതിനുമായി കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്യണമായിരുന്നു. പ്രീ-മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സംസ്ഥാന തലത്തിലെ അധികാരി പൊതുവിദ്യാഭ്യാസ ഡയറക്ടറും പോസ്റ്റ്-മെട്രിക് അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സംസ്ഥാനതല അധികാരി കൊളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുമാണ് (ഡിസിഇ). വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട അധികാരികൾ യഥാസമയം തീർപ്പാക്കിയിട്ടുണ്ടോ എന്ന് അറിയുവാൻ വേണ്ടി ഓഡിറ്റ് എൻഎസ്പി ഡാറ്റ പരിശോധിച്ചു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഇപ്രകാരമാണ്:

പ്രീ/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അപേക്ഷകളുമായി (2017-20) ബന്ധപ്പെട്ട ഡാറ്റ പരിശോധിച്ചപ്പോൾ, തിരഞ്ഞെടുത്ത ജില്ലകളിൽ, ആകെ[107] 8,464 പുതിയ പ്രീ-മെട്രിക് അപേക്ഷകളും 7,817 രജിസ്റ്റർ ചെയ്ത പുതിയ പോസ്റ്റ്-മെട്രിക് അപേക്ഷകളും[108] വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പരിശോധനയ്ക്കും സ്ഥിരീകരണത്തിനും തുടർ നടപടികൾക്കും വേണ്ടി തീർപ്പാക്കാതെ ശേഷിക്കുന്നതായി കണ്ടത് **പട്ടിക 6.5**-ൽ വിശദമാക്കിയിരിക്കുന്നു.

---

107 തിരഞ്ഞെടുത്ത നാല് ജില്ലകളിലെ ആകെ പ്രീ-മെട്രിക് (കേന്ദ്ര) അപേക്ഷകളുടെ എണ്ണം 3,66,647 ആയിരുന്നു.

108 തിരഞ്ഞെടുത്ത നാല് ജില്ലകളിലെ ആകെ പോസ്റ്റ്-മെട്രിക് (കേന്ദ്ര) അപേക്ഷകളുടെ എണ്ണം 85,900 ആയിരുന്നു.

**പട്ടിക 6.5: പരിശോധനയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, രജിസ്റ്റർ ചെയ്ത പുതിയ അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ ശേഷിച്ചത്**

| പ്രീ-മെട്രിക് സ്കോളർഷിപ്പ് | | | | |
|---|---|---|---|---|
| ജില്ല | 2017-18 | 2018-19 | 2019-20 | ആകെ |
| എറണാകുളം | 508 | 904 | 794 | 2206 |
| കൊല്ലം | 489 | 530 | 760 | 1779 |
| കോഴിക്കോട് | 911 | 1292 | 1427 | 3630 |
| വയനാട് | 197 | 370 | 282 | 849 |
| **ആകെ** | **2105** | **3096** | **3263** | **8464** |
| **പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്** | | | | |
| ജില്ല | 2017-18 | 2018-19 | 2019-20 | ആകെ |
| എറണാകുളം | 708 | 924 | 1086 | 2718 |
| കൊല്ലം | 450 | 603 | 607 | 1660 |
| കോഴിക്കോട് | 624 | 849 | 1169 | 2642 |
| വയനാട് | 242 | 260 | 295 | 797 |
| **ആകെ** | **2024** | **2636** | **3157** | **7817** |

*(ഉറവിടം: 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിലെ എൻഎസ്പി ഡാറ്റ)*

ന്യൂനപക്ഷകാര്യ മന്ത്രാലയം വർഷാവർഷം നിശ്ചയിച്ചിട്ടുള്ള സമയപരിധി അനുസരിച്ച്, വിദ്യാർത്ഥികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും അപേക്ഷകൾ സമർപ്പിക്കുകയും ചെയ്യേണ്ടതായിരുന്നു. തിരഞ്ഞെടുത്ത എല്ലാ ജില്ലകളിലും സ്ഥാപനങ്ങളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം പൊതുവെ വർദ്ധിക്കുന്ന പ്രവണതയാണ് കണ്ടത്.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ[109] തീർപ്പുകൽപ്പിക്കാത്ത പ്രീ-മെട്രിക് അപേക്ഷകളിൽ ഓഡിറ്റ് പരിശോധന നടത്തി. അപേക്ഷകളും രേഖകളും ഹാർഡ് കോപ്പിയിൽ സമർപ്പിക്കാത്തതിനാൽ 128 വിദ്യാർത്ഥികളുടെ അപേക്ഷകൾ അംഗീകരിക്കപ്പെട്ടില്ലെന്നും, 25 കേസുകൾ വിദ്യാർത്ഥികൾ സ്ഥാപനത്തിലെ അംഗങ്ങളല്ലാത്തതിനാലും, നാല് വിദ്യാർത്ഥികൾക്ക് മറ്റൊരു സ്കോളർഷിപ്പ് ലഭിച്ചതിനാലും, ഒരു വിദ്യാർത്ഥിക്ക് യോഗ്യതയില്ലാത്തതിനാലും അംഗീകരിക്കപ്പെട്ടില്ലെന്നും സ്ഥാപനാധികാരികൾ പ്രസ്താവിച്ചു. തീർപ്പാക്കാത്ത 57 കേസുകളെക്കുറിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓഡിറ്റിന് പ്രത്യേക മറുപടിയൊന്നും നൽകിയില്ല.

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[110] തീർപ്പുകൽപ്പിക്കാത്ത പോസ്റ്റ്-മെട്രിക് അപേക്ഷകളിൽ ഓഡിറ്റ് പരിശോധന നടത്തിയപ്പോൾ, 336 വിദ്യാർത്ഥികളുടെ അപേക്ഷകളുടെയും രേഖകളുടെയും ഹാർഡ് കോപ്പികൾ സമർപ്പിക്കാത്തതിനാൽ അംഗീകരിക്കപ്പെട്ടില്ലെന്നും, 55 അപേക്ഷകൾ വിദ്യാർത്ഥികൾ വൈകി സമർപ്പിച്ചെന്നും, 70 അപേക്ഷകൾ പിന്നീട് തീർപ്പാക്കിയെന്നും, ഏഴ് അപേക്ഷകൾ വികലമായിരുന്നുവെന്നും, ഒന്നുവീതം അപേക്ഷകളിൽ ക്ലറിക്കൽ പിശക്

---

[109] തിരഞ്ഞെടുത്ത നാല് ജില്ലകളിലെ തിരഞ്ഞെടുത്ത 29 സ്ഥാപനങ്ങളിൽ 215 കേസുകൾ കാണപ്പെട്ടു.
[110] തിരഞ്ഞെടുത്ത നാല് ജില്ലകളിലെ തിരഞ്ഞെടുത്ത 32 സ്ഥാപനങ്ങളിൽ 471 കേസുകൾ കാണപ്പെട്ടു.

ആയിരുന്നതിനാലും, വിദ്യാർത്ഥിക്ക് മറ്റൊരു സ്കോളർഷിപ്പ് ലഭിച്ചിരുന്നതിനാലും വിദ്യാർത്ഥി സ്ഥാപനത്തിലെ അംഗമല്ലാതിരുന്നതിനാലും അംഗീകരിക്കപ്പെട്ടില്ലെന്നും സ്ഥാപന അധികാരികൾ പ്രസ്താവിച്ചു.

കൂടാതെ, ഗുണഭോക്തൃ സർവ്വേയിൽ, 313 ന്യൂനപക്ഷ വിദ്യാർത്ഥികളിൽ 278 പേർക്ക് അധ്യയന വർഷത്തിന്റെ തുടക്കത്തിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. സ്കോളർഷിപ്പ് വിതരണം വൈകുന്നത് അധ്യയന വർഷത്തിന്റെ തുടക്കത്തിൽ പ്രവേശന ഫീസ്, മെയിന്റനൻസ് അലവൻസ് മുതലായവ ലഭിക്കാതിരിക്കാൻ ഇടയാക്കും. അങ്ങനെ, പദ്ധതിയുടെ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കാതെ പോകുന്നു.

വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ, സ്ഥാപനതലത്തിൽ പരിശോധന പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാന തലത്തിൽ പരിശോധനയ്ക്കായി ലഭ്യമാകൂ എന്നും, വിദ്യാർത്ഥി അർഹതാ മാനദണ്ഡങ്ങൾക്കനുസൃതമല്ലെങ്കിലോ, ആവശ്യമുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്നില്ലെങ്കിലോ സ്ഥാപനത്തിന് അപേക്ഷ അവരുടെ തലത്തിൽ തീർപ്പാക്കാതെ തന്നെ തിരികെ അയയ്ക്കാമെന്നും സർക്കാർ പ്രസ്താവിച്ചു (2023 മേയ്, ജൂൺ). നിശ്ചിത തീയതിക്ക് ശേഷവും സ്ഥാപനതലത്തിൽ ഒരു അപേക്ഷയും പരിശോധിക്കപ്പെടാതെ കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ന്യൂനപക്ഷകാര്യ മന്ത്രാലയം/ സംസ്ഥാനതല നോഡൽ ഓഫീസ് നിർദ്ദേശങ്ങൾ/ അറിയിപ്പുകൾ നൽകിയിട്ടുണ്ടെങ്കിലും, അത്തരം നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതായി പ്രസ്താവിച്ചു. 2022-23 മുതൽ, വിദ്യാർത്ഥി / സ്ഥാപനതലത്തിൽ അപേക്ഷകളുടെ കുടിശ്ശികയുടെ സ്ഥിതി അറിയിച്ചുകൊണ്ട് വിദ്യാർത്ഥികളുടെയും സ്ഥാപനത്തിലെ നോഡൽ ഓഫീസർമാരുടെയും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറുകളിലേക്ക് ഒരു ഓട്ടോമേറ്റഡ് അലേർട്ട് സന്ദേശം അയച്ചുകൊണ്ട് എൻഎസ്പിയിൽ നിന്ന് ആശയവിനിമയം ആരംഭിച്ചതായും അറിയിച്ചു.

അപേക്ഷകൾ തീർപ്പാക്കുന്നതിലെ വീഴ്ചകൾ സ്ഥാപനതലത്തിൽ നിലനിൽക്കുന്നു എന്ന ഓഡിറ്റിന്റെ കണ്ടെത്തലിനെ, സർക്കാരിന്റെ മറുപടി സാധൂകരിക്കുന്നു. അങ്ങനെ, സ്ഥാപനതലത്തിൽ അപേക്ഷ തീർപ്പാക്കാത്തത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 6.4.2. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കാത്തത് സംബന്ധിച്ച് - ന്യൂനപക്ഷങ്ങൾക്കുള്ള സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ

സംസ്ഥാന സ്കോളർഷിപ്പുകളായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, മദർ തെരേസ സ്കോളർഷിപ്പ് (എംടിഎസ്), എ പി ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് (എപിജെഎകെ), സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് (സിഎച്ച്എംഎസ്), ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള വിദേശ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പുകൾ എന്നിവ എൻഐസി വികസിപ്പിച്ച ഡിസിഇ സ്കോളർഷിപ്പ് പോർട്ടലിലൂടെ കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റാണ് കൈകാര്യം ചെയ്തത്.

സ്കോളർഷിപ്പിനുള്ള അപേക്ഷ ആദ്യം സ്ഥാപനവും അതിനുശേഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റും ആണ് അംഗീകരിച്ചിരുന്നത്. സ്കോളർഷിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന ചില മാനദണ്ഡങ്ങളുടെ (വാർഷിക കുടുംബ വരുമാനം, മാർക്ക് മുതലായവ) അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പുകളുടെ എണ്ണം നിശ്ചയിക്കുകയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നത്. എന്നാൽ, ഡിസിഇ സ്കോളർഷിപ്പ് പോർട്ടലിലെ ഡാറ്റ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ, സ്കോളർഷിപ്പ് അപേക്ഷകളുടെ പരിശോധന, തുടർന്നുള്ള തീർപ്പാക്കലിനും സ്കോളർഷിപ്പ് നൽകുന്നതിനുമായി സ്ഥാപനങ്ങളിൽ നടന്നിട്ടില്ലെന്ന് കണ്ടെത്തി. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ വിദ്യാർത്ഥികൾ സമർപ്പിച്ച 4151 സ്കോളർഷിപ്പ് അപേക്ഷകൾ[111] താഴെ കാണിച്ചിരിക്കുന്ന **പട്ടിക 6.6** പ്രകാരം പരിശോധന കൂടാതെ കെട്ടിക്കിടക്കുന്നതായി കാണപ്പെട്ടു.

**പട്ടിക 6.6: സ്ഥാപനങ്ങളിലെ പരിശോധനയുടെ അഭാവം മൂലം തീർപ്പാകാത്ത സ്കോളർഷിപ്പ് അപേക്ഷകൾ (സംസ്ഥാന ന്യൂനപക്ഷ പദ്ധതി)**

| ജില്ല | സ്കോളർഷിപ്പ് | 2017 | 2018 | 2019 | 2020 | 2021 | ആകെ |
|---|---|---|---|---|---|---|---|
| എറണാകുളം | എ.പി.ജെ.എ.കെ | 0 | 53 | 80 | 96 | 122 | 351 |
| | സി.എച്ച്.എം.എസ് | 126 | 205 | 111 | 330 | 233 | 1005 |
| | എം.ടി.എസ് | 0 | 6 | 8 | 24 | 8 | 46 |
| കൊല്ലം | എ.പി.ജെ.എ.കെ | 0 | 18 | 8 | 27 | 20 | 73 |
| | സി.എച്ച്.എം.എസ് | 39 | 97 | 47 | 160 | 95 | 438 |
| | എം.ടി.എസ് | 0 | 12 | 8 | 1 | 7 | 28 |
| കോഴിക്കോട് | എ.പി.ജെ.എ.കെ | 0 | 48 | 13 | 56 | 37 | 154 |
| | സി.എച്ച്.എം.എസ് | 237 | 391 | 215 | 518 | 288 | 1649 |
| | എം.ടി.എസ് | 0 | 19 | 17 | 11 | 4 | 51 |
| വയനാട് | എ.പി.ജെ.എ.കെ | 0 | 47 | 42 | 21 | 23 | 133 |
| | സി.എച്ച്.എം.എസ് | 21 | 45 | 53 | 83 | 19 | 221 |
| | എം.ടി.എസ് | 0 | 0 | 1 | 0 | 1 | 2 |

*(ഉറവിടം: എൻഐസി നൽകിയ ഡിസിഇ സ്കോളർഷിപ്പ് ഡാറ്റ)*

തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[112] തീർപ്പുകൽപ്പിക്കാത്ത പോസ്റ്റ്-മെട്രിക് അപേക്ഷകൾ ഓഡിറ്റ് പരിശോധന നടത്തിയപ്പോൾ, 389 വിദ്യാർത്ഥികളുടെ അപേക്ഷകളും രേഖകളും ഹാർഡ് കോപ്പിയിൽ സമർപ്പിക്കാത്തതിനാൽ അംഗീകരിക്കപ്പെട്ടിട്ടില്ലെന്നും, 56 വിദ്യാർത്ഥികൾ എൻഎസ്പിയിൽ സ്കോളർഷിപ്പിന് അപേക്ഷിച്ചതിനാൽ പരിശോധിച്ചിട്ടില്ലെന്നും[113] 34 അപേക്ഷകർക്ക് മറ്റൊരു സ്കോളർഷിപ്പ് ലഭിച്ചു എന്നും, ഒമ്പത് കേസുകൾ സ്ഥാപനവുമായി ബന്ധപ്പെട്ടതല്ല എന്നും, ഒരു അപേക്ഷ പോർട്ടലിൽ കണ്ടില്ല എന്നും സ്ഥാപന അധികൃതർ വ്യക്തമാക്കി.

---

111 ആകെ പോസ്റ്റ്-മെട്രിക് സംസ്ഥാന ന്യൂനപക്ഷ അപേക്ഷകളുടെ എണ്ണം 17,221 ആയിരുന്നു.

112 തിരഞ്ഞെടുത്ത നാല് ജില്ലകളിലെ തിരഞ്ഞെടുത്ത 16 സ്ഥാപനങ്ങളിൽ 489 കേസുകൾ കാണപ്പെട്ടു.

113 വിദ്യാർത്ഥിക്ക് ഒരു അധ്യയന വർഷത്തിൽ, ഒരു ന്യൂനപക്ഷ സ്കോളർഷിപ്പിനു മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ എന്നതിനാൽ, സ്ഥാപനം അപേക്ഷ ഡിസിഇ സ്കോളർഷിപ്പ് പോർട്ടലിൽ നിലനിറുത്താതെ സ്വീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതായിരുന്നു.

ഓഡിറ്റ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും നടപടി സ്വീകരിച്ച റിപ്പോർട്ട് പരിശോധിച്ച ശേഷം അന്തിമ മറുപടി ഓഡിറ്റിന് സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2023 ജൂൺ). ഓഡിറ്റിന് സർക്കാർ ഇതുവരെ അന്തിമ മറുപടി നൽകിയിട്ടില്ല (2024 ഫെബ്രുവരി).

സ്ഥാപനതലത്തിൽ അപേക്ഷ പരിശോധിക്കാത്തത് അപേക്ഷകൾ തീർപ്പാക്കുന്നതിലെ സ്ഥാപനങ്ങളുടെ അലംഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു.

### 6.4.3. കോഴ്സ് കാലയളവിൽ ഒന്നിലധികം തവണ പുതിയ അപേക്ഷകരായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ - കേന്ദ്രാവിഷ്കൃത പ്രീ-പോസ്റ്റ്മെട്രിക് പദ്ധതികൾ

പുതുതായി അപേക്ഷിക്കുന്ന വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനും സ്കോളർഷിപ്പ് പുതുക്കുന്നതിനും വേണ്ടിയുള്ള രണ്ട് പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- പുതിയ അപേക്ഷകൾ - ഒരു വർഷത്തിൽ ലഭ്യമായ ന്യൂനപക്ഷങ്ങൾക്കുള്ള സ്കോളർഷിപ്പുകളുടെ എണ്ണം നിശ്ചിതവും പരിമിതവുമായതിനാൽ, മുൻഗണനാക്രമത്തിൽ തിരഞ്ഞെടുക്കേണ്ടത് ആവശ്യമാണ്. അപേക്ഷകരെ തിരഞ്ഞെടുക്കുമ്പോൾ മാർക്കിനേക്കാൾ മുൻഗണന ദാരിദ്ര്യത്തിന് നൽകണം (അപേക്ഷകർ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ട്). ഒരേ വരുമാനമുള്ള പക്ഷം, വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമായി പ്രായത്തെ കണക്കാക്കണം.

- അപേക്ഷകളുടെ പുതുക്കൽ - അപേക്ഷകൾ പുതുക്കുന്നതിന് യോഗ്യതാ പട്ടികയുടെ ആവശ്യമില്ലായിരുന്നു. പുതുക്കൽ അപേക്ഷകർ (അതേ സ്ഥാപനത്തിലും അതേ കോഴ്സിലും) മുൻ വർഷത്തെ പരീക്ഷയിൽ 50 ശതമാനം മാർക്ക് നേടിയിട്ടുണ്ടെങ്കിൽ അപേക്ഷ എല്ലാ അധികാരികളും (ന്യൂനപക്ഷകാര്യ മന്ത്രാലയം അധികാരപ്പെടുത്തിയ പ്രകാരം) പരിശോധിക്കുകയും സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുകയും ചെയ്യും.

അങ്ങനെ, ഒരു സ്ഥാപനത്തിൽ ഒരു കോഴ്സിന്റെ കാലയളവിലെ പുതിയ അപേക്ഷകർ തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് പുതുക്കേണ്ടതായിരുന്നു. ഓരോ വർഷവും നൽകുന്ന പുതിയ സ്കോളർഷിപ്പുകളുടെ എണ്ണം പരിമിതവും നിശ്ചിതവുമാണ്. അപേക്ഷകളുടെ ലിസ്റ്റ് പുതുക്കുന്നതിന് സ്കോളർഷിപ്പുകളുടെ എണ്ണം നിശ്ചയിച്ചിട്ടില്ലാത്തതും, മുൻ വർഷം പുതിയ അപേക്ഷകരായി സ്കോളർഷിപ്പ് ലഭിച്ച എല്ലാ അപേക്ഷകരും മുൻ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹരുമായിരുന്നു. അതിനാൽ, കോഴ്സ് കാലയളവിൽ അപേക്ഷ പുതുക്കുന്നതിന് പകരം ഒരു പുതിയ

അപേക്ഷകനായി ഒരു വിദ്യാർത്ഥി ആവർത്തിച്ച് അപേക്ഷിക്കുന്നത്, സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹരായ മറ്റ് പുതിയ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിന് കാരണമാകുന്നു.

തിരഞ്ഞെടുത്ത ജില്ലകളിൽ, ഒരേ സ്ഥാപനത്തിലും ഒരേ കോഴ്സിലും പഠിച്ചിരുന്ന വിദ്യാർത്ഥികൾ യഥാക്രമം പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് പദ്ധതികളിൽ 4,640 (2017-20), 201 (2018-20) സന്ദർഭങ്ങളിൽ കോഴ്സ് കാലയളവിൽ ഒന്നിൽ കൂടുതൽ തവണ പുതിയ അപേക്ഷകരായി അപേക്ഷിക്കുകയും അവർക്ക് സ്കോളർഷിപ്പ് അനുവദിക്കപ്പെടുകയും ചെയ്തു. ഇത് **പട്ടിക 6.7**-ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 6.7: കോഴ്സിന്റെ കാലയളവിനിടയിൽ ഒന്നിലധികം തവണ പുതിയ അപേക്ഷകരായി അപേക്ഷിച്ച് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ**

| പ്രീ-മെട്രിക് പദ്ധതികൾ | | | | | | |
|---|---|---|---|---|---|---|
| ജില്ല | 2017-18 | | 2018-19 | | 2019-20 | |
| | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) |
| എറണാകുളം | 0 | 0 | 153 | 204559 | 1066 | 1788661 |
| കൊല്ലം | 0 | 0 | 202 | 273200 | 1066 | 1518751 |
| കോഴിക്കോട് | 0 | 0 | 190 | 199800 | 1246 | 1310847 |
| വയനാട് | 1 | 1000 | 61 | 70155 | 655 | 754833 |
| **ആകെ** | **1** | **1000** | **606** | **747714** | **4033** | **5373092** |

| പോസ്റ്റ് മെട്രിക് പദ്ധതികൾ | | | | |
|---|---|---|---|---|
| ജില്ല | 2018-19 | | 2019-20 | |
| | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) |
| എറണാകുളം | 11 | 30380 | 50 | 325325 |
| കൊല്ലം | 10 | 35660 | 34 | 142255 |
| കോഴിക്കോട് | 30 | 149880 | 37 | 173490 |
| വയനാട് | 5 | 11500 | 24 | 115285 |
| **ആകെ** | **56** | **227420** | **145** | **756355** |

*(ഉറവിടം: എൻഎസ്പി ഡാറ്റ)*

കേന്ദ്രാവിഷ്കൃത പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ കാര്യത്തിൽ, ഒരു വിദ്യാർത്ഥി ഒന്നാം വർഷത്തിൽ പുതുതായി അപേക്ഷിക്കുകയും രണ്ടാം വർഷത്തിൽ അപേക്ഷ പുതുക്കുകയും ചെയ്യുന്നില്ലെങ്കിൽ, ആ വിദ്യാർത്ഥി മൂന്നാം വർഷം പുതിയ അപേക്ഷകനായി അപേക്ഷിക്കണമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ).

ഓഡിറ്റ് മേൽപ്പറഞ്ഞ ഡാറ്റ കൂടുതൽ വിശകലനം ചെയ്തപ്പോൾ 2846 വിദ്യാർത്ഥികൾ രണ്ടാം വർഷത്തിൽ സ്കോളർഷിപ്പ് പുതുക്കിയില്ലെന്നും മൂന്നാം വർഷത്തിൽ പുതിയ അപേക്ഷകരായി സ്കോളർഷിപ്പിനായി അപേക്ഷിച്ചതായും കണ്ടെത്തി. കൂടാതെ, 1794 വിദ്യാർത്ഥികൾ ഒന്നാം വർഷവും രണ്ടാം വർഷവും പുതിയ അപേക്ഷകരായി അപേക്ഷിച്ചു.

പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട്, തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[114] ഓഡിറ്റ് മേൽപ്പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ 198 വിദ്യാർത്ഥികൾ പുതിയ അപേക്ഷകരായി ഒന്നിലധികം തവണ അപേക്ഷിച്ചതായും സ്കോളർഷിപ്പ് ലഭിച്ചതായും കണ്ടു. തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[115] പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ കാര്യത്തിൽ, 28 വിദ്യാർത്ഥികൾ ഒന്നിലധികം തവണ പുതിയ അപേക്ഷകരായി അപേക്ഷിക്കുകയും സ്കോളർഷിപ്പ് നേടുകയും ചെയ്തതായി സ്ഥാപനങ്ങൾ അംഗീകരിച്ചു.

പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ, മുൻവർഷത്തെ സ്കോളർഷിപ്പ് ലഭിക്കുകയും, കഴിഞ്ഞ അധ്യയന വർഷത്തെ പരീക്ഷയിൽ 50 ശതമാനം മാർക്ക് നേടുകയും ചെയ്തിട്ടുണ്ടെങ്കിൽ, നിലവിലുള്ള അപേക്ഷാ ഐഡി ഉപയോഗിച്ച് അപേക്ഷകൾ പുതുക്കാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകിയിരുന്നു എന്നാണ് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിനെ സംബന്ധിച്ച് സർക്കാർ മറുപടി നൽകിയത് (2023 മേയ്). സ്ഥാപന തലത്തിൽ പരിശോധിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടത്താൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഒരിക്കൽ പുതുതായി അപേക്ഷിച്ച് സ്കോളർഷിപ്പ് നേടിയ ഒരു വിദ്യാർത്ഥി വീണ്ടും പുതുതായി അപേക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ പോർട്ടലിൽ ഒരു വ്യവസ്ഥയുമില്ലെന്നും സർക്കാർ പ്രസ്താവിച്ചു. ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപടിക്രമങ്ങൾ കാര്യക്ഷമമായി നിരീക്ഷിക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പറയുകയുണ്ടായി.

കേന്ദ്രാവിഷ്കൃത പ്രീ-പോസ്റ്റ് മെട്രിക് ന്യൂനപക്ഷ പദ്ധതികളുടെ കാര്യത്തിൽ പുതിയ സ്കോളർഷിപ്പുകളുടെ എണ്ണം പരിമിതമായതിനാലും, എന്നാൽ പുതുക്കുന്നതിന് അത്തരം പരിധി ഇല്ലാത്തതിനാലും, പുതിയ അപേക്ഷ നൽകുന്നതിന് പകരം അപേക്ഷ പുതുക്കലിന് വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരാജയം, യഥാർത്ഥത്തിലുള്ള പുതിയ അപേക്ഷകർക്ക് അവസരം ലഭിക്കാത്തതിന് കാരണമായേക്കാമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, രജിസ്ട്രേഷൻ ഐഡി അടിസ്ഥാനമാക്കി വിദ്യാർത്ഥികളെ (മുൻ വർഷങ്ങളിൽ പുതിയ അപേക്ഷകരായി രജിസ്റ്റർ ചെയ്തവർ) തിരിച്ചറിയാനും തുടർന്നുള്ള വർഷങ്ങളിൽ അതേ വിദ്യാർത്ഥികൾ പുതിയ അപേക്ഷകരായി രജിസ്റ്റർ ചെയ്യുന്നത് തടയാനും പോർട്ടലിൽ യാതൊരു സംവിധാനവും ഇല്ലെന്നതും ഓഡിറ്റ് ശ്രദ്ധിച്ചു.

### 6.4.4. ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ അംഗങ്ങൾക്ക് കേന്ദ്രാവിഷ്കൃത പ്രീ/ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ ലഭിച്ചത്

ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി കേന്ദ്രാവിഷ്കൃത പ്രീ/ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദനീയമല്ല.

[114] തിരഞ്ഞെടുത്ത നാല് ജില്ലകളിലെ തിരഞ്ഞെടുത്ത 20 സ്ഥാപനങ്ങളിൽ 198 കേസുകൾ കാണപ്പെട്ടു.

[115] തിരഞ്ഞെടുത്ത മൂന്ന് ജില്ലകളിലെ (എറണാകുളം, വയനാട്, കൊല്ലം) തിരഞ്ഞെടുത്ത 14 സ്ഥാപനങ്ങളിൽ 28 കേസുകൾ കാണപ്പെട്ടു

ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ എന്ന് സ്ഥിരീകരിക്കാനുള്ള മാതാപിതാക്കളുടെ ആധാർ നമ്പർ പോലുള്ള രേഖകൾ പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ, എൻഎസ്പി ഡാറ്റയിൽ നിന്ന് സമാനമായ പേരുകളിൽ മാതാപിതാക്കൾ ഉള്ള വിദ്യാർത്ഥികളുടെ വിവരങ്ങളും, ബാങ്ക് അക്കൗണ്ടിന്റെ ഐഎഫ്എസ് കോഡും ഓഡിറ്റ് വേർതിരിച്ചെടുക്കുകയും, അങ്ങനെ വേർതിരിച്ചെടുത്ത വിശദാംശങ്ങൾ ഒരേ വിലാസം/ഫോൺ നമ്പർ എന്നിവയ്ക്കായി പരിശോധിക്കുകയും ചെയ്തു. ഈ വിശകലനത്തിൽ വെളിപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- തിരഞ്ഞെടുത്ത ജില്ലകളിൽ പ്രീ-മെട്രിക് പദ്ധതിക്ക് കീഴിൽ, ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ച 543 കേസുകൾ[116] ഓഡിറ്റ് കണ്ടെത്തി.
- പോസ്റ്റ്-മെട്രിക് പദ്ധതിക്ക് കീഴിൽ, ഒരേ കുടുംബത്തിലെ രണ്ടിലധികം കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ച 23 സന്ദർഭങ്ങൾ ഓഡിറ്റ് കണ്ടെത്തി. അതിൽ ഏഴെണ്ണം തിരഞ്ഞെടുത്ത ജില്ലകളിൽ നിന്നുള്ളവയായിരുന്നു.

കുട്ടികൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുടുംബങ്ങളിൽ രണ്ടിൽ കൂടുതൽ വിദ്യാർത്ഥികൾ പ്രീ-മെട്രിക് സ്കോളർഷിപ്പ് നേടിയിട്ടുണ്ടോ എന്ന് തിരിച്ചറിയാൻ പ്രയാസമാണെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). കൂടാതെ, 2021-22 മുതൽ, സമാനമായ കുടുംബ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ പുനർമൂല്യനിർണ്ണയം നടത്തുന്നതിന് എൻഎസ്പിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്കോളർഷിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് സ്ഥാപന മേധാവി/ സ്ഥാപനത്തിലെ നോഡൽ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകുമെന്നും സർക്കാർ പ്രസ്താവിച്ചു.

സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ പട്ടിക എൻഎസ്പി മുഖേന ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് കൈമാറുന്നതിനുള്ള അന്തിമ അധികാരി സംസ്ഥാനതല നോഡൽ ഓഫീസറാണെങ്കിലും, ഓരോ വർഷവും ലഭിക്കുന്ന ഒരു ലക്ഷത്തിലധികം അപേക്ഷകളിൽ നിന്ന് സമാനമായ പേരുകളിൽ മാതാപിതാക്കളുള്ള വിദ്യാർത്ഥികളെ തിരിച്ചറിയാൻ എൻഎസ്പിയിലെ നിലവിലെ സോഫ്റ്റ്‌വെയറിന് വ്യവസ്ഥകളൊന്നുമില്ലെന്ന് പോസ്റ്റ്-മെട്രിക് പദ്ധതിയിലെ ഓഡിറ്റ് നിരീക്ഷണത്തെക്കുറിച്ച് സർക്കാർ മറുപടി നൽകി (2023 മേയ്). ഒരു വിദ്യാർത്ഥി പദ്ധതിയിലേക്ക് പുതുതായി രജിസ്ട്രേഷൻ നടത്തുമ്പോൾ മാതാപിതാക്കളുടെ ആധാർ വിശദാംശങ്ങൾ നിർബന്ധമാക്കി, സോഫ്റ്റ്‌വെയർ ഉചിതമായി പരിഷ്കരിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്.

[116] എറണാകുളം - 144, കൊല്ലം - 123, കോഴിക്കോട്- 179, വയനാട് - 97

അനർഹരായ അപേക്ഷകരെ ഒഴിവാക്കുന്നതിനായി സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 6.4.5. കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതിയ്ക്കു കീഴിൽ വിദ്യാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സ്കോളർഷിപ്പ് ലഭിക്കുന്നത്

ന്യൂനപക്ഷകാര്യ മന്ത്രാലയം പുറപ്പെടുവിച്ച കേന്ദ്രാവിഷ്കൃത പോസ്റ്റ്-മെട്രിക് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ[117] അനുസരിച്ച്, ഈ പദ്ധതിയ്ക്ക് കീഴിലുള്ള ഒരു സ്കോളർഷിപ്പ് ലഭിക്കുന്നയാൾ മറ്റേതെങ്കിലും സ്കോളർഷിപ്പ് / സ്റ്റൈപ്പൻഡ് വാങ്ങാൻ പാടില്ല. മറ്റേതെങ്കിലും സ്കോളർഷിപ്പ് ലഭിക്കുകയാണെങ്കിൽ, ഏതെങ്കിലും ഒരു സ്കോളർഷിപ്പിനായി വിദ്യാർത്ഥി തന്റെ ഓപ്ഷൻ വിനിയോഗിക്കേണ്ടതും ബന്ധപ്പെട്ട അധികാരിയെ അറിയിക്കേണ്ടതുമാണ്.

ഇ-ഗ്രാന്റ്സ് ഡാറ്റയും (2018-22 കാലയളവിലെ എസ്‌സി, എസ്‌റ്റി, ഒബിസി, ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ) എൻഎസ്‌പിയുടെ പക്കലുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഡാറ്റയും (2017-20 കാലയളവിൽ) ഓഡിറ്റ് വിശകലനം ചെയ്തു. ബാങ്ക് അക്കൗണ്ട് നമ്പറും ഐഎഫ്എസ് കോഡും പൊതുവായ ലിങ്കിംഗ് ഘടകമായി ഉപയോഗിച്ച് ഇ-ഗ്രാന്റ്സിലും എൻഎസ്‌പിയിലും ഉള്ള ഡാറ്റ ഓഡിറ്റ് ലിങ്ക് ചെയ്തു. **പട്ടിക 6.8**-ൽ കാണിച്ചിരിക്കുന്ന 1589 സന്ദർഭങ്ങളിൽ, ന്യൂനപക്ഷങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് കൈപ്പറ്റിയ ആൾ 2018-20 കാലയളവിൽ മറ്റൊരു സ്കോളർഷിപ്പ് വാങ്ങിയിരുന്നെന്ന് പരിശോധനയിൽ കണ്ടെത്തി.

**പട്ടിക 6.8: മറ്റ് സ്കോളർഷിപ്പുകൾ ലഭിച്ച കേന്ദ്ര ന്യൂനപക്ഷ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കൾ**

| ജില്ല | അധ്യയന വർഷം | ജനറൽ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | ഒബിസി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | ഒബിസി എച്ച്എസ്എസ് വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | ഒഇസി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | എസ്‌സി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | എസ്‌റ്റി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) |
| എറണാകുളം | 2018-19 | 33 | 68866 | 54 | 116228 | 129 | 163578 | 17 | 117011 | 1 | 6482 | 1 | 6989 |
| | 2019-20 | 29 | 58899 | 59 | 113198 | 118 | 158602 | 18 | 119465 | 0 | 0 | 0 | 0 |
| കൊല്ലം | 2018-19 | 8 | 9793 | 25 | 46671 | 216 | 259234 | 4 | 13496 | 1 | 6590 | 0 | 0 |
| | 2019-20 | 9 | 18930 | 13 | 23076 | 174 | 249134 | 2 | 16960 | 0 | 0 | 0 | 0 |
| കോഴിക്കോട് | 2018-19 | 15 | 37527 | 57 | 114070 | 150 | 184226 | 0 | 0 | 0 | 0 | 0 | 0 |
| | 2019-20 | 13 | 23975 | 76 | 163700 | 135 | 136924 | 1 | 3364 | 0 | 0 | 0 | 0 |
| വയനാട് | 2018-19 | 7 | 17648 | 11 | 20217 | 109 | 132624 | 3 | 18635 | 0 | 0 | 0 | 0 |
| | 2019-20 | 6 | 15076 | 2 | 4600 | 89 | 125156 | 4 | 30743 | 0 | 0 | 0 | 0 |

[117] 2017-18 മുതൽ 2019-20 വരെയും 2021-22 മുതൽ 2025-26 വരെയുമുള്ള കാലയളവിലേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

| ജില്ല | അധ്യയന വർഷം | ജനറൽ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | ഒബിസി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | ഒബിസി എച്ച്എസ് വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | ഒഇസി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | എസ്‌സി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | | എസ്ടി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (ഇ-ഗ്രാന്റ്സ്) | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) | കേസുകളുടെ എണ്ണം | തുക (₹) |
| ആകെ | | 120 | 250714 | 297 | 601760 | 1120 | 1409478 | 49 | 319674 | 2 | 13072 | 1 | 6989 |

*(ഉറവിടം: ഇ-ഗ്രാന്റ്സ് ഡാറ്റയും എൻഎസ്‌പി ഡാറ്റയും)*

കൂടാതെ, ന്യൂനപക്ഷങ്ങൾക്കുള്ള കേന്ദ്ര സ്‌കോളർഷിപ്പ് നേടിയ 43 വിദ്യാർത്ഥികൾ സി.എച്ച്. മുഹമ്മദ് കോയ സ്‌കോളർഷിപ്പ്, എ.പി.ജെ. അബ്ദുൾ കലാം സ്‌കോളർഷിപ്പ് തുടങ്ങിയ സംസ്ഥാന സ്കോളർഷിപ്പുകളും വാങ്ങിയിട്ടുണ്ടെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തിരഞ്ഞെടുത്ത ജില്ലകളെ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 6.9**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.9: സംസ്ഥാന ന്യൂനപക്ഷ സ്കോളർഷിപ്പുകൾ നേടിയ കേന്ദ്ര ന്യൂനപക്ഷ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കൾ**

| ജില്ല | 2017-18 | 2018-19 | 2019-20 |
|---|---|---|---|
| എറണാകുളം | 8 | 1 | 2 |
| കൊല്ലം | 0 | 2 | 0 |
| കോഴിക്കോട് | 5 | 9 | 10 |
| വയനാട് | 4 | 2 | 0 |
| ആകെ | 17 | 14 | 12 |

*(ഉറവിടം: എൻഎസ്‌പി ഡാറ്റയും എൻഐസി നൽകിയ ഡിസിഇ സ്കോളർഷിപ്പ് ഡാറ്റയും)*

പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട്, ഓഡിറ്റ് തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ[118] മുകളിൽ പറഞ്ഞ പ്രശ്നം പരിശോധിച്ചപ്പോൾ 225 കേസുകളിൽ, വിദ്യാർത്ഥിക്ക് ഒന്നിലധികം സ്കോളർഷിപ്പ് ലഭിച്ചതായി പ്രസ്താവിക്കപ്പെട്ടു. എന്നിരുന്നാലും, ഒന്നിലധികം സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ പോർട്ടലിൽ ഒരു സംവിധാനവും ഉണ്ടായിരുന്നില്ല. സ്‌കോളർഷിപ്പിന്റെ അംഗീകാരത്തിലെ അനിശ്ചിതത്വം കാരണം 37 കേസുകളിൽ വിദ്യാർത്ഥികൾ ഒന്നിലധികം സ്‌കോളർഷിപ്പിന് അപേക്ഷിച്ചുവെന്നും സ്ഥാപനങ്ങൾ അറിയിച്ചു.

പരിശോധിച്ച എല്ലാ കേസുകളും പോസ്റ്റ്-മെട്രിക് സ്‌കോളർഷിപ്പിന്റെ ഗുണഭോക്താക്കളുടെ മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവരുടെ അപേക്ഷയുടെ നില 'അപേക്ഷ പിഎഫ്എംഎസിലേക്ക് അയച്ചു' എന്നും 'സ്കോളർഷിപ്പ് തുക എൻഎസ്‌പിയിൽ നിന്നും പിഎഫ്എംഎസിലേക്ക് പ്രോസസ് ചെയ്തു' എന്നുമാണ് കാണിച്ചിരുന്നതെന്നും സർക്കാർ മറുപടി നൽകി (2023 മേയ്). കേന്ദ്ര-സംസ്ഥാന സ്‌കോളർഷിപ്പുകൾ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ കൈകാര്യം ചെയ്തിരുന്നതിനാൽ, ഒരു

[118] തിരഞ്ഞെടുത്ത നാല് ജില്ലകളിലെ തിരഞ്ഞെടുത്ത 29 സ്ഥാപനങ്ങളിൽ 262 കേസുകൾ കാണപ്പെട്ടു.

വിദ്യാർത്ഥിക്ക് ഒന്നിലധികം സ്‌കോളർഷിപ്പുകൾ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ മാർഗ്ഗമില്ലെന്നും, ഏതെങ്കിലും വിദ്യാർത്ഥി ഒന്നിലധികം സ്കോളർഷിപ്പുകളുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടോയെന്ന് പരിശോധിക്കാനായി സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്താവിച്ചു.

അങ്ങനെ, വ്യത്യസ്ത സ്‌കോളർഷിപ്പുകൾ വ്യത്യസ്ത പ്ലാറ്റ്‌ഫോമുകളിലൂടെ (ഇ-ഗ്രാന്റ്‌സ്, എൻഎസ്‌പി, എൻഐസി, ഇബിറ്റി മുതലായവ) വിതരണം ചെയ്യപ്പെടുകയും പ്ലാറ്റ്‌ഫോമുകൾ സംയോജിപ്പിക്കാതിരിക്കുകയും ചെയ്തതിനാൽ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അറിവ് കൂടാതെ വ്യത്യസ്ത സ്‌കോളർഷിപ്പുകൾക്ക് അപേക്ഷിക്കാനും, അവ സ്വീകരിക്കാനും കഴിഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. വിവിധ പോർട്ടലുകളുടെ സംയോജനം വിദ്യാർത്ഥികൾ ഒന്നിലധികം സ്കോളർഷിപ്പുകൾ നേടുന്നതിനുള്ള സാധ്യത കുറയ്ക്കും.

### 6.4.6. അസാധുവായ അക്കൗണ്ട് നമ്പർ കാരണം നിരസിക്കപ്പെട്ട സംസ്ഥാന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ

ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്‌മെന്റ് സിസ്റ്റം (ബിഐഎംഎസ്) അപേക്ഷകളുടെ തീർപ്പാക്കലിനായുള്ള ഡ്രോയിംഗ് ആന്റ് ഡിസ്‌ബേഴ്‌സിംഗ് ഓഫീസർമാരുടെ (ഡിഡിഒ) ഒരു ഇ-ബിൽ പോർട്ടലാണ്. ബിഐഎംഎസ് മുഖേന ട്രഷറിയിലേക്ക് ഇ-സബ്മിഷനായി ഓൺലൈൻ കണ്ടിജന്റ് ബില്ലുകൾ തയ്യാറാക്കാൻ ഡിഡിഒമാർക്ക് കഴിഞ്ഞിരുന്നു. 2021-22 കാലയളവിൽ, ബിഐഎംഎസ് പോർട്ടൽ വഴി ഒരു ഡിഡിഒ ആയ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറാണ് സ്കോളർഷിപ്പുകൾ വിതരണം ചെയ്തത്. ഓരോ ഗുണഭോക്താവിനുമുള്ള സ്കോളർഷിപ്പ് തുക തിരുവനന്തപുരത്തെ ജില്ലാ ട്രഷറിയിൽ നിന്ന് റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് (ആർടിജിഎസ്) സംവിധാനം വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടു.

സംസ്ഥാനത്തെ 297 വിദ്യാർത്ഥികൾ തെറ്റായ/പ്രവർത്തനരഹിതമായ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, തെറ്റായ ഐഎഫ്‌എസ് കോഡ് തുടങ്ങിയവ സമർപ്പിച്ചതിനാൽ അവരുടെ സ്‌കോളർഷിപ്പുകൾ ബാങ്ക് നിരസിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഇ-സബ്മിഷനുകൾ എഡിറ്റ് ചെയ്യാൻ ഒരു മാസത്തെ സമയം അനുവദിച്ചുകൊണ്ട് ട്രഷറി ബിഐഎംഎസ് സോഫ്റ്റ്‌വെയർ അപ്‌ഡേറ്റ് ചെയ്തതിനാൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് ഇതുവരെ (2023 മാർച്ച്) പരിഹാര നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. തിരസ്കരണത്തെപ്പറ്റി ഡയറക്ടറേറ്റ് അറിഞ്ഞപ്പോൾ നിർദ്ദേശിക്കപ്പെട്ട ഒരു മാസത്തെ കാലാവധി കഴിഞ്ഞിരുന്നു. കൂടാതെ, 2022 ഏപ്രിൽ മുതൽ, സ്കോളർഷിപ്പ് വിതരണം തിരുവനന്തപുരത്തെ ജില്ലാ ട്രഷറിയിൽ നിന്ന് വേർപെടുത്തുകയും ഒരു ഡിഡിഒ എന്ന നിലയിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറിന് ബിഐഎംഎസ് പോർട്ടലിലേക്ക് ലോഗിൻ ചെയ്യാനുള്ള അനുമതി നിഷേധിക്കപ്പെടുകയും ചെയ്തു. ബിഐഎംഎസ് സോഫ്റ്റ്‌വെയറിൽ നടപ്പാക്കിയ നിയന്ത്രണ നടപടികൾ കാരണം

ഈ വിഷയത്തിൽ കൂടുതൽ മുന്നോട്ട് പോകാനാകില്ലെന്ന് ട്രഷറി അധികൃതർ വ്യക്തമാക്കി. അങ്ങനെ, ഗുണഭോക്താക്കളുടെ ബാങ്ക് വിവരങ്ങൾ പരിശോധിക്കുന്നതിൽ പരാജയപ്പെട്ടത് 297 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്തതിന് കാരണമായി.

സ്കോളർഷിപ്പ് നിഷേധിക്കപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് ആറ് മാസത്തെ സമയം അനുവദിച്ചുകൊണ്ട് ട്രഷറി സോഫ്റ്റ്‌വെയർ വീണ്ടും പ്രോഗ്രാം ചെയ്യാൻ എൻഐസിയോട് അഭ്യർത്ഥിക്കുമെന്ന് സർക്കാർ മറുപടി നൽകി (2023 ജൂൺ). എന്നാൽ, മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് നിഷേധിക്കപ്പെട്ട വിദ്യാർത്ഥികൾക്കുണ്ടായ നഷ്ടം നികത്താൻ വകുപ്പിന് നിർദ്ദേശിക്കുവാനുള്ള നടപടിയെക്കുറിച്ച് സർക്കാർ മൗനം പാലിച്ചു.

### 6.4.7. പെൺകുട്ടികൾക്ക് പകരം ആൺകുട്ടികൾക്ക് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് അനുവദിച്ചത് -സംസ്ഥാന പോസ്റ്റ് മെട്രിക് പദ്ധതി

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്നതും അൺ എയ്ഡഡ് കോളേജുകളിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടിയവരുമായ പെൺകുട്ടികൾക്ക്[119] കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് സി എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് നൽകുന്നു. കുടുംബ വാർഷിക വരുമാനം ₹ എട്ട് ലക്ഷത്തിൽ കവിയാൻ പാടില്ല. അപേക്ഷകൾ പരിശോധിച്ച ശേഷം പ്രോജക്ട് ഓഫീസറാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

ഡിസിഇ സ്കോളർഷിപ്പ് പോർട്ടലിൽ നിന്നുള്ള ഡാറ്റ പരിശോധിച്ചപ്പോൾ, നാല് കേസുകളിൽ, മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് 2017-22 കാലയളവിൽ ആൺകുട്ടികൾക്ക് തുക നൽകിയതായി കാണപ്പെട്ടു. ഡിസിഇ സ്കോളർഷിപ്പ് പോർട്ടൽ ആൺകുട്ടികളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് സിസ്റ്റത്തിലെ ഇൻപുട്ട് കൺട്രോളിന്റെ അഭാവത്തെ സൂചിപ്പിച്ചു.

സ്കോളർഷിപ്പ് അനുവദിക്കുമ്പോൾ ആൺകുട്ടികളുടെ അപേക്ഷകളെ ഒഴിവാക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ലിംഗം സൂചിപ്പിക്കുന്ന കോളത്തിൽ "പുരുഷൻ" എന്ന് അടയാളപ്പെടുത്തുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതിലും ഡിസിഇ സ്കോളർഷിപ്പ് പോർട്ടൽ പരാജയപ്പെട്ടു.

